പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്

വികസനരേഖ

1996



എസ്സ്. ജെ. പ്രസ്സ്, പൊന്നാംവെളി, ഫോൺ: 542234



രാഷ്ട്രപിതാവേ അങ്ങയുടെ സ്വപ്നം
ഇതാ സാക്ഷാത്ക്കരിക്കുന്നു.

★

ഭാരതത്തിന്റെ ആത്മാവു കുടികൊള്ളുന്നത്
ഭാരതത്തിലെ അനേകലക്ഷം ഗ്രാമങ്ങളിലാണ്.

– മഹാത്മജി –

സ്വതന്ത്രഭാരതത്തെ 21–ാം നൂറ്റാണ്ടിലേയ്ക്ക്
കൈപിടിച്ചുയർത്തുവാൻ പഞ്ചായത്ത് രാജ്
നിയമം നടപ്പാക്കാൻ ശ്രമിച്ച യുവനേതാവേ
അങ്ങേയ്ക്ക് ആയിരം പൂച്ചെണ്ടുകൾ.

C. K. ഭാസ്ക്കരപ്പണിക്കർ
(ആദ്യ പഞ്ചാ: പ്രസിഡൻറ്)



പി. കൃഷ്ണപ്പൻ
(പഞ്ചാ: പ്രസിഡൻറ്)

ഓമനാ ശശിധരൻ
(വൈ: പ്രസിഡൻറ്)



വൈജയന്തി മോഹൻദാസ്
(സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർമാൻ)

ഇ. കെ. വിജയമ്മ
(പഞ്ചാ: സെക്രട്ടറി)

പഞ്ചായത്ത് മെമ്പർമാർ



കുട്ടപ്പൻ F. തകിടിയിൽ



P. B. വിൽസൻ

C. P. വേലായുധൻ



C V രവീന്ദ്രൻ



M. K. ജയപാൽ

K. G. പ്രസന്നകുമാരി

K. J ജോസഫ്



T. K. രാമനാഥൻ

ഗീതാമണി

ഉള്ളടക്കം

1. ആമുഖം

2. ചരിത്രം

3. ഭൂമി, ജലം, ജനം

4. വികസന മേഖലകൾ

   4 എ. കൃഷി, ജലസേചനം

   4 ബി. വനിതാക്ഷേമം

   4 സി. മത്സ്യബന്ധനം, മൃഗപരിപാലനം

   4 ഡി. വ്യവസായം

   4 ഇ. ഊർജ്ജം, ഗതാഗതം

   4 എഫ്. വിദ്യാഭ്യാസം

   4 ജി. സംസ്ക്കാരം

   4 എച്ച്. കുടിവെള്ളം, പൊതുജനാരോഗ്യം

   4 ഐ. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

   4 ജെ. പാർപ്പിടം–സാമൂഹ്യക്ഷേമം

   4 കെ. സഹകരണം

   4 എൽ. വിഭവസമാഹരണം

5. ഉപസംഹാരം

പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വികസനരേഖ

ആമുഖം

ഇൻഡ്യ സ്വതന്ത്രയായിട്ട് അൻപതു വർഷമാകുന്നു. ദേശീയ പോരാട്ടം കൊടുമ്പിരികൊണ്ട 1930–40 കാലഘട്ടങ്ങളിൽ മറ്റുപല രംഗങ്ങളിലുമെന്നപോലെ ഭരണതലത്തിലും വരുത്തേണ്ട മാറ്റത്തിന്റെ ശംഖനാദമായിരുന്നു ''ഗ്രാമ സ്വരാജ്!'' ഗ്രാമീണ ജനതയുടെ സമസ്താവശ്യങ്ങളും നിറവേറ്റാൻ പോന്ന ഹജൂർ കച്ചേരികളാവണം ഗ്രാമപഞ്ചായത്തുകളെന്നതാണ് ഗ്രാമസ്വരാജിലൂടെ മഹാത്മജി ആഗ്രഹിച്ചത്.

രാഷ്ട്രം സ്വതന്ത്രമായി. ഭരണഘടന പ്രാബല്യത്തിൽ വന്നു. പക്ഷേ മറ്റു പലതിലുമെന്നപോലെ ഭരണ ഘടനാ ബാദ്ധ്യതയുടെ പട്ടികയിലല്ലാ നിയാമക തത്വങ്ങളുമായി ബന്ധപ്പെട്ടാണ് പഞ്ചായത്ത് സംവിധാനം വിവക്ഷചെയ്യപ്പെട്ടത്. തന്മൂലം ഭാരതത്തിലെ 7 ലക്ഷം ഗ്രാമങ്ങൾക്കും ബാധകമായ ഏകീകൃതവും, സമയ ബന്ധിതവുമായ പഞ്ചായത്ത് നിയമത്തിൽ അനിശ്ചിതത്വം നിലനിന്നു. ഇതിന് വിരാമമിട്ടാണ് 73–ാം ഭരണ ഘടനാ ഭേദഗതിയുടെ പ്രത്യേകത. ഇതിന് വിധേയമായി 1994 ഏപ്രിൽ 23 ന് പ്രാബല്യത്തിൽ വന്ന കേരളാ പഞ്ചായത്തുരാജ് നിയമം അധികാര വികേന്ദ്രീകരണത്തിന്റെ നാഴിക കല്ലാണ്.

1997 ഏപ്രിൽ 1 മുതൽ നടപ്പാക്കേണ്ട 9–ാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നു. ആസൂത്രിതമായ സാമ്പത്തിക വളർച്ച കൈവരിക്കുവാനാണ് സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി നിരവധി നേട്ടങ്ങളും കൈവരിക്കാനായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമ്പ്രദായത്തിൽ ചില വൈകല്യങ്ങളും വന്നിട്ടുണ്ടെന്നു അനുഭവത്തിലൂടെ നാം കണ്ടറിഞ്ഞു. പ്രധാനമായും പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ ആദ്യം കേന്ദ്രത്തിലും, തുടർന്ന് സംസ്ഥാന തലസ്ഥാനത്തും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾവഴി നടപ്പാക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. അതിരുകവിഞ്ഞ കേന്ദ്രീകരണംമൂലം ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിക്കോ ജനകീയാവശ്യങ്ങൾക്കോ അനുരോധമായ സ്കീമുകളല്ല യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്. പദ്ധതികളുടെ ആസൂത്രണത്തിലോ, നിർവ്വഹണത്തിലോ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. ഫലമോ പദ്ധതി പ്രവർത്തനം ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു. പ്രാദേശിക വിഭവ സമാഹരണ സാദ്ധ്യത ഇല്ലാതാക്കി. നടത്തിപ്പിന്റെ കാര്യക്ഷമത പ്രതികൂലമായി. ചുരുക്കത്തിൽ ഇന്ത്യൻ ആസൂത്രണത്തിന്റെ മുഖമുദ്ര ഡിപ്പാർട്ടുമെന്റലിസമായി മാറി. പദ്ധതിയുടെ പ്രയോജനം ലക്ഷ്യസ്ഥാനത്താശിച്ചപോലെ എത്താതെ വന്നതും, അഴിമതികൾക്ക് ഏറെ ഇടയാക്കിയതുമൊക്കെ ഇതുകൊണ്ടാണ്.

ഇതിന് മാറ്റം കുറിക്കുവാനാണ് ജനകീയാസൂത്രണംവഴി കേരളം പരിശ്രമിക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ ആസൂത്രണത്തിന്റെയടിസ്ഥാന ശിലകളാക്കി വികസനത്തിന്റെ പുതുചക്രവാളം തീർക്കുവാനൊരുങ്ങുകയാണ് നമ്മുടെ സംസ്ഥാനം. ജനങ്ങളുടെ ഇച്ഛാശക്തിയും, കർമ്മശേഷിയും കോർത്തിണക്കിക്കൊണ്ടുള്ള ബൃഹത്തായ ഈ യജ്ഞത്തിന്റെ മുദ്രാവാക്യമിതാ ''അധികാരം ജനങ്ങളിലേയ്ക്ക്''. ''ഒൻപതാം പദ്ധതി ജനകീയ പദ്ധതി''!

കേരളം ഇന്ന് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ് വ്യവസായ മേഖലയിൽ മുരടിപ്പ്, കാർഷിക മേഖല പ്രതീക്ഷയ്ക്കൊപ്പം വളരുന്നില്ല. തൊഴിലില്ലായ്മ പെരുകുന്നു. സേവന തുറകളിലെ നിലവാരത്തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. അതിരൂക്ഷമായ വൈദ്യുതി ക്ഷാമം ഉള്ള വ്യവസായങ്ങളെപോലും സ്തംഭനത്തിലാക്കുന്നു. ഇവയ്ക്കൊക്കെ പരിഹാരം കാണേണ്ടത് അടിയന്തിര കടമയായിരിക്കുന്നു.

എല്ലാ കാര്യങ്ങളും ഗ്രാമ പഞ്ചായത്തുകൾക്ക് തീരുമാനിച്ച് പരിഹരിക്കാനാവില്ല. എന്നാൽ എന്തെല്ലാം കാര്യങ്ങൾ പഞ്ചായത്തുകൾക്ക് തീരുമാനിച്ച് നടപ്പാക്കാനാവുമോ അവയെല്ലാം ആസൂത്രണം ചെയ്ത് പ്രയോഗത്തിൽ വരുത്തു

വാനാവശ്യമായ അധികാരവും, വിവേവും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതനുപേക്ഷണീയമാണ്. അവശേഷിക്കുന്ന കാര്യങ്ങൾ ബ്ലോക്ക്–ജില്ലാ–സംസ്ഥാന തലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

ഒൻപതാം പദ്ധതിയുടെ 35–40% താഴെ തട്ടുകളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുവാനാണ് പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപ്പാട്. കൃത്യമായി പറയാനാവില്ലെങ്കിലും നാലയ്യായിരം കോടി രൂപയുടെ വിനിയോഗം വികസന കാര്യങ്ങൾക്ക് നിർവ്വഹിക്കേണ്ടി വരുന്ന ഭാരിച്ച ഉത്തരവാദിത്വമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറെറടുക്കേണ്ടി വരുന്നത്. ചെയ്തു ശീലമില്ലാത്ത കാര്യങ്ങളാണ് നാം ചെയ്യാൻ പോകുന്നത്. മാമൂൽവിട്ട് ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും കഴിയണം. അതിവിപുലമായ തോതിൽജനങ്ങളെ അണിനിരത്തിക്കൊണ്ടുവേണം ഈ കടമ നിർവ്വഹിക്കാൻ. ഈ ലക്ഷ്യം മുൻനിർത്തിയാണ് കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്.

പദ്ധതി പോലെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതിയുടെ രൂപീകരണം മുതൽ നടപ്പാക്കൽ വരെയുള്ള ഘട്ടങ്ങളിലെല്ലാം ജനപങ്കാളിത്തം ഉറപ്പാക്കുകയും, അതുവഴി ജനങ്ങളിൽ പുതിയ വികസന കാഴ്ചപ്പാട് വളർത്തുവാനും കഴിയും. ഇന്ന് ജനങ്ങൾക്കിടയിൽ ''ഒന്നും ശരിയാവില്ലെന്ന'' നിരാശാമനോഭാവം നിലനിൽക്കുന്നത് മാറിയെടുത്ത് പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും വളർത്തിയെടുക്കുവാൻ കഴിയുമെന്നതും ജനകീയാസൂത്രണത്തിന്റെ സവിശേഷതയാണ്.

ഇതിനകം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്കീമുകൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയണം. അൺടൈഡ് സ്കീമുകൾ ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും പഴയ രീതിവിട്ട് സന്നദ്ധ പ്രവർത്തനവും, പ്രാദേശിക ധനസമാഹരണവും സമന്വയിപ്പിച്ച് നടപ്പാക്കാൻകഴിഞ്ഞാൽ പതിൻമടങ്ങ് കാര്യക്ഷമമാക്കുവാൻ കഴിയും. ഈ ഉയർന്ന കാഴ്ചപ്പാടും, ഓരോബോധവും മുൻനിർത്തിയുള്ള പ്രവർത്തനം പ്രതിജ്ഞാബദ്ധമായി പ്ലാൻ ചെയ്യാനും, നടപ്പാക്കുവാനും, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്ക് കഴിയണം.

മേൽ വിവരിച്ച ലക്ഷ്യം നിറവേറാൻ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലും ഗ്രാമസഭായോഗങ്ങൾ വിളിച്ചുചേർത്തു കഴിഞ്ഞു. പ്രസ്തുത യോഗങ്ങളിൽ അതാത് വാർഡുകളിലും, പഞ്ചായത്തിൽ പൊതുവേയും നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടുണ്ട്. വിവിധ രംഗങ്ങളിലാവശ്യമായ വികസന നടപടികളുടെ രൂപരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്. അവസരത്തിനൊത്തുയർന്ന് പ്രവർത്തിക്കുവാൻ കഴിയുന്നതാണ് നമ്മുടെ സാഹചര്യമെന്ന് ചുവടെ വിവരിക്കുന്ന പഞ്ചായത്തിന്റെ പിൻകാല ചരിത്രം പരിശോധിച്ചാൽ മനസിലാകും. ആ നിലയിൽ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ മാറ്റാനും, അതുവഴി ആയിരക്കണക്കായ സാമാന്യ ജനങ്ങളുടെ ജീവിത പുരോഗതി ഉറപ്പാക്കുവാനും 9–ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുവാനുള്ള യത്നത്തിൽ ആത്മാർത്ഥമായി നമുക്കൊന്നായി സഹകരിച്ച് മുന്നേറാമെന്നുമാത്രം ഈ രേഖയുടെ ആമുഖത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ജനകീയാസൂത്രണം
പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

സെപ്തംബർ മാസം 10, 11, 12 തീയതികളിൽ ചേർത്തല ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽവച്ചുനടന്നജില്ലാതല പരിശീലകർക്കായുള്ള ശില്പശാലയോടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് ആരംഭം കുറിച്ചു.

29–9–96 പഞ്ചായത്തുതല ശില്പശാലയുടെ വിജയകരമായ നടത്തിപ്പിനായി സ്വാഗത സംഘം രൂപീകരിച്ചു. പങ്കാളിത്തം 39 പേർ.

24–9–1996 പഞ്ചായത്തുതല പരിശീലകർക്കായുള്ള ഏകദിനശില്പശാല പൊന്നാംവെളി ജയലക്ഷ്മി ടാക്കീസിൽവച്ച് നടന്നു. പങ്കാളിത്തം 151 പേർ.

തുടർന്ന് എല്ലാ വാർഡുകളിലും ഗ്രാമസഭകളുടെ നടത്തിപ്പിലേയ്ക്ക് സ്വാഗത സംഘങ്ങൾ രൂപീകൃതമായി. ഒക്ടോബർ ഒന്നാം തീയതി മുതൽ 13–ാം തീയതി വരെ ഗ്രാമസഭകൾ നടന്നു.

ഒക്ടോബർ I

പഞ്ചായത്തിലെ ആദ്യ വിശേഷാൽ ഗ്രാമ സഭായോഗം 12–ാം വാർഡിൽ നടന്നു. ഇതിന് മുന്നോടിയായി നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും നടന്നു.

21 സ്ത്രീകളടക്കം 110 പേർ ഈ ഗ്രാമ സഭയിൽ പങ്കെടുത്തു.

ഒക്ടോബർ II

11–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം നടന്നു. ഇതിന് മുന്നോടിയായി നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും നടന്നു.

30 സ്ത്രീകളടക്കം 150 പേർ പങ്കെടുത്തു.

ഒക്ടോബർ III

5–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും.

34 സ്ത്രീകളടക്കം 102 പേർ പങ്കെടുത്തു.

ഒക്ടോബർ IV

4–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം, കലാപരിപാടികളും തുടങ്ങിയ പ്രചരണ പരിപാടികളും ഏറ്റവും കൂടുതൽ സ്ത്രീകളും, പുരുഷന്മാരും ഈ ഗ്രാമസഭയിലായിരുന്നു.

90 സ്ത്രീകളടക്കം 266 പേർ പങ്കെടുത്തു.

ഒക്ടോബർ V

10–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും.

30 സ്ത്രീകളടക്കം 96 പേർ പങ്കെടുത്തു.

ഒക്ടോബർ VI

3–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും.

10 സ്ത്രീകളടക്കം 88 പേർ പങ്കെടുത്തു.

2–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം, കയ്യെഴുത്തുപോസ്റ്റർ, എന്നീ പ്രചരണ പരിപാടികളും

22 സ്ത്രീകളടക്കം 72 പേർ പങ്കെടുത്തു.

ഒക്ടോബർ VII

7–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും.

38 സ്ത്രീകളടക്കം 190പേർപങ്കെടുത്തു.

ഒക്ടോബർ X

8–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം എന്നീ പ്രചരണ പരിപാടികളും.

3 സ്ത്രീകളടക്കം 93 പേർ പങ്കെടുത്തു.

ഒക്ടോബർ XII

6–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം, വിളംബരജാഥ തുടങ്ങിയ പ്രചരണ പരിപാടികളും.

43 സ്ത്രീകളടക്കം 160 പേർപങ്കെടുത്തു.

9–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം തുടങ്ങിയ പ്രചരണ പരിപാടികളും. സംഘാടനത്തിൽ ഏറ്റവും മികച്ചുനിന്നു.

13 സ്ത്രീകളടക്കം 141 പേർ പങ്കെടുത്തു.

ഒക്ടോബർ XIII

1–ാം വാർഡിലെ വിശേഷാൽ ഗ്രാമസഭായോഗം. നോട്ടീസ്, ഭവന സന്ദർശനം തുടങ്ങിയ പ്രചരണ പരിപാടികളും.

41 സ്ത്രീകളടക്കം 137 പേർ പങ്കെടുത്തു.

നവംബർ 1

പുനരർപ്പണദിനം

12–ാം വാർഡിൽ ''ചെർമ്മാട്ട് ചെമ്മരപ്പള്ളി ജനതാ റോഡ്'' നിർമ്മാണ പ്രവർത്തനം

നടത്തി. ഏകദേശം 25000 രൂപ ചെലവ് വരുന്ന ഒരു കിലോ മീറ്റർ നീളമുള്ള ഈ റോഡു നിർമ്മാണത്തിൽ 300 ഓളം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

നവംബർ 9_10_11 തീയതികളിൽ 2_ാം ഘട്ട ജില്ലാതല പരിശീലനം പാണാവള്ളി പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽവച്ചുനടന്നു.

നവംബർ 18

പഞ്ചായത്തുതല ശില്പശാല. പട്ടണക്കാട് ഗവൺമേൻറ് L. P. G. സ്ക്കൂളിൽവച്ച് നടന്നു. 54 പേർ പങ്കെടുത്തു.

നവംബർ 26

ദ്വിതീയ വിവരശേഖരണം ഉംപ്പെടെയുള്ള സ്വാഗതസംഘയോഗം ചേർന്നു. പരിപാടികളം ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചു. 60 പേർ പങ്കെടുത്തു.

ഡിസംബർ 3

ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണത്തിനായി 32 പേർ അടങ്ങിയ വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം ആരംഭിച്ചു.

ഡിസംബർ 5

കുടുംബ സർവ്വേ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വാർഡുതല സ്വാഗതസംഘങ്ങളം കൂടി.

ഡിസംബർ 7

പഠന പര്യടനം

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ മാലിത്തോട്, പൊന്നാംവെളി, കോതകുളങ്ങര, മേനാശേരി, വെട്ടയ്ക്കൽ, പുറത്താംകുഴി, ആറാട്ടുവഴി, കടപ്പുറം എന്നീ പ്രദേശങ്ങളിലൂടെ 16 പേർ അടങ്ങിയ വിദഗ്ദ്ധസംഘം കാൽനടയായി പഠന പര്യടനം നടത്തി.

ഭൂപ്രകൃതി, മണൽതരങ്ങം, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങളം, വിളകളം, ആംപാർപ്പ് എന്നീ വിഷയങ്ങളം പഠനവിധേയമായി.

ഡിസംബർ 8

വാർഡുതല കുടുംബസർവ്വേ പ്രവർത്തനം

ഡിസംബർ 9

വികസന റിപ്പോർട്ടിന്റെ അവസാന രൂപം തയ്യാറാക്കുന്ന പ്രവർത്തനങ്ങളം തുടങ്ങി.

ഡിസംബർ 14

കുടുംബ സർവ്വേ ഫോറങ്ങളം ക്രോഡീകരിക്കുന്ന ജോലി തുടങ്ങി. 20 ഓളം പേർ പങ്കെടുത്തു.

ഡിസംബർ 16

വികസന റിപ്പോർട്ടിന്റെ കരട് വായിച്ചു കേട്ട് അംഗീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി ചേരുകയും രേഖ വായിച്ചുകേട്ട് അംഗീകരിക്കുകയും ചെയ്തു.

പഞ്ചായത്തിന്റെ പ്രാരംഭവും കടന്നുപോയ വർഷങ്ങളും

20-6-1124 ൽ ആരംഭിച്ച ഉഴുവ വില്ലേജ് യൂണിയന്റെ തുടർച്ചയാണ് ഇന്ന് നിലവിലുള്ള പട്ടണക്കാട് പഞ്ചായത്ത്. വാദ്യോട്ട് ശ്രീ. എ. ശങ്കരനായിരുന്നു വില്ലേജ് യൂണിയന്റെ ആദ്യ കാല പ്രസിഡന്റ്. ഗ്രാമീണ ഭരണത്തിൽ സർ സി. പി. വരുത്തിയ ഭരണ പരിഷ്ക്കാരമാണിത്. 1951 ലെ തിരു-കൊച്ചി പഞ്ചായത്ത് നിയമത്തിന് വിധേയമായാണ് 1953 ൽ സംസ്ഥാനത്താകെ പഞ്ചായത്തുകൾ രൂപീകൃതമായത്. 1951 ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 8 വാർഡും 9 അംഗങ്ങളുമാണ് പഞ്ചായത്തിന് ആദ്യം ഉണ്ടായിരുന്നത്. പ്രഥമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി. കെ. ഭാസ്ക്കരപ്പണിക്കരും, വൈസ് പ്രസിഡന്റ് ശ്രീ. വി. എ. ബാലകൃഷ്ണനുമായിരുന്നു. വില്ലേജ് യൂണിയനിലും, തുടർന്ന് പഞ്ചായത്തിലും അക്കാലത്ത് കേവലം രണ്ട് ജീവനക്കാരാണ് ഉണ്ടായിരുന്നത്. ശ്രീ. പി. കെ. ബാലകൃഷ്ണനും, എൻ. രാമചന്ദ്രൻനായരും കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം 1960 ലെ കേരളാപഞ്ചായത്ത് നിയമം പ്രാബല്യത്തിൽ വരികയും, 1993 ഏപ്രിൽ 23 ന് നടപ്പായ കേരളാ പഞ്ചായത്തുരാജ് നിയമത്തിന് വിധേയമായി ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്ത് പുനഃസംവിധാനം ചെയ്യുകയും ചെയ്തു. 1991 ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 12 വാർഡുകളും നിലവിൽ വരികയും, 4 വാർഡുകളും വനിതകൾക്കും, ഒരുവാർഡ് പട്ടികജാതിക്കാർക്കുമായി റിസർവ്വ് ചെയ്യുകയുണ്ടായി. 25-9-1995 ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് പഞ്ചായത്തിന്റെ പ്രസിഡന്റായി ശ്രീ. പി. കൃഷ്ണപ്പനും, വൈസ് പ്രസിഡന്റായി ശ്രീമതി ഓമനാ ശശിധരനും തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്ത് രാജ് നിയമത്തിലെ പുതിയ സംവിധാനമാണ്. സ്റ്റാന്റിംഗ്കമ്മറ്റിയുടെ ചെയർമാൻ ശ്രീമതി വൈജയന്തി മോഹൻദാസാണ്.

5 വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് വേണമെന്ന നിബന്ധന ഭരണഘടനാ സാദ്ധ്യത അല്ലാതിരുന്നതിനാൽ തെരഞ്ഞെടുപ്പ് 15 ലേറെ വർഷങ്ങൾ നീണ്ടുപോയ അനുഭവം പഞ്ചായത്തുകൾക്ക് ഉണ്ടായിട്ടുണ്ട്. ശ്രീ. സി. കെ. ഭാസ്ക്കരപ്പണിക്കർ, ജോസഫ് അഴീക്കൽ, പി. പീതാംബരൻ, കെ. എൻ. ഗോപാലകൃഷ്ണക്കർത്താ, വി. കെ. പ്രഭാകരൻ, എൻ. കെ. പരമേശ്വരൻ, പി. എച്ച്. മുഹമ്മദ്കോയ എന്നിവരായിരുന്നു പഞ്ചായത്തിന്റെ മുൻ പ്രസിഡന്റുമാർ. ഇതിൽ ശ്രീ. പി. എച്ച്. മുഹമ്മദ് കോയയും, ശ്രീ. വി. കെ. പ്രഭാകരനും, ശ്രീ. എൻ. കെ. പരമേശ്വരനും ഒഴിച്ചുള്ളവർ ജീവിച്ചിരിപ്പില്ല. ഇവരോടൊപ്പമുണ്ടായിരുന്ന പഞ്ചായത്ത് മെമ്പറൻമാരുൾപ്പെടെയുള്ളവരുടെ നിസ്വാർത്ഥവും സമർത്ഥവുമായ സേവനം പരിമിതികൾക്കുള്ളിലും നമ്മുടെ പഞ്ചായത്തിനെ സംസ്ഥാന-ദേശീയ തലത്തിൽ മാതൃകാപരമായ പ്രവർത്തനത്തിന്റെ മുൻനിരയിൽ നിലനിർത്താനിടയാക്കിയിട്ടുള്ളത് ഭാവി പ്രവർത്തനത്തിന് വഴികാട്ടിയാണ്. ബൽവന്തറോയി മേത്താക്കമ്മീഷന്റെ 1957 ലെ പ്രസിദ്ധമായ പഞ്ചായത്തുരാജ് സംവിധാനം സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള പഠനസംഘം ശ്രീ. കെ. ആർ. ദാമോദരമേനവന്റെ നേതൃത്വത്തിൽ ഈ പഞ്ചായത്ത് സന്ദർശിച്ച് പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് പ്രശംസിച്ചിട്ടുള്ള കാര്യം ഇവിടെ സ്മരിക്കുന്നു. അതുപോലെ 1962 ൽ ഇന്ത്യയിലുടനീളം പഞ്ചായത്ത് സംവിധാനം പരിശോധിക്കാൻ രാഷ്ട്രപതി സന്ദർശിച്ച പത്തംഗ മലയൻ പാർലമെൻററി ഡലിഗേഷൻ പഠനത്തിനായി കേരളത്തിൽ തെരഞ്ഞെടുത്ത ഏക പഞ്ചായത്തും പട്ടണക്കാടായിരുന്നു എന്നത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

22-5-1962 ൽ കൂടിയ പഞ്ചായത്തുയോഗ നടപടികളിൽ പഞ്ചായത്ത് ഡയറക്ടറായിരുന്ന ശ്രീ. എസ്. എസ്. നായിഡു നയിച്ച മലയൻ പാർലമെൻററി ഡലിഗേഷൻ പങ്കെടുക്കുകയും, യോഗനടപടികളിലും, പ്രവർത്തനങ്ങളിലും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഇക്കാലങ്ങളിൽ അധികാരവും ഫണ്ടും പരിമിതമായിരുന്നെങ്കിലും വികസനരംഗമുൾപ്പെടെ ഏതു കാര്യത്തിലും ഇടപെടാനും, അധികാരികളുടെ ശ്രദ്ധയാകെ പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമത്തിലേയ്ക്ക് ആകർഷിക്കുവാനുമുള്ള പരിശ്രമം അനുസ്യൂതം നടത്തുന്ന സ്വഭാവം നിലനിന്നിരുന്നതായി പഞ്ചായത്തിന്റെ പിൽക്കാല നടപടികളിലൂടെ സാകൂതം സഞ്ചരിച്ച ഞങ്ങൾക്ക്

കാണുവാൻ കഴിഞ്ഞു. മണൽക്കൂനയായ കോത കുളങ്ങര നാലേക്കറോളം വരുന്ന പുറംപോക്ക് പഞ്ചായത്തിന്റെ പൊതുതോടായി കുഴിക്കുവാനും, അതിൽ കൈവഴികളും വച്ച് സമീപത്തെ പൊക്കലായ പ്രദേശങ്ങളാകെ താഴ്ത്തി തെങ്ങിൻ തോപ്പുകളാക്കി മാറ്റാനും പഞ്ചായത്ത് സ്വീകരിച്ച നടപടി പല വർഷങ്ങളിലായി പരശതം കർഷക തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കി. പടിഞ്ഞാറൻ ചതുപ്പ് പ്രദേശങ്ങളിലേയ്ക്ക് ആവശ്യമായ മണ്ണ് എത്തിച്ചു. പൊക്കലായ പ്രദേശങ്ങളും താഴ്ത്താനിതുപകരിച്ചു. ഉൾനാടൻ പ്രദേശങ്ങളിൽ വീടുകളും വയ്ക്കാനുള്ള ഉപകരണങ്ങളും എത്തിക്കുവാൻ വമ്പിച്ച ബുദ്ധിമുട്ടും, വ്യയവും ഉണ്ടായിരുന്നത് ഈ പൊതുതോടും, കൈവഴികളും മൂലം വലിയൊരളവിൽ ഒഴിവായി. കോതകുളങ്ങര തോടിനിരുവശവുമായി നൂറു കണക്കിന് തെങ്ങിൻ തൈ വച്ചുപിടിപ്പിക്കുവാനുള്ള ബൃഹത്തായ നടപടി യൂനിസെഫിന്റെ ''ജോലിക്ക് ഭക്ഷണം'' എന്ന പദ്ധതിയിൽ അസംഖ്യം സ്ത്രീകളും ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ശ്രമദാനംകൂടി ഉപയോഗിച്ച് പഞ്ചായത്ത് നടപ്പാക്കിയത് ഒരുത്സവത്തിന്റെ പ്രതീതിയാണ് ഗ്രാമത്തിലന്ന് ഉണ്ടാക്കിയത്. പഞ്ചായത്ത് ആണ്ടോടാണ്ട് ടി തെങ്ങിൽനിന്ന് ആദായമെടുക്കുന്നുണ്ടെങ്കിലും അവയുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം ഭാവി പരിപാടികളിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. ജനകീയാസൂത്രണത്തിൽ മഹത്തായ മനുഷ്യ വിഭവം എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിന് തെളിവാണ് ഈ സംരഭവും, ഇതേ പദ്ധതിയിൽ നിർമ്മിച്ച പൊന്നാംവെളി – വെള്ളാച്ചിറ റോഡ് നിർമ്മാണവും മറ്റും.

ആലപ്പുഴ ജില്ലയിൽ അരൂർ നിയോജക മണ്ഡലത്തിലെ കടലോര പഞ്ചായത്തുകളിലൊന്നാണ് പട്ടണക്കാട്. 15.34 ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണ്ണം. പട്ടണക്കാട് റവന്യൂ വില്ലേജ് മുഴുവൻ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടും. 12 വാർഡുകളിലായി 6003 വീടുകളിലധിവസിക്കുന്ന 29235 ജനങ്ങളാണ് 1991 ലെ കാനേഷുമാരി കണക്കുപ്രകാരമുള്ളത്. പ്രസിദ്ധമായ അന്ധകാരനഴി ഈ പഞ്ചായത്തിന്റെ ഒന്നാംവാർഡിലാണ്. ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതുവഴി മത്സ്യമേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടത്തിനും, വികസനത്തിനുമുള്ള വലിയ സാദ്ധ്യത 9-ാം പദ്ധതിയിൽ സംസ്ഥാന ആസൂത്രണത്തിന്റെ സവിശേഷ പരിഗണന അർഹിക്കേണ്ട ഒന്നാണ്.

പഞ്ചായത്തിന്റെ പൊതുചിത്രം

പേര് : പട്ടണക്കാട് ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)

വില്ലേജ് : പട്ടണക്കാട്

ബ്ലോക്ക് : പട്ടണക്കാട്

ബ്ലോക്ക് ഡിവിഷനുകളം : 2

താലൂക്ക് : ചേർത്തല

ജില്ല : ആലപ്പുഴ

ജില്ലാ പഞ്ചായത്ത് ഡിവിഷൻ : 1

അസംബ്ലി മണ്ഡലം : അരൂർ

പാർലമെന്റ് : ആലപ്പുഴ

വിസ്തീർണ്ണം : 15.34 ചതുരശ്ര കിലോമീറ്റർ

ജനസംഖ്യ : 29235 (1991 ലെ സെൻസസ്)

ആസ്ഥാനം : പട്ടണക്കാട്

പ്രസിഡന്റ് : ശ്രീ. പി. കൃഷ്ണപ്പൻ

വൈസ് പ്രസിഡന്റ് : ശ്രീമതി ഓമനാ ശശിധരൻ

സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ : ശ്രീമതി വൈജയന്തി മോഹൻദാസ്

മെമ്പറൻമാർ ശ്രീ. കുട്ടപ്പൻ P തങ്കിയിൽ
,, P. B. വിൽസൺ
,, C. P. വേലായുധൻ
,, C. V. രവീന്ദ്രൻ
,, M. K. ജയപാൽ
ശ്രീമതി K. G. പ്രസന്നകുമാരി
ശ്രീ. K. J. ജോസഫ്
,, M. K. രാമനാഥൻ
ശ്രീമതി ഗീതാമണി

പൊതുസ്ഥാപനങ്ങൾ

1 ബ്ലോക്ക് ഓഫീസ്
2 സ്കൂളുകളം: ഹൈസ്കൂൾ 1, U P സ്കൂൾ 1, L P സ്കൂൾ 5, പബ്ലിക് സ്കൂൾ 1 ആകെ 8.
3 സഹകരണ സ്ഥാപനങ്ങളം : 30
4 കൃഷിഭവൻ : 1

5	പ്രൈമറിഹെൽത്ത് സെൻറർ	:	1
6	കുടുംബക്ഷേമ കേന്ദ്രങ്ങൾ	:	2
7	ഗവ: ആയുർവ്വേദ ഡിസ്പെൻസറി	:	1
8	ഗവ: ഹോമിയോ ഡിസ്പെൻസറി	:	1
9	വെറ്റിനറി ഹോസ്പിറ്റൽ	:	1
10	പോസ്റ്റ് ഓഫീസ്	:	3
11	പോലീസ് സ്റ്റേഷൻ	:	1
12	ടെലിഫോൺ എക്സ്ചേഞ്ച്	:	1
13	K S E B സെക്ഷൻ ഓഫീസ്	:	1
14	തീയേറ്റർ	:	1
15	ബാങ്കുകൾ S. B. T. B. s	:	2
16	ഫിഷറീസ് ഓഫീസ്	:	1
17	മനക്കോടം ലൈറ്റ്ഹൗസ്	:	1
18	ഗ്രന്ഥശാലകൾ	:	4
19	സബ്ബ് രജിസ്ട്രാർ ഓഫീസ്	:	1
20	P W D. സെക്ഷൻ ഓഫീസ്	:	1
21	വില്ലേജ് ഓഫീസ്	:	1

ആരാധനാ കേന്ദ്രങ്ങൾ

1	ക്ഷേത്രങ്ങൾ	:	7
2	പള്ളികൾ (ക്രിസ്ത്യൻ)	:	5
3	,, (മുസ്ലീം)	:	1

നമ്മുടെ പഞ്ചായത്തുൾപ്പെട്ട കരപ്പുറം പ്രദേശം കൊച്ചി രാജാവിന്റെ കീഴിലായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് കൊച്ചി രാജ്യം ആക്രമിക്കുകയും, സന്ധിയുടെയടിസ്ഥാനത്തിൽ കരപ്പുറം തിരുവിതാംകൂർ രാജാവിന് വിട്ടുകൊടുക്കുകയുമുണ്ടായി. കൊച്ചി രാജാവിന്റെ ഭരണത്തിലിരിക്കവെയാണ് നമ്മുടെ പഞ്ചായത്തിന്റെ മൂന്നിലൊന്നു പ്രദേശത്തോളം വരുന്ന ഫലഭൂയിഷ്ടമായ വെട്ടയ്ക്കൽ പ്രദേശം ജൂതവംശജരായ കോച്ചായ്ക്ക് പാരിതോഷികമായി പതിച്ചുകൊടുക്കാനിടയായത്. ഇത് സംബന്ധമായി പറയുന്ന കഥകൾ കൊച്ചി രാജാവിന്റെ കൊട്ടാരത്തിലെ ഏതോ ആഘോഷത്തിന് രത്നക്കല്ലുകൾ ചേർത്തുവച്ച് വെളിച്ചം നൽകി ആഘോഷവേള പ്രഭാപൂരമാക്കിയതിന് സന്തുഷ്ടനായ രാജാവ് കോച്ചായ്ക്ക് പതിച്ചുകൊടുത്ത പ്രദേശത്തിനാണത്രേ വെട്ടവുമായി ബന്ധപ്പെടുത്തി ''വെട്ടയ്ക്കൽ'' ആയി പേര് ലഭിച്ചതത്രേ. അതുപോലെ ടിപ്പുവിന്റെ പടയാളികളിൽ ഒരു ഗോസായി കുതിരസവാരി ചെയ്തു വരവേ ഇന്നത്തെ വയലാർ കവലയ്ക്ക് സമീപമുള്ള പരുത്തിക്കുളങ്ങര പണിക്കരുടെ കുളത്തിൽ ക്ഷീണിതനായ കുതിരയെ ഇറക്കി (ഇപ്പോഴും ടി കുളം പെട്രോൾ പമ്പിന് വടക്കുഭാഗത്തായി കാണാം) വെള്ളംകുടിപ്പിച്ചതിൽ കുപിതനായ പണിക്കർ തന്റെ അംഗരക്ഷകനെവിട്ട് കുതിരയുടെ കാലുവെട്ടിയത്രേ!. പ്രതികാര ബുദ്ധിയോടെ പിൻവാങ്ങിയ ഗോസായി വേണ്ടത്ര കുതിരപ്പടയാളികളുടെ സന്നാഹത്തോടെ കരപ്പുറത്താകെ പടയോട്ടം നടത്തുകയും, പരുത്തിക്കുളങ്ങര പണിക്കരുടെ വസതിയടക്കം തകർക്കുകയും ചെയ്തു. പണിക്കരുടെ കുടുംബക്ഷേത്രമാണെന്ന ധാരണയിൽ ദേവുകൽ ക്ഷേത്രവും, കൊടിമരവും നാമാവശേഷമാക്കി എന്നുമാണ് ഐതീഹ്യം. പിൽക്കാലത്ത് ക്ഷേത്രം നിന്ന സ്ഥലം കണ്ടുപിടിക്കാൻ ജ്യോത്സ്യവിധിപ്രകാരം ഉഴുത് നവധാന്യം വിതച്ചു എന്നും ധാന്യം കിളിർത്ത സ്ഥലം നോക്കി അമ്പലത്തിന്റെ സ്ഥാനം കണ്ടുപിടിച്ചുവെന്നും പറയപ്പെടുന്നു. ഉഴുവ എന്ന സ്ഥലപ്പേരിന്റെ ഉറവിടം ഇതാണ്. അതുപോലെ പാണികൾ തകർത്ത പ്രദേശമെന്ന നിലയിലാണ് പിൽക്കാലത്ത് പട്ടണക്കാട് എന്നറിയപ്പെടാനിടയായതെന്നു

മാണ് പഴമക്കാർ പറയുന്നത്.

രാജവാഴ്ച നിലനിന്നിരുന്നകാലം ജന്മിത്വത്തിന്റേയും, നാടുവാഴികളുടേയും ചവിട്ടടിയിലായിരുന്നു നമ്മുടെ പഞ്ചായത്തുപ്രദേശമാകെ. പ്രധാന ജന്മികളും വെട്ടയ്ക്കൽ കോച്ചാ, തിരുമല ദേവസ്വം, പാലിയം, ആനക്കോട്, പാറായി എന്നിവരായിരുന്നു. പാട്ടവും, മിച്ചവാരവുംകൊടുത്ത് കഴിയേണ്ടി വന്ന കൃഷിക്കാരും, ഒരിഞ്ചുഭൂമിപോലും സ്വന്തമായില്ലാതെ ജന്മിയുടെ ദയാദാക്ഷിണ്യത്തിൽ കുടികിടപ്പുകാരായി കൂരകളിൽ അന്തിയുറങ്ങുന്നവരുമായിരുന്നു ജനങ്ങളിൽ ഏറിയകൂറും. ജോലി സ്ഥിരതയോ, കൂലി വ്യവസ്ഥകളോ, മാനമായി ജീവിക്കുവാനോ, മാറുമറയ്ക്കാൻ പോലുമോ അവകാശം നിഷേധിക്കപ്പെട്ട അവശരായ പിന്നോക്കക്കാരെ കൂലി അടിമകളായി നിലനിർത്താൻ നാടുവാഴിത്തവും, ജന്മിത്വവും ശ്രമിച്ചിരുന്നു. ഇത് ഒരു വശത്താണെങ്കിൽ ഇതൊക്കെ ശിരോലിഖിതം കൊണ്ടാണെന്ന ധാരണയിൽ അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും കുടുങ്ങി ജീവിതം നരകതുല്യമായി നയിക്കുന്നതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു.

നവോത്ഥാന പ്രസ്ഥാനം വഴിയും, നിവർത്തന പ്രക്ഷോഭങ്ങൾ വഴിയും ഇതിനെതിരെയുള്ള പോരാട്ടം ക്രമേണ ആരംഭിക്കുകയുണ്ടായി. ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പരിഷ്ക്കരണ നവോത്ഥാന പ്രസ്ഥാനമാണ് ഈ പോരാട്ടങ്ങളെ ത്വരിതപ്പെടുത്തിയത്. അന്ന് നിലനിന്നിരുന്ന തെരണ്ടുകല്യാണം, കെട്ടുകല്യാണം, പുളികുടി തുടങ്ങിയ അനാചാരങ്ങൾക്കെതിരെ ചങ്ങംവേലി, പാറയിൽ കുടുംബങ്ങൾ സന്ദർശിച്ച സമയം നാരായണഗുരു നേരിൽ നടത്തിയ ഉൽബോധനങ്ങൾക്ക് ഈ പ്രദേശങ്ങളിൽ മാസ്മരികമായ മാറ്റമാണ് വരുത്തിയത്. വിദ്യാഭ്യാസംകൊണ്ട് സ്വതന്ത്രരാകുവാനുള്ള ഗുരുവിന്റെ ആഹ്വാനമാണ് നമ്മുടെ പഞ്ചായത്തു പ്രദേശത്തെ ആദ്യ വിദ്യാലയമായ പാറയിൽ ഭാരതിവിലാസം L. P. സ്ക്കൂളിന്റെ സ്ഥാപനത്തിന് പാറയിൽ കുടുംബ കാരണവരായ ശ്രീ. കൊച്ചുരാമൻ വൈദ്യനാ പ്രേരണയായി ഭവിച്ചത്.

കാലം പിന്നിടുകയും 1114 ഘട്ടത്തോടെ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ദേശീയ പ്രക്ഷോഭണത്തിന്റെ അലയടികളും നാട്ടിൻപുറങ്ങളിൽ നാമ്പിടുകയും ചെയ്തു. ഇതിന് നേതൃത്വം കൊടുത്തുകൊണ്ട് ശ്രീ. K.G. ഗോപാലകൃഷ്ണൻ, ശ്രീ. C. G. സദാശിവൻ തുടങ്ങിയവർ മുൻനിരയിൽ വന്നു. തുടർന്ന് ചേർത്തല-അമ്പലപ്പുഴ താലൂക്കുകളിലെ കയർ ഫാക്ടറി തൊഴിലാളികളും, തങ്ങളുടെ കൂലിക്കും, മറ്റവകാശങ്ങൾക്കും വേണ്ടി സംഘടിതരാവുകയും, ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു, ആയിരക്കണക്കിനു കയർ ഫാക്ടറി തൊഴിലാളികളും അംഗങ്ങളായിരുന്ന ചേർത്തല കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ ആസ്ഥാനം നമ്മുടെ പഞ്ചായത്തിൽപ്പെട്ട പൊന്നാംവെളിയിലായിരുന്നു. നൂറുകണക്കിന് കയർ ഫാക്ടറി തൊഴിലാളികളും പണി ചെയ്തിരുന്ന ദാസൻ കമ്പനിയും, പൊന്നാംവെളി കയർ വർക്സും മറ്റും നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രാരംഭ വ്യവസായശാലകളായിരുന്നു. യൂണിയൻ പ്രവർത്തനത്തിലൂടെ നേതൃത്വത്തിൽ വന്ന ശ്രീ. C. K. ഭാസ്ക്കരൻ, ശ്രീ. C. S. രാമകൃഷ്ണൻ തുടങ്ങിയവർ പിൽക്കാലത്ത് ദേശീയ പോരാട്ടത്തിലും പോരാളികളായി മാറി. കയർ ഫാക്ടറി തൊഴിലാളികളുടെ കൂട്ടായ്മ. ദുരിതപൂരിതമായ ജീവിതം നയിച്ചുവന്ന കർഷക തൊഴിലാളികളേയും, ചെത്തുതൊഴിലാളികളേയും മറ്റും സംഘടിപ്പിക്കുവാനും അവകാശബോധമുള്ളവരായി ഉയർത്തുവാനും സഹായിച്ചു. ശ്രീ. പുന്നശേരിൽ കൃഷ്ണൻ ശ്രീ. N. P. തണ്ടാർ തുടങ്ങിയവരുടെ പ്രവർത്തനം ഈ രംഗങ്ങളിൽ സ്ഫോടകാത്മകമായ ചലനമാണുണ്ടാക്കിയത്. സാമൂഹ്യ പുരോഗതിക്കുവേണ്ടിയും, സാംസ്ക്കാരിക ജീർണ്ണതയ്ക്കെതിരായുമുള്ള പ്രവർത്തനവും ഏകോപിപ്പിക്കപ്പെട്ടു. രാജവാഴ്ചയും, ദിവാൻ ഭരണവും ചോദ്യം ചെയ്യപ്പെടുന്നതിലേയ്ക്ക് ദ്രുതഗതിയിലാണ് സംഭവഗതികളും നീങ്ങിയത്. പ്രായപൂർത്തി വോട്ടവകാശത്തിനുവേണ്ടിയുള്ള മുറവിളിയും, ദിവാൻ ഭരണം അവസാനിപ്പിക്കുവാനുള്ള പോരാട്ടവും വെടിയുണ്ടകളും കൊണ്ടാണ് ഭരണാധികാരികളും നേരിട്ടത്. ഒരു കാലഘട്ടത്തിന്റെ ചരിത്രം ഉറങ്ങുന്ന മേനാശേരി രക്തസാക്ഷി മണ്ഡപം നമ്മുടെ പഞ്ചായത്തിലാണ്. ഈ ദേശീയ പോരാട്ടത്തിൽ അസംഖ്യം രക്തസാക്ഷികളെ സംഭാവന ചെയ്തത് ഉജ്ജ്വലമായ അദ്ധ്യായം വിരചിച്ച പൈതൃകം ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

കാലം പിന്നെയും മുന്നോട്ടു നീങ്ങി. ഇന്ത്യ സ്വതന്ത്രയായി. 1957 ൽ ലോകത്തിലാദ്യമായി ബാലറ്റുപെട്ടിയിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ഭരണാധികാരത്തിലായി. ഈ. എം. എസ്. നേതൃത്വം നൽകിയ ആ ഗവൺമേൻറിൻെറ ചരിത്ര പ്രസിദ്ധമായ വിളംബരമാണ് നമ്മുടെ പഞ്ചായത്തിലെ ആയിരക്കണക്കായകുടികിടപ്പുകാരേയും, കുടിയാൻമാരേയും ഒഴിപ്പിക്കൽഭീഷണിയിൽനിന്നും മോചിതരാക്കിയത് തുടർന്നു നടന്ന ഭൂപരിഷ്ക്കരണ നടപടികളും, നിയമങ്ങളും, ജൻമിത്വത്തിൻേറയും, നാടുവാഴിത്വത്തിൻേറയും ആക്രമണങ്ങളിൽനിന്ന് സാമാന്യ ജനങ്ങൾക്കാശ്വാസമേകി. എന്നാൽ 1969 ലെ കേരള ഭൂപരിഷ്ക്കരണ ഭേദഗതിനിയമം നടപ്പിലായ 1970 ജാനുവരി ഒന്നിനാണ് ജൻമിത്വത്തിന് അന്ത്യം കുറിച്ചത്. ആയിരക്കണക്കായ പാട്ടം, വാരക്കാർ നമ്മുടെ പഞ്ചായത്തിൽ ഭൂഉടമകളായിമാറി അതുപോലെ കുടികിടപ്പുകാരായ ആയിരങ്ങൾക്ക് 10സെൻറ് ഭൂമി സ്വന്തമായി. ഇതുണ്ടാക്കിയ സാമൂഹ്യമാറ്റം ഇന്ത്യയ്ക്കുതന്നെ മാതൃകയായി. കനകക്കുന്നുകൊട്ടാരം കല്ല്യാണമണ്ഡപമായി മാറിയതുപോലെ ജനസമിത്വത്തിൻെറ നമ്മുടെ പഞ്ചായത്തിൻെറ പ്രതീകമായ കോച്ചായുടെ മണിമാളിക ആതുരാ ശുശ്രൂഷാ കേന്ദ്രമാക്കി മാറ്റാൻ പഞ്ചായത്ത് മുൻനിന്നുപ്രവർത്തിച്ചത് ചരിത്രം തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തനത്തിലേയ്ക്കുയർന്നുവന്ന ശ്രീമതി K.R. ഗൗരിയമ്മ M L A യുടെ സഹായങ്ങളും, ഉപദേശ നിർദ്ദേശങ്ങളും പഞ്ചായത്തിൻെറ പൊതുവായ പുരോഗതിയേയും, വികസനത്തേയും ത്വരിതപ്പെടുത്തിയിട്ടുണ്ട്. നാലു പതിറ്റാണ്ടായി M L A, 4 പ്രാവശ്യം മന്ത്രി എന്നീ നിലകളിൽ ഭരണരംഗത്ത് തൻെറ പ്രാവീണ്യം പ്രകടിപ്പിച്ച ഗൗരിയമ്മ ജന്മം കൊണ്ടും കർമ്മംകൊണ്ടും ഈ പഞ്ചായത്തിനഭിമാനിക്കാവുന്ന ധീര വനിതയാണ്.

നാനാവിധമായ പ്രവർത്തനങ്ങളും ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് മുൻകൈയെടുക്കുന്നത് നമ്മുടെ പഞ്ചായത്തിൻെറ പ്രത്യേകതയായിരുന്നു. ആദ്യ പഞ്ചായത്തംഗമായി തെരഞ്ഞെടുത്ത ശ്രീ. പി. എം. കാദർപിള്ള പഞ്ചായത്തിൻെറ ഹൃദയഭാഗമായ പൊന്നാംവെളിയിൽ സൗജന്യമായി നൽകിയ ഒരേക്കറിലേറെവരുന്ന സ്ഥലത്താണ് ബ്ലോക്ക് ഓഫീസ് പണിതുയർത്തിയതും, മൃഗാശുപത്രി സ്ഥാപിച്ചിട്ടുള്ളതും. തുടർന്നിങ്ങോട്ട് ആയിരക്കണക്കിന് പുസ്തക ശേഖരമുള്ള ലൈബ്രറി പഞ്ചായത്ത് തുടങ്ങിയതു് വിജ്ഞാനോദയം ഗ്രന്ഥശാലാ പഞ്ചായത്ത് ഏറ്റെടുത്തതു വഴിയാണ്. സാക്ഷരതാ പ്രവർത്തനത്തിൽ അസംഖ്യം അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളുടെസേവനത്തിലൂടെ 100 ശതമാനംസാക്ഷരത കൈവരിക്കുവാൻകഴിഞ്ഞ പഞ്ചായത്തുകളിലൊന്നായി മാറാൻ നമുക്ക് കഴിഞ്ഞു,

ചുരുക്കത്തിൽ സാമൂഹ്യ മാറ്റവും, ജനപഥത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിനും, പുരോഗതിക്കുമുതകുന്ന പ്രവർത്തനങ്ങളും, വികസന നടപടികളും നടപ്പാക്കുന്ന പിൽക്കാല ചരിത്രമാണ് നമ്മുടെ പഞ്ചായത്തിൻേറത്.

ഈ സാഹചര്യത്തിൽ 9–ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി പ്രയോഗത്തിൽ വരുത്തുവാനുള്ള ജനകീയാസൂത്രണ പ്രക്രിയകം ഭംഗിയാക്കാൻ കടന്നുപോയ നാളുകളിലെ അനുഭവം നമുക്ക് വഴികാട്ടിയാകുമെന്ന് പ്രത്യാശിക്കാം.



ബഹുജന പങ്കാളിത്തം ഒരെത്തിനോട്ടം

ആലപ്പുഴ ജില്ലയിൽ ഗ്രാമോൽസവത്തിനായി 1984-ൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നായിരുന്ന പട്ടണക്കാട് പഞ്ചായത്തു്. ജനുവരി 7 മുതൽ 31 വരെ മൂന്നു ഘട്ടങ്ങളിലായിരുന്ന ഇവിടെ ഗ്രാമോൽസവ പരിപാടികളും സംഘടിപ്പിക്കപ്പെട്ടതു്. ഗ്രാമ വികസനത്തിൽ അവലംബിച്ച മാനദണ്ഡങ്ങളുടെ വൈവിധ്യവും പുതുമയും ഗ്രാമീണരുടെ പ്രശ്നങ്ങളും മനസിലാക്കുന്നതിലും അവയ്ക്കു പരിഹാരം തേടുന്നതിലും കാണിച്ച ആത്മാർത്ഥതയുംകൊണ്ടു് രാജ്യത്തൊട്ടാകെയുള്ള ജനങ്ങളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ ഒരു കർമ്മ പരിപാടിയായിരുന്നു അതു്. പട്ടണക്കാട് പഞ്ചായത്തിൽ നടന്ന ഗ്രാമോൽസവം കേവലം അഞ്ചുമാസം കൊണ്ടു് നിർണ്ണായകമായ പല വികസന ശ്രമങ്ങളും വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞു. ഗ്രാമവാസികളുടെ കൂട്ടായ സഹകരണവും പിൻതുണയും അവയ്ക്കു് ലഭിച്ചു എന്നതു് ഗ്രാമോൽസവത്തിന്റെ വിജയകഥയുടെ രഹസ്യമായും ചൂണ്ടിക്കാണിക്കപ്പെടുന്നു.

വിവിധ വകുപ്പുകളുടെ നേതൃത്വത്തിലുള്ള ജനക്ഷേമ പദ്ധതികളും ഏകോപിപ്പിച്ചു് സമയ ബന്ധിതമായി നടപ്പിലാക്കുകയായിരുന്ന ഗ്രാമോൽസവ പരിപാടിയുടെ ലക്ഷ്യം സാമാന്യ ജനങ്ങളുമടെ നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുവാനുള്ള അളവറ്റ ശ്രമങ്ങളിൽ ഈ ഗ്രാമോൽസവം ലക്ഷ്യം നേടുകതന്നെ ചെയ്തു.

ഇരുപത്തിയേഴായിരത്തോളം വരുന്ന പട്ടണക്കാട് ഗ്രാമവാസികളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും, മൽസ്യത്തൊഴിലാളികളുമാണു്, ഏഴായിരത്തോളം പേർ അക്ഷരാഭ്യാസം ഇല്ലാത്തവരായിരുന്നു. അതുകൊണ്ടുതന്നെ അവർ സാമൂഹ്യ സാംസ്കാരിക രംഗത്തു് പുറംതള്ളപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമവാസികളുടെ യഥാർത്ഥ പ്രശ്നങ്ങളും നേരിട്ടു മനസ്സിലാക്കാനും അവയ്ക്കു ശാശ്വത പരിഹാരം കാണുവാനുമാണു് ഗ്രാമോൽസവ സംഘടനകളും ശ്രമിച്ചതു്. സ്വാതന്ത്ര്യം പ്രാപിച്ചിട്ടു് അന്നു മുന്നു വ്യാഴവട്ടക്കാലം കഴിഞ്ഞിരുന്നു. എങ്കിലും മറൊല്ലാ സ്ഥലങ്ങളിലേയും പോലെ പട്ടണക്കാട്ടെയും ഗ്രാമവാസികൾക്കു് ഉദ്യോഗസ്ഥന്മാർ അഗമ്യരാണെന്നു് സംഘാടകർ മനസ്സിലാക്കി. ഗ്രാമവാസികൾക്കും ഉദ്യോഗസ്ഥന്മാർക്കും ഇടയ്ക്കുള്ള ആ വിടവു് നികത്താനാണു് ശ്രമിച്ചതു്. അതിനായി ആദ്യത്തെ ഒരാഴ്ച ഗ്രാമസേവന വാരമായി ആചരിക്കപ്പെട്ടു. സർക്കാരിന്റെ നേതൃത്വത്തിലുള്ള സമാശ്വാസ നടപടികളെപ്പറ്റി ഫിലിം പ്രദർശനം, ചർച്ചാക്ലാസുകൾ, ചെറുസംഘേളനങ്ങൾ എന്നിവ വഴി സാമാന്യ ജനങ്ങളെ ബോധവാന്മാരാക്കുകയും, ആവക ആശ്വാസ നടപടികൾ നിർവ്വഹിക്കുവാൻ നിയുക്തരായ ജനസേവകരാണു്. സർക്കാരുദ്യോഗസ്ഥന്മാർ എന്ന ബോധം അവരിൽ വളർത്തിയെടുക്കുകയുമായിരുന്ന വാരാചരണത്തിന്റെ ലക്ഷ്യം. ഇതു് ഒരുപരിധിവരെ ജനങ്ങൾക്കു ബോദ്ധ്യമായി കഴിഞ്ഞിരുന്നു. തുടർന്നു് ഒരുമാസം ഗ്രാമീണരുടെ പ്രശ്നങ്ങൾ പഠിക്കുവാനാണു് വിനിയോഗിക്കപ്പെട്ടതു് അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലെ നാലു കോളേജുകളിലുള്ള 250 N. C. C. പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ടു് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വീടുവീടാന്തരം കയറിയിറങ്ങി നടത്തിയ സാമൂഹിക സാമ്പത്തീക സർവ്വേ ഈവഴിക്കുള്ള ഒരു മികച്ച കാൽവയ്പായിരുന്നു. വിദ്യാർത്ഥികൾ 4873 വീടുകൾ സന്ദർശിച്ചു് ഗ്രാമീണരുടെ സാമ്പത്തീകഭദ്രത, തൊഴിൽ, വിദ്യാഭ്യാസം, ഗവൺമെൻറ് ആനുകൂല്യങ്ങളുടെ ലഭ്യത, ബുദ്ധിമുട്ടുകൾ, ആവലാതികൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. അതോടൊപ്പംതന്നെ സബ് കളക്ടർ ശ്രീ. ജിജിതോംസൺ അവർകളുടെ നേതൃത്വത്തിൽ ജില്ലയിലെ 34 ഉയർന്ന ഉദ്യോഗസ്ഥന്മാരും, പൊതുപ്രവർത്തകർ, പഞ്ചായത്തു പ്രസിഡൻറ് ശ്രീ V. K. പ്രഭാകരൻ അവർകളുടെ നേതൃത്വത്തിൽ പഞ്ചായത്തു സമിതി അംഗങ്ങളും തുടങ്ങിയവരും ചേർന്നു് രണ്ടു ദിവസം നീണ്ടുനിന്ന ഒരു പദയാത്രയും നടത്തുകയുണ്ടായി. ഗ്രാമപ്രദർശനം എന്നപേരിൽ നടത്തിയ ഈ പദയാത്രയിൽ 1200-ൽ അധികം പരാതികൾ ലഭിച്ചു. സർവ്വേയുടേയും, ഗ്രാമദർശനത്തിന്റേയും ഫലമായി ഗ്രാമീണരെ സംബന്ധിച്ച എല്ലാപ്രശ്നങ്ങളും, സംഘാടകർ വേണ്ടവണ്ണം ഗ്രഹിച്ചു എന്നതു് ഒരു പ്രത്യേകതയാണു്. കുടിവെള്ളക്ഷാമം, ആരോഗ്യ രക്ഷാ സൗകര്യക്കുറവു്, തൊഴിലില്ലായ്മ, യഥാസമയം പെൻഷൻ ലഭിക്കായ്ക, ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത, സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രായമായ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുവാൻ കഴിയായ്ക, എന്നിവയെല്ലാം അങ്ങിനെ സംഘാടകരുടെ ശ്രദ്ധയിൽപ്പെട്ടു. ഇവയ്ക്കുപരിഹാരം കാണുവാനുള്ള ശ്രമമായിരുന്നു പിന്നീടുനടന്നതു്.

പൊതു ജനാവശ്യവിഷയങ്ങളിൽ ഗ്രാമീണരെ ബോധവാന്മാരാക്കാൻവേണ്ടി, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 11 വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കപ്പെട്ടു. ഈ ക്യാമ്പുകളിൽ ഗ്രാമത്തിലെ മുഴുവൻ കുട്ടികളേയും പ്രതിരോധകുത്തിവയ്പുകൾക്കു വിധേയരാക്കുവാനും, പതിനായിരക്കണക്കിനു സാധാരണക്കാർക്ക് വൈദ്യപരിശോധന നടത്തുവാനും സാധിച്ചു. കൂടാതെ ഒരു നേത്രചികിത്സാ ക്യാമ്പും നടത്തി. 173 സ്ത്രീകൾ ലാപ്രോസ്കോപിക് ശസ്ത്രക്രിയയ്ക്കു വിധേയരായി.

പഞ്ചായത്തിനു് അന്നുവരെ ലഭ്യമായിരുന്ന ഏക വൈദ്യശുശ്രൂഷാകേന്ദ്രം പെട്ടെന്നു് റൂറൽ ഡിസ്പെൻസറി ആയിരുന്നു. അതുതന്നെ എന്നും പ്രവർത്തിച്ചിരുന്നില്ല. ഗ്രാമോത്സവത്തിന്റെ ഭാഗമായി പ്രസ്തുത ഡിസ്പെൻസറി 20 ബഡ്ഡുകളോടുകൂടിയ ഒരുപ്രൈമറി ഹെൽത്ത് സെൻറായി ഉയർത്തുവാനുള്ള നടപടികളും തുടങ്ങി. ഇന്നും അതു പൂർത്തിയായിട്ടില്ല എന്നതു് ഒരു ദുഃഖ സത്യമാണ്.

ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാനുള്ള ശ്രമങ്ങൾക്കും സ്ഥായിയായ നേട്ടം കൈവന്നു. 38 വർഷമായി സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽ കുരുങ്ങി പണി പൂർത്തിയാകാതെ കിടന്നിരുന്ന കുഞ്ഞിതൈ– മൂത്തിക്കര്‍– പട്ടണക്കാട് എന്ന KMP റോഡിനു് ശാപമോക്ഷം കിട്ടിഎന്നതു് അഭിമാനാർഹമായ ഒരു നേട്ടമായി കാണാം. 15 ലക്ഷം രൂപാ ചെലവുകണക്കാക്കിയിട്ട ഈ റോഡിനു് പുറമേ, ദേശീയ തൊഴിൽദാന പദ്ധതിപ്രകാരം മൊത്തം 6 ലക്ഷത്തിൽപരം രൂപയുടെ ചെലവുവന്ന സി. എം എസ് – തറമൂട്, പട്ടണക്കാട്– കൊറ്റനാട്ട് ജംഗ്ഷൻ, മേനാശ്ശേരി - പറപ്പള്ളി എന്നീ റോഡുകളുടെ നിർമ്മാണവും, ഈ ഗ്രാമോത്സവക്കാലത്താണ് ആരംഭിച്ചതു്.

24 ലക്ഷം രൂപ ചെലവുവരുന്ന ഒരു ശുദ്ധജല വിതരണപദ്ധതിയും ഗ്രാമോത്സവക്കാലത്ത് ഈ പഞ്ചായത്തിൽ ആരംഭിച്ചു. ചേർത്തല മുതൽ പൊന്നാംവെളിവരെ 7000– മീറ്റർ നീളത്തിൽ പൈപ്പുലൈൻ സ്ഥാപിച്ചുകൊണ്ടാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയതു് ഇതു പൂർത്തിയാകുന്നതോടെ പട്ടണക്കാട് പഞ്ചായത്തിലെ കുടിനീർക്ഷാമം പരിഹരിക്കുക എന്നതായിരുന്ന സംഘാടകരുടെ ലക്ഷ്യം.

താന്നിക്കൽചിറ, മാങ്കുറി, ആറാട്ടുവഴി പൊഴിച്ചാൽ എന്നിവിടങ്ങളിൽ ഓരോപാലവും ആറാട്ടുവഴി പൊഴിച്ചാലിൽ ഒരു ബണ്ടു നിർമ്മിക്കുവാനും ഉള്ള നടപടികൾക്കു് തുടക്കം കുറിച്ചു. എന്നാൽ ആറാട്ടുവഴിയിലെ ബണ്ടു പാലം നിർമ്മിക്കപ്പെട്ടിട്ടില്ല.

നിരക്ഷരരെ സാക്ഷാൽക്കരിക്കുവാൻ കാൻഫെഡിനേറിയും കോളേജ് നാഷണൽ സർവ്വീസ് സ്കീമിനേറിയും ആഭിമുഖ്യത്തിൽ ഏതാനും സാക്ഷരതാ ക്ലാസ്സുകളും തുറക്കുകയും ചെയ്യുകയുണ്ടായി.

ദാരിദ്ര്യരേഖക്കു താഴെയുള്ള 120 പേർക്കു ഐ. ആർ ഡി.പി. ആനുകൂല്യങ്ങളും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഉൾപ്പെടെ പാവപ്പെട്ട 51 കുടുംബങ്ങൾക്ക് വീടും പഞ്ചായത്തിലെ അർഹതയുള്ള മുഴുവൻ ആളുകൾക്കും തൊഴിലില്ലായ്മ വേതനവും 420 പേർക്കു് കർഷകതൊഴിലാളി പെൻഷനും ഗ്രാമസഭാകാലത്തുതന്നെ ലഭ്യമാക്കി. ഹരിജനങ്ങളുടെ 20 വീട്ടുകൾക്കു് വൈദ്യുതീകരിച്ചതും 160 വീടുകൾക്കു കണക്ഷൻ ലഭ്യമാക്കിയതും പ്രത്യേകതയിൽ പെടുന്നു.

ഈ വികസന പ്രവർത്തനങ്ങൾക്കെല്ലാം ഉപരിയായി മെയ് 24 നു് പട്ടണക്കാട് ഹരിസരത്തുമുള്ള 71 പാവപ്പെട്ട യുവതികളുടെ സമൂഹവിവാഹം സംഘടിപ്പിക്കുന്നതിലും ഗ്രാമോൽസവകമ്മറ്റിക്കാർ കാണിച്ച താൽപ്പര്യം രാജ്യത്തൊട്ടാകെയുള്ള ജനങ്ങളുടെ പ്രീതിക്കും പ്രശംസക്കും പാത്രമായി എന്നുപറയേണ്ടിയിരിക്കുന്നു ഇതു സംബന്ധിച്ച പത്രവാർത്ത കണ്ടു് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 271 അപേക്ഷകൾ ലഭിച്ചിരുന്നു, അതിൽ എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ സംഘാടകർക്കു കഴിഞ്ഞില്ല. എന്നാൽ തദ്ദേശീയരായ 71 ജോഡികളെ തെരഞ്ഞെടുത്തു വിവാഹിതരാക്കി. അതിൽ 4 ദമ്പതികൾ മിശ്രവിവാഹിതരാണെന്നതു ശ്രദ്ധേയമാണു്. വയലാർ കിഴക്കു് രാധയെന്ന നായർ പെൺകുട്ടിയെ പിതാവായ ഗോപാലൻ നായരാണു് വയലാർ കിഴക്കു് രാധകൃഷ്ണനെന്ന പുലയയുവാവിനു് കൈപിടിച്ചു കന്യാദാനം നടത്തിയതു്. 41 ദമ്പതികൾ ലത്തീൻ–കത്തോലിക്ക സമുദായത്തിൽ പെട്ടവരും ശേഷിച്ചവർ ഹിന്ദുമതത്തിലെ വിവിധ ജാതിയിൽപെട്ടവരും ആയിരുന്നു.

വിവാഹപ്രായം കഴിഞ്ഞിട്ടും സാമ്പത്തിക ബുദ്ധിമുട്ടുമൂലം വിവാഹം കഴിക്കാതെ പുരനിറഞ്ഞുനിന്ന അഞ്ചു പെൺമക്കളെ നോക്കി നെടുവീർപ്പിട്ട ഒരമ്മയുടെ ആത്മനൊമ്പരം പദയാത്രാ വേളയിൽ

കേൾക്കാനിടയായതിന്റെ അടിസ്ഥാനത്തിലാണ് പാവപ്പെട്ട അത്തരം പെൺകുട്ടികളെ സഹായിക്കുവാൻ ഒരു സമൂഹ വിവാഹം സംഘടിപ്പിച്ചാലെന്തെന്ന് സംഘാടകർക്ക് തോന്നിയത്. ആ 71 പേർക്കുംവേണ്ട വിവാഹ വസ്ത്രം, താലിമാല, പൂമാല, കുട, സ്റ്റേറീൽ പാത്രങ്ങൾ എന്നിവയെല്ലാം ഗ്രാമോത്സവ കമ്മറ്റിക്ക് ഉദാരമതികളായ വ്യക്തികളും, സ്ഥാപനങ്ങളും, സംഘടനകളും സംഭാവന നൽകുകയായിരുന്നു.

സമൂഹവിവാഹത്തെ തുടർന്ന് ഗ്രാമോത്സവത്തിന്റെ ഭാഗമായി നടന്ന ബുദ്ധിജീവികളുടെ സെമിനാറും സംഘാടകരുടേയും ജനങ്ങളുടേയും ദീർഘവീക്ഷണത്തിന് ഉത്തമോദാഹരണമാണ്. കേരളത്തിലെസാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയരംഗങ്ങളിൽ സമുന്നതസ്ഥാനംഅലങ്കരിച്ചിരുന്ന അനേകം പ്രഗൽഭ വ്യക്തികളും സെമിനാറിൽ പങ്കെടുത്തിരുന്നു. അധികാരം അത്യുന്നതങ്ങളിൽമാത്രം ഒതുക്കി നിർത്തുന്നത് സാമൂഹ്യ പുരോഗതിക്ക് തടസം സൃഷ്ടിക്കുമെന്നും, ഗ്രാമോത്സവത്തിലേതുപോലെ സാമാന്യ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരണമായി താഴേക്കിടയിൽനിന്നുവേണം വികസന പ്രക്രിയ രൂപം കൊള്ളേണ്ടതെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

അങ്ങനെ ജനങ്ങളുടെ വിശ്വാസമാർജിച്ചുകൊണ്ട് അവരെ സജീവ പങ്കാളികളാക്കി സംഘടിപ്പിച്ചുആവികസന യജ്ഞം സർക്കാരിനെ ജനങ്ങളുമായി കൂടുതൽ അടുപ്പിച്ചുഎന്നാണ്. ആത്മാർത്ഥതയുള്ള ഒരുപറ്റം പൊതുജനസേവകരും കക്ഷി-രാഷ്ട്രീയ ലക്ഷ്യങ്ങൾ മറന്ന് സഹകരിക്കുവാൻതയ്യാറുള്ള സാമാന്യജനങ്ങളുംഒത്തൊരുമിച്ചു ശ്രമിച്ചാൽ രാജ്യത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻകഴിയുമെന്ന് ഈഗ്രാമോത്സവ പരിപാടികൾതെളിവായിനമുക്ക് കാട്ടുവാൻകഴിയും. ഗ്രാമോത്സവനടത്തിപ്പിനായിസർക്കാർ ഒരുപൈസപോലും ബജറ്റിൽ വകയിരുത്തിയിരുത്തില്ല എന്നതാണ് ഈ സഹകരണത്തിന്റെയും തന്മൂലമുള്ള ഒത്തൊരുമയുടെയും വിജയരഹസ്യം.

ഇതുപോലെയുള്ള നല്ലകാര്യങ്ങൾക്ക് കൂട്ടായ്മ ഒരുക്കുവാൻ ഇനിയും നമുക്കുകഴിയും. അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്ന പഞ്ചായത്തീരാജ് നിയമംനടപ്പിലാക്കുകയും, അതുപ്രാവർത്തികമാക്കാനുംപോവുന്ന ഈ അവസരത്തിൽ നാം മേൽക്കാണിച്ച പ്രവർത്തികളെ സനുമനസോടും, അതീവ ഗൗരവത്തോടും കാണേണ്ടതാണ്.

ഭൂമി - ജലം, ജനം

ഭൂപ്രകൃതി

കേരളത്തിലെ തീരപ്രദേശം ഉൾപ്പെടുന്ന തീരസമതലത്തിൽപ്പെടുന്ന സമതലപ്രദേശമാണ് പട്ടണക്കാട്. കോസ്റ്റൽ സാൻറിസോൺ എന്ന കാർഷിക കാലാവസ്ഥാ മേഖലയിലാണ് പട്ടണക്കാട് ഉൾപ്പെടുന്നത്. തീരസമതലത്തിൽപ്പെടുന്ന പട്ടണക്കാടിന്റെ ഏതാണ്ട് 60% പ്രദേശവും മണൽ മണ്ണ് സമതലങ്ങളാണ്. പഞ്ചായത്തിന്റെ ഒന്നും, രണ്ടും വാർഡുകൾ കടൽ തീരത്തോട് ചേർന്നു കിടക്കുന്നു. സമതലത്തിൽ അങ്ങിങ്ങായി കാണുന്ന ചാലുകളും നിലങ്ങളുമാണ് മറെറാരു ഭൂപ്രത്യേകത. പഞ്ചായത്തിന്റെ അതിർത്തികൾ പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് വയലാർ പഞ്ചായത്തും, തെക്ക് കടക്കരപ്പള്ളി പഞ്ചായത്തും, വടക്ക് തുറവൂർ പഞ്ചായത്തുമാണ്. കടലിന് കിഴക്കുള്ള ഭാഗത്ത് വിസ്തൃതമായ പൊഴിച്ചാലുകൾ ഉണ്ടായിരുന്നു. പ്രസ്തുത ചാലിൽ അന്ധകാരനഴി വഴി ഒഴുകി വരുന്ന ചെളി, നാളികേര കൃഷിക്കും, മണൽ പ്രദേശത്തുള്ള നെൽകൃഷിക്കും വളമായി ഉപയോഗിക്കുന്നു. ഇത് ഒരു മെച്ചപ്പെട്ട ജൈവവളമാണ്. ഇപ്പോൾ ഈ ചാലുകൾ ചെറുതോടുകളായി മാറുകയും കാർഷികവിളകൾക്കും പരിസ്ഥിതിക്കും ദോഷം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചാലിന് കിഴക്കായി തെക്കുവടക്ക് സ്ഥിതി ചെയ്തിരുന്ന കരിനിലങ്ങളിൽ നിന്നും 40-50 മേനി വിളവുകൾ ലഭിച്ചിരുന്നു. ഇന്ന് ഈ കരിനിലങ്ങൾ നികത്തിയും തുണ്ടുകൾ പിടിച്ചും വികൃതമാക്കിയതിനാൽ തെങ്ങും നെൽകൃഷിയും ഗുണമേന്മ ഇല്ലാതായിരിക്കുന്നു. പച്ചക്കറിയുടെ കാര്യത്തിലും പിന്നോക്കം പോവുകയാണ്.

മണ്ണ്

ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും അ

നുസരിച്ച് പഞ്ചായത്തിനെ മൂന്നു തട്ടായി തരം തിരിക്കാവുന്നതാണ്. പൊഴിച്ചാലിന് പടിഞ്ഞാറ് കടൽപ്പുറംപ്രദേശം, പൊഴിച്ചാലിന് കിഴക്കും മാന്തറത്തോടിനും ഇടയ്ക്കുകിടക്കുന്ന പ്രധാന പാടശേഖരങ്ങളും ഉൾപ്പെട്ട കരിനില പ്രശേങ്ങളും, കരഭൂമിയും ഇടകലർന്നുകിടക്കുന്ന വെട്ടയ്ക്കൽ വീയാത്തറ പ്രദേശങ്ങളും, ഉഴുവ ചാലിനുകിഴക്ക് മാലിത്തോടിനും നാഷണൽ ഹൈവേയ്ക്കും പടിഞ്ഞാറുവരുന്ന ബാക്കി ഭാഗങ്ങളും ഉൾപ്പെട്ട ചൊരിമണൽ പ്രദേശങ്ങളും എന്നിവയാണ്. ഇതിൽ ഒന്നാമത്തെ ഭാഗത്ത് ഉപ്പ് കലർന്ന മണ്ണാണ്. രണ്ടാമത്തെ ഭാഗത്ത് ചെളി അംശം കൂടുതലുള്ള അമ്ലതവും ഉപ്പിന്റെ അംശം കൂടുതലുള്ളതമായ മണ്ണാണ്. മൂന്നാമത്തെ ഭാഗത്ത് വെള്ളം വാർന്നിറങ്ങുന്ന ചൊരിമണൽ പ്രദേശവുമാണ്. പഞ്ചായത്തിൽ ആകമാനം അമ്ലാംശം വളരെ കൂടുതലാണ്. അതിനാൽ കുമ്മായം എല്ലാ മേഖലയിലും അത്യന്താപേക്ഷിതമാണ്. ജൈവവളങ്ങളുടെ അപര്യാപ്തതയും വളരെ ഏറെയുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 15.34 ച.കിലോമീറ്ററാണ്. പ്രധാന കൃഷികളും തെങ്ങ് നെല്ല്, പച്ചക്കറികളും, ഇടവിളയായ, കശുമാവ്, മാവ്. കവുങ്ങ്, വാഴ, കപ്പ, കാച്ചിൽ, ചേമ്പ്, പയറുവർഗ്ഗങ്ങളും, കുരുമുളക് എന്നിവയാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29387 ആണ്. (അംഗൻവാടി സർവ്വേ 1996) അതിൽ 14522 പുരുഷൻമാരും 14865 സ്ത്രീകളുമുണ്ട്.

കാലാവസ്ഥ-ജലം

സംസ്ഥാനത്തിന്റെ പൊതു അവസ്ഥയിൽനിന്നും വ്യത്യസ്ഥമായ കാലാവസ്ഥാ പ്രത്യേകതകളും ഒന്നും തന്നെയില്ല എന്നുപറയാം. സംസ്ഥാന ശരാശരിയേക്കാളും കുറവു മഴ മാത്രമേ ലഭിക്കുന്നുള്ളു എന്നു കാണാം. കഴിഞ്ഞ അഞ്ചര വർഷക്കാലം പെയ്ത മഴയുടെ ചിത്രം താഴെ ചേർക്കുന്നു.

RAIN FALL DATA FROM 1990 JANUARY TO 1996 JUNE (IN CMS.)
SHERTHALA STATION

YEAR	JAN	FE	MA	AP	MA	JU	JUL	AU	SEP	OCT	Nov	DE	G. TOTAL
1990	.13	Nil	1.7	2.3	33.4	29.7	47.3	13.1	7.5	9.6	9.5	Nil	155.4
No. of Days	.3	0	3	2	21	26	30	22	7	17	7	0	138
1991	NIL	Nil	5.4	18.7	6.1	77.1	49.9	33.4	5.3	13.2	3.9	0.5	268.4
No. of Days	0	0	5	5	6	26	23	20	4	19	7	1	116
1992	NIL	Nil	1.9	0.7	25.2	48.7	34.7	32.9	27.8	27.5	13	Nil	212.4
No. of Days	0	0	3	3	14	27	29	22	13	11	12	0	132
1993	5	Nil	2	1.5	9	40.4	39	36	25	27.5	13	Nil	198.4
No. of Days	2	1	3	2	5	27	26	25	15	17	8	0	131
1994	16.2	10	6	8.3	6.3	54.6	50.7	34.5	23.9	24.4	13.3	Nil	248.2
No. of Days	4	5	3	12	8	27	26	26	16	16	8	0	151
1995	1	Nil	9.1	4.8	37.4	48.7	4.2	38	25	22	7.2	Nil	234
No. of Days	2	0	3	8	16	19	26	27	14	13	7	0	135
1996	0.6	0.4	0.9	3.5	6.7	43.6							55.7
No. of Days	2	1	1	6	5	18							33

സമ്മിശ്ര കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. കാലവർഷവും തുലാവർഷവും തെറ്റിയാണ് പെയ്യുന്നത്. അതിവൃഷ്ടിയും, അനാവൃഷ്ടിയും ഉണ്ടാവാറുണ്ട്. ഓരു കയറ്റം ജലത്തെ മലിനമാക്കുന്നുണ്ട്. ശരാശരി പ്രതിവർഷ മഴ ലഭ്യത 249.62 C. M. ആണ്. ഏറ്റവുംഅധികം മഴലഭിക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് എന്നു കാണുവാൻ കഴിയും. ഇത് ആകെ ലഭിക്കുന്ന മഴയുടെ 50% ത്തിലേറെയാണ്.

വളരെയധികം മലിനീകൃതമായ ജലമാണ് പഞ്ചായത്തിലേത്. കായലിനേറെയും, കടലിനേറെയും സാമീപ്യവും ജൈവവസ്തുക്കൾ അടിഞ്ഞ് ചീഞ്ഞ് ജലത്തിലെത്തുന്നതുമാണ് കാരണങ്ങൾ. ഓരു കയറ്റവും ജലം മലിനമാകുന്നതിനുള്ള പ്രധാന കാരണമാണ്. എന്നിരുന്നാലും ആശാവഹമായ രീതിയിൽ ഭൂഗർഭ ജലത്തിന്റെ ലഭ്യതയുണ്ട്.

പാരിസ്ഥിതിക പ്രശ്നങ്ങൾ

1 മാലിത്തോട് ചങ്ങംവേലി പ്രദേശത്ത് ഓരു കയറ്റം മൂലം ഉദ്ദേശം 60 ഏക്കറോളം നെൽ കൃഷിക്ക് ഉപയുക്തമല്ലാതായി തീർന്നിരിക്കുന്നു.

2 വേലിയേറ്റ സമയത്ത് വെള്ളാച്ചിറ പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങുന്നു.

ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കാൻ വെള്ളാച്ചിറ മുട്ട് ബലപ്പെടുത്തി ചീപ്പിടേണ്ടത് അത്യാവശ്യമാണ്.

3 പൊന്നാംവെളി കയർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് സഹകരണ സംഘത്തിൽനിന്നും ഒഴുക്കിവിടുന്ന മാലിന്യങ്ങൾ കലർന്ന ചായം സമീപസ്ഥ വീടുകളിലെ കുളങ്ങളും, കിണറുകളും മലിനമാക്കുന്നു. മലിനീകരണം ഒഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 പൊന്നാംവെളി മാർക്കറ്റിലെ മലിനീകരണം ഒഴിവാക്കാൻ പടിഞ്ഞാറരികിലുള്ള തെക്ക്–വടക്ക് കാണയുമായി ബന്ധപ്പെടുത്തി കിഴക്കുപടിഞ്ഞാറ് ഒരു കാണ കെട്ടേണ്ടതാണ്.

5 കോതകുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തോടുചേർന്നുള്ള കിണർ മലിനമാണ്. തൊണ്ടിമില്ലിൽ നിന്നും പുറംതള്ളുന്ന ഫ്ലൂറൈഡിന്റെ തോതിനെ മലിനീകരിക്കുന്നുണ്ട്.

6 മേനാശേരി പ്രദേശത്തെ പറമ്പിൽനിന്നുള്ള മണ്ണെടുപ്പ് മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുകയും മണ്ണൊലിപ്പിനും, വളമൊലിപ്പിനും കാരണമാകുകയും ചെയ്യുന്നു. സസ്യാവരണം നഷ്ടപ്പെടുന്നതിനാൽ പല അമൂല്യ സസ്യങ്ങളും അന്യം നിന്നുപോകുന്നു.

7 ആലയ്ക്കാപറമ്പ് തോപ്പിൽ കോളനികളിൽ മല വിസർജ്ജന സൗകര്യമില്ലായ്മ മൂലം പരിസര മലിനീകരണത്തിന് ഇടയാകുന്നു.

8 ആറാട്ടുവഴി വെട്ടയ്ക്കൽ പ്രദേശത്തെ A–B ബ്ലോക്ക് നെൽപ്പാടങ്ങളിൽ ഉപ്പുകയറ്റംമൂലം നെൽ കൃഷി നശിക്കുന്നു. തേങ്ങയുടെ എണ്ണവും ഗുണവും കുറയുകയും നഷ്ടമാവുകയും ചെയ്യുന്നു.. B ബ്ലോക്കിൽ 10 ഏക്കറും C ബ്ലോക്കിൽ 18 ഏക്കറും കൃഷിയിടങ്ങൾ കൃഷിയോഗ്യമല്ലാത്തതിനാൽ തരിശിടുന്നുണ്ട്.

9 കടപ്പുറത്തെ മല വിസർജ്ജന സൗകര്യത്തിന്റെ അപര്യാപ്തതമൂലം, പരിസര മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നു

10 പെമ്മീൻ കെട്ടുകളിൽനിന്നും മറ്റും പുറത്തേയ്ക്കുതള്ളുന്ന വിഷം കലർന്ന ജലം പൊഴിച്ചാലിലും മറ്റും (അന്ധകാരനഴി, വെട്ടയ്ക്കൽ) ഉള്ള മത്സ്യത്തെ കൊന്നൊടുക്കുകയും, കമ്പാവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന മത്സ്യ തൊഴിലാളികളെ പട്ടിണിയിലാക്കുകയും ചെയ്യുന്നു.

11 പീലിംഗ് ഷെഡുകളിൽ നിന്നും പുറത്തേയ്ക്ക് തള്ളുന്ന വിഷലിപ്തമായ മലിനജലവും പൊഴിച്ചാലിലേയും മറ്റും മത്സ്യത്തേയും കൂട്ടത്തോടെ നശിപ്പിക്കുകയോ, അകറ്റി നിർത്തുകയോ ചെയ്യുന്നു.

ജൈവസമ്പത്ത്

പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ വിവരങ്ങളും മൃഗപരിപാലനം എന്നവിഭാഗത്തിൽ വിശദമായി പട്ടിക സഹിതം കൊടുത്തിട്ടുണ്ട്. കടൽകാക്ക. പൊൻമാൻ, നീർകാക്ക, മൂങ്ങ, കൊക്ക്, ഉപ്പൻ, എരണ്ട, കാക്കത്തമ്പുരാട്ടി, ഇരട്ടവാലൻകിളി, കുയിൽ. പഞ്ചവർണ്ണക്കിളി, തത്ത, പേരക്കിളി, മാടത്ത, പരുന്ത്, മരംകൊത്തി, പുള്ള്, കുരുവി, വേഴാമ്പൽ, കുട്ടത്തിപ്രാവ്, എറിയാൻ തുടങ്ങിയ പക്ഷികളെ അപൂർവ്വമായി ഈ പഞ്ചായത്തിൽ കാണാൻ കഴിയും. കാക്ക മാത്രമാണ് വ്യാപകമായി കാണാൻ കഴിയുന്ന ഒരു പക്ഷി.

കൂവളം, നന്ത്യാർവട്ടം, ആനച്ചുവടി, ആടലോടകം, പർപ്പടകപ്പുല്ല്, കുംബിളം, കയ്യോലം, തഴുതാമ, മുക്കുറ്റി, നിലപ്പന, കൊടുവേലിക്കിഴങ്ങ്, കുറുന്തോട്ടി, എരിക്ക്, അൽപ്പം, ആങ്കോലം, ഗരുഡക്കൊടി, കർപ്പൂരച്ചെടി, അത്തി, ഇത്തി, വയൽച്ചുള്ളി, അമൃത്, പാരിജാതം, കല്ലുരുക്കി, കറുക, ബ്രഹ്മി, പൂവാംകുറുന്നൽ, ഒരുച്ചെവിയൻ, കരള്വേദം തുടങ്ങിയ ഔഷധ സസ്യങ്ങളും അപൂർവ്വമായി മാത്രമേ കാണുവാൻ കഴിയുന്നുള്ളു.

വളരെ അപൂർവ്വമായിമാത്രം കണ്ടുവരുന്ന ഈ ഔഷധ സസ്യങ്ങളും ഉപയോഗിച്ച്, ആയൂർവ്വേദ ചികിത്സകളും, മഞ്ഞപ്പിത്തത്തിനും മറ്റുമുള്ള ഒറ്റമൂലി ചികിത്സകളും, വിഷ ചികിത്സയും, പേപ്പട്ടി വിഷ ചികിത്സയുംമറ്റും ചെയ്യുന്ന നാട്ടുവൈദ്യന്മാർ ഈ പഞ്ചായത്തിലുണ്ട്. വടാത്തോടത്ത് കണ്ടപ്പിള്ളയുടേയും, വാദ്ധ്യാട്ട് കേശവൻ വൈദ്യരുടേയും, പനത്തറവാവവൈദ്യരുടേയും, അനന്തിരാവകാശികളും വിഷചികിത്സ ഇപ്പോഴും ഫലപ്രദമായി തുടരുന്നുണ്ട്. പട്ടണക്കാട് കുട്ടപ്പൻവൈദ്യർ, പേപ്പട്ടി വിഷത്തിനും, മഞ്ഞപിത്തത്തിനും, ബാലപീഡകൾക്കും മറ്റും ഒറ്റമൂലിചികിൽസ നടത്തിയിരുന്ന ഒരു വിദഗ്ധ വൈദ്യനായിരുന്നു. കൂടാതെ മറ്റനേകം കുടുംബങ്ങളും ഇത്തരത്തിലുള്ള ചികിൽസാ സമ്പ്രദായങ്ങളും തുടർന്നുവരുന്നു. ആയ്യൂർവ്വേദ ചികിൽസാരംഗത്ത് പ്രഗൽഭരായിരുന്ന കുഞ്ഞുണ്ണി വൈദ്യർ, മൂന്നാംവീട്ടിൽ രാമക്കുറുപ്പ് വൈദ്യർ, ചൂഴാറ്റ് രാമൻകുട്ടിവൈദ്യർ, അത്തിക്കാട്ട് ശിവരാമപണിക്കർ, വിഷ്ണാട്ട് കൊച്ചുപിള്ളവൈദ്യർ, വടക്കേവീട്ടിൽ പൊറിഞ്ചു വൈദ്യർ എന്നിവരും ഇപ്പോഴും ചികിൽസ തുടരുന്ന മൂന്നാംവീട്ടിൽ കുട്ടപ്പൻ വൈദ്യർ, കുന്നുംപുറത്തു നാരായണൻ വൈദ്യർ, എട്ടുചക്കുത്തറ രാഘവൻ വൈദ്യർ, നെടിയാട്ടു വാസുദേവൻ വൈദ്യർ എന്നിവരും ഈ പഞ്ചായത്തിനെ പ്രസക്തിയിലെത്തിച്ചിട്ടുണ്ട്.

ജനപ്രകൃതി

1996 – സെപ്തംബറിലെ അംഗൻവാടി സർവ്വെ പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 29387 ആണ്. 14522 പുരുഷൻമാരും, 14865 സ്ത്രീകളും പുരുഷന്മാരെക്കാൾ 343 സ്ത്രീകളും അധികമാണ്. 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളും എന്നതാണ് സംസ്ഥാന . ശരാശരി എങ്കിൽ പഞ്ചായത്തിന്റേത് 1024 ആണ്. അതായത് സംസ്ഥാനശരാശരിയേക്കാൾ കുറവാണ് സ്ത്രീകളുടെ അളവ്. സംസ്ഥാന ജനസാന്ദ്രത ശരാശരി ചതുരശ്ര കിലോമീറ്ററിന് 749 മാത്രമായിരിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിന്റേത് 1916 ആണ്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ളത്. ജില്ലയുടെ ശരാശരി 1415 ആണ്. ജില്ലയുടെ ശരാശരിയേക്കാൾ കൂടുതലാണ് നമ്മുടെ പഞ്ചായത്തിന്റേത് എന്നു കാണാൻ കഴിയും. പട്ടികജാതി ജനസംഖ്യ 1771 ആണ്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 6.03% ആണ്. പട്ടികവർഗ്ഗക്കാർ 139 പേർ മാത്രമാണ്, 0.47%.

മത്സ്യബന്ധനവും – മൃഗസംരക്ഷണവും

മത്സ്യബന്ധനം (കടലോരം)

ഈ പഞ്ചായത്തിന്റെ കടലോരം 3800 കി മീറ്റർ വരും. ഇവിടെ വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന പല മത്സ്യബന്ധന രീതികളും ഇന്ന് നിലവിലില്ല. മാത്രമല്ല ഉള്ളതുതന്നെ ഒട്ടനവധി പുതിയ സമ്പ്രദായങ്ങൾ ഉൾക്കൊണ്ടവയാണ്. പ്രധാന മത്സ്യബന്ധന ഉപകരണങ്ങൾ കോരുവള്ളം, കംബാവല, ടപ്പാവള്ളം, ഡിസ്കോവള്ളം, നീട്ടുവള്ളങ്ങൾ, മിനിവള്ളം, നോനാവല, വാംമീൻവല, കുരങ്ങുവല എന്നിവ ഇപ്പോൾ നിലവിലില്ല.

ആദ്യകാലങ്ങളിൽ വല നിർമ്മിച്ചിരുന്നത് പഞ്ഞിനൂൽ പശമുക്കി അഞ്ച് ഇഴചേർത്ത് മുറുക്കി ഉണക്കിയെടുത്ത് സ്ത്രീകളും പുരുഷന്മാരും ചേർന്ന് വല കെട്ടിയുണ്ടാക്കും. കയർ ഇഴ ചേർത്ത് മുറുക്കി ഉണ്ടാക്കുന്ന കമ്പായാണ് വലയുടെ മുകൾ ഭാഗത്തും അടിഭാഗത്തും ഉപയോഗിച്ചിരുന്നത്. വലയുടെ മുകൾഭാഗം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനായി കരിങ്ങോട്ട, പാല എന്നിവയുടെ മുട്ടിയും പൊന്തായി ഉപയോഗിച്ചിരുന്നു. അടിവശം താഴെ പതിയുന്നതിനായി കരിങ്കൽ കഷണങ്ങൾ കയറുകൊണ്ട് വലിഞ്ഞുകെട്ടി വലയിൽ ബന്ധിക്കുമായിരുന്നു. മാത്രമല്ല മത്സ്യബന്ധനത്തിനുശേഷം വല കടലിൽ കഴുകി തീരത്തു വിരിച്ച് ഉണക്കുക പതിവായിരുന്നു. മിക്ക ഞായറാഴ്ചകളിലും തന്നെ കടലോരത്ത് തിങ്ങി വളർന്നുകൊണ്ടിരുന്ന മുഞ്ഞ എന്ന ചെടിയിട്ട് തിളപ്പിച്ച വെള്ളത്തിൽ വല മുക്കി ഉണക്കുന്നത് പതിവായിരുന്നു. കെട്ടുവള്ളവും ഒറ്റമരം വള്ളങ്ങളും ആയിരുന്നു മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്നത്. വള്ളം തുഴയാനായി തെങ്ങിൻതടി ഉരുട്ടിയെടുത്തതണ്ട് മാവ്, പ്ലാവ് എന്നിവകൊണ്ട് നിർമ്മിക്കുന്ന കുറ്റിയും, പത്തിയും വച്ചുകെട്ടി ഉപയോഗിക്കുന്നതിനൊപ്പം നല്ലയിനം തടിയിൽ നിർമ്മിക്കുന്ന പങ്കായവും ഉപയോഗിച്ചുപോന്നു. വള്ളത്തിൽ നിന്ന് വെള്ളം കോരിക്കളയുന്നതിനായി കവുങ്ങിൻ പാളയിൽ നിർമ്മിക്കുന്ന കുത്തുപാളയും മത്സ്യം കുട്ടയിൽ കോരി ഇടുന്നതിന് തടി ചെത്തിക്കൂഴിച്ച് പ്രത്യേകം തയ്യാറാക്കുന്ന മരകോടും ഉപയോഗിച്ചിരുന്നു. തണ്ട് വലിഞ്ഞുകെട്ടുന്നതിനായി അഞ്ചു രൂപയുടെ കയർ വാങ്ങിയാൽ ഒരു ദിവസത്തെ മത്സ്യബന്ധനത്തിനുള്ള ചെലവ് തീർന്നിരുന്നു. അന്ന് വള്ളം കടലിൽ ഇറക്കുന്നതും കരയ്ക്ക് കയറ്റുന്നതും മാറ്റിക്കയറ്റുക എന്ന രീതിയിൽ ആയിരുന്നു. കല്ലൻ മുളകൊണ്ടുള്ള തണ്ടായ്വും കമ്പാകൊണ്ട് വക്കയും ഉപയോഗിച്ചാണ് വള്ളങ്ങൾ കയറ്റുകയും ഇറക്കുകയും ചെയ്തുകൊണ്ടിരുന്നത്.

1975–76 കാലഘട്ടത്തിൽ നൈലോൺ നൂല് വിപണിയിൽ എത്തിയതോടെ വല കെട്ടിയുണ്ടാക്കുക എളുപ്പമായി. അതോടെ എല്ലാത്തരം വലകളും പട്ടുനൂൽ നിർമ്മിതമായിത്തുടങ്ങി, 1978–79 കാലയളവിൽ മെഷീൻ കെട്ടുവലകൾ എത്തിത്തുടങ്ങി. മാത്രമല്ല കയർ ഉപയോഗിച്ച് ഉണ്ടാക്കിയിരുന്ന വടം (കമ്പ) മാറ്റി പ്ലാസ്റ്റിക് നിർമ്മിത റോപ്പുകളും ബക്കറ്റുകളും അലുമിനിയം കൊണ്ട് നിർമ്മിക്കുന്ന പുതിയതരം പൊന്തുകളും ഉപയോഗിച്ചു തുടങ്ങി. ഇതോടെ പരമ്പരാഗത മത്സ്യബന്ധനരീതിയിൽ വലിയ മാറ്റം വന്നുതുടങ്ങി. എന്നാൽ പോലും വള്ളം തുഴയുന്നതിന് തണ്ടും പങ്കായവും പ്രാചീന കാലം മുതൽ വേഗത്തിൽ കടലിലേയ്ക്ക് പോകുവാനും കരയിൽ ചേരാനുമായി തുണികൊണ്ട് ത്രികോണാകൃതിയിൽ നിർമ്മിച്ച ഓടുപായ് മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. ചിലപ്പോൾ കാറ്റിന്റെ ദിശ നോക്കി പായ്കെട്ടി വള്ളം ഓടിക്കുമായിരുന്നു. വേഗത പോര എന്നു തോന്നിയാൽ ഒപ്പം വള്ളത്തിലെ ഒരാൾ പാടിക്കൊടുക്കുന്ന നാടൻ പാട്ട് ഈണത്തിൽ പാടി തണ്ടു വലിക്കുകയും ചെയ്തിരുന്നു. ഈ വള്ളങ്ങൾ അക്കാലത്ത് പരമാവധി പതിനഞ്ച് മാർ ആഴത്തിൽ (10 കി. മീറ്റർ പടിഞ്ഞാറ്) വരെ പോകുമായിരുന്നുള്ളൂ. നൈലോൺ വല വന്നപ്പോൾ മുഞ്ഞ വെള്ളത്തിൽ മുക്കി വിരിക്കുന്ന സമ്പ്രദായം മാറി കടലിൽ കഴുകി റോപ്പുകൊണ്ട് അയകെട്ടി അതിൽ വിരിച്ച് ഉണക്കുവാൻ തുടങ്ങി.

1980 കളിൽ 15 കുതിര ശക്തിയുള്ള ജപ്പാൻ നിർമ്മിതമായ യമഹ ഔട്ട് ബോർഡ് എൻജിൻ രംഗപ്രവേശം ചെയ്തതോടെ ഈ രംഗത്ത് സുപ്രധാനമായ മാറ്റത്തിന് നാന്നികുറിച്ചു. ഇന്ന് വിവിതരത്തിലുള്ള മത്സ്യബന്ധന മാർഗങ്ങളിലേക്ക് കടക്കാം. നേരത്തെ ഉണ്ടായിരുന്നതും ഇപ്പോൾ

നിലവിലുള്ളതുമായ മത്സ്യബന്ധന ഉപകരണങ്ങളും മുകളിൽ കുറിച്ചിട്ടുണ്ടല്ലോ? അതിൽ ഓരോന്നിനേറെയും സവിശേഷതകളും വന്നുചേർന്ന മാറ്റങ്ങളും പരിശോധിക്കാം.

A കമ്പാവല

ആദികാലം മുതൽ ഉണ്ടായിരുന്ന മത്സ്യബന്ധനോപകരണമാണ്. ഇതിന് രണ്ട് വള്ളങ്ങളും വേണം. ഒന്ന് വല കയറ്റുന്നതിനാണ്, മറ്റൊന്ന് മീൻ നോക്കി പ്രത്യേക അടയാളം കാണിച്ച് വലകയറ്റിയ വള്ളത്തെ മീൻ നിൽക്കുന്ന സ്ഥലത്തെത്തി വലവലയ്ക്കുന്നതിനായി സഹായിക്കുന്നു. നാലോ, അഞ്ചോതൊഴിലാളികളും കയറുന്നതാണ് വള്ളം, വലകയറ്റിയ വള്ളത്തിൽ 10മുതൽ 12 വരെ തൊഴിലാളികളും കയറും. ഇതിന്റെ വല നിർമ്മിക്കുന്നത് പ്രത്യേകം പരിചയമുള്ള തൊഴിലാളികളാണ്. തീരെ ചെറിയ കണ്ണികളും ഉള്ള വലയും (തൂര്) അല്പം കൂടി വലിയ കണ്ണികളും ഉള്ള വലയും ചേർത്താണ് തയ്യാറാക്കുന്നത്. പഞ്ഞിനൂൽ തന്നെയായിരുന്നു ഈ വല നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നത്. കൂടാതെ വലയുമായി കയർ ഇഴചേർത്തും പ്രത്യേകംകെട്ടി വലയുടെ മാതൃകയിൽ തന്നെ നിർമ്മിക്കുന്ന ഏനവും ഏനത്തോട് ചേർത്ത് കമ്പയും ബന്ധിപ്പിക്കും. ഈഏനം നിർമ്മിക്കുന്നത് പ്രത്യേകം പരിചയമുള്ള തൊഴിലാളികളും തന്നെയാണ്. വലയോട്ചേർന്നുള്ള ഏനത്തിന് അധികം വലുതല്ലാത്ത കണ്ണികളും നല്ല വീതിയും ഉണ്ടായിരിക്കും. വലയിൽനിന്ന് അകലുന്നത് അനുസരിച്ച് കണ്ണികളും വലുതാക്കുകയും വീതികുറക്കുകയും ചെയ്യും, വീതി ഏറ്റവും കുറയുന്ന ഭാഗം കമ്പായുമായി ബന്ധിക്കും. ഈ ഏനത്തിന്റെ മുകളം ഭാഗത്ത് കരിങ്ങാട്ടയുടേയും പാലയുടേയും മുട്ടികളും കെട്ടുകയും താഴെ കരിങ്കൽകഷണങ്ങളംകെട്ടിതൂക്കുകയും ചെയ്യും, ഇവ രണ്ടും വലയിലും കെട്ടും, ഏനത്തിന്റെ നീളം കണക്കാക്കുന്നത് ഏകദേശം 60 മീറ്റർ നീളമുള്ള 8 കുത്ത് 9 കുത്ത് എന്തൊക്കെയാണ്, പത്തും പന്ത്രണ്ടും കമ്പായും ഇതിൽകാണും, നോട്ടവള്ളം മുൻകൂട്ടികടലിൽപോയി മീനുകണ്ട് വിളിച്ചിട്ട് മീൻ കൂട്ടത്തിന്റെ വടക്കുഭാഗത്തു് ലക്ഷ്യം വെച്ച് കരയിൽ മുതൽ കമ്പ ഇറക്കി മീൻ കൂട്ടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് വല വളച്ചു് തെക്കോട്ട് തിരിഞ്ഞ് കിഴക്കോട്ട് ബാക്കി വരുന്ന ഏനവും ഇറക്കി കര ചേർന്നിട്ട് കരയിൽ നിന്നാണ് വലവലിക്കുന്നതു്. കുറഞ്ഞത് 50 മുതൽ 150 വരെ തൊഴിലാളികളും ഒരു വലവലിക്കാൻ ഉണ്ടാകും കുട്ടികളും കൂടാതെ ഈ പഞ്ചായത്തിലെ കർഷക തൊഴിലാളികളും വലവലിക്കുന്നതിനായി എത്തിയിരുന്നു. 1980 കളിൽ തന്നെ കമ്പാവല ഇവിടെ ഇല്ലാതായിക്കഴിഞ്ഞു. പ്രധാനമായും അയല, മത്തി, ചൂടൻ, മുള്ളൻ എന്നിവയായിരുന്നു ലഭിക്കുന്ന മത്സ്യങ്ങൾ, വൃശ്ചികമാസം മുതൽ കുംഭമാസം വരെയായിരുന്നു അനുയോജ്യമായ കാലയളവ്.

B നോനാവല

നോനാവലയ്ക്കു് ഒരു വള്ളം മതി. മാത്രമല്ല കമ്പവലപോലെ കയർകൊണ്ട് കെട്ടിയുണ്ടാക്കുന്ന ഏനം വേണ്ട. കമ്പാമാത്രം മതി. വലയിലും പ്രത്യേകതയുണ്ടു്. തീരെ ചെറിയ കണ്ണികളുള്ള വല വേണ്ട. ഒരേവലിപ്പത്തിലെ കണ്ണികളുള്ള ചെറിയ ഒരു വലയാണ് ഇതു്. മീൻ കണ്ടുകൊണ്ടല്ല വലയിടുന്നത്. വെളുപ്പാൻ കാലത്തു് തന്നെ വല ഇടാൻ തുടങ്ങും. കരയിൽ കമ്പായുമായി ഒരാളെ നിർത്തിയിട്ട് പടിഞ്ഞാറോട്ട് തുഴഞ്ഞ് ആദ്യത്തെ കമ്പാതീർന്നുകഴിയുമ്പോൾ തെക്കോട്ട് തിരിഞ്ഞ് വലയിറക്കി ബാക്കിയുള്ള കമ്പായും കുറേശേ ഇറക്കി കരയിൽ വന്ന് ചേർന്നിട്ട് ഇരുവശത്തുനിന്നും വലിച്ച് കരയിലെത്തിക്കും. ഇതിൽ 15 മുതൽ 30 വരെ തൊഴിലാളികളും ഉണ്ടാകും ഏകദേശം ½ മണിക്കൂർ മതി വലകരയിലെത്താൻ. ചെമ്മീൻ കൂടുതൽ ലഭിക്കുകയാണെങ്കിൽ ഉച്ചവരെ വലവലിക്കും. പ്രധാനമായും പൂവാലൻ, കരിക്കാടി, നാരൻ എന്നി ഇനം ചെമ്മീനുകളാണ് ലഭിച്ചിരുന്നത്. നങ്കു്, മാന്തൽ, കുട്ടൻ, ഞണ്ട് എന്നിവയും ലഭിച്ചിരുന്നു. മകരം, കുംഭം എന്നീമാസങ്ങളാണ് അനുയോജ്യമായ കാലയളവ് കുംഭമാസത്തിൽ വീശുന്നകാറ്റ് (കുംഭക്കച്ചാൻ) ചെമ്മീൻ കിട്ടുന്നതിന് സഹായകമായിരുന്നു. ഈവലയുടെനിർമ്മാണത്തിലും നൈലോൺ വലകളും ഉപയോഗിച്ച് തുടങ്ങി, ഇപ്പോൾ ഈ മത്സ്യബന്ധന രീതി നിലവിലില്ല.

C വാൾമീൻവല

ഇതിനും ഒരു വള്ളം മതി, കൂടുതൽ വലിയ കണ്ണികളുള്ള വല അധികം നിളമില്ലാത്ത ഏനവുമായി ബന്ധിച്ച് കരയിൽ നിന്നും പടിഞ്ഞാറോട്ട്

നീങ്ങി വലയിട്ട് തെക്കോട്ട് തിരിഞ്ഞ് ശേഷിച്ച ഏനവും ഇറക്കി കരയിലെത്തി ഇരുവശങ്ങളിൽ നിന്നും വലിച്ച് കരയിൽ കയറും. 30 മുതൽ 50 വരെ തൊഴിലാളികൾ ഉണ്ടാകും. കടൽ ക്ഷോഭത്തിന് ശേഷം തീരക്കടലിൽ കാണപ്പെടുന്ന കുഴി കളിൽ മത്സ്യം കൂടാറുണ്ട്. ആയതിനാൽ ആ കഴിയിൽ ആണ് വല ഇടുന്നത്. പ്രധാനമായും വാംമീൻ, പല്ലിമീൻ, എന്നിവ കിട്ടും. ചിങ്ങം, കന്നി മാസങ്ങളിലാണ് ഇത്തരത്തിലുള്ള മത്സ്യബന്ധനം നടത്തുന്നത്.

നീട്ടുവള്ളങ്ങൾ

1 അയലവല:-

അഞ്ചു മുതൽ ഏഴു വരെ തൊഴിലാളികൾ ചേർന്നാണ് ജോലി ചെയ്യുന്നത്. ആദ്യകാലങ്ങളിൽ ഇതും പഞ്ഞിനൂൽ കൊണ്ട് കെട്ടിയുണ്ടാക്കിയ വലയായിരുന്നു. പിന്നീട് നൈലോൺ നൂൽ ആയി. മാത്രമല്ല പടിഞ്ഞാറോട്ട് 5 കി. മീ. വരെ പോകുമായിരുന്നുള്ളു, എന്നാൽ ഔട്ട് ബോർഡ് എൻജിൻ വന്നതോടെ 8 കുതിര ശക്തിയുള്ള എൻജിൻ ഘടിപ്പിച്ച് കൂടുതൽ ദൂരത്തിലും ആഴത്തിലും മത്സ്യബന്ധനത്തിന് പോകുവാൻ തുടങ്ങി. അയല, ഃതാവാര, ചെറിയ ഇനം ിസാവ്, നാരൻ ചെമ്മീൻ മുതലായ മത്സ്യങ്ങൾ ലഭിക്കും. വൃശ്ചികമാസം മുതൽ മേടമാസം വരെയാണ് സീസൺ. വൈകിട്ട് 4 മണി കഴിഞ്ഞ് കടലിൽ പോകും രാത്രി 10 മണി കഴിഞ്ഞ് തിരിച്ചെത്തുകയും വെളുപ്പിന് 4 മണി കഴിഞ്ഞ് പോയാൽ പകൽ 10 മണിയോടെ മടങ്ങി വരുകയും ചെയ്യും. ചിലപ്പോൾ കൂടുതൽ ആഴത്തിലേക്ക് പോകുകയാണെങ്കിൽ ഈ സമയങ്ങളിൽ വ്യത്യാസം ഉണ്ടാകും. ഒരു ദിവസത്തേക്ക് ശരാശരി 500/- രൂപാ ഇന്ധനച്ചെലവ് ഒരു വള്ളത്തിനുണ്ട്.

2 ചാളവല

ഇതിൽ 5 മുതൽ 7 വരെ തൊഴിലാളികൾ പണിയെടുക്കുന്നതാണ്. അയല വലയിൽ നിന്നു അല്പം കൂടി ചെറിയ കണ്ണിവലയാണ് ഇതിന് ഉപയോഗിക്കുന്നത്. ആദ്യകാലങ്ങളിൽ പഞ്ഞിനൂൽ തന്നെയായിരുന്നു. പിന്നീട് നൈലോൺ നൂൽ വന്നു. ഔട്ട്ബോർഡ്എൻജിൻ വന്നതോടെ 10 കി. മീ. പടിഞ്ഞാറു വരെ പോകാൻ തുടങ്ങി. പ്രധാനമായും മത്തിയാണ് ലഭിക്കുന്നത്. വൃശ്ചികമാസം മുതലാണ് സീസൺ. വല്ലപ്പോഴും മാത്രമാണ് കടലിൽ പോകുന്നത്. മേടമാസം വരെ കടലിൽ പോകും. രാത്രിയും പകലും പണിക്കു പോകും, 500/- രൂപയോളം ഇന്ധനച്ചെലവ് വരും, ഈ തൊഴിൽ വളരെ കുറച്ച് ഃപർക്ക് മാത്രമാണുള്ളത്.

3 മാലാവല

3 മുതൽ 5 വരെ തൊഴിലാളികൾ പണിയെടുക്കുന്ന ചെറിയ വള്ളത്തിൽ മേൽപ്പറഞ്ഞതിൽ അല്പം കൂടി ചെറിയ കണ്ണികളുള്ള വലയാണ് ഉപയോഗിക്കുന്നത്. പഞ്ഞിനൂൽ വലയും നൈലോൺ നൂൽ വലയും ഉപയോഗത്തിലുണ്ട്. തീരത്തോട് ചേർന്നാണ് മത്സ്യം പിടിക്കുന്നത്. പകൽ മാത്രമാണ് പണിക്ക് പോകുന്നത്. മകരം കുംഭം മാസങ്ങളിൽ മാലാ എന്ന മത്സ്യമാണ് ലഭിക്കുന്നത്. ഇപ്പോൾ ഈ ഉപകരണം ഇവിടെ ആർക്കും തന്നെ ഇല്ലെന്നു പറയാം.

4 വട്ടച്ചാളവല

3 മുതൽ 5 വരെ തൊഴിലാളികൾ പണിയെടുക്കുന്നതാണ്, ചെറിയ വള്ളങ്ങളിൽ മാലാവലയേക്കാൾ വലുതും ചാളവലയേക്കാൾ ചെറുതും ആയ വലക്കണ്ണികളാണ്. പഞ്ഞിനൂൽ വലയും പട്ടുനൂൽവലയും ഉപയോഗിക്കുന്നു. പകലും രാത്രിയും മത്സ്യം പിടിക്കും. വൃശ്ചികം മുതൽ മീനം വരെയാണ് സീസൺ. വട്ടച്ചാള (കരിച്ചാള) യാണ് പ്രധാനമായും കിട്ടുന്നത്. ഇപ്പോൾ ഇതും പ്രവർത്തിക്കുന്നില്ല.

5 ിസാവ് വല

കൂടുതൽ അകന്ന കണ്ണിയുള്ള തടിച്ച നൂൽ കൊണ്ട് കെട്ടിയുണ്ടാക്കിയ വലകൾ ഉപയോഗിച്ചിരുന്നു. 3 മുതൽ 5 വരെ തൊഴിലാളികൾ ചെറിയ വള്ളങ്ങളിൽ പോയി രാത്രികാലങ്ങളിൽ മീൻ പിടിച്ചിരുന്നു. വിവിധയിനം ിസാവ് കിട്ടുമായിരുന്നു. വല കടലിന്റെ അടിത്തട്ടിലേക്ക് ഇറക്കി വിട്ടാണ് മത്സ്യം പിടിച്ചിരുന്നത് നേരത്തേതന്നെ ഇതിന്റെ പ്രവർത്തനം ഇല്ലാതായി.

6 ടിങ്കി

തീരക്കടലിൽ മീൻ പിടിക്കുവാൻ പോകുന്ന 2 മുതൽ 4 വരെ തൊഴിലാളികൾ പണിയെടുക്കുന്നതുമാണ്. നീട്ടുവലയാണ്. 2 H.P. യുള്ള എൻജിൻ ഉപയോഗിച്ചുതുടങ്ങി, നൈലോൺ

വലയാണ്. അയലയും പെറുമത്സ്യവും ലഭിക്കും. ധനുവം മുതൽ മീനം വരെ രാത്രിയും പകലും പണിയെടുക്കും.

1 കോരുവള്ളങ്ങൾ

ആദ്യകാലങ്ങളിൽ 10 – 12 തൊഴിലാളികളം പണിയെടുക്കുന്ന പെറിയ വള്ളങ്ങളായിരുന്നു. 16 m m വലിപ്പമുള്ള കണ്ണികളം ആണ് ഇതിനുപയോഗിക്കുന്ന വലയുടേത്. ആദ്യം പഞ്ഞിനൂൽ ആയിരുന്നു. നൈലോൺ വന്നതോടെ പട്ടുവലകളം മാത്രമായി. മാത്രമല്ല, വള്ളത്തിന്റേറയും വലയുടേയും വലിപ്പവും വർദ്ധിച്ചു. 15–17 തൊഴിലാളികളം വരെ ഒരു വള്ളത്തിൽ പണിയെടുക്കാൻ തുടങ്ങി. 1980കളിൽ ഔട്ട് ബോർഡ് എൻജിൻവന്നതോടെ 15 കുതിരശക്തിയുള്ള യമഹ എൻജിൻ എല്ലാ വള്ളങ്ങളിലും ആയി. വള്ളവും വലയും വീണ്ടും വലുതാകാൻ തുടങ്ങി. 20 തൊഴിലാളികളം വരെ പണിയെടുക്കുന്ന വള്ളവും 150 മീറ്റർ നീളവും 30 മീറ്റർ വീതിയുമുള്ള വലയുമായി, 1985-86 കാലഘട്ടത്തിൽ പേഴ്സിൻ ബോട്ടിന്റെ മത്സ്യബന്ധന സംവിധാനം നാടൻ വള്ളങ്ങളിൽ ഏർപ്പെടുത്താമെന്ന് തെളിയിക്കുന്ന പരീക്ഷണം വിജയിച്ചു. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ചെല്ലാനം വടക്ക് പഞ്ചായത്തിൽ പുത്തൻതോട് ദേശത്ത് നീതിമാൻ ആൻറപ്പൻ തന്റെ സ്വന്തം വള്ളത്തിൽ പരീക്ഷിച്ചു നോക്കിയ ''റിംഗ്'' വല ഈ രംഗത്ത് സുപ്രധാനമായ മാറ്റത്തിന് നാന്ദികുറിച്ചു.

ഇപ്രകാരം ഉള്ള വലയിൽ മടയിൽ (താഴത്തെ വശം) കെട്ടിയിരുന്ന കല്ലുകളുടെ പകരം ഈയക്കട്ടികളും പിച്ചളകൊണ്ട് നിർമ്മിച്ച റിംഗുകളും റോപ്പും വള്ളത്തിൽ ഘടിപ്പിച്ചിരിക്കുന്ന കപ്പികളിലൂടെ വല വലിക്കാൻ തുടങ്ങിയപ്പോൾ വലയുടെ അടിഭാഗം ഒന്നിച്ചു കൂടി വള്ളത്തിൽ എത്തുന്ന രീതിവന്നു. അപ്പോൾ മുൻപത്തേക്കാൾ കൂടുതൽ മത്സ്യം കിട്ടുമെന്നുറപ്പായി മാത്രമല്ല, തൊഴിലാളിയുടെ അദ്ധ്വാനഭാരവും കുറഞ്ഞു. ഇതനുസരിച്ച് വള്ളവും വലയും വലുതായി കൊണ്ടിരുന്നു. 25 കുതിരശക്തിയുള്ള എൻജിനുകളുമായി റിംഗ് സംവിധാനം നിലവിൽ വന്നപ്പോൾ കൊല്ലം ജില്ലയിലും ആലപ്പുഴ ജില്ലയുടെ തെക്കൻഭാഗങ്ങളിലും ഇതിനെ എതിർക്കുകയും തൊഴിലാളികളം തമ്മിൽ സംഘട്ടനത്തിൽ വരെ എത്തുകയും ചെയ്തു. പിന്നീട് അവിടെയും ഇത് പ്രയോഗത്തിൽ വന്നു.

വീണ്ടും ആയാസം കുറഞ്ഞകണ്ടുപിടുത്തം ഉണ്ടായി, ഈ പഞ്ചായത്തിലെ 2-ാവാർഡിൽ പനക്കൽ വീട്ടിൽ ജെയിംസിന്റെ മകൻ സേവ്യർ എന്ന പെറുപ്പക്കാരൻ ഒരുതരം കുററി പൈപ്പ് കണ്ടുപിടിച്ചു, രണ്ടുബോളം ബെയറിംഗ് ഉള്ള കുററി പൈപ്പുകളം രണ്ടെണ്ണം വള്ളത്തിൽഘടിപ്പിച്ചു. കപ്പിയിലും ബോളം ബെയറിംഗ് ഫിററ് ചെയ്തു. വലയുമായി ബന്ധിച്ചാൽ കൂടുതൽ വേഗത്തിൽ കയററാം എന്ന് കണ്ടെത്തി. 1991–92 കാലയളവിൽ മത്സ്യഫെഡിന്റെ സഹായത്തോടെ തൊഴിലാളികളം നടത്തുന്ന ദേശാഭിമാനി എന്ന വള്ളത്തിലാണ് പരീക്ഷിച്ചത്. വിജയപ്രദമായി എന്നു കണ്ടപ്പോളം കേരളത്തിൽ എല്ലായിടത്തും തന്നെ ഉപയോഗത്തിലാവുകയും ചെയ്തു. ഇയാളം തന്നെ 4 കപ്പി ഉപയോഗിക്കുന്ന രീതിയും അവതരിപ്പിച്ചു. ഏററവും ഒടുവിലായി റോളിംഗ് പൈപ്പ് എന്ന സംവിധാനവും സേവ്യർ കണ്ടെത്തി. വള്ളത്തിന്റെ വില്ലിയോട് ചേർത്ത് പിടിപ്പിക്കുന്ന ഈ പൈപ്പ് ഉപയോഗിച്ചാൽ റോപ്പ് തട്ടാതേയും തേയാതേയും വള്ളത്തിൽ കയററാം എന്ന് കണ്ടെത്തി.

ഈ രംഗത്ത് നവീനങ്ങളായ കണ്ടുപിടുത്തങ്ങളം നടന്നതോടെ തൊഴിലാളിക്കു താങ്ങാൻ പാടില്ലാത്തവിധം തൊഴിലുപകരണങ്ങളുടെ വലിപ്പം കൂടുകയും ചെലവ് വർദ്ധിക്കുകയും ചെയ്തു, ഇപ്പോളം ഒരു വള്ളത്തിൽ 25–40 കുതിര ശക്തിയുള്ള 3 എൻജിനുകളുണ്ട്. ശരാശരി 40 —50 തൊഴിലാളികളം പണിയെടുക്കും. കൂടാതെ 2 എൻജിൻഘടിപ്പിച്ച കേറിയർ വള്ളവും ഉണ്ട്, അതിൽ 10 തൊഴിലാളികളുമുണ്ട്. കിട്ടുന്ന മത്സ്യം വേഗത്തിൽ കരയിൽ കൊണ്ടു വരുന്നതിനും വല കയററിയ വള്ളം വീണ്ടും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിനുമാണ് കേറിയർ വള്ളം ഉപയോഗിക്കുന്നത്. ഇപ്പോളം ഈ തരത്തിലുള്ള മത്സ്യബന്ധന ഉപകരണങ്ങളംക്ക് എല്ലാം കൂടി 9 ലക്ഷത്തോളം രൂപ വേണം. ഒരു ദിവസത്തെ ഇന്ധനച്ചെലവ് 3000/- രൂപയാണ്. വിദേശരാജ്യങ്ങളിൽ നിരോധിച്ച ഔട്ട് ബോർഡ് എൻജിനുകളം നൽകണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. മാത്രമല്ല ഇന്ധനവും

ഭാരിച്ച വളളങ്ങൾ കരയിൽ കയറ്റി വയ്ക്കാൻ പ്രയാസമായതിനാൽ അന്ധകാരനഴിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്നുളള ആവശ്യങ്ങൾക്ക് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. അയല, മത്തി, ചെമ്മീൻ, മറ്റു മത്സ്യങ്ങളും കിട്ടുറുണ്ട്. രാത്രിയും പകലും മത്സ്യം പിടിക്കും. മേടമാസം മുതൽ ധനുവമാസം വരെയാണ് സീസൺ.

2 ഡിസ്ക്കോവളളം

കോരുവളളത്തിന്റെ മത്സ്യബന്ധനരീതി തന്നെ, ആദ്യകാലങ്ങളിൽ 10 – 12 തൊഴിലാളികളാണ് പണിയെടുത്തിരുന്നത്. തീരെ ചെറിയ കണ്ണികൾ ഉളള വലയാണ്. ആദ്യകാലങ്ങളിൽ പഞ്ഞിനൂൽ ആണ് ഉപയോഗിച്ചിരുന്നത്. അന്ന് ചൂടവല എന്നാണ് അറിയപ്പെട്ടിരുന്നത്. നൈലോൺവലയുടെ ആരംഭം മുതലാണ് ഡിസ്ക്കോവല എന്നറിയപ്പെട്ടു തുടങ്ങിയത്. ഔട്ട് ബോർഡ്എൻജിന്റെ വരവോടെ ഇതും വലുതായി തുടങ്ങി. ഇപ്പോൾ ഇതും റിംഗ് വലയാണ്. കോരുവലയും ഇവർക്കുണ്ട്. കേ്യരിയർ വളളവും ഉപയോഗിക്കുന്നു. 25 കുതിരശക്തിയുളള രണ്ട് എൻജിൻ ഘടിപ്പിച്ച വളളത്തിൽ 20 – 25 തൊഴിലാളികൾ പണിയെടുക്കുന്നു. വളളങ്ങളിൽ വെളളം വറ്റിക്കുന്നതിനായി ആദ്യകാലങ്ങളിൽ കുത്തുപാളയും പിന്നീട് പ്ളാസ്റ്റിക്ക് ബക്കറ്റും അതിനുശേഷം ചാമ്പുപൈപ്പും ഇപ്പോഴിതാ ഓസുവഴി എൻജിൻ തന്നെ വെളളം വലിച്ചു തളളുന്നു. ഡിസ്ക്കോയ്ക്ക് പ്രധാനമായും ലഭിക്കുന്നത് കൊഴുവയാണ്, മറ്റുളള മത്സ്യങ്ങളും കിട്ടും. മിഥുനമാസം മുതൽ മകരമാസം വരെയാണ് സീസൺ.

3 ടപ്പാവളളം

മേൽപ്പറഞ്ഞ മത്സ്യബന്ധന സംവിധാനം തന്നെയാണ്. 14 mm കണ്ണിയുളള ചെറിയ വലയും 5 – 8 തൊഴിലാളികൾക്ക് ജോലി ചെയ്യാവുന്നതുമായ വളളമാണ്. പഞ്ഞിനൂൽ വലയിൽ നിന്ന് നൈലോൺ നൂൽ വലയിലെത്തി. 8 ഉം 15 ഉം കുതിരശക്തിയുളള എൻജിൻ ഉപയോഗിക്കുന്നു. തീരക്കടലിലാണ് മത്സ്യബന്ധനം നടത്തുന്നത്. കർക്കിടകം മുതൽ തുലാം വരെയാണ് അനുകൂലമായ കാലയളവ്. പകൽ മാത്രമാണ് മത്സ്യബന്ധനം നടത്തുന്നത്. പലതരം മത്സ്യവും ചെമ്മീനും ലഭിക്കും.

മിനിവല

ഉദ്ദേശം 11 വർഷത്തിനപ്പുറം ഈ മത്സ്യബന്ധന മാർഗ്ഗം ഇവിടെ നിലവിലില്ലായിരുന്നു. ട്രോളിംഗ് ബോട്ടുകളുടെ മത്സ്യബന്ധന സംവിധാനമാണ്. പുറകുവശം മുറിച്ച വളളവും ഇരുതലയും ഉളള വളളവും ഇതിൽ ഏർപ്പെടുന്നു. നൈലോൺ വലയും പ്ലാസ്റ്റിക് വലയും ചേർത്തുണ്ടാക്കുന്നതാണ് മിനിവല. കടലിന്റെ അടിത്തട്ടിലൂടെ കുറെദൂരം വരെ വലിച്ചതിനുശേഷമാണ് വലപൊക്കി എടുക്കുന്നത്. ചെമ്മീൻ, നങ്ക് മുതലായവ ലഭിക്കും. ഇതിന് വല വളരെകുറച്ചുമതി. വലയുടെ അടിവശത്ത് ഇരുമ്പുചെയിനാണ് ഉപയോഗിക്കുന്നതു്. വളളത്തിലായതുകൊണ്ട് ചെറിയ ബോഡും നേർത്ത റോപ്പുമാണ് ഉപയോഗിക്കുന്നത്. 8-15 കുതിരശക്തിയുളള എൻജിനുകൾ ഉപയോഗിക്കുന്നു. 3 മുതൽ 5 വരെ തൊഴിലാളികൾ ജോലിചെയ്യുന്നു. വൃശ്ചികം മുതൽ കുംഭമാസം വരെയാണ് ഇതിന്റെ സീസൺ.

മത്സ്യസംസ്ക്കരണം – വിപണനം

ഏകദേശം 50 വർഷങ്ങൾക്കപ്പുറം ഇവിടെ മത്സ്യവിപണനം ഇല്ലായിരുന്നു. തൊഴിലാളികൾതന്നെ കിട്ടുന്ന മത്സ്യം ഭാഗംചെയ്തെടുക്കും. വളളത്തിൽ പോയിരുന്ന തൊഴിലാളികളുടെ എണ്ണത്തോടൊപ്പം വളളത്തിന്റേയും വലയുടേയും വലിപ്പത്തിനനുസരിച്ച് 4 മുതൽ 6 വരെ തൊഴിലാളികളുടെ എണ്ണം കൂടികൂട്ടും, ഇത് വളളത്തിനും വലയ്ക്കുംകൂടിയുളള ഓഹരിയാണ്. ഉദാഹരണത്തിന് 10-12 തൊഴിലാളികൾപോകുന്ന വളളത്തിലെ മത്സ്യം 14-16 വരെ ഭാഗമായി പങ്കുവെയ്ക്കും. 5-7 തൊഴിലാളികൾവരെ ജോലി ചെയ്യുന്ന വളളത്തിലെ മത്സ്യം 9-11വരെ ഭാഗമായി പങ്ക് വയ്ക്കും. എന്നിട്ട് ഓരോരുത്തരുടേയും മത്സ്യം അവർതന്നെ തെങ്ങോലകൊണ്ട് മെടഞ്ഞുണ്ടാക്കുന്ന കുട്ടയിലാക്കി അന്നത്തെ ഇടവഴികളിലും വീട്ടുമിറ്റത്തും കൊണ്ടുചെന്ന് വില്പന നടത്തും. മത്സ്യം കൊടുത്താൽ പണം തന്നെ കിട്ടണമെന്നില്ല. അരിയും, നെല്ലും, തേങ്ങയും, മാങ്ങയും, പുളിയും, ചക്കയും എന്നുവേണ്ട നിത്യോപയോഗസാധാനങ്ങൾവരെ മത്സ്യം കൊടുത്ത് വാങ്ങിയിരുന്നു. മത്സ്യം കൂടുതലായി കിട്ടുമ്പോൾ വിറ്റുതീരാത്ത

മത്സ്യം കേടുകൂടാതെ കല്ലുപ്പ് പുരട്ടി ഉണക്കി സൂക്ഷിച്ചിട്ട് മത്സ്യം ഇല്ലാതെ വരുന്ന കാലയളവിൽവില്പന നടത്തിയിരുന്നു. അയല, മത്തി, ശ്രാവ് പോലുള്ളമത്സ്യങ്ങൾ കീറി കുടൽ നീക്കം ചെയ്തും ചെറുമത്സ്യങ്ങൾ അതുപടിയും ഉപ്പ് പുരട്ടി ഉണക്കിയിരുന്നു. ചെമ്മീൻ പുഴുങ്ങി ഉണക്കി ചാക്കിൽ ഇട്ട് തല്ലി പരിപ്പ് എടുക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. മത്തി, നെയ്യുള്ള കാലയളവിൽ പുഴുങ്ങി നെയ്യ് എടുക്കുകയും ചെയ്തിരുന്നു.

പിന്നീട് ഈ പഞ്ചായത്തിലെ 16-ാം മയിൽ തോടും 19-ാം മയിൽ തോടും ഗതാഗതയോഗ്യമായതോടു കൂടി വൈക്കം, കുമരകം, ചങ്ങനാശേരി കോട്ടയം, അതിരമ്പുഴ, തലയോലപറമ്പ് എന്നിവിടങ്ങളിൽ നിന്നും മത്സ്യം വാങ്ങാനായി ചെറുവള്ളങ്ങളിൽ കച്ചവടക്കാർ എത്തി തുടങ്ങി. അതോടെ തൊഴിലാളികൾ മോഗം വയ്ക്കുന്ന സമ്പ്രദായം ഇല്ലാതായി. മത്സ്യം വള്ളത്തിൽ ഇട്ടുതന്നെ വില പറഞ്ഞ് കച്ചവടം തുടങ്ങി. അതോടൊപ്പം തദ്ദേശീയരായ മത്സ്യക്കച്ചവടക്കാരും ഉണ്ടായി തുടങ്ങി. അവരും മത്സ്യം വാങ്ങി മേൽപറഞ്ഞ പ്രദേശങ്ങളിലെ ചന്തകളിൽ എത്തിച്ച് വില്പന തുടങ്ങി. അങ്ങനെ കടപ്പുറത്ത് ചില പ്രത്യേക കച്ചവട കേന്ദ്രങ്ങളും ഉണ്ടായി, അതിലൊന്നാണ് അന്ധകാരനഴി. ഇവിടം കച്ചവടകേന്ദ്രമായി വികസിച്ചപ്പോൾ വള്ളങ്ങൾ കൂട്ടമായി അടുക്കുവാനും ദൂരെ നിന്ന് കച്ചവടക്കാർ വരുവാനും തുടങ്ങി. അതിൽ അധികം മത്സ്യം വാങ്ങുന്ന ചെറുവള്ളക്കാരും തലചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകളും അടങ്ങുന്ന മത്സ്യക്കച്ചവടക്കാരും ഒക്കെയുണ്ട്. കൂടാതെ ഉണക്ക മത്സ്യവും ചെമ്മീൻ പരിപ്പും വാങ്ങാനായി ദൂരെ നിന്നും ആൾക്കാർ എത്തിക്കൊണ്ടിരുന്നു. ഇതോടുകൂടി തദ്ദേശീയരായ കച്ചവടക്കാർ കൂടുങ്ങാം (ചാപ) കെട്ടിതുടങ്ങി, മത്സ്യം ഉണക്കിയും കീറിഉപ്പുവച്ചും ഒക്കെ സൂക്ഷിക്കുവാൻ തുടങ്ങി, ഇതോടെ സ്ത്രീകൾക്ക് ഒരു പരിധി വരെ തൊഴിൽകിട്ടിതുടങ്ങി. ഓരോ കച്ചവടക്കാരുടേയും ശേഷിക്ക് അനുസരണം എടുക്കുന്ന മത്സ്യം കീറി ഉപ്പുവയ്ക്കാനും (മത്സ്യം മുതുക് കുത്തുക എന്നുപറയും) ഉണക്കാനും, മത്തി പുഴുങ്ങുന്നതിനും സ്ത്രീകൾ പോയി തുടങ്ങി. സ്ത്രീകൾക്ക് തൊഴിൽ കിട്ടി തുടങ്ങിയിരുന്നു എങ്കിൽ പോലും മത്സ്യതൊഴിലാളികൾ ചൂഷിതരാകാൻ തുടങ്ങിയിരുന്നു.

തദ്ദേശീയരായ കച്ചവടക്കാർ മത്സ്യം എടുത്താൽ തൽക്കാലം വല്ലതും കൊടുക്കും. ബാക്കി ഇവർ മത്സ്യം സംസ്കരിച്ചോ അല്ലാതെയോ വിറ്റു പണം കിട്ടികഴിഞ്ഞാൽ മാത്രമേ കൊടുക്കുകയുള്ളു. മാത്രമല്ല തുകയുടെ പത്ത് ശതമാനം കമ്മീഷൻ എന്നു പറഞ്ഞ് കച്ചവടക്കാർ എടുക്കും ബാക്കി മാത്രമേ കൊടുക്കുകയുള്ളു, എന്നാൽ മത്സ്യക്കച്ചവടത്തിൽ നഷ്ടം സംഭവിച്ചാൽ വീണ്ടും കുറവ് വരുത്തും, ലാഭം കിട്ടിയാൽ അധികം കൊടുക്കുകയില്ലാ എന്നുള്ളത് മറെറാരു കാര്യം, പിൻകാലത്ത് ഈ രീതി വെളിയിൽ നിന്നും വരുന്ന കച്ചവടക്കാരും വളരെ തന്ത്രപൂർവ്വം ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഇപ്പോൾ മത്സ്യം എടുക്കണമെങ്കിൽ കൈയിൽ ഒരു രൂപാ പോലും വേണ്ടാ എന്നായി കഴിഞ്ഞു. തന്നെയുമല്ല സംസ്കരണ വിപണന രംഗത്ത് ഒട്ടനവധി മാറ്റം വന്നു കഴിഞ്ഞു. വൻകിടക്കച്ചവടക്കാർ വള്ളത്തിൽ വന്നിരുന്നു എങ്കിൽ പിന്നീട് ലോറിയും, ടെമ്പോയും, പെട്ടിവണ്ടിയും ഒക്കെയായി, തലചുമടായി വന്നിരുന്ന ചെറുകച്ചവടക്കാർ സൈക്കിളുകളിൽ എത്തിതുടങ്ങി. ലോറികളിൽ മത്സ്യക്കച്ചവടക്കാർ എത്തിതുടങ്ങിയതോടെ മത്സ്യം ചുമന്ന് ലോറിയിൽ കയറ്റുന്നതിനും, ഐസ് പൊട്ടിക്കുന്നതിനും ഒക്കെ പ്രത്യേകം തൊഴിലാളികൾ രംഗത്ത് വന്നു.. ലോറിയിൽ ആദ്യമൊക്കെ മത്സ്യം കൂട്ടിയിട്ട് ഐസ് പൊടിയും ഇട്ട് പോയിരുന്നു എങ്കിൽ പിന്നീട് കുട്ടകളിലാക്കി ഐസ് ചേർത്ത് ലോറിയിൽ അടുക്കി പോയി തുടങ്ങി. സൈക്കിളും കച്ചവടക്കാർ അലുമിനിയം പാത്രങ്ങളും ഉപയോഗിച്ചു തുടങ്ങി. ഇപ്പോൾ ലോറിയിൽ പ്ലാസ്റ്റിക് നിർമ്മിത ബോയ്സ്കളും അടുക്കി വച്ച് മത്സ്യം കയറ്റി തുടങ്ങി.

ചെറുകച്ചവടക്കാർ സൈക്കിളിൽ നിന്ന് മോട്ടോർ സൈക്കിളിലേയ്ക്കും പ്ലാസ്റ്റിക് ബോയ്സിലേക്കും മാറിക്കഴിഞ്ഞു. മാത്രമല്ല മത്സ്യം വള്ളങ്ങളിൽ നിന്ന് മൊത്തമായി കൊടുക്കുന്ന രീതി മാറി കുട്ടയിലാക്കി കരയിൽ വച്ച് ഓരോ കുട്ടയും ലേലം ചെയ്തു വിൽക്കാൻ തുടങ്ങി അതോടൊപ്പം തദ്ദേശീയരായ കച്ചവടക്കാർ കമ്മീഷൻ ഏജൻറുമാരായി മാറിക്കഴിഞ്ഞിരുന്നു. ഇപ്പോൾ ഓരോ ഏജൻറൻമാർക്കും പ്രത്യേകം വള്ളങ്ങൾ ഉണ്ട്. ആ വള്ളം വന്നാൽ കുട്ടയിൽ കോരി വയ്ക്കുന്ന മത്സ്യം ലേലം ചെയ്യുവാനുള്ള അവകാശം തൊഴിലാളിക്കല്ല ഏജൻറിനാണ്. കിട്ടുന്ന

പണത്തിന്റെ 10 ശതമാനം ഏജന്റിന് കമ്മീഷൻ ഉണ്ട്. ഇപ്പോഴും 9 ലക്ഷം രൂപ വരെ വേണം ഒരു വള്ളവും വലയും ഉണ്ടാക്കുവാൻ. അതിൽ ഏജന്റിന്റെ വകയായി തിരിച്ച് കൊടുക്കാമെന്ന വ്യവസ്ഥയിൽ അൻപതിനായിരമോ ഒരു ലക്ഷമോ രൂപയുടെ മുടക്കുണ്ടാകും, അതിനാണ് 10 ശതമാനം കമ്മീഷൻ. എന്നാൽ ബാക്കി എട്ടു ലക്ഷവും തൊഴിലാളികൾ കടം വാങ്ങിയതും മത്സ്യ ഫെഡിന്റെ ധനസഹായവും (വായ്പ) എല്ലാം കൂടിയായിരിക്കും. ഈ എട്ട് ലക്ഷം രൂപയ്ക്ക് ഓഹരിയായി കിട്ടുന്നത് ഏജന്റിന്റെ കമ്മീഷൻ നീക്കി കിട്ടുന്ന തുകയിൽ നിന്നും ഇന്ധനച്ചെലവും, തൊഴിലാളികൾക്ക് ഭക്ഷണത്തിനായി കൊടുക്കുന്ന ബാറ്റായുടെ തുകയും കഴിഞ്ഞ് മിച്ച മുള്ളതിന്റെ 40 ശതമാനമാണ്. ഈ കണക്ക് പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മത്സ്യം കിട്ടിയാൽ ഏജന്റിന് പതിനായിരം രൂപ കിട്ടുമ്പോൾ ഒരു തൊഴിലാളിക്ക് കിട്ടുന്നത് വെറും ആയിരം രൂപ മാത്രം, ഒരു ഏജന്റിന് തന്നെ അഞ്ചും പത്തും വള്ളങ്ങൾ ഉണ്ട്, മത്സ്യം കൂടുതലുള്ളപ്പോൾ ഒരു ഏജന്റിന് കിട്ടുന്നത് ലക്ഷങ്ങൾ. ഇതിന് ആദായ നികുതിയോ മറ്റ് ഒന്നും തന്നെയില്ല, തൊഴിലാളിയെപ്പോലെ അദ്ധ്വാനമോ ഒട്ടും തന്നെയില്ല.

മത്സ്യതൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് 1986 ജനുവരി 26-ാംതീയതി നിലവിൽവന്നു. ഈ പഞ്ചായത്തിലെ മത്സ്യതൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ 1-9-1988 - ൽ ആരംഭിച്ച, തെക്കൽ ഫിഷറീസ് ആഫീസിന്റെ അധികാരപരിധിയിലാണ് ഇപ്പോഴും ഈ ആഫീസ് ഈ പഞ്ചായത്തിലെ 2-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഇവിടെ കടലോര മത്സ്യതൊഴിലാളികളായി മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1163 തൊഴിലാളികളും 914 കുടുംബങ്ങളും ഉണ്ട്. കൂടാതെ രജിസ്റ്റർ ചെയ്യാത്ത നിരവധി തൊഴിലാളികളും ഉള്ളതായി കണക്കാക്കുന്നു. 118 തൊഴിലാളികൾക്ക് മത്സ്യതൊഴിലാളി പെൻഷൻ കിട്ടുന്നുണ്ട്. ഇവിടെ 80 എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ മത്സ്യബന്ധനം നടത്തുന്നുണ്ട്. മത്സ്യതൊഴിലാളി അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ 50,000 രൂപയും, മത്സ്യബന്ധനസമയത്തോ അല്ലാതെയോ അപകടം കൊണ്ടല്ലാതെ യാദൃശ്ചികമരണം സംഭവിച്ചാൽ 15,000 രൂപയും, തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 1,500 രൂപയും ആശ്രിതരുടെ മരണം സംഭവിച്ചാൽ 300 രൂപയും, വാർദ്ധക്യകാലപെൻഷൻ പ്രതിമാസം 85 രൂപയും, താൽക്കാലിക അവശതയ്ക്കുള്ള ധനസഹായമായി 500 രൂപയും, മരണം സംഭവിച്ച പെലവിലേയ്ക്ക് 1000 രൂപയും തൊഴിലാളികളുടെ മക്കൾക്ക് SSLC യ്ക്ക് സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്നവർക്ക് 3000 രൂപയും രണ്ടാം സ്ഥാനത്തിന് 2000 രൂപയും ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിന് 1000 രൂപയും തുടർവിദ്യാഭ്യാസത്തിന് പ്രതിമാസം 100 രൂപാ വീതം രണ്ട് വർഷത്തേയ്ക്കും, കുടുംബക്ഷേമ പരിപാടിയ്ക്ക് 500 രൂപയും, രോഗചികിത്സാ പദ്ധതി പ്രകാരം 25,000 രൂപയും ധനസഹായം നൽകി വരുന്നു.

അന്ധകാരനഴി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യഫെഡ് പ്രോജക്ട് ആഫീസ് മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഇവയാണ്.

മത്സ്യബന്ധനഗ്രൂപ്പുകൾ

1 NCDC IInd പദ്ധതി പ്രകാരം പതിമൂന്ന് മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഉപകരണങ്ങൾ നൽകി.

2 NCD III - ാം പദ്ധതി പ്രകാരം മൂന്ന് ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകി. അതോടൊപ്പം നിലവിലുള്ള ഗ്രൂപ്പുകൾ പുനരുദ്ധരിക്കുന്നതിനായി 4 ഗ്രൂപ്പുകൾക്ക് ഭാഗീക മത്സ്യബന്ധന ഉപകരണങ്ങൾ നൽകി. കൂടാതെ ഭവനനിർമ്മാണ വായ്പാപദ്ധതി നാല് ഘട്ടങ്ങളിലായി നടപ്പിലാക്കി. ഒന്നാം ഘട്ടത്തിൽ 64ഉം രണ്ടാം ഘട്ടത്തിൽ 82 ഉം, മൂന്നാം ഘട്ടത്തിൽ 40ഉം നാലാം ഘട്ടത്തിൽ 10 ഉം വീടുകൾ നിർമ്മിക്കുന്നതിനായി വായ്പകൾ വിതരണംചെയ്തു.

അഴീക്കൽ പള്ളിത്തോട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ 1221 തൊഴിലാളികൾ അംഗങ്ങളാണ് 11-12-1988 ൽ ആണ് സംഘം പ്രവർത്തനമാരംഭിച്ചത്. തൊഴിലാളികളുടെ ദിന നിക്ഷേപത്തിനും, വിവാഹ ധനസഹായ ഫണ്ട്, മരണ ധനസഹായ ഫണ്ട് എന്നിവയ്ക്കും പദ്ധതികൾ തയ്യാറാക്കി പ്രവർത്തിച്ചു വരുന്നു. മത്സ്യ ഫെണ്ടിൽ നിന്നും 50,000 രൂപാ വരെയുള്ള സഹായങ്ങൾക്ക് സംഘം ശുപാർശ ചെയ്തു

വരുന്നു 248 അംഗങ്ങൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് 5, 22, 000 രൂപാ സംഘം വായ്പയായി നൽകിയിട്ടുണ്ട്.

ആവശ്യകത

പൊതുവിൽ ഉയർന്ന് വന്നിട്ടുള്ള ഒന്നാമത്തെ ആവശ്യം അന്ധകാരനഴി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുക എന്നതാണ്. അർത്തുങ്കൽ, തൈക്കൽ, ഒറ്റമശ്ശേരി, അന്ധകാരനഴി, പള്ളിത്തോട്, ചെല്ലാനം എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തൊഴിലാളികൾക്ക് ഏത് കാലാവസ്ഥയിലും മത്സ്യ ബന്ധനത്തിലേർപ്പെടാൻ തുറമുഖം സഹായകരമാവും, കൂടാതെ ഈ പ്രദേശത്തിന്റെ സമഗ്രവികസനത്തിനും പദ്ധതി ഉപകരിക്കും. പട്ടണക്കാട് പഞ്ചായത്തിനോട് ചേർന്നുള്ള കടക്കരപ്പള്ളി, വയലാർ, തുറവൂർ, കുത്തിയതോട് അടക്കമുള്ള തീരദേശ പഞ്ചായത്തുകളിലെ ആയിരക്കണക്കിന് വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുവാനും സാധിക്കും.

കടലാക്രമണ ഭീഷണിയിൽ നിന്നും തീരം സംരക്ഷിക്കുവാൻ കടൽ ഭിത്തിനിർമ്മിയ്ക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ ചെറുതും വലുതുമായി ആയിരക്കണക്കിന് വള്ളങ്ങൾ അടുപ്പിക്കുന്നതിനു് സാധ്യമല്ലാത്ത അവസ്ഥയിൽ തുറമുഖത്ത് ഈ വള്ളങ്ങൾ സുരക്ഷിതമായി അടുപ്പിക്കുവാൻ ആകും, തന്നെയുമല്ല കിട്ടുന്ന മത്സ്യം വിപണനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്. ഈ പദ്ധതി പൂർത്തി ആവുന്നതോടുകൂടി ഒട്ടനവധി അനുബന്ധ വ്യവസായങ്ങൾ പുഷ്ടിപ്പെടുകയും ഈ പ്രദേശം സമഗ്രപുരോഗതി കൈവരിക്കുകയും ചെയ്യും. അതോടൊപ്പം മത്സ്യഫെഡിന്റെ കീഴിൽ മത്സ്യ സംസ്ക്കരണശാല പ്രവർത്തനം ആരംഭിക്കുകയുംചെയ്താൽഇവിടുത്തെ മത്സ്യത്തിന് ന്യായമായ വില ലഭിക്കുകയും സ്ത്രീകൾ അടക്കമുള്ള നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുകയുംചെയ്യും. കൂടാതെ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യലേലത്തിനുള്ള സൗകര്യം ഒരുക്കിയാൽ ഇടത്തട്ടുക്കാരെ ഈ രംഗത്തുനിന്നും ഒഴിവാക്കുവാനും കഴിയും. മത്സ്യഫെഡിലൂടെ ഇൻബോർഡ് എൻജിനുകൾ വിതരണം ചെയ്യുകയും തൊഴിലാളികൾക്കു് ആഴക്കടൽമത്സ്യബന്ധനത്തിനുള്ള പരിശീലനം സിഫിനെറ് (CIFNET) സഹായത്തോടെ നൽകുകയും ചെയ്താൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പുതിയ മത്സ്യബന്ധന മാർഗങ്ങളിലൂടെ കൂടുതൽ പുരോഗതികൈവരിക്കാനാവും. വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം നിയമം മൂലം നിരോധിക്കുകയും ചെയ്യണം.

ഇപ്പോൾ നിലവിലുള്ള മണ്ണെണ്ണ പെർമിറ്റ് സംവിധാനം ഫലപ്രദമല്ല. തൊഴിലാളികൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ റേഷൻ വിലയ്ക്ക് ലഭിക്കുന്നില്ല. ശരാശരി കോരുവള്ളങ്ങൾക്കു് മാസത്തിൽ 600 ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിട്ടുള്ളത്. ഇത് കഷ്ടിച്ച് മൂന്നോ നാലോ ദിവസത്തെ ആവശ്യങ്ങൾക്കുമാത്രമേ ഉതകുന്നുള്ളു, അതുപോലെ ചെറിയ വള്ളങ്ങൾക്ക് 200 ലിറ്ററും, ഇതും വളരെ അപര്യാപ്തമാണ്. ആയതിനാൽ ഈ പഞ്ചായത്തിന്റെ തീരദേശത്ത് സർക്കാർ ചെലവിൽ ഒരു മണ്ണെണ്ണബാങ്ക് സ്ഥാപിച്ച് റേഷൻ വിലയിൽ ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുമാണ്.

ഉൾനാടൻ മത്സ്യബന്ധനം

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അധികമുള്ള പഞ്ചായത്താണ് ഇതു്. ഈ മത്സ്യബന്ധനത്തിന് മുഖ്യമായും ചീനവല, വീച്ചുവല വട്ടവല, കൊരുട്ടുംവല എന്നീ ഉപകരണങ്ങളാണ് ഉപയോഗിച്ചു പോന്നിരുന്നതു്. ആദ്യകാലങ്ങളിൽ പഞ്ഞിനൂൽ കൊണ്ട് കെട്ടിയുണ്ടാക്കിയ വലകൾ ആയിരുന്നു. സ്ത്രീകളും ഈമത്സ്യബന്ധനരത്തിൽ ഏർപ്പെടും. വട്ടവല ഉപയോഗിച്ചുള്ള മത്സ്യബന്ധനമാണ് മുഖ്യമായും സ്ത്രീകൾ നടത്തുന്നത്. ഇപ്പോൾ നൈലോൺ വലയാണ് ഉൾനാടൻ മത്സ്യബന്ധനത്തിനുപയോഗിക്കുന്നത്. രാത്രിയും പകലും മത്സ്യബന്ധനം നടത്താറുണ്ട്. ഇടയ്ക്കിടെ ഉണ്ടാകുന്ന മത്സ്യരോഗം ഈ രംഗത്ത് വലിയ സ്തംഭനാവസ്ഥ സൃഷ്ടിക്കാറുണ്ട്. മത്സ്യബന്ധനോപകരണം ഉണ്ടാക്കുന്നതിന് മത്സ്യഫെഡിന്റേയോ സർക്കാരിന്റേയോ സഹായങ്ങൾ ഒന്നുംതന്നെ ലഭിക്കാത്തത് ഉൾനാടൻ മത്സ്യബന്ധനരംഗത്തെ വലിയ പ്രതിസന്ധിയിലേക്ക് നയിക്കുന്നു. ഒരു തൊഴിലാളിയെക്കൊണ്ട് സാധിക്കാത്ത ഭാരിച്ച ചെലവാണ് മത്സ്യബന്ധനോപകരണങ്ങൾക്ക്. ഈ പഞ്ചായത്തിലെ പൊഴിച്ചാലിലും ചെറുതോടു

കളിലുമാണ് മത്സ്യബന്ധനം നടത്തുന്നത്. പൊതുവെ ഉയർന്നുവന്ന അഭിപ്രായം തോടുകളുടേയും ചാലുകളുടേയും ഇരു കരകളും കൽചിറകെട്ടി സംരക്ഷിക്കുകയും, ശുദ്ധജല മത്സ്യകൃഷിയെ ബാധിക്കുന്ന ജലമലിനീകരണം തടയുകയും, തോടുകളും ചാലുകളും നികർത്തുന്നത് തടയുകയും, മത്സ്യരോഗങ്ങളും തടയുന്നതിനുള്ളമാർഗ്ഗങ്ങളും സ്വീകരിക്കുകയും, ശുദ്ധജല മത്സ്യകൃഷിക്ക് ആവശ്യമായ സഹായങ്ങളും ചെയ്യുകയും, ചീനവലയ്ക്ക് ദിവസത്തിൽ ഒരു ലിറ്റർ മണ്ണെണ്ണഎന്നക്രമത്തിൽ പെർമിറ്റ് അനുവദിക്കുകയും, ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് സൗജന്യം ഏർപ്പെടുത്തുകയും ആണ്.

മൃഗസംരക്ഷണ മേഖല

കേരളത്തിലെ ജനസംഖ്യ വർദ്ധനവ്, ആളോഹരി കൈവശഭൂമിയുടെ വിസ്തീർണ്ണം വർഷം പ്രതികുറഞ്ഞുവരുന്ന പ്രതിഭാസമാണ് നമ്മുടെ മുന്നിൽ ഉള്ളത്. നമ്മുടെ ജനസംഖ്യയുടെ 93% പെറുകിട നാമമാത്രകർഷകരാണ്. തൊഴിൽ അന്വേഷകരിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പെടുന്നവരാണ്. കൂടാതെ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെട്ടതാണ് എന്ന് അവകാശപ്പെടാറായിട്ടില്ല. ഈ കാര്യങ്ങളും മുന്നിൽ കണ്ടുകൊണ്ട് വേണം ഒരു പദ്ധതി ആസൂത്രിണിതം ചെയ്യേണ്ടത് എന്ന് ആമുഖമായി സൂചിപ്പിക്കട്ടെ.

കാർഷികമേഖല എന്നു പറഞ്ഞാൽ നമ്മുടെ ബോധമണ്ഡലത്തിലേക്ക് ഉടൻ വരുന്നത്. തെങ്ങും നെല്ലും അതുപോലെയുള്ള കൃഷികളും മാത്രമാണ് എന്നാൽകന്നുകാലി പരിപാലനവും അതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്നു, എന്ന പരമാർത്ഥം നാം പാടെ വിസ്മരിക്കുന്നു. നമ്മുടെ പൊതു ഖജനാവിൽ നിന്ന് ഈ മേഖലയ്ക്ക് കേവലം നാമമാത്രമായി 1.5 ശതമാനം തുക നൽകിയപ്പോൾ, തിരിച്ച് 10.78 ശതമാനം സമാഹരിക്കുവാൻ സാദ്ധ്യമായി. നാളികേരകൃഷിയിൽ നിന്നും 1500 കോടി രൂപ സമാഹരിച്ചപ്പോൾ തുലോം അവഗണിച്ചു പോകുന്ന നമ്മുടെ മൃഗസംരക്ഷണ മേഖലയിലൂടെ 1400 കോടി രൂപ നാം സമാഹരിച്ചു. ഇതിൽ നിന്നും ഈ മേഖലയ്ക്കുവേണ്ട പ്രാധിനിത്യം നൽകിയിരുന്നു എങ്കിൽ പോയവർഷങ്ങളിൽ ഇതിൽ കൂടുതൽ നമുക്ക് നേടിയെടുക്കാമായിരുന്നു എന്ന് നിസംശയം പ്രതിപാദിക്കട്ടെ. മേൽസാഹചര്യത്തിൽ ഈ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

പ്രതികൂല കാലാവസ്ഥ ഒരു തരത്തിലും ഈ മേഖലയെ ബാധിക്കാറില്ല. കേവലം ചെറിയ മുതൽ മുടക്കിലൂടെ കുറഞ്ഞ സമയപരിധിക്കുള്ളിൽ എടുത്തു കാണിക്കാവുന്ന സാമ്പത്തിക നേട്ടം ഈ മേഖലയിൽ നിന്ന് നേടിയെടുക്കാം. പ്രത്യേകിച്ചും നമ്മുടെ ഗ്രാമത്തിലെ സ്ത്രീകൾക്ക് ഏർപ്പെടാവുന്ന ഒരു ഉപതൊഴിൽ കൂടിയാണ്.

പട്ടണക്കാട് പഞ്ചായത്തിൽ ഏകദേശം 7000 കുടുംബങ്ങളും ഉണ്ട്. ഭൂപ്രകൃതിയും ഇവിടുത്തെ ജനങ്ങളുടെ കൃഷിരീതിയും വച്ച് നോക്കുമ്പോൾ കന്നുകാലി പരിപാലനത്തിന് അനുകൂലമായ ഒരു സാഹചര്യമാണ് നമ്മുക്കുള്ളത് 7000 കുടുംബങ്ങളും ഉള്ളതിൽ 700 ൽ താഴെ കുടുംബങ്ങളും മാത്രമാണ് ഈ മേഖലയിൽ കടന്നുവന്നിട്ടുള്ളത് ഇനിയും കുറെയേറേ കുടുംബങ്ങളെക്കൂടി ഈ മേഖലയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്.

ഓരോ വാർഡിലും 20 കർഷകരുടെ 4 മാസം മുതൽ 8 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് 50 ശതമാനം സൗജന്യനിരക്കിൽ കാലിത്തീറ്റ പ്രസവം വരെ നൽകണം അപ്രകാരം നിന്നും ഒരു പശുക്കുട്ടിയെ 8 മാസം പ്രായമാകുമ്പോൾ തിരിച്ച് പകുതി വിലയ്ക്ക് വാങ്ങണം ആ പശുക്കുട്ടികളെ വീണ്ടും പകുതി വിലയ്ക്ക് കർഷകർക്ക് നൽകണം ആ പശുക്കുട്ടിക്ക് വീണ്ടും 50 ശതമാനം സൗജന്യനിരക്കിൽ പ്രസവം വരെ നൽകണം ഇപ്രകാരം ചെയ്യുമ്പോൾ ഈ പഞ്ചായത്തിൽ മൂന്നൂറ് പേരെയെങ്കിലും ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാം.

ആടു് പരിപാലനവും ഏറെ ആകർഷകമായ മറെറാരു കാർഷിക വിദ്ധിയാണ് ഓരോ വാർഡിലും 10 കർഷകർക്ക് വീതം 6 മാസം പ്രായമായ രണ്ട് ആട്ടിൻ കുട്ടികളെ വീതം 50 ശതമാനം സൗജന്യനിരക്കിൽ നൽകണം സ്ത്രീകൾക്കും കുട്ടികൾക്കും നിഷ്പ്രയാസം ഏർപ്പെടാവുന്ന ഒരു തൊഴിൽ കൂടിയാണ്. പന്നിവളർത്തൽ, മുയൽ

വളർത്തൽ, കാട, താറാവ്, എന്നിവയെ വളർത്താൻ പ്രോത്സാഹനം നൽകണം ബാങ്കുകൾ വഴി 3-4% പലിശ നിരക്കിൽസഹായധനം നൽകണം.

പുൽകൃഷിക്ക് വ്യാപകമായ രീതിയിൽ പ്രോത്സാഹനം നൽകിയാൽ മാത്രമേ ഉൽപ്പാദനച്ചെലവ് കുറയ്ക്കുവാൻ സാദ്ധ്യമാകൂ. 15മുതൽ 50 സെൻറ് ഭൂമിയുള്ളവർക്കും പുൽകൃഷിക്ക് സഹായധനം നൽകണം. നമ്മുടെ നാഷണൽ ഹൈവേയുടേയും മറ്റു റോഡുകളുടേയും ഇരു വശങ്ങളിൽ തണൽ വൃക്ഷങ്ങളായി ആടുകൾക്ക് തീറ്റയായി നൽകാവുന്ന പ്ലാവ്, പേരാൽ മുതലായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം.

പശുക്കറവയിൽ കുറച്ചുപ്പക്കാർക്ക് ശാസ്ത്രീയ രീതിയിൽ പരിശീലനം നൽകണം പരിശീലന കാലയളവിൽ സ്റ്റൈഫൻറ് നൽകണം പാലിന് മിൽമയിലൂടെ നൽകുന്ന വില അപര്യാപ്തമാണ്. അത് കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ വേണ്ട സഹകരണം പ്രസ്തുത മേഖലയിൽ നിന്ന് വേണം.

മുട്ട ഉൽപാദനരംഗത്ത് നാം വളരെയെറെ പിന്നോട്ടാണ് കേരളത്തിലേക്ക് തമിഴ്നാട്ടിൽ നിന്നും 365 കോടിരൂപയുടെ മുട്ട വർഷംതോറും വിറ്റഴിയുകയാണ് ഒരു കുടുംബത്തിന് 5 കോഴി വീതം 35% സൗജന്യനിരക്കിൽ നൽകിയാൽ 11 ലക്ഷം മുട്ട ഈ പഞ്ചായത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിയും അതു വഴി മുട്ട ഉൽപ്പാദനരംഗത്തും നമ്മുടെ പഞ്ചായത്തിന് സ്വയംപര്യാപ്തതനേടാൻകഴിയും.

മൃഗാശുപത്രിയുടെ കെട്ടിടത്തിൻെറ അറ്റകുറ്റ പണികളും നടത്തുകയും ഒരു ലാബ് ടെക്നീഷ്യനും. ടെലിഫോൺ സൗകര്യവും അത്യന്താപേക്ഷിതമാണ്. കൂടാതെ കർഷകർക്ക് ഉപകാരപ്രദമായ ലൈബ്രറിയും മൃഗാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയ്ക്ക് ആവശ്യമായ ഊന്നൽ നൽകിയാൽ നമ്മുടെ ഗ്രാമവാസികളുടെ പ്രതിശീർഷവരുമാനം മെച്ചപ്പെടുത്താം എന്ന് നിസംശയം പ്രതിപാദിക്കട്ടെ.

ഇതിനെല്ലാം പുറമേ നമ്മുടെ പദ്ധതികളും പലതും വിഭാവനം ചെയ്യുന്ന ഫലങ്ങളും തരാത്തതിന് കാരണം നാം ഉപഭോക്താക്കൾക്ക് വേണ്ട വിധം ഉള്ള പരിശീലനവും ബോധവൽക്കരണവും നടത്താത്തതു മൂലമാണ്. മാസത്തിൽ ഒരിക്കൽ പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്ക് പരിശീലനം നിർബന്ധമായും വകുപ്പിൽ നിന്നും നടത്തണം പങ്കെടുക്കുന്ന കർഷകർക്ക് ചെറിയ ഒരു തുക ഇൻസൻറിവായി നൽകുകയും ചെയ്യുന്നത് അഭികാമ്യമാണ്. ഉപഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഒരു ഇൻറർവ്യൂ (മുഖാമുഖം) പരിപാടി വച്ച് യാഥാർത്ഥ താല്പര്യം ഉള്ളവരെ മാത്രം തെരെഞ്ഞെടുക്കണം.

കർഷകരുടേയും പഞ്ചായത്ത് തല അധികാരികളുടേയും ഉദ്യോഗസ്ഥന്മാരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടെങ്കിൽ ഈ മേഖലയിലെ യാതൊരു പദ്ധതിയും 100% വിജയിപ്പിക്കാം.

മൃഗസംരക്ഷണ വകുപ്പ്

കണക്കുവിവരം

വളർത്തുമൃഗങ്ങൾ

നാടൻകാള	18
സങ്കരയിനം കാള	96
പശു നാടൻ	133
പശു സങ്കരം	628
എരുമ	70
പോത്ത്	6
ആട്	406
പന്നി	45
പട്ടി	190
കോഴി	13940
ആന	ഇല്ല

b. കൃത്രിമ ബീജസങ്കലന വിവരങ്ങൾ

(വാർഷികാടിസ്ഥാനത്തിൽ)

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിനു് 2-ലധികം തവണ ബീജസങ്കലനം നടത്തിയവ
പശുക്കൾ	1500	1500	925
എരുമകൾ	40	40	23

c. പേവിഷബാധ - പ്രതിരോധവും ചികിത്സയും

(5 വർഷങ്ങൾക്കുള്ളിൽ)

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	—	—	—	228	—	—
കടിയേറ്റശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	6	—	8	—	—	—

d. ചികിത്സാവിവരം (വാർഷികാടിസ്ഥാനത്തിൽ)

ആകെ ചികിത്സയുടെ എണ്ണം	—	5725
വിരമരുന്നുനൽകിയ ചികിത്സകം	—	585
ശ്വാസകോശസംബന്ധമായ ചികിത്സ	—	135

e. പട്ടണക്കാട് പഞ്ചായത്തിൽ നടത്തിയ പദ്ധതികൾ

1) 91-92 പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ 15 ഉപഭോക്താക്കൾക്ക് 12 താറാവു കുഞ്ഞുങ്ങളും നൈലോൺ വലയും 25 കിലോ തീറ്റയും നൽകി

2) 91-92 ദുർബല വിഭാഗങ്ങളിൽപ്പെട്ട 10 ഉപഭോക്താക്കൾക്ക് സൗജന്യനിരക്കിൽ 5 കോഴിക്കുഞ്ഞുങ്ങളെവീതം നൽകി.

3) 95-96 — 272 ഉപഭോക്താക്കൾ (ജനറൽ) 5 കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകി.

78 പട്ടികജാതി - വർഗ്ഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകി.

വനിതാക്ഷേമം

വനിതകളുടെ പ്രശ്നങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിലും വലിയ ഒരു ചർച്ചാവിഷയമാണ്. എല്ലാ ദൗർബല്യങ്ങൾക്കും നടുവിൽ നിന്നുകൊണ്ട് അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഏറെ കൊയ്ത സംസ്ഥാനമാണ് കേരളം. എന്നാൽ പകുതിയിലേറെ സ്ത്രീകൾക്കും ഇതിന്റെ പരിധിയിൽ വരുവാൻ സാധിച്ചിട്ടില്ല എന്നത് അപമാനകരമാണ്. ഏറ്റവും കൂടുതൽ അവശതയും അവഗണനയും അനുഭവിക്കുന്ന ഈ വിഭാഗത്തെ തൊഴിലിന്റേയും, സാമ്പത്തിക പദവിയുടേയും, വിദ്യാഭ്യാസത്തിന്റേയും, സാമൂഹ്യപദവിയുടെയും ഒക്കെ മുൻപന്തിയിൽ കൊണ്ടുവരിക എന്നത്–പഞ്ചായത്തീരാജ് സംവിധാനത്തിന്റെ ലക്ഷ്യങ്ങളിൽ പ്രമുഖമാണ്. ഒരു കുടുംബത്തിൽ ദിവസത്തിന്റെ ആദ്യയാമത്തിൽ ഉണരുകയും അന്ത്യയാമത്തിൽ ഉറങ്ങുന്നതിനു മുൻപുള്ള എല്ലാ സമയത്തും ശാരീരികവും മാനസികവുമായി എല്ലാതരത്തിലും അദ്ധ്വാനിക്കുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. ജനസംഖ്യയുടെ കാര്യത്തിൽ ഇന്ന് ദേശീയധാരയിൽത്തന്നെ സ്ത്രീകളാണ് മുൻപന്തിയിൽ, അതേപോലെ കേരളത്തിലും? നമ്മുടെ ഗ്രാമപഞ്ചായത്തിലും ഇതിനു വിപരീതമായ ഒരു സ്ഥിതിയല്ലയെന്നാണു കണക്കുകൾ കാണിക്കുന്നത് അമ്മുമ്മയായും, അമ്മയായും, സഹോദരിയായും, ഭാര്യയായും, പുത്രിയായും ഒക്കെ പുരുഷനുവേണ്ടി ജീവിക്കുന്ന സ്ത്രീകൾക്ക് ഉത്തരവാദിത്വബോധത്തോടെ ചെയ്യുന്ന ഏതു പ്രവർത്തിക്കും മുൻപന്തിയിൽ നിൽക്കുവാൻ സാധിക്കും എന്നത് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പഴയ മാമൂലുകളും, അന്ധവിശ്വാസങ്ങളും, പുരുഷമേധാവിത്വവും ഇവരെ പിന്നോക്കം വലിക്കുമ്പോൾ, പുതിയ കാലഘട്ടത്തിന്റെ മുഖമെഴുത്തു മനസ്സിലാക്കി, എല്ലാവരും കൈകോർത്തു പിടിച്ച്, നമ്മുടെ വനിതകളേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താം.

പട്ടണക്കാട് പഞ്ചായത്തിലെ 12 വാർഡുകളിൽ നടത്തിയ വിശേഷാൽ ഗ്രാമസഭകളിലെ റിപ്പോർട്ടുകളുടെ ക്രോഡീകരണം താഴെ കൊടുക്കുന്നു

സാമൂഹ്യനീതി

സ്ത്രീകളുടെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി [ഉദാ:- സ്ത്രീധനപീഡനം, സ്ത്രീപീഡനം, അശ്ലീലചിത്ര നിർമ്മാണം, മദ്യപാനം കുട്ടികളെക്കൊണ്ട് ജോലിചെയ്യിക്കൽ, തുല്യ ജോലിക്ക് തുല്യവേതനം ഇല്ലായ്മ, രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസരംഗത്തിലെ അസമത്വം] വനിതാസെൽ പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് ആവശ്യമായ പ്രവർത്തനങ്ങളെ ഉറപ്പുവരുത്തുക.

ആരോഗ്യം

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീട്ടമ്മമാരും വനിതകളും ആരോഗ്യപരിരക്ഷയുടെ കാര്യത്തിൽ വളരെ പിന്നോക്കംനിൽക്കുന്നു. താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പഞ്ചായത്തുതലത്തിൽ നടപ്പിൽ വരുത്തണം.

വീടില്ലാത്തവർക്ക് വീട്, സാനിട്ടറികക്കൂസുകൾ, കുടിവെള്ളത്തിനാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിന്റെ എല്ലാഭാഗത്തും എത്തിക്കുക. ഗർഭിണികൾക്കും കുട്ടികൾക്കും പോ

ഷകാഹാരക്കുറവു പരിഹരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഊർജ്ജിതപ്പെടുത്തുക. കൂടാതെ അതിനാവശ്യമായ വിദ്യാഭ്യാസം വാർഡ് തലത്തിൽ എല്ലാം സ്ത്രീകൾക്കും നൽകുക.

സ്ത്രീതൊഴിലാളികൾ കൂടുതലുള്ള തൊഴിൽ മേഖലകളിലും സ്ഥാപനങ്ങളിലും അവരുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക വൈദ്യപരിശോധനകൾ, മരുന്നുകളുടെ വിതരണം, ആരോഗ്യശുചിത്വ ബോധവൽക്കരണം, മുതലായവ ഏർപ്പെടുത്തണം. കൂടാതെ ചെമ്മീൻ പീലിംഗ് ഷെഡുകൾ, M P D A അംഗീകരിച്ച സൗകര്യങ്ങൾ ഉദാ:- കസേര, മേശ, ഗ്ലൗസ് (കയ്യുറ) സാനിട്ടറി സൗകര്യങ്ങൾ മുതലായവ പഞ്ചായത്തു തലത്തിൽ ഉറപ്പുവരുത്തണം. P. H. സെൻററുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക

വിദ്യാഭ്യാസം സാംസ്ക്കാരികം

സാക്ഷരതാ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ശക്തിപ്പെടുത്തണം. പെൺകുട്ടികൾക്കു മാത്രമായുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹൈസ്ക്കൂളുകൾ, കോളേജ് തുടങ്ങിയവ പഞ്ചായത്തിൽ സ്ഥാപിക്കുക്കുക. പ്രൈമറികൾ, അംഗൻവാടികൾ മുതലായവ സ്ഥാപിച്ച് കുട്ടികളുടെ ക്ഷേമം ഉറപ്പു വരുത്തുക. മഹിളാസമാജങ്ങൾ രൂപീകരിച്ച് ആവശ്യമായ സാമ്പത്തിക സഹായം നൽകി വനിതകളുടെ വിദ്യാഭ്യാസ, സാംസ്ക്കാരിക പ്രവർത്തനങ്ങൾ വാർഡുതലത്തിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടിപ്രകാരം പദ്ധതികൾ എറെടുത്ത് വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക. വാർഡുതലത്തിൽ വനിതകൾക്കായി വായനശാലകൾ മഹിളാസമാജങ്ങളോടനുബന്ധിച്ച് രൂപീകരിക്കുക.

ദാരിദ്രരേഖക്ക് താഴെ കഴിയുന്ന പഠിക്കുവാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുക അവർക്കാവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്ത് പ്രത്യേകമായി നടപ്പിൽ വരുത്തുന്നതുമൂലം നല്ലൊരു ഭാവിതലമുറയെ വാർത്തെടുക്കുവാൻ കഴിയും.

സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത അംഗൻവാടികൾ D. W. C. R. A. യൂണിറ്റുകൾ എന്നിവയ്ക്ക് പഞ്ചായത്തുവക സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തി ഗവൺമെൻറ് പദ്ധതിയിൽപ്പെടുത്തി കെട്ടിടവും മറ്റും നിർമ്മിച്ചു കൊടുക്കുക.

വ്യവസായം, സഹകരണം, തൊഴിൽ

പരമ്പരാഗത തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്നവരാണ് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീതൊഴിലാളികളും. ആയതിനാൽ അവരുടെ തൊഴിലുകൾ വർദ്ധിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ വനിതാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.

സ്വയംതൊഴിൽ സംരംഭങ്ങൾ (കയർ, മൽസ്യബന്ധനവും സംസ്കരണവും, മറ്റു വിഭാഗങ്ങൾ) തുടങ്ങുന്നതിന് ഇന്നനുഭവപ്പെടുന്ന നൂലാമാലകൾ ഒഴിവാക്കി ബാങ്കുകളുടെ ഉദാരമായ സാമ്പത്തിക സഹായസഹകരണങ്ങൾ പഞ്ചായത്ത് ഉറപ്പു വരുത്തുക, കയർ മേഖലയിലെ തൊഴിലുറപ്പ്, കൂലി വർദ്ധനവ്, വിപണനസൗകര്യം, തൊഴിലാളിക്ഷേമം, ആരോഗ്യപരിപാലനം ഇവ ഉറപ്പാക്കുക.

സ്ത്രീതൊഴിലാളികൾക്ക് P F, ആനുകൂല്യം E S I ആനുകൂല്യം എന്നിവ ഏർപ്പെടുത്തുക, തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.

കൃഷി, മൃഗസംരക്ഷണം

പച്ചക്കറികളും പഴവർഗങ്ങളും പുറത്തു നിന്നും വാങ്ങിക്കാതെ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽത്തന്നെ ഉല്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനുള്ള സാമ്പത്തികസഹായം പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുക, നല്ല ഗുണനിലവാരമുള്ള പശുക്കളേയും, ആടുമാടുകളേയും, കോഴി-താറാവ് മുതലായവയേയും വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

നിർദ്ദേശങ്ങൾ

ഓർക്കിഡ്, ആനൂറിയം, കുറിമുല്ല, മുതലായ പുഷ്പകൃഷികൾ നടത്തുന്നതിന് അനുകൂലമായ മണ്ണാണ് നമുക്കുള്ളത്. വിലകൂടിയ പുഷ്പങ്ങൾ ഉല്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള സൊസൈറ്റികൾ രൂപീകരിക്കുക.

നമ്മുടെ പഞ്ചായത്തിൽ നിരവധി ഹെക്ടർ ഭൂമി തരിശായി കിടപ്പുണ്ട്. അത് കൃഷിക്കുപയുക്തമാക്കുന്നതിന് പാട്ടവ്യവസ്ഥയിൽ നമ്മുടെ വീട്ടമ്മമാർക്ക് നൽകുന്നതിന് പഞ്ചായത്ത് സമിതികൾ ആവശ്യമായ നടപടി എടുക്കുക.

സ്ത്രീകളുടെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലെ പങ്കാളിത്തം കൂടുതൽ വ്യാപിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.

സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തിൽ നടപ്പിൽ വരുത്തുക.

ഊർജ്ജവും, ഗതാഗതവും

പഞ്ചായത്തിന്റെ ബീച്ചു വാർഡുകളായ 1-ഉം 2-ഉം വാർഡുകളിലുള്ള റോഡ്, സെൻട്രൽ റോഡു ഫണ്ടിൽനിന്നും നിർമ്മിച്ചിട്ടുള്ളതാണ്. 3 വർഷമായി റോഡ് പൊട്ടിപൊളിഞ്ഞു കുണ്ടും കുഴിയുമായി കിടക്കുന്നു. അന്ധകാരനഴിയിൽ നിന്നും തെക്കോട്ട് തൈക്കൽവഴി ചേർത്തല, ആലപ്പുഴ, തണ്ണീർമുക്കം സ്ക്കൂൾ കവല – തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട്, C. C. T. മറ്റ് 4 പ്രൈവറ്റ് ബസുകളും, ഉംപ്പെടെ 30 ഓളം ട്രിപ്പുകളും സർവ്വീസുകളും നടന്നുവന്നിരുന്നു. എന്നാൽ ഒരു വർഷത്തിലേറെയായി ബസുകളും ഒന്നും ഓടുന്നില്ല അതിനാൽ ഈ തീരപ്രദേശത്തുകാർ വളരെ ദുരിതംഅനുഭവിയ്ക്കുന്നു. മൽസ്യവ്യവസായ കേന്ദ്രമായ അന്ധകാരനഴിയിലെ മൽസ്യതൊഴിലാളികളും മൽസ്യക്കച്ചവടക്കാരും വളരെ പ്രയാസം അനുഭവിയ്ക്കുന്നു. ഈ റോഡ് പുനർനിർമ്മിച്ചു കിട്ടുന്നതിന് N H അസി: എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസ് എന്നിവിടങ്ങളിൽ ധർണ്ണയും പ്രകടനവും പല പ്രാവശ്യം നടത്തിയിട്ടുള്ളതാണ്. ഈ റോഡ് P W D ഏറെറടുത്തിട്ടുണ്ടെങ്കിലും തകർന്നുകിടക്കുന്ന ഈ റോഡ് 2 അടി ഉയർത്തി കാണനിർമ്മിച്ചു, റോഡ് പുനർനിർമ്മിക്കേണ്ടത് അധിപ്രധാനമാണ്. കാണപണിത് കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കണം. റോഡുനിർമ്മാണം എത്രയും വേഗം നടത്താൻ പഞ്ചായത്ത് മെമ്പറൻമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ആത്മാർത്ഥമായി ശ്രമിക്കണം. ഏറെറവും കൂടുതൽ ഗതാഗതമുള്ള റോഡാണിത്. ഈ പഞ്ചായത്തിന്റെ 1 ഉം 2 ഉം വാർഡിൽ ഈ ഒരു റോഡു മാത്രമാണ് ഉള്ളത്. പട്ടണക്കാട് പഞ്ചായത്തിന്റെ രണ്ടും മൂന്നും 9 ഉം വാർഡുകളിലായി ബന്ധപ്പെട്ടുകിടക്കുന്ന ആറാട്ടുവഴി പൊഴിച്ചാൽ ബണ്ടിന്റെ നിർമ്മാണം എത്രയും വേഗം നടത്തണം. തീരദേശവാസികൾക്കും കിഴക്കു നിന്നും ഉള്ളവർക്കും യാത്ര ചെയ്യാൻ ഈ ബണ്ടിന്റെ നിർമ്മാണം അതിപ്രധാനമാണ്. രാത്രികാലങ്ങളിൽ അക്കരെ ഇക്കരെ കടക്കാൻ സാധിക്കാതെ ജനം വിഷമിയ്ക്കുന്നു. 1977- ൽ ബണ്ട് നിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തി ആയില്ല. D D. C. പല വർഷങ്ങളിൽ ഫണ്ട് അലോട്ട് ചെയ്തു എങ്കിലും നടന്നില്ല. എത്രയും വേഗം പൂർത്തിയാക്കണം.

വാർഡ് 3

മുതുകേൽ വീയാത്ര സെറ്റിൽമെന്റ് കോളനിയിലേക്ക് റോഡ് പുതുതായി നിർമ്മിക്കണം. റോഡിന്റെ പ്രാരംഭപ്രവർത്തനങ്ങളും നാട്ടുകാർ ചെയ്തിട്ടുണ്ട്.

കണ്ണാകർണ്ണാ ക്ഷേത്രത്തിന് കിഴക്കു വശത്തുനിന്ന് കിഴക്കോട്ട് സെറ്റിൽമെന്റ് കോള

ളനിവരെ പുതുതായി റോഡു നിർമ്മിക്കണം. പൂറത്താംകുഴി മുതൽ വടക്കോട്ട് റോഡ് വിയാത്ര കോളനിവരെ നിർമ്മിക്കണം.

വീയാത്ര സെറ്റിൽമെൻറ് കോളനിയിലെ രണ്ട് പ്ലോട്ടിനിടയ്ക്ക് 8 ലിങ്ക്സ് വീതം പുറംപോക്ക് സ്ഥലമുണ്ട്. അത് സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിയ്ക്കണം.

കോളനിയിൽനിന്നും പടിഞ്ഞാറോട്ട് ചാൽ വഴി കണ്ടയ്ക്കാപ്പള്ളി സ്കൂയിസിലൂടെ ജലഗതാഗതം പുനഃസ്ഥാപിക്കണം. ഈ വാർഡിലെ കണ്ടയ്ക്കാപ്പള്ളി സ്കൂയിസും വഴിയും അഞ്ചുതെങ്ങിൻതറ സ്കൂയിസും വഴിയും മുൻപുണ്ടായിരുന്ന ഗതാഗതാ സൗകര്യം പുനഃസ്ഥാപിയ്ക്കണം. കൃഷിക്കാവശ്യമായ മണ്ണൽ, ചെളി മറ്റു സാധനങ്ങം എന്നിവ കൊണ്ടുവരുന്നതിന് ഇത് ആവശ്യമാണ്.

വാർഡ് 4

പാപ്പള്ളി മുതൽ പാറയിൽ കവലവരെ പുതിയ റോഡ് നിർമ്മിയ്ക്കണം.

2) 7-ാം വാർഡും 4-ാം വാർഡും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന പറപ്പള്ളി പാലം പൂർത്തീകരിച്ച്യും കുമ്പളങ്ങി മുതൽ ആലപ്പുഴവരെയുള്ള തീരദേശ റോഡുകംവഴി സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കയ്ണം.

3) ഇളമത്ത് കവലമുതൽ ചാലുങ്കൽവരെ റോഡുപണിയാൻ തുടങ്ങുകയും നാളിതുവരെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ റോഡ് അടിയന്തിരമായി പൂർത്തിയാക്കണം. 1982-ൽ 300 മീറ്റർ പൂർത്തിയാക്കിയതാണ്. ബാക്കി 600 മീറ്റർ പൂർത്തിയാക്കണം. കൺസെൻറ് കിട്ടിയിട്ടുണ്ട്.

4) രാഘവാലയത്തിൽ മദനന്റെ വീടിനുമുൻവശത്തുകൂടി പാറയിൽ സ്കൂളിലേയ്ക്കും കുറാറംലക്ഷംവീട് കോളനിയിലേയ്ക്കും റോഡ് നിർമ്മിക്കണം.

5) പൊന്മണിത്തറ വീടിന് പടിഞ്ഞാറവശത്തുള്ള പുറംപോക്ക് സ്ഥലത്തുകൂടി ഒരു റോഡ് നിർമ്മിയ്ക്കണം തുറവൂർ പഞ്ചായത്ത് നിർമ്മിയ്ക്കാൻ പോകുന്ന റോഡുമായി ബന്ധിപ്പിച്ചാൽ ഗതാഗതത്തിന് വളരെ പ്രയോജനമാണ്.

6) തുറവൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ചാലുങ്കൽ പാലവും വെളിയങ്ങാട് പാലവും ചാൽപുറം പാലവും കോൺക്രീറ്റ് പാലങ്ങളാക്കി പണിയണം.

7) ഗിരിജൻ കോളനിയിലേയ്ക്ക് നിർമ്മിച്ചിട്ടുള്ള റോഡിന്റെ വീതി കൂട്ടണം.

8) വൈദ്യുതി കിട്ടാത്തവർക്ക് അത് ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടി പഞ്ചായത്തു സ്വീകരിക്കണം.

9) വഴിവിളക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ വഴിവിളക്ക് സ്ഥാപിക്കണം.

വാർഡ് 5

ആൽബി വർക്ക്ഷോപ്പിനും പത്മാക്ഷി കവലയ്ക്കും മദ്ധ്യത്തിലൂടെ പടിഞ്ഞാറോട്ട് ഒരു റോഡ് നിർമ്മിക്കണം.

2) പൊന്നാംവെളിയിൽ നിന്നും കോതമംഗലത്തു ലക്ഷം വീടു കോളനിവഴിയുള്ള റോഡിന്റെ അറ്റകുറ്റപണി നടത്തണം.

3) വാർഡിൽ പലസ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കണം.

വാർഡ് 6

പൊന്നാംവെളിയിൽ നിന്നും തോടിന്റെ തെക്കേ അരികിൽ കൂടി പടിഞ്ഞാറോട്ട് റെയിൽവേസ്റ്റേഷനിലേയ്ക്ക് പുതിയ റോഡ് നിർമ്മിയ്ക്കണം.

2) ഹൗസിംഗ് കോളനിറോഡ് പൊന്നാംവെളി ലക്ഷ്മിമന്ദിരം റോഡുമായി മുട്ടിയ്ക്കുക.

3) പട്ടണക്കാട് ഹൈസ്ക്കൂളിന് തെക്ക് ഭാഗത്തുകൂടി പടിഞ്ഞാറോട്ടുള്ള നടപ്പാതറോഡാക്കുക.

4) മാർട്ടിൻ പള്ളിയുടെ കിഴക്ക് വശത്ത് തെക്കോട്ടുള്ളവഴി സഞ്ചാരയോഗ്യമാക്കുകയും ഹൗ

സിംഗ് കോളനിറോഡിലേയ്ക്ക് മുട്ടിയ്ക്കുകയും ചെയ്യണം.

5) പൊന്നാംവെളി ലക്ഷ്മി മന്ദിരം റോഡ് പൂർണ്ണമായി ടാർ ചെയ്യണം.

6) പൊന്നാംവെളിയിൽനിന്നും മാർട്ടിൻ പള്ളി വഴി പടിഞ്ഞാറോട്ട് പോകുന്ന റോഡ് പൂർത്തിയാക്കണം.

7) പട്ടണക്കാട് പഞ്ചായത്തിന്റെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടുപോകുന്ന മദ്ധ്യഭാഗത്തുനിന്നും തെക്കോട്ട് K M P റോഡിൽ മുട്ടത്തക്ക രീതിയിൽ [കനകമംഗലം] റോഡ് സ്ഥാപിക്കുക.

8) C. W. C. R. A. അംഗൻവാടി എന്നിവ ബന്ധിപ്പിക്കുന്ന പട്ടണക്കാട് L P S ന് തെക്ക് വശം പടിഞ്ഞാറോട്ട് ഒരു റോഡ് ആവശ്യമാണ്.

വാർഡ് 7

കോതകുളങ്ങര ക്ഷേത്രത്തിനു മുൻവശത്തുകൂടി തെക്കോട്ടു പോയിട്ടുള്ള റോഡ് പഞ്ചായത്താഫീസിന്റെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടു വരുന്ന റോഡുമായി ബന്ധിപ്പിക്കണമെന്നും പഴമ്പള്ളിക്കാവുറോഡുമായി ബന്ധിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

2 ആനക്കോട്ടിൽ നിന്നും തേനത്താം വീട് ഭജനമഠം വഴി പുൽപ്പറക്കോളനിവഴി തെക്ക് ഊട്ടുപറമ്പിൽ വരെ വന്നെത്തുന്ന റോഡ് നിർമ്മിയ്ക്കണം.

3 മേനാശ്ശേരി ക്ഷേത്രത്തിനു തെക്ക്ഭാഗത്തുനിന്നും കിഴക്കോട്ടുള്ള പൊതുവഴിയിൽ കൂടി മിച്ച ഭൂമി കോളനിവഴി കിഴക്കോട്ട് റെയിൽവേ ട്രാക്കിൽ കൂടി ചെന്നെത്തുന്ന റോഡ് നിർമ്മിയ്ക്കണം.

4 മേനാശ്ശേരി ക്ഷേത്രത്തിനു പടിഞ്ഞാറ് പൊഴിക്കര ചെന്നെത്തുന്ന റോഡ് നിർമ്മിക്കുക,

5 കോതകുളങ്ങര പാലം മുതൽ പടിഞ്ഞാറ് പറപ്പള്ളി വരെയുള്ള റോഡ് ടാർ ചെയ്യണം.

6 കോതകുളങ്ങര മേനാശ്ശേരി റോഡിൽ നിന്നും കിഴക്കുവശം വഴി വല്ലനേഴത്ത് ചിറ വഴി തെക്കോട്ടുള്ള പൊതുവഴി റോഡാക്കണം.

7 കോതകുളങ്ങര റോഡിനു കുറുകെയുള്ള പഞ്ഞിക്കാട്ട് പാലം റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

8 പഞ്ചായത്തിൽ നിന്ന് പുറപ്പെടുന്ന റോഡിലുള്ള കോതകുളങ്ങര തോടിന്റെ പാലം ഗതാഗതയോഗ്യമാക്കണം.

9 പറപ്പള്ളി തോടുവഴി ചേർത്തല കടക്കോട്ടു പോകുന്ന പാലം പണി തീർത്ത് ചേർത്തല പറപ്പള്ളി ബസ് സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിയ്ക്കണം.

10 ചേർത്തല നിന്ന് വെട്ടയ്ക്കൽ എത്തുന്ന ബസ് പട്ടണക്കാടുവഴി-സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കണം.

11 പുൽപ്പറ കോളനി, ആലക്കാവീട് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.

12 എരാംപറമ്പ് ക്ഷേത്രത്തിന് തെക്കോട്ട് വളവന പുരയിടം വരെ ഏകദേശം 20 വീട്ടുകാർക്ക് വൈദ്യുതി കിട്ടാൻ പ്രയാസമായതിനാൽ — അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കണം.

വാർഡ് 9

ഈ പഞ്ചായത്തിന്റെ അതിപ്രധാന ഗതാഗതസൗകര്യമുള്ള ഒരു മാർഗ്ഗമാണ് ആറാട്ടു വഴി പൊഴിച്ചാൽ ബണ്ടു നിർമ്മാണം. ഇതിന്റെ പണി 1977-ൽ ഫുഡ്ഫോർ-വർക്കിൽപ്പെടുത്തി ഭാഗീഗമായി പണിനടത്തി തുടർന്ന് നടത്തുന്നതിന് ഗവൺമെന്റ് സഹായം ലഭിക്കാത്തതു കാരണം സാധിച്ചില്ല. D. D. C. പല തവണ ഫണ്ട് അനുവദിച്ചെങ്കിലും പഞ്ചായത്ത് അധികാരികൾ ശ്രമിക്കാതിരുന്നതിനാൽ അനുവദിച്ചതുകയും ലാപ്സായിപോയി രാത്രികാലങ്ങളിൽ അക്കരെയിക്കരെ കടക്കാൻ നിർവ്വാഹമില്ലാതെ ജനങ്ങൾ വളരെ വിഷമിക്കുകയാണ്. ഈ ബണ്ടു കടന്നുപോകുന്ന പൊഴിച്ചാൽ കൊച്ചു

യിലെ ഒരു യഹൂദന്റെ വകയാണ്. ആ പൊഴി പഞ്ചായത്ത് വിലയ്ക്കുവാങ്ങണം. ഉടമ കൊടുക്കുവാൻ തയ്യാറാണ്. ഈ പൊഴി 8 ഏക്കർ വരും അത് നിസ്സാര വിലയ്ക്കു കിട്ടും, ഈ പൊഴി പഞ്ചായത്തു വാങ്ങിയാൽ ചില നിയന്ത്രണങ്ങൾ നടത്താൻ പഞ്ചായത്തിന് അധികാരമുണ്ടാകും. ബണ്ട് പരിസരത്തുനിന്നും ചെളികുത്തിയെടുക്കുന്നതുകൊണ്ട് ബണ്ട് ഇടിഞ്ഞുപോകും. അത് നിയന്ത്രിക്കണമെങ്കിൽ പൊഴി പഞ്ചായത്ത് വക ആയിരിക്കണം. ഈ ബണ്ട് നിർമ്മിക്കുന്നതിന് ജില്ലാ വികസന സമിതിയും പഞ്ചായത്തും ആത്മാർത്ഥമായി ശ്രമിച്ചാൽ എത്രയും വേഗം ഇത് നിർമ്മിയ്ക്കാൻ സാധിക്കുന്നതാണ്. ആറാട്ടുവഴി പൊഴിച്ചാൽ ബണ്ടു നിർമ്മിയ്ക്കാൻ സത്വര നടപടി സ്വീകരിയ്ക്കണം. ബണ്ടിന്റെ രണ്ട് സൈഡിലും റോഡുകളും റിപ്പയർ ചെയ്യണം.

2) ആറാട്ടുവഴിയിൽ നിന്നും തെക്കോട്ട് നിർമ്മിച്ചിട്ടുള്ള 1 കിലോമീറ്റർ പൂഴിറോഡ് നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണം. റോഡ് കടന്നു പോകുന്ന സ്ഥലത്തുള്ള കുളങ്ങൾ കല്ലുകെട്ടി ബലപ്പെടുത്തുകയും 2 അടി ഉയർത്തിയും കാണ നിർമ്മിച്ചും പണിയണം.

3) മൂലേപ്പള്ളി മുതൽ പടിഞ്ഞാറോട്ട് പഞ്ചായത്ത്പാലം വരെ 200 മീറ്റർ റോഡ് നിർമ്മിയ്ക്കണം. പാലം റിപ്പയർ ചെയ്യുകയും വേണം.

4) ഇല്ലിയ്ക്കൽ പാലംമുതൽ പടിഞ്ഞാറോട്ട് അഴീത്തോട് പടിഞ്ഞാറെ പാലംവരെ ഉദ്ദേശം 400 മീറ്റർ റോഡ് നിർമ്മിച്ച് ആറാട്ടുവഴി അഴീത്തോടുമായി ബന്ധിപ്പിയ്ക്കണം. ഇവിടെ കടക്കരപ്പള്ളി പഞ്ചായത്തു റോഡുമായി ബന്ധിപ്പിയ്ക്കുവാൻ അഴീത്തോട്ടിൽ പാലം പണിയാൻ ഇറിഗേഷൻ ടെണ്ടർ വച്ചിട്ടുണ്ട്. ആ പാലംപണി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ശ്രമിക്കണം.

5) പതിനഞ്ചിൽ ഭജനമഠം മുതൽ പടിഞ്ഞാറോട്ട് വാരിച്ചാൽ പാലംവരെ പുതിയ റോഡ് നിർമ്മിയ്ക്കണം. അഴിയ്ക്കൽ കൈപ്പാരി ആൻറണിയുടെ വീടുമുതൽ വടക്കോട്ട് അഴിയ്ക്കൽ മത്തായി ജേക്കബിന്റെ വീടുവരെ വഴി വിളക്ക് സ്ഥാപിക്കണം.

7) ഇടവഴിക്കൽ ദേവസി ജോസഫിന്റെ വീടിനു തെക്കുപുറത്തുള്ള പുത്തൻപുരയ്ക്കൽ തോട്ടിലെ പാലം റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

8) ആറാട്ടുവഴി-അഴീക്കോടു റോഡിൽ മംഗലശേരി വീടിനു തെക്കുപുറത്തുള്ള തോട്ടിലെ ടെണ്ടർ കഴിഞ്ഞ് പാലംപണി സത്വരം പൂർത്തിയാക്കാനുള്ള തടസം തീർക്കണം.

9) പാലത്തറ പാപ്പു കൊച്ചുവർക്കി സമർപ്പിച്ച അപേക്ഷയിൽ പറയുന്ന മാർക്കോസ് ശൗരി മുതൽ പേരുടെ വക വടക്കുപുറത്തുള്ള തോട്ടിലെ ഗതാഗത തടസം നീക്കികൊടുക്കാൻ പഞ്ചായത്തു മെമ്പർ ശ്രമിക്കണം.

10) പാലത്തറ ഈയോ മാത്യുവിന്റെ വീടിനു മുൻവശത്തും വള്ളവൻതയ്യിൽ ഈയോ നിക്കോളസിന്റെ വീടിന് മുൻവശത്തും ഓരോ സ്ലാവ് പാലം നിർമ്മിയ്ക്കണം.

വാർഡ് 10

ഊടംപറമ്പ് താമൂട് റോഡിന്റെ പണി ഭാഗീകമായി നടന്നിട്ടുണ്ട്. അതിന്റെ ബാക്കി പണി ഉടനെ പൂർത്തിയാക്കണം.

2) ഈ വാർഡിന്റെ തെക്കേ അറ്റത്ത് കിഴക്കുവശം വെള്ളം ഒഴുകിപ്പോകാൻ വഴിയില്ലാതെ കെട്ടിനിൽക്കുകയാൽ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. വെള്ളം കെട്ടിനിൽക്കുന്നത് ഒഴുകിപോകാൻ മുമ്പുണ്ടായിരുന്ന വഴി സ്ഥല ഉടമ കെട്ടിയടച്ചതുകൊണ്ടാണ് വെള്ളം കെട്ടിനിൽക്കുന്നത്. വെള്ളം ഒഴുകി പൊതു തോട്ടിൽ പോകാൻ സത്വര നടപടി സ്വീകരിക്കണം.

3) 691-ാം നമ്പർ ശാഖായോഗത്തിന്റെ പടിഞ്ഞാറു ഭാഗത്ത് തങ്കി ചാലുമായി ബന്ധപ്പെട്ട് കിടന്നിരുന്ന പൊതു ഗതാഗതത്തോട് ഒരു വ്യക്തി അടച്ചതിനാൽ മണൽ, ചെളി തുടങ്ങിയ സാധനങ്ങൾ ഒന്നും വള്ളത്തിൽ കൊണ്ടുവരാൻ സാധിക്കാതെ ആളുകൾ വളരെ വിഷമി

ക്കുന്നു. ടി തോട്ടിലെ ഗതാഗതം എത്രയും വേഗം പുനരാരംഭിയ്ക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിയ്ക്കണം.

4) കാവുരുത്തി വീടിനു പടിഞ്ഞാറുവശത്തുനിന്നും തെക്ക് പടിഞ്ഞാറോട്ട് ചാഞ്ഞ് പൊൻമേലിചാലിൽ അവസാനിക്കുന്ന ഒരുതോട് പഴയകാലം മുതൽ ഉള്ളതാണ്. ഈ തോട്ടിൽ കൂടി മണ്ണും ചെളിയും മറ്റ് ആവശ്യവസ്തുക്കളും വള്ളത്തിൽ കൊണ്ടുവന്നിരുന്നു. ഇപ്പോൾ ഒരു വ്യക്തി മുട്ട് കെട്ടി അടച്ചിരിയ്ക്കുന്നതിനാൽ ജനങ്ങൾക്ക് വളരെ പ്രയാസം ഉണ്ടാക്കിയിരിയ്ക്കുന്നു. ആ തോട്ടിലെ ഗതാഗത തടസ്സം എത്രയും വേഗം നീക്കി- ജനങ്ങളെ സഹായിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിറകും – മണ്ണെണ്ണയും ആണ് ഇപ്പോൾ വീടുകളിൽ ഉപയോഗിയ്ക്കുന്നത്. പുകയില്ലാത്ത അടുപ്പും ഇവിടെ ആവശ്യമുണ്ട്.

വാർഡ് 11

1) അടിവാക്കൽ കുന്നുംപുറം ചെറുപറമ്പ് റോഡ് കുണ്ടും കുഴിയുമായി കിടക്കുന്നു. ഈ റോഡ് റിപ്പയർ ചെയ്ത് ടാർ ചെയ്യാൻ നടപടി സ്വീകരിക്കണം.

2) അത്തിക്കാട് വയലാർ കവല റോഡ് എത്രയും വേഗം പൂർത്തിയാക്കണം.

3) വാഴയ്ക്കൽചിറ പാലച്ചുനാട്ട് റോഡ് വീതികൂട്ടി വാഹന ഗതാഗതത്തിനുതകും വിധം പുനർനിർമ്മാണം നടത്തണം.

4) പുതിയകാവ് കോനാട്ടുശ്ശേരി റോഡ് റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്തു നടപടി സ്വീകരിക്കണം.

5) പട്ടണക്കാട് മൂർത്തിക്കൽറോഡ് പൊട്ടി പൊളിഞ്ഞു കിടക്കുന്ന ഭാഗങ്ങൾ അറകുറ പണികൾ എത്രയും വേഗം നടത്താൻ പഞ്ചായത്ത് കമ്മറ്റി ശ്രമിക്കണം.

6) റെയിൽവേയുടെ സൈഡിൽ കൂടിയുള്ള പനവേലിൽ ചാത്തപറമ്പ് റോഡ് പൂർത്തിയാക്കണം.

7) പഴംതുരുത്ത് പാലച്ചുനാടു റോഡു നിർമ്മിക്കണം.

8) പട്ടണക്കാട് പബ്ളിക് സ്കൂളിന്റെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടു പോകുന്ന താഴ്ചയിൽ നെടുംവെളി റോഡു നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ സമ്മതപത്രം പഞ്ചായത്തിന്റെ സ്ഥലവാസികൾ ഏല്പിച്ചിട്ടുണ്ട്. ടി. റോഡിന്റെ പണി സത്വരം പൂർത്തിയാക്കണം. ഈ റോഡ് പഴംതുരുത്ത് വെളി പാലച്ചുനാട്ടു വെളി റോഡുമായി ബന്ധിക്കുന്നതുമാണ്.

9) പുതിയകാവ് സ്കൂൾ– പാണാപറമ്പ് ലക്ഷംവീട്വഴി കടന്ന് അത്തിക്കാട്ടു വയലാർ കവലറോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡു നിർമ്മിക്കണം.

10 മാങ്കരി പാലം മുതൽ ചാലിപറമ്പ് വരെ കിടക്കുന്ന പൊതുവഴിയും അതിനിടയിൽ കിടക്കുന്ന പൊളിഞ്ഞ പാലവും പുനർനിർമ്മിക്കണം.

11 വലിയതറ – നികർത്തിൽ പുരയിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൊതു വഴിയിൽ ഉണ്ടായിരുന്ന പഞ്ചായത്ത് പാലം ജീർണ്ണിച്ചു പോയി. അവിടെ ഒരു സ്ലാവ് പാലം പണിയണം

12 താഴ്ചയിൽ പുരയിടം മുതൽ നെടുംവെളി പുരയിടം വരെ ഒരു നടപ്പാത എത്രയും വേഗം നിർമ്മിക്കണം. സ്ഥലവാസികളുടെ എല്ലാവിധ സഹകരണവുമുണ്ടാകും.

വാർഡ് 12

CMS നും തറമൂടിനും ഇടയ്ക്കുള്ള സി. എം, എസ്. തറമൂട് റോഡ് പൂർത്തിയാക്കണം.

2 തറമൂട് തട്ടാരുപറമ്പിൽ റോഡ് പൂർത്തിയാക്കണം.

3 അടിവാക്കൽ തറമൂട് റോഡിന്റെ അറകുറപണികൾ എത്രയും വേഗം നടത്തണം.

4 തറമൂട് റോഡ്വഴി കടക്കരപ്പള്ളി പഞ്ചായത്തിലേയ്ക്ക് പോകുന്ന പാലം സഞ്ചാരയോഗ്യമല്ല. ആ പാലം പുതുക്കി പണിയണം.

5 C. M. S. വടക്കുവശത്തു നിന്നും പടിഞ്ഞാറോട്ടു പോകുന്ന ചെരിപാത്തുവെളി ചെമ്മരപ്പള്ളി [ജനത] റോഡിന്റെ പണി പൂർത്തിയാക്കണം.

6) വാഴപ്പള്ളി പുരയിടത്തിന് കിഴക്ക് ചങ്ങരം വള്ളിത്തോടിന്കുറുകെ ഒരു പാലം പണിയണം.

7) ചേർത്തല പുതിയകാവ് – കോനാട്ടുശേരിവഴി അന്ധകാരനഴി ബസ് സർവ്വീസ് ആരംഭിയ്ക്കാൻ സത്വര നടപടി സ്വീകരിക്കണം.

8) പുതിയകാവ് – കോനാട്ടുശേരി റോഡിന്റെ അറ്റകുറ്റപ്പണി ഉടനെ നടത്തുന്നതിന് നടപടി സ്വീകരിക്കണം.

9) തെക്കേ അറയ്ക്കൽ മാടപ്പള്ളി റോഡിൽ വനിതാ സൊസൈറ്റിക്ക് സമീപം വെള്ളം കെട്ടി നിൽക്കുന്നത് ഒഴുകിപ്പോകാൻ നടപടി സ്വീകരിക്കണം.

10) നിലവിലുള്ള റോഡുകളിലും വഴിവിളക്കുകളും ഇല്ലാത്ത സ്ഥലത്തും വഴിവിളക്കുകൾ കത്തിയ്ക്കാൻ നടപടി സ്വീകരിക്കണം.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

കിഴക്ക് കായലും പടിഞ്ഞാറ് കടലും അതിരു തിരിക്കുന്ന ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം എല്ലാ വാർഡിലും രൂക്ഷമാണ്. കിഴക്കും പടിഞ്ഞാറും ചതുപ്പു പ്രദേശങ്ങളും ആയതിനാൽ ഉള്ള വെള്ളം ഉപയോഗശൂന്യവും.

പരിഹാരം

ശാശ്വത പരിഹാരം എന്ന നിലയിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് 10 സെന്റ് സ്ഥലം നൽകുകയാണെങ്കിൽ അവരുടെ കൂടി സഹകരണത്തോടെ എല്ലായിടത്തും വെള്ളം എത്തിക്കാവുന്നതാണ്.

താൽക്കാലിക പരിഹാരം

വാർഡ് 1 തീരദേശവാർഡ്

ടാങ്കുകളിൽ വെള്ളം എത്തിക്കുക, കിണർ കുഴിക്കുക.

വാർഡ് 2 കുടിവെള്ളക്ഷാമം രൂക്ഷമാണ്

പൈപ്പ് ലൈൻവഴി കുടിവെള്ളം എത്തിക്കണം. ജലമനിലീകരണവും ഓരിന്റെ ആധിക്യവും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

വാർഡ് 3

തീരദേശവാർഡ്:– ടാങ്കുകളിൽ വെള്ളം എത്തിക്കുക.

വാർഡ് 4

ഉപ്പുവെള്ളം കയറാതിരിക്കാൻ ബണ്ട് സ്ഥാപിക്കുക.

വാർഡ് 5

കായലോരം:– കുടിവെള്ളക്ഷാമം രൂക്ഷം. വാർഡിന്റെ പടിഞ്ഞാറെ അറ്റത്തും കോടശേരി മേഖലയിലും ഓരോ കിണർ സ്ഥാപിക്കുക

വാർഡ് 6

ഉള്ള കിണറുകളും ശുചീകരണം.

വാർഡ് 7

ഉള്ള കിണറുകളും നന്നാക്കുക. പറപ്പള്ളി. മാതൂതറ, കോതകുളങ്ങര എന്നിവിടങ്ങളിൽ ഉപ്പ് കയറാതിരിക്കാൻ ബണ്ട് നിർമ്മിക്കുക. മേനാശേരി ചാമ്പ് പമ്പ് നന്നാക്കുക.

വാർഡ് 8

കുടിവെള്ള ലഭ്യതകുറവാണ്. ഓരുജലമായതിനാൽ ശുദ്ധജലമെത്തിക്കുവാനുള്ള സംവിധാനങ്ങളും ഉണ്ടാക്കണം. കൊതുകു നിവാരണ പ്രവർത്തനങ്ങളും നടത്തണം.

വാർഡ് 9

തീരദേശം– ടാങ്കിൽ വെള്ളമെത്തിക്കുക.

വാർഡ് 10

മാന്തറതോട്, പറപ്പള്ളിത്തോട് എന്നിവയ്ക്ക് ബണ്ട് ഇടുക. ശുദ്ധജല ലഭ്യത സൃഷ്ടിക്കുക.

വാർഡ് 11

പറപ്പള്ളി, മാന്തറ, എന്നിവിടങ്ങളിൽ പഞ്ചായത്ത് കിണർ കുഴിപ്പിക്കുക

വാർഡ് 12

ഇടവനാട് തോട്, മേക്കരമാം മാന്തറത്തോട് എന്നിവിടങ്ങളിൽ ബണ്ട് കെട്ടുക

ജലമലിനീകരണം

1 5-ാം വാർഡിലെ ലൈസൻസില്ലാത്ത പന്നിവളർത്തൽ കേന്ദ്രവും അനുബന്ധ ഇറച്ചി വേസ്റ്റും പന്നിക്കാഷ്ടവും കുടിവെള്ളം ചീത്തയാക്കുന്നു. വേണ്ട നടപടികളും പഞ്ചായത്ത് തലത്തിലും കോടതി മുഖാന്തിരവും ഉണ്ടാക്കണം.

2 10-ാം വാർഡ്, കോനാട്ടുശ്ശേരി, പുതിയകാവ് റോഡിന് മദ്ധ്യഭാഗത്തെ ചകിരി മില്ലിന്റെ പ്രവർത്തനം മൂലം ചാലുകളിലെ വെള്ളം മലിനമാക്കുന്നു. തോടുകളിലെ ഒഴുക്കും തടസ്സപ്പെടുന്നു.

ശുചീകരണം

1 പെന്നാംവെളി മാർക്കറ് ചപ്പു ചവറുകളും കെട്ടി കിടക്കുന്നു വളരെയധികം അനാരോഗ്യകരമായ പരിതസ്ഥിതി സൃഷ്ടിക്കുന്നു. എത്രയും വേഗം ശുചിയാക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം.

2 വാർഡുകളിലെ പന്നി വളർത്തൽ കേന്ദ്രവും പരിസരവും വൃത്തിയാക്കണം അതുകൊണ്ട് ഉണ്ടാക്കുന്ന പരിസര മലിനീകരണം. ഇല്ലാതാക്കണം.

3 വാർഡ് 6-ൽ ഗവൺമെൻറ് ഹൈസ്കൂളിന്റെ പുറകുവശം മലവിസർജ്ജനം നടത്തുന്നു. അവിടെ നേരത്തെ ഉണ്ടായിരുന്ന തോട് പുന:സ്ഥാപിച്ച് ജലം കെട്ടിനിലയ്ക്കാതെ നോക്കണം.

3 വാർഡ് 6 ലെ ക്ഷേത്രക്കുളം ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് വൃത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ഓടനിർമ്മാണം

വാർഡ് 3

ഷാനിയാ ഇൻഡസ്ട്രീസിൽ വടക്കുവശത്തുള്ള മലിനജലം ഒഴുകി പോകുന്നതിന് ഓടകെട്ടണം.

വാർഡ് 10 ൽ വെള്ളം ഒഴുകി കൂടുന്ന സൗകര്യം അടച്ചിരിക്കുന്നു. അത് തുറന്ന് കൊടുക്കുകയും കാണ കെട്ടുകയും വേണം.

വാർഡ് 9 ആറാട്ടുവഴി, അഴീത്തോട്, വെട്ടയ്ക്കൽ മാർക്കറ് എന്നിവിടങ്ങളിൽ കാണ കെട്ടണം.

കൊതുക് നിർമ്മാർജ്ജനം

വാർഡ് 5, 7, 8, 9, 10, 11 എന്നീവിടങ്ങളിൽ കൊതുക്ശല്യം വളരെ കൂടുതൽ ആണ് എന്ന് പരാതിപ്പെട്ടിരിക്കുന്നു.

പൊതുജന പങ്കാളിത്തത്തോട് കൂടി കൊതുക് നിർമ്മാർജ്ജന പരിപാടികളും ആസൂത്രണം ചെയ്യണം.

കക്കൂസ് ഇല്ലായ്മ

വാർഡ് ഒന്നിൽ കുറെ വീടുകൾക്കും. മൂന്നിൽ – 3ൽ രണ്ട് ഭാഗം വീടുകൾക്കും 4 ൽ 3 ഉം 6 ൽ 200 ഉം 7 ൽ 816 ഉം. 9 ൽ 316 ഉം. 10 ൽ 100 ഉം 11 ൽ 250 ഉം 12 ൽ കുറച്ചുവീടുകൾക്കും. കക്കൂസ് ഇല്ല എന്നും അറിയിച്ചിരിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സാമ്പത്തിക സഹായവും മറ്റുള്ളവർക്ക് ആരോഗ്യവിദ്യാഭ്യാസവും നൽകി പരിഹരിക്കാവുന്നതാണ്.

തെരുവുനായ്ക്കൾ, എലികൾ

തെരുവ് നായ്ക്കളെ കൊല്ലാനും എലി നശീകരണത്തിനു വേണ്ട നടപടികളും സ്വീകരിക്കണം.

P. H. സെന്റർ

ചർച്ചയിൽ പങ്കെടുത്ത എല്ലാ വാർഡുകാരും ഒരു പോലെ ആവശ്യപ്പെട്ടിരിക്കുന്ന ഒരു കാര്യമാണ്. P. H. സെന്ററിലെ പണി പൂർത്തിയായി കിടക്കുന്ന വാർഡിന്റെ ഉദ്ഘാടനം നടത്തി ഉപയോഗ യോഗ്യമാക്കണമെന്ന്.

ഇതിന് വേണ്ട നടപടികളും യഥാവസരം സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം അവിടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളും കൂടി നികത്തേണ്ടതാണ്.

ആരോഗ്യ സംരക്ഷണത്തിനായി താഴെ പറയുന്ന വാർഡുകളും താഴെപ്പറയുന്ന സ്ഥാപനങ്ങളും ആവശ്യപ്പെട്ടിരിക്കുന്നു

പബ്ലിക്ക് ഹെൽത്ത്

വാർഡ് 1 — സബ് സെന്റർ
വാർഡ് 5 — കുടുംബ ക്ഷേമകേന്ദ്രം
വാർഡ് 6 — സബ് സെന്റർ, കുടുംബക്ഷേമ കേന്ദ്രം
വാർഡ് 7 — കോതകുളങ്ങര സബ്സെന്ററിനു ചുറ്റുമതിലും വൈദ്യുതിയും.
വാർഡ് 3 — സബ്സെന്റർ, കുടുംബക്ഷേമ കേന്ദ്രം
വാർഡ് 9 — സബ് സെന്റർ, കുടുംബക്ഷേമ കേന്ദ്രം
വാർഡ് 10 — സബ് സെന്റർ, കുടുംബക്ഷേമ കേന്ദ്രം
വാർഡ് 11 — സബ് സെന്റർ, കുടുംബക്ഷേമ കേന്ദ്രം.

ഹോമിയോ ഡിസ്പെൻസറി

ഇപ്പോൾ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറി വാർഡ് 4, വാർഡ് 7 വാർഡ് 12 എന്നീ വാർഡുകളിലേയ്ക്ക് മാറണമെന്നും ഈ വാർഡുകളും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പ്രായോഗികമല്ല. ഹോമിയോ ഡിസ്പൻസറിക്കുവേണ്ടി അനുവദിച്ചിരിക്കുന്ന തുക കൊണ്ട് സാംസ്കാരിക നിലയത്തിന് ഒരു നിലകൂടി പണിത്, വായനശാല മുകളിലേയ്ക്ക് മാറ്റുകയും, ഇപ്പോൾ വായനശാലയായി ഉപയോഗിക്കുന്ന ഭാഗംകൂടി ഡിസ്പൻസറിയ്ക്കായി വിട്ടു കൊടുക്കുകയും ചെയ്യാവുന്നതാണ്. ഈ ഹാളും ഇടഭിത്തികളും കെട്ടിത്തിരിച്ച് സ്റ്റോറായോ, ഫാർമസിയായോ പരിശോധന മുറിയായോ ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നും, പഞ്ചായത്ത് ആസ്ഥാനത്തേയ്ക്കുള്ള യാത്രാസൗകര്യം പരിഗണിച്ചും, പ്രസ്തുത ഡിസ്പൻസറി മാറാതിരിക്കുന്നതാണ് നല്ലത്.

ഡിസ്പൻസറിയിൽ, ആവശ്യത്തിന് മരുന്ന് ഇല്ലെന്ന പരാതി ഉന്നയിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്ക് 10000 രൂപയുടെ മരുന്നുകളാണ് അനുവദിക്കുന്നത്. അത് 40000 രൂപ ആക്കി ഉയർത്തണമെന്ന് വാർഡ് കോർഗ്രൂപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

ആയുർവേദ ഡിസ്പൻസറി

5-ാംവാർഡിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറി വാർഡ് 11, 12 എന്നിവയിലേയ്ക്ക് മാറണമെന്ന് ആ വാർഡുകാർ ആവശ്യപ്പെട്ടിരിക്കുന്നു. ഇതും പ്രായോഗികമല്ല. പൊന്നാംവെളിയിലേയ്ക്ക് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ളതുകൊണ്ട് ഇത് അവിടെത്തന്നെ പ്രവർത്തിക്കുന്നതാണ് നല്ലത്. അതോടൊപ്പം മരുന്നിന്റെ അപര്യാപ്തതകൂടി പരിഹരിക്കേണ്ടതാണ്.

ആരോഗ്യ ഇൻഷ്വറൻസ്

പഞ്ചായത്തിലെ എല്ലാ ആളുകൾക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക, 11-ാം വാർഡിലെ ആളുകൾ ആവശ്യപ്പെട്ടിരിക്കുന്നു.

പട്ടികജാതി / പട്ടികവർഗ്ഗം

പട്ടണക്കാട് പഞ്ചായത്തിൽ ആകെയുള്ള 12 വാർഡുകളിൽ 2-ാം വാർഡ് ഒഴികെയുള്ള 11 വാർഡിലും പട്ടികജാതി-പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. ഇവർ ഏറ്റവും കൂടുതൽ ഉള്ളത് 4-ാം വാർഡിലാണ്. അവിടെ 80 കുടുംബങ്ങൾ താമസിക്കുന്നു. അടിമകളായിരുന്ന ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത് പുലയരാണ്. ''പുലം'' എന്നാൽ വയൽ എന്നാണ് അർത്ഥം. പുലയൻ വയലിന്റെ ഉടമസ്ഥനാണ്. പ്രാചീന കാലത്ത് മേലാളൻമാർ പുലയരുടെ അധ്വാനശേഷിയിലുണ്ടായിരുന്ന കൃഷി സ്ഥലങ്ങൾ തട്ടിയെടുത്ത് ഇവരെ അടിമകളാക്കി എന്നാണ് കേരളപഴമ സൂചിപ്പിക്കുന്നത്. സഞ്ചാര സ്വാതന്ത്ര്യവും, ആരാധനാ സ്വാതന്ത്ര്യവും നിഷേധിച്ചിരുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആരാധനാ മൂർത്തികൾ യക്ഷിയും, പേയും. അറുകൊലയും, ചാത്തനും ഒക്കെയായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ പുരാതനകാലം മുതൽ മണ്ണുമായി അലിഞ്ഞുചേർന്ന് കഠിനാദ്ധ്വാനംചെയ്തിരുന്നവരാണ് പുലയർ, പട്ടണക്കാട് പഞ്ചായത്തിന്റെ നെൽ കലവറയായ ചെമ്പകശേരി കരിനിലം ചെളികുത്തി കൃഷിയിടമാക്കുന്നതിലും, താഴ്ചയേറിയ ചതുപ്പുനിലം ചെളി കുത്തി ഉയർത്തി തെങ്ങിൻ തോപ്പുകളും, നെൽപ്പാടങ്ങളും ആക്കി മാറ്റിയതിലും ഒഴുകിയ വിയർപ്പിന്റെയും പുലയരുടേതായിരുന്നു. തീണ്ടൽ ജാതിക്കാരായ ഇവർക്ക് വഴി നടക്കാനും വെള്ളം എടുക്കാനുമുള്ള അവകാശം ''തമ്പ്രാക്കൾ'' നിഷേധിച്ചിരുന്നു.

സ്പിൽവേ വരുന്നതിന് മുൻപ് അന്ധകാരനഴിമുഖത്ത് മണൽ ചാക്കുകൾ നിറച്ചാണ് അഴി അടച്ചുവന്നിരുന്നത്. അതിന്റെ അവസാന സമയം അതീവ രഹസ്യമായി നടത്തിയിരുന്ന മനുഷ്യ കുരുതിക്കും ഉപയോഗിച്ചു പോന്നതു പുലയനെയാണ്. പകൽ അന്തിയാവോളം പണി എടുത്താൽ ഭക്ഷണത്തിനുള്ള വകപോലും ഈ മണ്ണിന്റെ മക്കൾക്ക് കിട്ടിയിരുന്നില്ല. കൂലിയായി കിട്ടുന്ന നെല്ല് രാത്രിയിൽ ചൂട്ടുവെളിച്ചത്തിൽ കുത്തി കഞ്ഞിവച്ചാണ് ഇവർ അത്താഴം കഴിച്ചിരുന്നത്. സ്ത്രീകളും, പുരുഷൻമാരും ചരടിൽ കോർത്ത പുല്ലുകൊണ്ടാണ് നാണംമറച്ചുപോന്നത്. മഹാകവി കുമാരനാശാൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ ''വൃത്തവും കോണും ചതുരവുമല്ലാത്ത'' കൂരകളിൽ ഈ പട്ടിണി പാവങ്ങൾ അന്തിയുറങ്ങി.

''അര തൊണ്ട്കള്ളും തന്ന്
കൊല്ലാ കൊല കൊല്ലനിയോ
ഒരു മുറി കരിക്കും തന്ന
കൊല്ലാ കൊല കൊല്ലനിയോ''

ഈ നാടൻ പാട്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പട്ടിണിയേയും, കഠിനാദ്ധ്വാനത്തേയും വെളിവാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരിൽ ഏറ്റവും അധികം പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നത് ഉള്ളാടൻ, പറയൻ തുടങ്ങിയവർക്കാണ്. അക്ഷരവിദ്യ ഇവർക്ക് അന്യമായിരുന്നു. ദേശീയ സമരവും, കരപ്പുറം സേവാസംഘവും, അയ്യൻകാളിയുടേയും, ശ്രീനാരായണഗുരുവിന്റേയും സന്ദേശങ്ങളും പ്രവർത്തനങ്ങളും പുന്നപ്രയും, വയലാറും ഉയർത്തിവിട്ട അഗ്നിജ്വാലകളും മറ്റുപലതിലുമെന്നപോലെ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ദുരിത പൂർണ്ണമായ ജീവിതത്തിന് വിരാമമിട്ടു.

ഇന്ന് പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്ന് ഉയർന്നുവന്ന നിരവധിപേർ ഉദ്യോഗരംഗത്തും സാമൂഹ്യ ജീവിതത്തിന്റെ വിവിധമേഖലകളിലും ഒളിപരത്തി വിരാജിക്കുന്നുണ്ടെന്നുള്ളത് അഭിമാനാർഹമാണ്. പഞ്ചായത്ത് മെമ്പറായി സേവനം അനുഷ്ഠിച്ച് അന്തരിച്ച ശ്രീ. സി. കെ. പത്മനാഭൻ, ബ്ലോക്ക് പഞ്ചായത്തുമെമ്പറായ ശ്രി. പി. സി. കരുണാകരൻ, മുൻ പഞ്ചായത്ത് വൈസ് പ്രസിഡൻറും ഇപ്പോൾ പഞ്ചായത്തുമെമ്പറുമായ ശ്രീ. സി. പി. വേലായുധൻ, പഞ്ചായത്ത് ലൈബ്രേറിയനായി സേവനം അനുഷ്ഠിച്ച് റിട്ടയർ ചെയ്തതിനുശേഷം സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ശ്രീ. കെ. നാരായണൻ എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടതാണ്.

പട്ടണക്കാട് പഞ്ചായത്തിൽ ആകെയുള്ള പട്ടികജാതിപട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിഭാഗവും പട്ടികജാതി കുടുംബങ്ങളാണ്. പഞ്ചായത്തുപ്രദേശത്ത് ഒരു ഹരിജൻ കോളനിയും

ഒരു ഗിരിജൻ കോളനിയുമുണ്ട്. ഒറപ്പെട്ട വീടുകളിൽ താമസിക്കുന്നവർ, കോളനി വാസികളേക്കാൾ ഉയർന്നജീവിതനിലവാരമുള്ളവരാണ്. കോളനിവാസികൾക്ക് കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഇപ്പോഴില്ല. നമ്മുടെ പഞ്ചായത്തു പ്രദേശത്ത് താമസിക്കുന്ന ഭൂരിഭാഗം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുംവെള്ളം, വെളിച്ചംതുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളില്ല. ഗിരിജൻ കോളനിയിൽ ഓരോ വീട്ടിലും ഒന്നിലേറെ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. മാറിപ്പാർക്കാൻ ഇടമില്ലാത്ത ദുഃസ്ഥിതിയാണ് ഇന്നുള്ളത്.

സർക്കാർ ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും അത് ഉപയോഗിച്ച് പഠിച്ച് മുന്നേറാൻ ഈ വിഭാഗം ശ്രമിക്കുന്നില്ല. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പഠനത്തിന് ഇവരുടെ കുട്ടികൾ താല്പര്യമെടുക്കുന്നുമില്ല. ഇത് അതീവ ഗൗരവത്തോടെ കാണേണ്ടതാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ പിന്നോക്കനില വലിയമാറ്റമില്ലാതെ ഇന്നും തുടരുകയാണ്. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ അവരുടെ സേവനം വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. സ്ത്രീകൾ അധികംപേരും ഇന്നും പരമ്പരാഗത തൊഴിലുകൾ ചെയ്താണ് ഉപജീവനം കഴിച്ചുപോരുന്നത്. മിക്കവാറും വീടുകളിൽ റേഡിയോയും അപൂർവ്വം ചില വീടുകളിൽ ടി വി യും ഉണ്ട്. എന്നാൽ ഗ്രന്ഥപാരായണത്തിലും ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചുകാണുന്നില്ല. പഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, ഭവനനിർമ്മാണം, ശുദ്ധജല വിതരണം, ശുചീകരണം, വൈദ്യുതി എന്നിവയുൾപ്പെടെ ഇവരുടെ ഉന്നമനത്തിന് ഒൻപതാം പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

സാദ്ധ്യതകൾ

1 വീടില്ലാത്തവർക്ക് വീടും, വീടും സ്ഥലവും ഇല്ലാത്തവർക്ക് രണ്ടും ഉറപ്പാക്കുകയുംവേണം.

2 വീടുകളുടെ അറകുറപ്പണിക്ക് ആവശ്യമായ ധനസഹായം നൽകണം.

3 ശുദ്ധജലവും, വൈദ്യുതിയും, കക്കൂസും ഉറപ്പാക്കുന്നതോടൊപ്പം, കോളനികളിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുകയും വേണം.

4 കോളനികളിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കി വിദ്യാഭ്യാസ നിലവാരം ഉയർത്തണം.

5 കോളനികളിൽ വായനശാല സ്ഥാപിച്ച് റേഡിയോയും. ടി വി യും നൽകണം.

6 മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും, ഇടയ്ക്കുവെച്ച് പഠനംനിർത്തുന്നത് അവസാനിപ്പിക്കാൻ ഹോസ്റ്റൽ സൗകര്യം ഉണ്ടാകുകയും വേണം.

7 വീടുവയ്ക്കാനും, വ്യവസായം തുടങ്ങാനും 50000 രൂപാ വരെ പലിശഇല്ലാതെ നൽകണം.

8 കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുകയും, തൊഴിൽ ഉപകരണങ്ങൾ സൗജന്യമായി നൽകുകയും വേണം.

9 ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് കൃത്യമായി വിവരം അറിയാനുള്ള സംവിധാനം ഉണ്ടാക്കണം.

10 പരമ്പരാഗത തൊഴിലുകൾ ധനസഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.

11 ഇവർക്കുവേണ്ടി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നില മെച്ചപ്പെടുത്തണം.

12 പഞ്ചായത്തുതലത്തിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ യോഗ്യതയനുസരിച്ച് അർഹമായ പരിഗണന നൽകണം.

13 ഓരോ കുടുംബത്തിനും ഓരോ കറവപ്പശുവിനെ സൗജന്യമായി നൽകണം.

14 ആണ്ടിൽ ഒരിക്കൽ സൗജന്യമായി വിജ്ഞാന-വിനോദ യാത്രയ്ക്ക് അവസരം നൽകണം.

15 വാസനയുള്ള കലാ-കായികതാരങ്ങളെ കണ്ടെത്തി പ്രോത്സാഹനം നൽകണം.

സഹകരണം

ഒരേ താല്പര്യമുള്ള ഓരോ വിഭാഗം ജനങ്ങളും അവരുടെ താല്പര്യ സംരക്ഷണത്തിനു വേണ്ടി നടത്തുന്ന കൂട്ടായ ഏർപ്പാടാണ് സഹകരണം. മനുഷ്യനെ ചൂഷണം ചെയ്യാതെ മാറ്റങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ കഴിയുന്ന ഒരു തത്ത്വശാസ്ത്രമാണിത്. മനുഷ്യന്റെ ഉല്പത്തി മുതൽ നാളിതുവരെയുള്ള ചരിത്രമെടുത്തു പരിശോധിച്ചാൽ എല്ലായിപ്പോഴും മനുഷ്യന്റെ കൂട്ടായ പ്രയത്നത്തിന്റെയും പ്രവർത്തിയുടെയും ഫലങ്ങൾ എടുത്തുപറയാൻ കഴിയും. ലോകരാജ്യങ്ങൾ പോലും പരസ്പര സഹകരണമില്ലാതെ മുന്നോട്ടു പോകുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. വ്യവസ്ഥിതി ഏന്താണെങ്കിലും സഹകരണം അതിന്റെ അടിസ്ഥാന ശിലയാണ്. സഹകരണ തത്ത്വങ്ങളും സഹകരണ സ്ഥാപനങ്ങളും രൂപം കൊണ്ടിട്ട് രണ്ടു നൂറ്റാണ്ടുപോലും ആയിട്ടില്ലെങ്കിലും സഹകരണമെന്ന ആശയത്തിന് മനുഷ്യന്റെ ഉല്പത്തി മുതൽ പ്രാധാന്യമുണ്ട്. ഈ സാഹചര്യത്തിലാണ് ലോകത്തിലും ഇന്ത്യയും ഇന്ത്യയുടെ ഭാഗമായ കേരളത്തിലും സഹകരണത്തിന്റെ പ്രാധാന്യവും അതിന്റെ ചരിത്രവും സ്ഥാപനങ്ങളുടെ സ്ഥിതിയും നാം പഠിച്ച് കൊണ്ട് വരുംകാല പ്രവർത്തനത്തിന് ഈ തല മുറക്കു എന്തുചെയ്യാൻ കഴിയുമെന്ന് ചിന്തിക്കുന്നത്. ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി രൂപം കൊടുക്കാൻ പോകുന്ന അധികാരം ജനങ്ങളിലേക്ക് '' എന്ന മുദ്രാവാക്യം അത്ര എളുപ്പമുള്ളതല്ല. പക്ഷേ സ്വതന്ത്ര ഇന്ത്യയുടെ ചരിത്രം പരിശോധിക്കുന്ന ആർക്കും ബോദ്ധ്യപ്പെടുന്ന ഒരു വസ്തുതയുണ്ട്. അധികാരം ഭരണാധികാരികളിൽ കേന്ദ്രീകരിച്ചിരുന്നു. ഭരണാധികാരികളും ഉദ്യോഗവൃന്ദവും ചേർന്ന് പദ്ധതികൾ നടപ്പാക്കി ഫലം അധികാരിവർഗ്ഗ താല്പര്യ സംരക്ഷണമായിരുന്നു. അതിനു മാറ്റം വരുത്താൻ കഴിഞ്ഞാൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി സഹകരിക്കാൻ കഴിഞ്ഞാൽ, വരുംകാലഘട്ടം നാം സ്വപ്നം കാണുന്ന ഗാന്ധിജി സ്വപ്നം കണ്ട ആ ഇന്ത്യയായിരിക്കുമെന്ന് പ്രതീക്ഷിക്കാം.

പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വ്യവസായിക വിപ്ലവത്തിന്റെ കെടുതികളും മാനുഷിക മൂല്ല്യങ്ങളെ തകർക്കുവാൻ തുടങ്ങിയ പഞ്ചാത്തലത്തിലാണ്. ഇംഗ്ലണ്ടിൽ സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത്. യന്ത്രശക്തിയും മനുഷ്യശക്തിയും തമ്മിലുള്ള പോരാട്ടത്തിൽ സ്വാഭാവികമായും യന്ത്രശക്തി വിജയിച്ചു. മനുഷ്യപ്രയത്നത്തിന്റെ സ്ഥാനം യന്ത്രങ്ങൾ ഏറ്റെടുത്തു. യന്ത്രശക്തിയെ നിയന്ത്രിക്കാൻ കഴിഞ്ഞ സമ്പന്നരായ ഒരു ന്യൂനപക്ഷത്തിന് സമൂഹത്തിൽ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞു. കൃഷി, വ്യവസായം തുടങ്ങി മനുഷ്യന്റെ പ്രയത്നശേഷി ഉപയുക്തമാക്കി കൊണ്ടിരുന്ന എല്ലാ പ്രവർത്തന രംഗങ്ങളും യന്ത്രവൽക്കരിക്കാൻ തുടങ്ങിയതോടെ അദ്ധ്വാന ശക്തി ഉപയോഗ ശൂന്യമായി സമ്പത്തും സ്വാധീനവും കൊണ്ട് യന്ത്രങ്ങളെ കീഴടക്കാൻകഴിഞ്ഞ സമ്പന്നവിഭാഗം പട്ടണങ്ങളിൽ കേന്ദ്രീകരിക്കാൻ തുടങ്ങി ഗ്രാമപ്രദേശങ്ങൾ ക്രമേണ അവഗണിക്കപ്പെട്ടു. ഉപജീവന മാർഗ്ഗങ്ങൾക്കായി ഗ്രാമീണർ പട്ടണങ്ങളിലേക്ക് പ്രയാണം തുടങ്ങി. ജനസാന്ദ്രത പട്ടണങ്ങളിൽ നാൾക്കു നാൾ പ്രശ്നങ്ങൾ സൃഷ്ടിച്ചു. തൊഴിലില്ലാത്തവരുടെഎണ്ണം വർദ്ധിച്ചു, തൊഴിലുള്ളവർക്ക് മിതമായ വേതനം പോലും ലഭിക്കാതായി. അങ്ങനെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും തൊഴിലില്ലായ്മയും പട്ടിണിയും പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഈ അവസരത്തിലാണ് ദരിദ്രകുടുംബത്തിൽ പിറന്ന് സ്വയം പ്രയത്നത്തിലൂടെ സമ്പന്നനായി മാറിയ റോബർട്ട് ഓവൻ തൊഴിലാളികളുടെ ശാപമോചനത്തിനായി പല ആനുകൂല്ല്യങ്ങളും പ്രഖ്യാപിച്ചു. തൊഴിലാളികളുടെ ജോലി സമയം വെട്ടികുറച്ചു., വേതനം വർദ്ധിപ്പിച്ചു. കുട്ടികളെകൊണ്ടു ജോലി ചെയ്യിക്കുന്നത് നിർത്തലാക്കി, ലീവ് ആനുകൂല്ല്യങ്ങൾ പ്രഖ്യാ

പിച്ചു. തൊഴിൽ ശാലയോട് അനുബന്ധമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ചു. ടി. ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു കൊടുത്തിട്ടുപോലും റോബർട്ട് ഓവന്റെ സ്ഥാപനങ്ങളും വൻലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. "പരസ്പരസഹായത്തിലൂടെയുള്ള സ്വയാശ്രയത്വം" അതാണ് വൻലാഭത്തിന്റെ വിജയ രഹസ്യമെന്ന് റോബർട്ട് മനസ്സിലാക്കി റോബർട്ട് ഓവൻ പല പദ്ധതികളും തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കി. മനുഷ്യന്റെ നന്മയിൽ അന്ധമായി വിശ്വസിച്ചിരുന്ന ഓവൻ മനുഷ്യനിലെ തിന്മകളെ കണ്ടറിഞ്ഞില്ല തൊഴിലാളികളുടെ നന്മയ്ക്കു വേണ്ടിയുള്ള പദ്ധതികളായിരുന്നുവെങ്കിലും അവ പൂർണ്ണമായി ഉൾക്കൊള്ളുവാൻ തൊഴിലാളികൾക്ക് കഴിഞ്ഞില്ല നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലക്ക് സുലഭമായി തൊഴിലാളികൾക്ക് ലഭ്യമാക്കുകയായിരുന്നു റോബർട്ട് ഓവന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് അത് ഉദ്ദേശിച്ച രീതിയിൽ ഫലവത്താക്കാൻ കഴിഞ്ഞിരുന്നില്ല. ആദർശങ്ങളിൽ മുറുകെ പിടിച്ചിരുന്ന ഓവൻ വിട്ടുവീഴ്ചകൾക്കും തയ്യാറായില്ല. റോബർട്ട് ഓവന്റെ സംരംഭങ്ങൾ പരാജയപ്പെട്ടുവെങ്കിലും അദ്ദേഹം തുടങ്ങിവച്ച "പരസ്പര സഹായത്തിൽ കൂടിയുള്ള സ്വയാശ്രയത്വം" എന്ന ആശയം വിജയകരമാക്കുവാനുള്ള ശ്രമങ്ങൾ വീണ്ടും ആരംഭിക്കുകയുണ്ടായി. ഇംഗ്ലണ്ടിൽ മാഞ്ചസ്റ്ററിനടുത്തുള്ള "റൊച്ച്ഡെയിൽ" എന്ന സ്ഥലത്ത് സമൂഹത്തിൽ അത്രവലിയ സ്ഥാനമാനങ്ങൾ ഒന്നുമില്ലാതിരുന്ന ഇരുപത്തിയെട്ടുപേർ ചേർന്ന് റോച്ച്ഡെയിൽ എന്ന തെരുവിൽ ഒരു കൺസ്യൂമർ സ്റ്റോർ 1844 ഡിസംബർ 21 ന് സ്ഥാപിച്ചതാണ് ഈ ഘട്ടത്തിലെ പ്രധാന സംഭവം ആൻ ഡ്രൂട്ടേൽ എന്ന ഒരു സ്ത്രീയും ഒരു എൻജിനിയറും ഇതിൽപ്പെടുമായിരുന്നു ഒരു കമ്പിളിത്തുണി നിർമ്മാണ ശാലയിലെ തൊഴിലാളികളായിരുന്നു ഇവർ ആഴ്ചയിൽ മിച്ചംവെയ്ക്കാൻ കഴിഞ്ഞ ഓരോ പെനിയും സ്വരൂപിച്ച് ഓരോ പവൻ വീതം സമ്പാദിച്ചു അങ്ങനെ സമ്പാദിക്കാൻ കഴിഞ്ഞത് 28 പവൻ മാത്രമായിരുന്നു ആദ്യ മുതൽ മുടക്ക്. റോബർട്ട് ഓവന്റെ പരാജയ കാരണങ്ങൾ വിലയിരുത്തി ഇവർ അതു പരിഹരിക്കാൻ കൂടി ശ്രമിച്ചിരുന്നു. 1888 ആയപ്പോഴേക്കും ഇംഗ്ലണ്ടു മുഴുവൻ വ്യാപകമായ തോതിൽ കോട് ലെനിന്റെ മാതൃകയിലുള്ള അനേകം കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചു.

ജർമ്മനിയിലെ റൈഫീസിൻ മാതൃകയിലുള്ള വായ്പാ സംഘങ്ങളും ഷൂൾസ്ഡെലീഷ് നാണയസംഘങ്ങളെയും മാതൃകയാക്കികൊണ്ടും ഇന്ത്യയിൽ ആദ്യമായി സഹകരണ നിയമത്തിന് രൂപം കൊടുത്തു ഈ നിയമത്തിലെ പല വ്യവസ്ഥകളും ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക — കാർഷിക വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നവയല്ലയെന്നു കണ്ട് പുതിയൊരു സഹകരണ നിയമത്തിന്റെ ആവശ്യം ഗവൺമെന്റ് ബോദ്ധ്യപ്പെടുകയും 1912 ൽ രണ്ടാമത്തെ സഹകരണ നിയമം നിലവിൽ വന്നു. ഈ നിയമം നിലവിൽ വന്നതോടുകൂടി എല്ലാത്തരം സഹകരണ സംഘങ്ങളും ധാരാളമായി രജിസ്റ്റർ ചെയ്യുകയുണ്ടായി. വിവിധോദ്ദേശ സഹകരണ സംഘങ്ങളോടൊപ്പം കേന്ദ്ര-അപ്പ്കസ് സ്ഥാപനങ്ങളും രൂപീകരിക്കപ്പെട്ടു 1914 ൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയേയും പ്രവർത്തനത്തെയും പറ്റി പഠിക്കുന്നതിനും ഭാവിപ്രവർത്തനങ്ങൾക്ക് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനുമായി "സർ എഡ്വേർഡ് മഗ്ളഗന്റെ" നേതൃത്വത്തിൽ ഒരു പഠനസമിതി ഗവൺമെന്റ് നിയോഗിച്ചു. മഗ്ളകൻ കമ്മറ്റി ശുപാർശയുടെ വെളിച്ചത്തിൽ ചിലനടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. സഹകരണ വിദ്യാഭ്യാസത്തിനായി 1918 ൽ ബോംബയിൽ ആദ്യത്തെ സഹകരണ പരിശീന കേന്ദ്രം ആരംഭിച്ചു. 1919 ആയപ്പോഴേക്കും 28000 വരുന്ന വിവിധ സംഘങ്ങളിലായി പതിനെന്നു ലക്ഷത്തോളം അംഗസംഖ്യയും 15 കോടി രൂപാ പ്രവർത്തന മൂലധനമുള്ള മഹാപ്രസ്ഥാനമായി വളർന്നു. 1919 ൽ പ്രസിദ്ധീകരിച്ച ഭരണ പരിഷ്ക്കാര കമ്മറ്റി റിപ്പോർട്ടിൽ (Montagu Chermsford Administrative Reforms Committe Report) സഹകരണ നിയമ നിർമ്മാണത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിരുന്നു. എന്നാൽ ഒരു കേന്ദ്രീകൃത സഹകരണ നിയമത്തിന് രൂപം കൊടുക്കാൻ കഴിഞ്ഞില്ല. "കൽവർട്ട്" അദ്ധ്യക്ഷനായുള്ള "റോയൽ കമ്മീഷൻ ഓഫ് അഗ്രിക്കൾച്ചർ" 1928 ൽ സമർപ്പിച്ച റിപ്പോർട്ടിൽ സഹകരണത്തെപ്പറ്റി ഇപ്രകാരം പരാമർശിച്ചു. "ഗ്രാമീ

ണഭാരതത്തിന്റെ ആശാകേന്ദ്രമാണ് സഹകരണം'' അതു പരാജയപ്പെട്ടാൽ കാർഷിക രാജ്യമായ ഭാരതമാകെ തകർച്ചയിലേക്ക് നീങ്ങും. ഗ്രാമീണ കടബാദ്ധ്യതയെ സംബന്ധിച്ച് ഗവണ്മെന്റ് അലസമനോഭാവം ആത്മഹത്യപരമായിരിക്കുമെന്ന് കമ്മീഷൻ ചൂണ്ടികാട്ടി. കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ സഹകരണ സ്ഥാപനങ്ങളുടെ ഭരണ കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെട്ടേതീരു. സ്ഥാപനങ്ങളുടെ ജനാധിപത്യ സ്വഭാവത്തിന് പോറൽ ഏല്പ്പിക്കുകയുമരുത്. ഗവൺമെന്റ് തന്നെയാണ് ഈ സ്ഥാപനങ്ങളെ സഹായിക്കേണ്ടത്. എന്ന് കൽവർട്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. 1929 ൽ 94000 തോളം സഹകരണ സ്ഥാപനങ്ങളിലായി 3. 70 കോടി അംഗങ്ങളും 75 കോടി പ്രവർത്തന മൂലധനമുള്ള ഒരു മഹാപ്രസ്ഥാനമായി സഹകരണ സ്ഥാപനങ്ങളും വളർന്നു.

1930 ൽ ആഗോളവ്യാപകമായി ഉണ്ടായ സാമ്പത്തിക അധഃപ്പതനം ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയേയും സ്വാഭാവികമായി ബാധിച്ചു. ഇന്ത്യയിൽ വികസിതമായി കൊണ്ടിരുന്ന സഹകരണ പ്രസ്ഥാനത്തിനുണ്ടായ ആഘാതം അതി രൂക്ഷമായിരുന്നു, വായ്പകടം തിരിച്ചടക്കാൻ അംഗങ്ങൾക്ക് കഴിഞ്ഞില്ല. തൻനിമിത്തം സംഘങ്ങളും പ്രവർത്തന ക്ഷമമല്ലാതായി.

1932 ൽ മദ്രാസ്സിൽ സഹകരണ നിയമം പാസായി 1935 ൽ ''റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ'' രൂപം കൊണ്ടത് സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ് RBI യുടെ കീഴിൽ പ്രവർത്തനം ആരംഭിച്ച അഗ്രികൾച്ചറൽ ക്രെഡിറ്റ് ഡിപ്പാർട്ടുമെന്റ് സഹകരണ പ്രസ്ഥാനത്തെ വളർത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഒരു ശാന്തമായ കേന്ദ്രമായി മാറി. 1951 ൽ അഗ്രികൾച്ചറൽ ക്രഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ബോംബയിൽ ഒരു ദേശീയ സഹകരണ സമ്മേളനം സംഘടിപ്പിച്ചു. രാജ്യത്തുള്ള പ്രമുഖ സഹകാരികളും സാമ്പത്തിക വിദഗ്ദ്ധരും സാമൂഹ്യ പരിഷ്ക്കർത്താക്കളും ഗവൺമെന്റ് പ്രതിനിധികളും പങ്കെടുത്ത പ്രസ്തുതസമ്മേളനം ഇന്ത്യയിലെ ഗ്രാമീണ ജനങ്ങളുടെ കടബാദ്ധ്യതയെകുറിച്ചും അവ ലഘൂകരിക്കുന്നതിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്കിനെ കുറിച്ചും സമഗ്രമായ ഒരു സർവ്വേ നടത്താൻ നിശ്ചയിച്ചു. 1952 ൽ A. D. ഗോർവാല അദ്ധ്യക്ഷനായും D. R, ഗാഡ്ഗിൽ, ആർ. വെങ്കിടപൈ, N. S. R. ശാസ്ത്രി എന്നിവർ അംഗങ്ങളുമായി ഒരു സർവ്വേകമ്മറ്റി രൂപീകരിച്ചു. ''അഖിലേന്ത്യഗ്രാമീണ വായ്പാനോക്ഷണ കമ്മറ്റി'' എന്ന പേരിൽ അറിയപ്പെടുന്ന കമ്മറ്റി 1954 ൽ അതിന്റെ റിപ്പോർട്ടു സമർപ്പിച്ചു. ഇന്ത്യയിലെ ഗ്രാമീണ ജനങ്ങളുടെ കടബാദ്ധ്യതകളെ കുറിച്ച് ഗ്രാമങ്ങൾതോറും സഞ്ചരിച്ചു ശേഖരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായി പഠിക്കുകയും ശാസ്ത്രീയമായി വിശകലനം ചെയ്യുകയും അപഗ്രഥിക്കുകയും പ്രായോഗിക പ്രതിവിധികളും ചൂണ്ടികാട്ടുകയും ചെയ്തു കൊണ്ട് ഗോർവാല കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ചരിത്രത്തിൽ ഒരു ആധികാരികരേഖയാണ് ജനറൽ റിപ്പോർട്ട്, സർവ്വേ റിപ്പോർട്ട്, ടെക്നിക്കൽ റിപ്പോർട്ട് എന്നീ മൂന്നു വാല്യങ്ങളിലായിട്ടാണ് റിപ്പോർട്ട് സമർപ്പിച്ചത്. കാർഷിക വായ്പ മതിയായ അളവിൽ ആവശ്യമായ സമയത്ത് അർഹതയുള്ള ആളുകൾക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ സഹകരണ സംഘങ്ങൾ പരാജയപ്പെട്ടു. എന്നാൽ അതു വിജയിച്ചേ തീരു. കാർഷിക വായ്പയിൽ ഒട്ടുമുക്കാലും ഹൃസ്വകാല വായ്പകൾ ആയിരുന്നു 3.1 % മാത്രം വായ്പ ആവശ്യമേ സഹകരണ സ്ഥാപനങ്ങൾവഴി നിറവേറ്റിയിട്ടുള്ള 7 % ജനങ്ങൾ മാത്രമേ സംഘങ്ങളിൽ അംഗങ്ങൾ ആയിട്ടുള്ളു എന്നവസ്തുതയും റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരുന്നു.

1951 ൽ ആരംഭിച്ച പഞ്ചവൽസര പദ്ധതികളും സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നിരുന്നാലും നാളിതുവരെ ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച സാധ്യതയുടെ അടുത്തെങ്ങും എത്തുന്നില്ല. വിവിധ കാലഘട്ടങ്ങളിലായി രൂപം കൊണ്ടതും രൂപീകരിച്ചതുമായ പഠന–സർവ്വേകമ്മറ്റികളുടെയും പഞ്ചവൽസര പദ്ധതികളുടെയും ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുടെയും വിലയിരുത്തലുകളുടെയും വെളി

ച്ചത്തിൽ വളർന്നു പന്തലിച്ചതാണ് ഇന്ത്യൻ സഹകരണ പ്രസ്ഥാനം. എന്നിരുന്നാലും ഗ്രാമീണ ജനങ്ങളുടെ 30% വായ്പ ആവശ്യം പോലും സഹകരണ മേഖലയിലൂടെ നടക്കുന്നില്ല.

സഹകരണ പ്രസ്ഥാനം കേരളത്തിൽ

മൊണ്ടേഗു ചെംസ്ഫോർഡ് ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ സഹകരണ നിയമം ഒരു പ്രവിശ്യാവിഷയമാക്കുകയെന്നതായിരുന്നു. 1919 ൽ പ്രസ്തുത ശുപാർശകൾ സമർപ്പിക്കുന്നതിനും അഞ്ചുവർഷങ്ങൾക്കു മുമ്പുതന്നെ 1914 ൽ തിരുവിതാംകൂറിൽ ആദ്യത്തേ സഹകരണനിയമം പാസാക്കിയിരുന്നു. " പരസ്പര സഹായ സംഘനിയമം " എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രസ്തുത നിയമം 1912 ലെ കേന്ദ്രനിയമത്തിന്റെ മാതൃകയിലായിരുന്നു ടി നിയമപ്രകാരം ആദ്യം രൂപം കൊണ്ടതാണ് " തിരുവിതാംകൂർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് " ഇതാണ് ഇന്നത്തെ " കേരളാസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് " 1927 ൽ ടി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തികൊണ്ടു ഒരു പുതിയ സഹകരണ നിയമം നിലവിൽ വന്നു. 1949 ലെ തിരുവിതാംകൂർ – കൊച്ചി സംയോജനത്തിനുശേഷം ഈ നിയമമാണ് 1952 വരെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിച്ചിരുന്നത്. തിരു-കൊച്ചി-മലബാർ പ്രദേശങ്ങളുടെ സംയോജനം വഴി കേരളപിറവിയെടുത്തപ്പോൾ തിരു-കൊച്ചി പ്രദേശത്ത് തിരുകൊച്ചി സഹകരണ നിയമവും മലബാർ പ്രദേശത്ത് 1932 ലെ മദ്രാസ് സഹകരണ നിയമവുമായിരുന്നു നിലവിലുണ്ടായിരുന്നത്. തിരു- കൊച്ചി- മലബാർ സഹകരണ നിയമങ്ങൾ സംയോജിപ്പിച്ചു കൊണ്ട് 1969 ലെ 21-ാം കേരള സഹകരണ സംഘം നിയമം നിലവിൽ വന്നത്. 1969 മെയ് 15 മുതലാണ് നിയമം പ്രാബല്യത്തിൽ ആയത്. ഈ നിയമത്തിൽ കാലാകാലങ്ങളിൽ ഗവൺമെൻറു വരുത്തിയതും കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന ഭേദഗതികളും ഉൾക്കൊണ്ടതാണ് ഇപ്പോൾ നിലവിലുള്ള കേരള സഹകരണ നിയമം.

കേരളത്തിലെ സഹകരണമേഖലയെ വായ്പാസംഘങ്ങൾ എന്നും, വായ്പേതിര സംഘങ്ങൾ എന്നും രണ്ടായി തിരിക്കാം. വായ്പേതിര സംഘങ്ങളിൽതന്നെ ഉല്പാദക മാർക്കറ്റിംഗ്, ക്ഷീരം, മൽസ്യം, വ്യവസായ, ലേബർ കോൺട്രാക്ട്, സർവ്വീസ് എന്നിങ്ങനെ വീണ്ടും പലതായി തിരിക്കാവുന്നതാണ്, ഇന്ത്യക്കാകെ മാതൃകയായി പ്രവർത്തിക്കുന്ന ജനങ്ങളിൽ ബഹുഭൂരിപക്ഷത്തേയും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുള്ളതും വായ്പാപേക്ഷകരുടെ 70% വായ്പാവശ്യവും നിറവേറ്റാൻ കഴിയുന്നതുമായ കേരളത്തിലെ സഹകരണമേഖലയിൽ ഏകദേശം 12000 സഹകരണ സ്ഥാപനങ്ങളും ഇതിലെല്ലാമായി രണ്ടു കോടിയോളം അംഗങ്ങളും ഇപ്പോഴും ഉണ്ട്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണംവരെയുള്ള വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ള വിവിധമേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ഇന്ന് കേരളത്തിൽ ഉണ്ട്.

പ്രാഥമിക സഹകരണ സർവ്വീസ് സംഘങ്ങളും അവയ്ക്കുമേൽ ജില്ലാ ബാങ്കുകളും സംസ്ഥാനടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കും ഉൾകൊള്ളുന്ന ത്രിതല സംവിധാനമാണ് വായ്പരംഗത്ത് ഇന്ന് പ്രവർത്തിക്കുന്നത്. ഭൂപണയ ബാങ്കുകൾ താലൂക്ക് തലത്തിലും സംസ്ഥാനതലത്തിൽ കേന്ദ്ര ഭൂപണയബാങ്കും പ്രവർത്തിക്കുന്നു. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളും സംസ്ഥാനടിസ്ഥാനത്തിൽ സംസ്ഥാന ഹൗസിംഗ് ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു.

വായ്പേതിര മേഖലയിൽ പ്രാഥമിക കയർ മൽസ്യ, കൈത്തറി, ബീഡി, ഓട്ടോമൊബയിൽ, കക്കാ, ഹോസ്പിറ്റൽ, പ്രിൻറിംഗ് തുടങ്ങിയ സംഘങ്ങളും സംസ്ഥാനടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അപ്പക്സ് സ്ഥാപനങ്ങളും ഉൾകൊള്ളുന്നതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം.

പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ഏരിയായിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

1 പട്ടണക്കാട് സർവ്വീസ് സഹകരണബാങ്ക്, ക്ലിപ്തം നമ്പർ 1144
2 വെട്ടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1812

3 വെട്ടയ്ക്കൽ കാർഷിക സഹകരണസംഘം ക്ലിപ്തം നമ്പർ 4292

4 ഉഴുവ കുമാരസ്മാരക സർവ്വീസ്സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 698

5 വയലാർ വെസ്റ്റ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3226

6 പട്ടണക്കാട് പഞ്ചായത്ത് ഹരിജയൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ

7 വിയാത്ര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 823

8 പാറയിൽ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 829

9 പട്ടണക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ 618

10 മേനാശ്ശേരി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 819

11 വെട്ടയ്ക്കൽ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 440

12 ഉഴുവ കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ എ. 662

13 തറമൂട് കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 817

14 പട്ടണക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 559

15 പട്ടണക്കാട് കയർ മാറ്റ്സ് & മാറ്റിംഗ് CS A 405

16 പട്ടണക്കാട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ A. 25 (D) അപ്കോസ്

17 വെട്ടയ്ക്കൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ A 98 (D) അപ്കോസ്

18 പട്ടണക്കാട് പൗൾട്ടറി ബ്രീട്ടേഴ്സ് CS. A 228

19 വിയാത്ര പൗൾട്ടറി ബ്രീട്ടേഴ്സ് CS A 155

20 പട്ടണക്കാട് സിറിക്കൾച്ചർ CS KV IND A. 163

21 പട്ടണക്കാട് വിമൻസ് ഇൻഡസ്ട്രീയൽ CS Ltd No. A, 4 (IND)

22 പട്ടണക്കാട് ബ്ലോക്ക് ദേവകീകൃഷ്ണൻ മെമ്മോറിയൽ സഹകരണസംഘം No. A 136

23 ചേർത്തല താലൂക്ക് ഹാൻഡ്ലൂം വീവേഴ്സ് CS 3480

24 പട്ടണക്കാട് ഇലട്രോണിക്ക് ഇൻഡസ്ട്രിയൽസ് CS KV. IND A 140

25 ആലപ്പുഴജില്ലാ ഹോസ്പിറ്റൽ CS A 805

26 ചേർത്തല താലൂക്ക് സാമൂഹ്യ ക്ഷേമസഹകരണ സംഘം A 860

27 പട്ടണക്കാട് കോപ്പറേറ്റീവ് ഹൗസിംഗ് C S A. 130

28 പട്ടണക്കാട് ബ്ലോക്ക് ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രിയൽസ് CS A 58

29 മൽസ്യതൊഴിലാളി ക്ഷേമസഹകരണസംഘം A 57 അഴീക്കൽ

30 പട്ടണക്കാട് ഹരിജൻ ഇൻഡസ്ട്രിയൽ CS ക്ലിപ്തം നമ്പർ A 143 (IND)

സർവ്വീസ് സഹകരണ ബാങ്ക് സംഘങ്ങൾ

പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1144

പട്ടണക്കാട് പഞ്ചായത്തിലെ ഏറ്റവും നന്നായി പ്രവർത്തിക്കുന്നതും പഞ്ചായത്തിലെ ആദ്യ സഹകരണ സ്ഥാപനവുമാണ് ഈ ബാങ്ക് പട്ടണക്കാട് മുറി പ്രവർത്തന പരിധിയായി പ്രവർത്തിച്ചു വരുന്ന ഈ സംഘം 1100 ധനു മാസം 16-ാം തീയതി രജിസ്റ്റർ ചെയ്തു 1100 കുംഭമാസം 2—ാം തീയതി പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സ്ഥാപനം 28-10-1981 മുതൽ സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തനം തുടർന്നു വരുന്നു. 7560 എ. ക്ലാസ്സ് അംഗങ്ങളിലായി 12,09000 രൂപാ ഓഹരി മൂലധനമുള്ളതിൽ19,000 രൂപാ ഗവൺമെൻറ് ഓഹരിയാണ്. 139.65 ലക്ഷം രൂപാ നിക്ഷേപമായിട്ടുണ്ട്. 113.7 ലക്ഷം രൂപാ വായ്പ കൊടുത്തിട്ടുണ്ട്. ഹ്രസ്വകാല ദീർഘകാല വായ്പകളും സ്വർണ്ണപ്പണയ വായ്പയും കൊടുത്തു വരുന്നു. എല്ലാവിധ ബാങ്കിംഗ് പ്രവർത്തനവും നടത്തുന്നതോടൊപ്പം ചിട്ടികളും, കൺസ്യൂമർ ഔട്ട്ലെറ്റുകളും, മാവേലിസ്റ്റോർ, വളം ഡിപ്പോ തുടങ്ങിയവയും നടത്തുന്നുണ്ട്. ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള അർഹരായ എല്ലാവർക്കും മെമ്പർഷിപ്പു കൊടുക്കുകയും പരമാവധി നിക്ഷേപം സ്വരൂപിച്ച് ആവശ്യക്കാരായ

അംഗങ്ങളുടെ കക്ഷിരാഷ്ട്രീയത്തിന് അതീതമായി വായ്പ കൊടുക്കുകയും വേണം.

വെട്ടയ്ക്കൽ S C. B. 1812

പട്ടണക്കാട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം 1104 മകരം 18-ാംതീയതി പ്രവർത്തനം ആരംഭിച്ചു. 20-3-61മുതൽസർവ്വീസ്സഹകരണസംഘമായും 5-10-82 മുതൽ സർവ്വീസ് സഹകരണബാങ്കായും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ 2846 അംഗങ്ങൾ ഉണ്ട്. 255865 രൂപയാണ് പിരിഞ്ഞെടുത്ത ഓഹരിമൂലധനം. നിക്ഷേപമായി 1462260 രൂപയും അംഗങ്ങളിൽ നിൽപ്പുവായ്പ 1520677 രൂപയുമാണ്. ഹ്രസ്വകാല, ദീർഘകാല വായ്പകൾ കൊടുക്കുന്നതോടൊപ്പം ചിട്ടികളും നടത്തുകയും കൺസ്യൂമർ, മാവേലിസ്റ്റോർ നടത്തുകയും ചെയ്യുന്നു. വളരെ സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ്. എന്നാൽ പ്രതീക്ഷയ്ക്കൊത്ത് വളരുന്നില്ല. കക്ഷിരാഷ്ട്രീയ പരിഗണന കൂടാതെ മെമ്പർഷിപ്പ് കൊടുക്കാനും അംഗങ്ങളുടെയും സമീപവാസികളുടെയും വിശ്വാസം ആർജ്ജിച്ച് പ്രവർത്തിക്കുകയും ചെയ്താൽ വളരെവേഗം പുരോഗതി ഉണ്ടാകും. ഇതിന്റെ പ്രവർത്തന ഏരിയായിത്തന്നെ മറ്റു ചില സർവ്വീസ് സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ വിഘാതം സൃഷ്ടിക്കുന്നുണ്ട്.

വയലാർ വെസ്റ്റ് S C S Ltd. No. 3226

പട്ടണക്കാട് പഞ്ചായത്തിന്റെ കടലോരപ്രദേശം പ്രവർത്തന ഏരിയയായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. പട്ടണക്കാട് S C B No. 1144 മായി ജോയിപ്പിച്ച് ഒന്നായി പ്രവർത്തിക്കുന്നതാണ് ആ പ്രദേശത്തെ ജനങ്ങളുടെയും അംഗങ്ങളുടെയും താല്പര്യം സംരക്ഷിക്കാൻ നല്ലത്.

ഉഴുവ കുമാരസ്മാരക സഹകരണ സംഘം ക്ലിപ്തം നമ്പർ എ 698

വയലാർ വെസ്റ്റ് സഹകരണബാങ്കിനെപ്പോലെതന്നെ പ്രവർത്തനം നിർജ്ജീവമാണ് ഈ സ്ഥാപനം. അല്പസ്വല്പം വായ്പ കൊടുക്കാനും റേഷൻകട നടത്താനും കഴിയുന്നു എന്നതൊഴിച്ചാൽ കാര്യമാത്രമായ ഒരു പ്രവർത്തനവും നടക്കുന്നില്ല.

വെട്ടയ്ക്കൽ കാർഷിക സഹകരണ സംഘം ക്ലിപ്തം നമ്പർ 4292

വെട്ടയ്ക്കൽ പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ചിട്ടി നടത്തുകയും വായ്പകൾ കൊടുക്കുകയും ചെയ്യുന്നു. പഞ്ചായത്ത് മുഴുവനും ഇതിന്റെ പ്രവർത്തനമേഖലയാണ്. അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്നില്ല. കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിച്ചും പുതിയ ചിട്ടികൾ തുടങ്ങിയും സ്ഥാപനം വളർത്തുന്നതിന് കഴിയണം

പട്ടണക്കാട് പഞ്ചായത്ത് ഹരിജൻ സഹകരണസംഘം

പട്ടണക്കാട് പഞ്ചായത്ത് ഏരിയാപ്രവർത്തന പരിധിയായി അംഗീകരിച്ചിട്ടുള്ള ഈ സ്ഥാപനം ഇന്ന് തീർത്തും പ്രവർത്തനരഹിതമാണ്. ഗവൺമെൻറിൽ നിന്നും കാലാകാലങ്ങളിൽ കിട്ടിയ വായ്പകളും സബ്സിഡികളും കൃത്യമായി വിതരണം ചെയ്യുകയോ കൊടുത്ത വായ്പകൾ തിരിച്ചടക്കാൻ ശ്രദ്ധിക്കുകയോ ചെയ്യാതെ വീഴ്ച വരുത്തി ഇന്നു സ്ഥാപനം തുറക്കുന്നുപോലുമില്ല ഹരിജനങ്ങളുടെ താൽപ്പര്യ സംരക്ഷണത്തിനായി സ്ഥാപിച്ചിട്ടുള്ള ഈ സ്ഥാപനത്തിന് ഒത്തിരി സാധ്യതകൾ ഉള്ളതാണ് അത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം

വായ്പാസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിലെ വായ്പാ സംഘങ്ങളുടെ ഒരു ചെറുവിവരണം മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. വാർഡ് ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളും അവസംബന്ധിച്ച് വിശകലനം ചെയ്യപ്പെട്ട കാര്യങ്ങളും ഇതോടൊപ്പം പരാമർശിക്കുന്നു. വായ്പാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഒരു പരിധിവരെ നന്നായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് S C B നമ്പർ. 1144

മറ്റു സ്ഥാപനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് മതിപ്പില്ലയെന്ന വിമർശനം ഉയർന്നുകൊണ്ടേ തീരു. കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഭരണസമിതികളും അതിലെ ജീവനക്കാരും സ്ഥാപനത്തിന്റെ വളർച്ചയും അതിലെ അംഗങ്ങളുടെ താല്പര്യവും സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്, എവിടെയാണ് പോരായ്മ അതു പരിഹരിക്കണം. കക്ഷി-രാഷ്ട്രീയ-മത-ജാതി പരിഗണന കൂടാതെ അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കപ്പെടണം. നിയമത്തിന്റെയും ബൈലയുടെയും ചങ്ങലകൊണ്ട് എത്രതന്നെയായാലും സ്ഥാപനത്തിന്റെ ഉയർച്ച ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയണം. വായ്പ അനുപാതം 1:10 എന്നത് 1:20 ആക്കണം പട്ടണക്കാട് SCB 1144 ന്റെ പ്രവർത്തനപരിധിയിൽ തന്നെ പ്രവർത്തിക്കുന്ന വയലാർ വെസ്റ്റ് SCS. 3226 SCB 1144 ൽ ലയിപ്പിച്ച് ഒന്നാക്കണം. അതുപോലെ തന്നെ വെട്ടയ്ക്കൽ SCB 1812 ന്റെ പ്രവർത്തന പരിധിയിൽ തന്നെ പ്രവർത്തിക്കുന്ന SCS 4292, SCS A698, ഇവ SCB 1812 മായി ലയിപ്പിച്ച് ഒന്നായി പ്രവർത്തിക്കണം. അങ്ങനെ ഈ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന രണ്ടു സർവ്വീസ് സഹകരണ ബാങ്കുകൾ മതിയാകും. ഇങ്ങനെ രണ്ടായി മാറുന്ന സ്ഥാപനങ്ങളിൽ കക്ഷി രാഷ്ട്രീയത്തിന് – ജാതി-മതങ്ങൾക്കും അതീതമായി മെമ്പർഷിപ്പു കൊടുക്കാനും അംഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാനും കഴിയണം. ആവശ്യത്തിന് പലിശയും, കൺസ്യൂമർവള, ജൗളി, മാവേലി സ്റ്റോറുകൾ തുടങ്ങാനും. സ്വർണ്ണപണയ വായ്പാപദ്ധതി നടപ്പാക്കാനും കഴിയണം. ഈ പഞ്ചായത്തിലെ ജനങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ ജനങ്ങൾ ഒരു ബാദ്ധ്യത ഏറ്റെടുക്കണം. നമ്മുടെ ഗ്രാമത്തിലെ ഈ സ്ഥാപനത്തിൽ നമ്മുടെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ തുടങ്ങാനും അതുവഴി നമ്മുടെ ഗ്രാമവാസികളുടെ വായ്പ ആവശ്യം നിറവേറ്റാനും പര്യാപ്തമാക്കണം അതോടൊപ്പം വായ്പ എടുക്കുന്ന അംഗങ്ങൾ കൃത്യസമയത്തുതന്നെ വായ്പ തിരിച്ചടച്ച് മറ്റു വായ്പക്കാരുടെയും സ്ഥാപനത്തിന്റെയും താല്പര്യം സംരക്ഷിക്കാൻ തയ്യാറാകണം,

കയർ സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ എട്ടു പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഒന്നുപോലും കാര്യക്ഷമമാണ് എന്ന് അഭിപ്രായമില്ല. പലതും കടലാസ് സംഘങ്ങൾ മാത്രമാണ്. പ്രാമിക കയർ സംഘങ്ങൾ അതിലെ തൊഴിലാളികളായ അംഗങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടവയാണ്. എന്നാൽ തുച്ഛമായ കൂലി മാത്രമാണ് ഈ രംഗത്ത് ഇന്നുള്ളത്. അതുകൊണ്ടുതന്നെ മറ്റു മേഖലയിലേയ്ക്ക് തൊഴിലാളികൾ തൊഴിൽ അന്വേഷിച്ചുപോകുന്നു. തൊണ്ടിന്റെ ക്ഷാമവും മറ്റു സംസ്ഥാനങ്ങളിൽനിന്നും ക്രമാതീതമായിവരുന്ന കെട്ടുചകിരിയും കൂടെക്കൂടെ ഉണ്ടാകുന്ന തൊഴിൽ സ്തംഭനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യം വേണ്ട സഹായസഹകരണങ്ങളുടെ അപര്യാപ്തതയും ഈ സ്ഥാപനങ്ങളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന സ്ഥിതിയുണ്ട്. ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണം കുറച്ച് നാല് പ്രാഥമിക സംഘങ്ങളായി പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ഗവൺമെന്റും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും ശക്തമായ ഇടപെടൽതന്നെ നടത്തണം. തൊഴിലാളികൾക്ക് ജീവിക്കാൻ ആവശ്യമായ വേതനം കിട്ടാനും പരമാവധി തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാനും ശ്രമിയ്ക്കണം ഈ രംഗത്തെ കുത്തക-ഇടത്തരം കയർ വ്യവസായികളുടെ പിടിയിൽനിന്നും സ്ഥാപനത്തെ രക്ഷിയ്ക്കാനും കഴിയണം.

ക്ഷീരോല്പാദന സഹകരണസംഘം

പട്ടണക്കാട് ക്ഷീരോല്പാദക സഹകരണ സംഘം, വെട്ടയ്ക്കൽ ക്ഷീരോല്പാദക സഹകരണസംഘം എന്നീ രണ്ടു സംഘങ്ങൾ നമ്മുടെ പഞ്ചായത്ത് ഏരിയായിൽ പ്രവർത്തിക്കുന്നു. പട്ടണക്കാട് സംഘത്തിൽ 310 മെമ്പറൻമാരും, 12831 രൂപാ ഓഹരി മൂലധനവുമുള്ള ഈ സ്ഥാപനം 1977ലാണ് പ്രവർത്തനം തുടങ്ങിയത് ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ദൈനംദിനം 500 ലിറ്ററിനുമേൽ പാൽ സംഭരിക്കുകയും 100 ലിറ്റർ പാൽ പ്രാദേശികമായും ബാക്കി

മിൽമാക്കുമായി വിതരണം ചെയ്യുന്നു. വെട്ടയ്ക്കൽ സംഘം 1980 ലാണ് പ്രവർത്തനം ആരംഭിച്ചത് ദൈനദിനം 300 ലിറ്റർ പാൽ സംഭരിച്ചു വിതരണം നടത്തുന്നു. ഈ രണ്ടു സ്ഥാപനങ്ങളും കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിയ്ക്കുമെന്ന് പ്രതീക്ഷിക്കാം.

പട്ടണക്കാട് കയർ മാറ്റ്സ് & മാറ്റിംഗ് C S A 405

1963 ഫെബ്രുവരി 15-ാം തീയതി ആരംഭിച്ച ഈ സംഘത്തിൽ 124 അംഗങ്ങളാണ് ഉണ്ട്. ഗവൺമെന്റ് ഷെയർ ഉൾപ്പടെ 852,000 രൂപ ഓഹരി മൂലധനമുണ്ട്. പട്ടണക്കാടിന്റെ ഹൃദയഭാഗത്തു പ്രവർത്തിക്കുന്ന ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്ന കൂടുതൽ അംഗങ്ങളെ ചേർക്കാനും കൂടുതൽ പേർക്ക് തൊഴിൽ അവസരം ഉണ്ടാക്കാനും കഴിയണം.

പട്ടണക്കാട് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ A 130

പട്ടണക്കാട്ട് ബ്ലോക്ക് ഏരിയാ പ്രവർത്തന പരിധിയായി അംഗീകരിച്ചിട്ടുള്ള ഈ സ്ഥാപനം 1960 ഡിസം: 19 ന് പ്രവർത്തനം ആരംഭിച്ചു 1265 അംഗങ്ങളിലായി 8,10,000 രൂപാ ഓഹരി മൂലധനമായി ഇപ്പോഴുണ്ട്. ഭവന നിർമ്മാണ ആവശ്യങ്ങൾക്കു മാത്രം ഹൗസിംഗ് ഫഡറേഷനിൽ നിന്നും വായ്പയെടുത്തു കൊടുക്കുകയാണ് പ്രധാന പ്രവർത്തനം. ഒരു വായ്പാ അപേക്ഷകന് 15 ലക്ഷം രൂപാ വരെ വായ്പ കൊടുക്കാൻ വ്യവസ്ഥയുണ്ട്. 240 അംഗങ്ങൾക്കായി 6,82,6970 രൂപ ഇന്ന് വായ്പ കൊടുത്തിട്ടുണ്ട്. വായ്പ അപേക്ഷകരുടെ ആവശ്യം പൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നില്ല അതിനു കാരണം ക്രമാതീതമായ വായ്പ കുടിശികയാണ്. കൂടുതൽ അംഗങ്ങളെ ചേർത്ത് കൂടുതൽ വായ്പ കൊടുക്കാൻ ശ്രമിക്കേണ്ടതാണ്.

ചേർത്തല താലൂക്ക് സാമൂഹ്യ ക്ഷേമ പരസ്പര സഹായ സഹകരണ സംഘം ക്ലിപ്തം No A 680

1988 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ 375 അംഗങ്ങളും 375000 രൂപ ഓഹരി മൂലധനവും ഉണ്ട്. വിവിധ രംഗങ്ങളിൽ പണിയെടുത്ത് പ്രായാധിക്യം മൂലം സർവ്വീസിൽ നിന്നും വിരമിച്ചവർ അംഗങ്ങളായ ഈ സ്ഥാപനം ചുരുങ്ങിയ കാലം കൊണ്ടു നന്നായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്.

ആലപ്പുഴ ജില്ലാ ഹോസ്പിറ്റൽ C. S. A 95

പട്ടണക്കാട് പഞ്ചായത്തിൽ ആസ്ഥാനമായി ജില്ല മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനം 28-10-1984 ൽ പ്രവർത്തനം ആരംഭിച്ചു. ആതുര ശുശ്രൂഷാ രംഗത്ത് ഒരു മഹാപ്രസ്ഥാനമാക്കി വളർത്തിയെടുക്കാൻ കഴിയുന്ന ഈ സ്ഥാപനത്തിന്റെ കഴിഞ്ഞകാല പ്രവർത്തനം ആശാവഹമല്ലായിരുന്നു. എന്നാൽ ഇടക്കാലമായി ചെറിയ മാറ്റങ്ങൾ കാണുവാൻ കഴിയും കൂടുതൽ അംഗങ്ങളെ ചേർത്ത് കൂടുതൽ നന്നായി പ്രവർത്തിച്ചാൽ വളരെയധികം സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ് അതിനനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കാം

നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ ലിസ്റ്റ് അന്യത്ര കൊടുത്തിരുന്നു അതിൽ ചിലതിന്റെ കാര്യം മാത്രമാണ് മുകളിൽ വിശദീകരണം കൊടുത്തിരിക്കുന്നത്. മറ്റ് സ്ഥാപനങ്ങളുടെയും സ്ഥിതിവിവരക്കണക്ക് എടുത്ത് റിപ്പോർട്ട് ആക്കേണ്ടതായിരുന്നു. ചുരുങ്ങിയ സമയപരിധിക്കുള്ളിൽ അതു കഴിയാതെ വന്നു. കൂടുതൽ ചർച്ചകളിലൂടെയും വരുംകാല പ്രവർത്തനങ്ങളിലൂടെയും അവ പരിഹരിക്കാൻ ശ്രമിക്കാം.

സഹകരണമേഖലയെ സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്ന ആവശ്യങ്ങൾ

1) പഞ്ചായത്ത് 1, 2, 3 വാർഡുകളിലെ മൽസ്യബന്ധനവുമായി ബന്ധപ്പെട്ടിട്ടുള്ള തൊഴിലാളികളെ കേന്ദ്രീകരിച്ച് മൽസ്യബന്ധനവും വിപണനവും അടിസ്ഥാനമാക്കി ഒരു സഹകരണസംഘം രൂപീകരിക്കുക

2) പഞ്ചായത്ത് 4, 5, 7, 11 എന്നീ വാർഡുകളിലെ കയർ ഫാക്ടറി തൊഴിലാളികളെ അംഗങ്ങളാക്കി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ് സഹകരണസംഘം രൂപീകരിക്കുക

3 4, 7, 11, 12, വാർഡുകളിൽ രണ്ടു ക്ഷീരോല്പാദക സഹകരണ സംഘങ്ങളും രൂപീകരിക്കുക.

4 7, 11–വാർഡുകളിൽ ചകിരിനാരുമാല, കരകൗശല ഉല്പന്നങ്ങളും അടിസ്ഥാനമാക്കി സംഘം രജിസ്റ്റർ ചെയ്യുക.

5 ഖാദി, കൈത്തറി മേഖലയിൽ 70% സ്ത്രീകളെ അംഗങ്ങളാക്കി ഒരു സംഘം രജിസ്റ്റർ ചെയ്യുക.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന മുഴുവൻ സഹകരണ സ്ഥാപനങ്ങളിലും അർഹതയുള്ള മുഴുവൻ പേർക്കും അംഗത്വം നൽകി സംഘങ്ങളുടെ പ്രവർത്തനം ജനോപകാര പ്രദമാക്കാൻ നടപടി സ്വീകരിക്കുക.

2 സഹകരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സർക്കാർ സഹായം ലഭിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുക.

3 ആലപ്പുഴ ജില്ലാ സഹകരണ ആശുപത്രിയിൽ കൂടുകൾ മെമ്പർഷിപ്പു കൊടുത്ത് ഗവൺമെൻറിന്റെ സഹായത്തോടു കൂടി അത്യാധുനികമായ ചികിൽസാ സൗകര്യങ്ങളും ഏർപ്പെടുത്തി ഹോസ്പിറ്റൽ സംഘത്തിന്റെ പ്രവർത്തനം ജനോപകാരപ്രദമാക്കുക.

4 വായ്പ സംഘങ്ങളിലെ ഓഹരി അനുപാതം 1:10 എന്നത് 1:20 എന്നാക്കി വായ്പ അപേക്ഷകരുടെ ഷെയർ അമിതമായി എടുക്കുന്ന നടപടി ഒഴിവാക്കുക.

5 വെട്ടയ്ക്കൽ പ്രദേശം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന SCB 1812 SCSU 292 SCSA 698 എന്നിവ സംയോജിപ്പിച്ച് ഒറ്റ സംഘമാക്കുകയും എല്ലാവിധ ബാങ്കിംഗ് പ്രവർത്തനത്തോടൊപ്പം ചിട്ടികളും തുടങ്ങുകയും സഹകരണ മാവേലിസ്റ്റോർ, ജൗളി സ്റ്റോർ, വളം ഡിപ്പോ തുടങ്ങിയ അനുബന്ധ ബിസിനസ്സ് ആരംഭിക്കുകയും ചെയ്യുക.

6 കാര്യക്ഷമമായ പ്രവർത്തനമില്ലാത്ത വയലാർ വെസ്റ്റ് SCS 3226 പട്ടണക്കാട് SCB 1144 ആയി ലയിച്ച് ഒന്നായി പ്രവർത്തിക്കുക.

7 നിലവിൽ പ്രവർത്തനമില്ലാത്ത എല്ലാ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഗവൺമെൻറും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളും ആവശ്യമായ നടപടി സ്വീകരിക്കണം.

സംസ്ക്കാരം

വ്യത്യസ്തമായ ആചാരമര്യാദകളും ജീവിത രീതികളും വച്ചു പുലർത്തുന്ന വിവിധ ജാതി മതസ്ഥരായ ഒരു ജനസഞ്ചയം ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞു കൂടുന്ന ഒരു ഗ്രാമമാണ് നമ്മുടേത്. ജാതി മത വർഗ്ഗീയ സംഘട്ടനങ്ങളുടെ നിഴൽപ്പാടുകൾ ഇന്നോളം നമ്മുടെ ഗ്രാമീണ ജീവിതത്തെ കളങ്കപ്പെടുത്തിയിട്ടില്ല. ജാതി കൃതമായ അനാചാരങ്ങൾക്കെതിരെ ആഞ്ഞടിച്ച അയ്യങ്കാളിയുടെയും ശ്രീനാരായണന്റെയും സന്ദേശങ്ങളുടെ അലയടികൾ നമ്മുടെ ഗ്രാമീണ ജനതയെക്കുറച്ചൊന്നുമല്ല സ്വാധീനിച്ചത്, സ്കൂളുകളും വായനശാലകളും നമ്മുടെ ഗ്രാമത്തിലെങ്ങും ഉയർന്നുവരാൻ സഹായിച്ചത് മുൻ പറഞ്ഞ മഹത് സന്ദേശങ്ങളുടെ പ്രേരണ മൂലമാണ്. കരപ്പുറം സേവാസംഘം അധഃസ്ഥിതരുടെ ഉന്നമനത്തിനായി നടത്തിയ സേവനങ്ങളും അവിസ്മരണീയമാണ്.

നമ്മുടെ പഞ്ചായത്തിൽപ്പെട്ട ചങ്ങംവേലിലും പാറയിലും ശ്രീനാരായണ ഗുരു സന്നിഹിതനായി ജനങ്ങളെ ഉൽബുദ്ധരാക്കിയിട്ടുണ്ട് ഗതകാല വൈവേങ്ങളും അയ്യപ്പിറക്കി ആലസ്യത്തിൽ കഴിഞ്ഞിരുന്ന ഒരു ജനതയെ ഉണർത്തി സംഘശക്തിയായി അണിനിരത്താൻ കഴിഞ്ഞ മന്നത്തു പത്മനാഭന്റെ കർമ്മകുശലതയുടെ സൽഫലങ്ങളും ഈ നാടിന് അനുഭവേദ്യമാണ്

നമ്മുടെ സംസ്ക്കാരിക മുന്നേറ്റത്തിനടിത്തറപാകിയ വിദ്യാനികേതനമാണ് പഴയ വിജ്ഞാനോദയം ഗ്രന്ഥശാല. 1951 സെപ്തംബറിലാണതു സ്ഥാപിച്ചത് ആദ്യ പ്രസിഡന്റ് ഡോ. കെ. ഭാസ്ക്കരൻ നായരും സെക്രട്ടറി പി. പി. രഘുനാഥും ആണ് ഈ ഗ്രന്ഥ ശാലയുടെ വാർഷികാഘോഷങ്ങളും വലിയ സാംസ്കാരിക സംഭവമാക്കിയ സെക്രട്ടറിമാരിൽ പ്രമുഖരാണ്. സി. എൻ. ഭാസ്ക്കരൻ പിള്ളയും ജില്ലാ പഞ്ചായത്തു മെംബറായ കെ. ആർ. ഭാമോദരനും 1966-ൽ പഞ്ചായത്തിനും വിട്ടുകൊടുത്ത പ്രസ്തുത ലൈബ്രറിയാണ് ഇന്നത്തെ പഞ്ചായത്തു പബ്ലിക് ലൈബ്രറി.

വെട്ടയ്ക്കൽ ശ്രീ ചിത്രോദയം ഗ്രന്ഥശാല, വീയാത്തറ ദേശാഭിമാനി എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചു പോരുന്നു. ഒരു കാലത്ത് നന്നായി പ്രവർത്തിച്ചിരുന്നതാണ്. അഴീക്കലെ ദിവ്യംബിക അതിന്റെ പ്രവർത്തനം നിലച്ചിട്ട് ഏറെനാളായി.

നമ്മുടെ സാംസ്ക്കാരിക ജീവിതത്തെ ചൈതന്യബന്ധം ആക്കുന്നതിൽ കലാസാംസ്കാരിക സമിതികളും വഹിക്കുന്ന പങ്ക് വിസ്മരിച്ചുകൂടാ. രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായതുൾപ്പെടെ 25 ഓളം കലാസമിതികളും പഞ്ചായത്തുപ്രദേശത്തുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രിസ്തുമസ്-വർഷാന്ത സായാഹ്നങ്ങളിൽ മൽസരബുദ്ധിയോടെ പഞ്ചമി ഒരുക്കുന്ന കലാവിരുന്ന് അത്യന്തം ഹൃദയഹാരിയാണ്.

വിവിധ വാർഡുകളിലായി 14 ഹിന്ദു ദേവാലയങ്ങളും ചാപ്പലുകളും ഉൾപ്പെടെ 11 ക്രിസ്ത്യൻ ദേവാലയങ്ങളും 2 മുസ്ലീം ആരാധനാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ സാംസ്കാരിക ജീവിതത്തിൽ നിസ്തുലമായ സ്ഥാനമാണിവയ്ക്കുള്ളത്.

ദിവാൻ ഭരണത്തിനും രാജവാഴ്ചയ്ക്കുമെതിരെ പടപൊരുതി രക്തസാക്ഷിത്വം വരിച്ച ധീരൻമാടെ സ്ഥലമാണ് മേനാശ്ശേരി.

സംഗീതത്തിൽ അസാധാരണമായ നൈസർഗിക സിദ്ധി പ്രകടിപ്പിച്ചിരന്ന കുഞ്ഞൻ ഭാഗവതർ നമ്മുടെ നാട്ടിലെ ഒട്ടേറെ സംഗീതജ്ഞർക്ക് ഗുരുസ്ഥാനീയനാണ്. കഥകളിസംഗീതം. ഹരികഥ എന്നിവയിൽ അനേകം ആസ്വാദക സദസ്സുകളെ ആനന്ദിപ്പിച്ചിട്ടുള്ള M R B കുറുപ്പ്, പ്രശസ്ത വയലിനിസ്റ്റ് നെടുമങ്ങാട് ശിവാനന്ദൻ കഥകളി സംഗീതജ്ഞൻ പൂപ്പാത്ത് സുകുമാരമേനോൻ, പ്രശസ്ത ഗായകൻ പട്ടണക്കാട് പുരുഷോത്തമൻ, സിനിമാനടി പുന്നശ്ശേരിൽ കാഞ്ചന, അനുഗൃഹീത നാടകനടൻ ചേർത്തല രാമൻ നായർ, ക്ലാരനറ്റ് വിദ്വാൻ പട്ടണക്കാട് കുട്ടപ്പൻ, നാഗസ്വര വിദ്വാൻ പാലൃം ചിറ പത്മനാഭൻ എന്നിവർനമ്മുടെ നാടിന്റെഅഭിമാനഭാജനങ്ങളാണ്

സമാധിദിനം, ഉൽസവാഘോഷങ്ങൾ എന്നിവയോടനുബന്ധിച്ച് സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കുക ഈ നാടിന്റെ ഒരു പ്രത്യേകതയായിരുന്നു. തകഴി കേശവദേവ് ജി. ശങ്കരക്കുറുപ്പ്, പൊൻകുന്നം വർക്കി, വയലാർ രാമവർമ്മ, ഒ. എൻ. വി. കുറുപ്പ്, എം. കെ. സാനു, സുകുമാർ അഴീക്കോട് എന്നിവർക്ക് ഈ നാട് ഒട്ടേറെ വേദികൾ ഒരുക്കിയിട്ടുണ്ട്. കലാപരിപാടികളുടെ പിൻബലമില്ലാതെതന്നെ വമ്പിച്ച ജനസഞ്ചയത്തെ ആകർഷിക്കാൻ പോന്നവയായിരുന്നു ആ യോഗങ്ങൾ. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അനന്ധകാരനഴി, പട്ടണക്കാട് യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

മതസൗഹാർദ്ദത്തിലും സഹൃദയത്വത്തിലും, സാംസ്കാരിക തനിമയിലും ഈ നാടിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്.

വായനശാലകളും ഗ്രന്ഥശാലകളും

1 പഞ്ചായത്ത് ലൈബ്രറി, പട്ടണക്കാട്
2 ദേശാഭിമാനി, വീയാത്ര
3 ശ്രീ ചിത്രോദയം വായനശാല, വെട്ടയ്ക്കൽ
4 ദിവ്യാംബിക, അഴീയ്ക്കൽ

കലാകായിക സമിതികൾ

1 വൈ. എം. സി. വെട്ടയ്ക്കൽ
2 ചലഞ്ച് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, വെട്ടയ്ക്കൽ
3 ന്യൂമെൻസ് സ്പോർട്ട്സ് ക്ലബ്, വെട്ടയ്ക്കൽ
4 ദീപ്തി സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്, വെട്ടയ്ക്കൽ
5 അരീന ഡ്രമാറ്റിക് ക്ലബ്, വെട്ടയ്ക്കൽ
6 സൂര്യ ആർട്ട്സ് ആൻറ് സ്പോർട്ട്സ്, വീയാത്രകോളനി
7 ദേശാഭിമാനി സ്പോർട്ട്സ് ക്ലബ്, വീയാത്ര
8 എക്കോ ആർട്ട്സ് ആൻറ് സ്പോർട്ട്സ് രജി: നമ്പർ എ. 244/89
9 യുവചേതന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് നമ്പർ എ. 533/88
10 ഗ്രാമശ്രീ നമ്പർ 624/92, ഉഴുവ
11 കലാദർശന ആർട്ട്സ് & സ്പോർട്ട്സ്, ഉഴുവ
12 സംസ്കാര ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, പട്ടണക്കാട്
13 യുവദർശന ആർട്ട്സ് & സ്പോർട്ട്സ്, പട്ടണക്കാട്
14 ദേശാഭിമാനി ആർട്ട്സ് ആൻറ് സ്പോർട്ട്സ് പട്ടണക്കാട്
15 ടാലൻറ് ആർട്ട്സ് സൊസൈറ്റി, പട്ടണക്കാട്
16 ശ്രുതി ആർട്ട്സ് ആൻറ് സ്പോർട്ട്സ് പട്ടണക്കാട്
17 നവഭാവന ആർട്ട്സ് ആൻറ് സ്പോർട്ട്സ് പട്ടണക്കാട്
18 സർഗ്ഗ വീണ ആർട്ട്സ് ക്ലബ്
19 ഡ്രമാറ്റിക് കൗൺസിൽ, കോനാട്ടുശേരി
20 വിദ്യാരംഭം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്
21 പഞ്ചമി ആർട്ട്സ് ആൻറ് സ്പോർട്ട്സ് പട്ടണക്കാട്
22 പട്ടണക്കാട് പഞ്ചമി
23 ബി. ബി. സി. കോതകുളങ്ങര
24 റോളെക്സ്, ഉഴുവ
25 ഭാരത് സന്നദ്ധ സംഘം പട്ടണക്കാട്

സാദ്ധ്യതകൾ:-

1 പഞ്ചായത്തു ലൈബ്രറി ഒരു കേന്ദ്ര ലൈബ്രറിയായി പ്രവർത്തിച്ച് ഇതര ലൈബ്രറികൾക്ക് പുസ്തകങ്ങൾ കടം കൊടുക്കുക.
2 എല്ലാ ഗ്രന്ഥശാലകളും ഹോംഡിസ്ട്രിബ്യൂഷൻ ലൈബ്രറികളായി പ്രവർത്തിപ്പിക്കുക,
3 പഞ്ചായത്തു വായനശാലയിൽ പത്രങ്ങൾക്കു പുറമെ മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ കൂടി വായനക്ക് ലഭ്യമാക്കുക.
4 ദിവ്യാംബിക ഗ്രന്ഥശാല പുനരുജ്ജീവിപ്പിക്കുക.
5 2, 4, 7, 11, 12 വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കുകയും 3-ാംവാർഡിലെ സെറ്റിൽമെൻറ് കോളനി വായനശാല ഗ്രന്ഥശാലയായി ഉയർത്തുകയും ചെയ്യുക.
6 എല്ലാ വാർഡുകളിലും പബ്ലിക് TV കൾ സ്ഥാപിക്കുക
7 ഏറ്റവും നല്ല ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബിന് പഞ്ചായത്തുവക എവർ റോളിംഗ് ട്രോഫി ഏർപ്പെടുത്തുക

8 എല്ലാ വാർഡിലും സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കുക

9 പഞ്ചായത്തുതല ടൂർണ്ണമെൻറുകളും സംഘടിപ്പിക്കുക

10 നാടൻ കലാരൂപങ്ങളായ പാവിട്ടുനാടകം, കോൽകളി, പരിചമുട്ടുകളി തിരുവാതിര എന്നിവയ്ക്ക് പരിശീലനം നൽകുക. ഗിരിജനങ്ങളുടെ നാടൻകലകളും സംരക്ഷിക്കാനുള്ള പരിപാടികളും ആസൂത്രണം ചെയ്യുക

11 കലാകായിക സംഘടനകൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുക

12 കേരളോൽസവത്തിന് വാർഡുകളെ ഹൗസുകളായി തിരിച്ച് മൽസരത്തിന് ആരോഗ്യകരമായ ടീം സ്പിരിറ് ഉണ്ടാക്കുക.

13 പഞ്ചായത്ത് ആഭിമുഖ്യത്തിൽ ഒരു സ്റേഡിയം നിർമ്മിക്കുക.

14 രക്തദാന ഗ്രൂപ്പുകളും സംഘടിപ്പിക്കുകയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുക.

15 പഞ്ചായത്തുവക Creche കളും സ്ഥാപിക്കുക.

വിഭവസമാഹരണം

വികസനത്തിനു വേണ്ട വിഭവ സമാഹരണം

വികസനാവശ്യങ്ങളെ നാലായി തിരിക്കാം

1 സംസ്ഥാനത്തു പൊതുവേ വേണ്ടവ

2 പഞ്ചായത്തു പ്രദേശത്തെ അടിസ്ഥാന വികസനം

3 പഞ്ചായത്തു പ്രദേശത്തെ പ്രാദേശിക വികസനം

4 പ്രോൽസാഹനപരമായ ആവശ്യങ്ങൾ

1 സംസ്ഥാനത്ത് പൊതുവെവേണ്ടത്

ഉദാ:- തെങ്ങുകൃഷി പുനരുദ്ധാരണം. നാശോന്മുഖമായ തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിന് സംസ്ഥാനടിസ്ഥാനത്തിൽ നയപരമായ തീരുമാനങ്ങളും ആവശ്യമായ ഫണ്ടുകളും വേണം ഇതു പഞ്ചായത്തു തലത്തിൽ ചിന്തിക്കേണ്ടതല്ല.

2 പഞ്ചായത്ത് പ്രദേശത്തെ അടിസ്ഥാന വികസനം

ഉദാ: വിവിധ പഞ്ചായത്തു വാർഡുകളെ കൂട്ടിയോജിപ്പിക്കുന്ന റോഡുകളും, പാലങ്ങളും, എന്നിവയുടെ നിർമ്മാണം. (ഉദാ: ആറാട്ടുവഴി-പൊഴിച്ചാൽ പാലം)

ഇത്തരം പ്രവർത്തനങ്ങൾക്ക് വമ്പിച്ച മുതൽമുടക്ക് ആവശ്യമാണ്. അവ പദ്ധതിപ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കണം.

3 പഞ്ചായത്ത് പ്രദേശത്തെ പ്രാദേശിക വികസനം

ഒരു പ്രത്യേക പഞ്ചായത്ത് പ്രദേശത്ത് ഒതുങ്ങി നിൽക്കുന്ന വികസനം (ഉദാ: അംഗൻവാടിക്ക് കെട്ടിടം, കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ കിണർ നിർമ്മിക്കൽ

കഴിഞ്ഞ നവംബർ 1-ാം തീയതി പുനഃരർപ്പണ ദിനത്തിൽ പഞ്ചായത്ത് പ്രസിഡൻറിൻെറ വാർഡിൽ ശ്രമദാനത്തിലൂടെ ചെമ്മാർട്ട്പെമ്മരപ്പള്ളി ജനതാറോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ഏകദേശം 2500 രൂപാവരെ ചെലവുവരുന്നമണ്ണും മനുഷ്യ പ്രയത്നവും അടക്കമുള്ള വിവേങ്ങൾ, ഒരു കി: മീറർ നീളം വരുന്ന ഈ റോഡിനു വേണ്ടി ശ്രമദാനമായി ചെലവഴിച്ചു 300 ഓളം സന്നദ്ധ പ്രവർത്തകർ കയ്യും മെയ്യും മറന്ന് ഈ പ്രവർത്തനത്തിൽ പങ്കുചേർന്നു ഈ കൂട്ടായ്മ ഒരു മുതൽ മുടക്കായി സ്വരൂപിച്ച് ചിട്ടയായ വികസന ലക്ഷ്യം മനസ്സിൽ വച്ചുകൊണ്ട് മുന്നേറിയാൽ ആശാവഹമായ നേട്ടങ്ങൾ കൊയ്യുവാൻ നമുക്കു സാധിക്കും. ബഹുജനങ്ങളുടെ സഹകരണം ഒത്തുചേരലുകൾ എന്നിവ കക്ഷിരാഷ്ട്രീയത്തിൻെറ അനാരോഗ്യകരമായ കിടമൽസരങ്ങൾ ഇല്ലാതാക്കുന്നതായാണ് അനുഭവം. സന്നദ്ധ പ്രവർത്തനങ്ങൾ, സർക്കാർ സ്വകാര്യ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുവാനും, സജീവമാക്കുവാനുമാണ്. സർക്കാർ പഞ്ചായത്തു വിഹിതത്തിനു പകരം വെയ്ക്കലല്ല.

ഫർണീച്ചർ കാർപ്പൻററി മുതലായ സാങ്കേതിക പരിശീലനങ്ങൾക്ക് ആവശ്യമായ ഷെഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് 4-ാംവാർഡിൽനിന്നും നൽകാമെന്ന് ഗ്രാമസഭ നിർദ്ദേശത്തിലുണ്ട്. 50% തുക വിവിധ ഏജൻസികളും മുഖേന നൽകിയാൽ സ്വയംതൊഴിൽ പദ്ധതികളും ആസൂത്രണം ചെയ്യാമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

4 പ്രോൽസാഹനപരമായ ആവശ്യങ്ങൾ

ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകളെ സഹായിക്കൽ മുതലായവ

മൂന്നും നാലും ഗ്രൂപ്പിൽപ്പെട്ട പ്രവർത്തനങ്ങളിൽ പഞ്ചായത്തു തലത്തിലുള്ള വിഭവ സമാഹരണവും ആവശ്യമാണ്.

വിഭവ സമാഹരണ മാർഗങ്ങൾ

കൂടുതൽ വികസനത്തിന് ആവശ്യമായ വിഭവങ്ങളും പ്രാദേശികമായി സമാഹരിക്കുന്നതിന് വാർഡുകളിൽ നിന്ന് പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അവയിൽ ഏതാനും ചിലത് താഴെ കൊടുത്തിരിക്കുന്നു.

1 പഞ്ചായത്ത് അതിർത്തിയിൽ നടത്തുന്ന പരസ്യങ്ങൾക്ക് ഫീസ് ഏർപ്പെടുത്തുക
2 പാരലൽ കോളേജ്, സ്വകാര്യ ക്ലിനിക്ക് എന്നിവകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക
3 കോൺട്രീറ്റ് കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി
4 മദ്യഷാപ്പുകൾക്ക് പ്രത്യേക നികുതി
5 വിവാഹ രജിസ്ട്രേഷൻ ഫീസ്
6 പൊതുകിട ഫാക്ടറിക്ക് ലൈസൻസ് ഫീസ്
7 ടെലിഫോൺ കണക്ഷൻ നികുതി
8 10000 രൂപയ്ക്കുമേലുള്ള വീട്ടുപകരണങ്ങൾക്ക് നികുതി
9 നിർമ്മാണ തൊഴിലാളികൾ, ചെത്തു തൊഴിലാളികൾ എന്നിവർക്കുകൂടി തൊഴിൽ നികുതി
10 വി ഡി. ഒ. ഗ്രാഫേഴ്സിൽനിന്നുംനികുതി
11 കേബിൾ T V. എടുത്തവരിൽനിന്നുംഫീസ്
12 കേബിൾ T V വിതരണക്കാർക്ക് നികുതി

മേല്പറഞ്ഞവയിൽ പലതിനും ഇപ്പോൾതന്നെ നികുതി ചുമത്തുന്നുണ്ട്.

അധികമായ നികുതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്.

1 ജനങ്ങളുമായി നേരിട്ടു സമ്പർക്കപ്പെടുന്ന സ്ഥാപനം എന്ന നിലയ്ക്ക് ജനസഹകരണം സമാഹരിക്കുവാൻ ഇതു തടസ്സമാകും
2 നികുതി പിരിക്കുവാനും കൂടുതൽ ഭരണ ചെലവുണ്ടാകും. ചെലവുകഴിച്ചു കിട്ടുന്ന അറ വരുമാനം നാമമാത്രമാകും.
3 നികുതിവെട്ടിപ്പിനും. അഴിമതിക്കും സാദ്ധ്യത ഏറും.

അതിനാൽ താഴെ പറയുന്ന രണ്ടു ബദൽ നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടതാണ്.

ഒന്ന് പ്രാദേശികമായ പല വികസനപ്രവർത്തനങ്ങൾക്കും ആവശ്യമായ വിഭവം സ്വരൂപിക്കുവാനുള്ള കഴിവ് അതാതു പ്രദേശ നിവാസികൾക്കുണ്ട്. "സഹകരിക്കുക, വികസനം നേടുക" എന്ന നയം കൊണ്ടുവരണം. ഏതു വികസന പ്രവർത്തനത്തിനും നിശ്ചിത ശതമാനം പൊതുധനവും ബാക്കി പൊതു ജനസംഭാവനയും എന്ന താവട്ടെ ആ നയം. ഒരു വാർഡിൽ ഒരു കിണർ നിർമ്മിക്കുവാൻ വേണ്ട ചെലവിന്റെ പകുതി പഞ്ചായത്തു നൽകുന്നു. ബാക്കി പകുതി പ്രാദേശിക സമിതി സമാഹരിക്കുന്നു, കിണർ പണിയുന്നു. ഒന്നാം വാർഡിൽ ജനങ്ങൾ സഹകരിച്ചു. അവിടെ കിണർ ഉണ്ടായി. രണ്ടാം വാർഡിൽ സഹകരിച്ചില്ലാ കിണർ ഉണ്ടായില്ല.

രണ്ട് - പരോക്ഷ നികുതിയാണ് മറെറാന്ന്. ഗവൺമെൻറ് പിരിച്ചെടുക്കുന്ന നികുതിയുടെ ഒരു ഭാഗം പഞ്ചായത്ത് വികസനഫണ്ടിലേയ്ക്ക് നൽകലാണത്. ഉപഭോക്തൃത വസ്തുക്കളുടെ മേൽ മൊത്തക്കച്ചവട കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന നികുതിയിൽ ഒരു പഞ്ചായത്തു വിഹിതം കൂടി ഉണ്ടാകണം. മുദ്രവിലയിൽ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിനു നൽകുന്നതു പോലെ

പഞ്ചായത്തിലെ 1995-96ലെ ഇനം തിരിച്ചുള്ള വരവുചെലവ് പട്ടിക താഴെ കൊടുക്കുന്നു

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

1995-96 ലെ വരവു-ചെലവുകളുടെ വിവരം

	വരവ്		രൂ	സ
1	Building tax	—	153863	05
2	Library fees	—	8131	90
3	Profession tax	—	141607	00
4	Show tax	—	1730	00
5	Sur charge on show tax	—	432	50
6	E. T.	—	22012	65
7	A. T.	—	13337	20
8	Rent on shopping complex	—	16088	10
9	Licence fees	—	8614	00
10	P. F. A.	—	1781	00
11	Auction	—	10905	50
12	Library Recepits	—	1335	50
13	Intrest	—	581	05
14	Duty 75%	—	104015	00
15	Duty 25%	—	.....	...
16	V, T. C.	—	92838	00
17	V. R. M.	—	8938	00
18	M. D.	—	14700	00
19	Basic tax	—	32840	00
20	United fund	—	329000	00
21	Other items	—	142736	15
	Total		1105486	60

	ചെലവ്	രൂ	സ
1	അംഗങ്ങളുടെ അലവൻസും യാത്രപ്പടിയും	69832	00
2	സെക്രട്ടറിയുടേയും ജീവനക്കാരുടെയും ശമ്പളം, യാത്രപ്പടി, പെൻഷൻ അംശം	578866	20
3	തൂപ്പുകാരുടെ വേതനം	27915	00
4	കറൻറ് ചാർജ്ജ്	76447	00
5	ഫോൺചാർജ്ജ് തപാൽചാർജ്ജ്	5743	00
6	പ്രിൻറിംഗ് ചാർജ്ജ്	17408	00
7	ഇലക്ഷൻ ചെലവ്	3560	00
8	ഓഫീസ് കണ്ടിജൻസി	2776	00
9	സാക്ഷരത	2300	00
10	അൺടൈഡ്ഫണ്ട്	324539	60
11	നിലത്തെഴുത്ത് ആശാൻ ഗ്രാൻറ്	1800	00
12	റോഡ്, ബ്രിഡ്ജേജ് പാലം	59052	25
13	റൂൾ ഡവലപ്പ്മെൻറ് ബോർഡ്പായ്പ, പലിശ	8497	00
14	പട്ടി നശീകരണം	5000	00
15	പകർച്ചവ്യാധി നിയന്ത്രണം	4387	00
16	ഡിപ്പോസിറ്റ് മടക്കി കൊടുക്കൽ	22605	00
17	മറ്റിനം	187416	00
	ആകെ	1298144	05

പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വികസനരേഖ-1996

വിദ്യാഭ്യാസവും സംസ്കാരവും

പട്ടണക്കാട് പഞ്ചായത്ത് പ്രദേശത്ത് 5 ലോവർ പ്രൈമറി സ്കൂളും, 1 അപ്പർ പ്രൈമറി സ്കൂളും, 2 ഹൈസ്കൂളും ഉണ്ട്. ഹൈസ്കൂളുകളിൽ ഒന്ന് ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളാണ്. 2 നേഴ്സറി സ്കൂളുകളുള്ളതിൽ ഒന്ന് മലയാളം മീഡിയവും, മറേത് ഇംഗ്ലീഷ് മീഡിയവുമാണ്. ആകെയുള്ള അംഗൻവാടികളുടെ എണ്ണം 30 ആണ്. അതിൽ 15 എണ്ണത്തിനുമാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. പഞ്ചായത്ത് പ്രദേശത്തുള്ള 6 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പട്ടണക്കാട് ഹൈസ്കൂളിനോടനുബന്ധിച്ചുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും മാത്രമാണ് സാങ്കേതിക വിദ്യാലയങ്ങളുടെ പട്ടികയിൽ വരുന്നത്.

പബ്ലിക് സ്കൂൾ ഒഴികെയുള്ള എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ആരംഭിച്ചവയാണ്. കൊല്ല വർഷം 1077 ൽ ആരംഭിച്ച പാറയിലുള്ള വയലാർ ഭാരതി വിലാസം എൽ. പി. സ്കൂളും, കോനാട്ടുശേരി എൽ. പി. സ്കൂളുമാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളുകൾ (95 വർഷം). നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിന്റെ ''വിദ്യകൊണ്ട് സ്വതന്ത്രരാവുക'' എന്ന ആഹ്വാനമനുസരിച്ച് 'പാറയിൽ', 'കോനാട്ടുശേരി' കുടുംബക്കാർ ആരംഭിച്ച് പിൽക്കാലത്ത് സർക്കാരിലേയ്ക്ക് വിട്ടുകൊടുത്ത സ്കൂളുകളാണ് വയലാർ **BVLPS**, കോനാട്ടുശേരി **LPS** എന്നിവ. ഉഴുവ ദേവികർ ക്ഷേത്രത്തിന് പിൻവശം മീനപ്പള്ളിൽ ശ്രീ. രാമൻ മേനോൻ സംഭാവന ചെയ്ത സ്ഥലത്ത് പ്രവർത്തിച്ചിരുന്ന പെൺപള്ളിക്കൂടം പിൽക്കാലത്ത് മാറ്റി സ്ഥാപിക്കപ്പെട്ടതാണ് ഇന്നത്തെ പട്ടണക്കാട് **LPG** സ്കൂൾ. പട്ടണക്കാട് മഹാദേവക്ഷേത്രത്തിനുതൊട്ടുവടക്കുവശം പ്രവർത്തിച്ചിരുന്ന ഒരു പ്രൈമറി വിദ്യാലയം കെട്ടിടം നിലംപതിച്ചതിനെ തുടർന്ന് നിറുത്തൽ ചെയ്യുകയുണ്ടായി. ക്ഷേത്രപ്രവേശന വിളംബരമുണ്ടായ 1936 ന് മുമ്പുതന്നെ അവർണ്ണജാതിക്കാർക്ക് സ്കൂൾ പ്രവേശനവും, അദ്ധ്യാപക നിയമനവും അനുവദിച്ചിരുന്നു. വിദ്യാലയ സാമീപ്യം ക്ഷേത്രത്തിന് അശുദ്ധി വരുത്തുമെന്ന വിശ്വാസത്തിലാണത്രെ ക്ഷേത്രത്തോടനുബന്ധിച്ചുണ്ടായിരുന്ന സ്കൂൾ നിർത്തൽ ചെയ്യാൻ ഇടയായത്.

പഴക്കത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഉഴുവ ഗവൺമെൻറ് യു. പി. സ്കൂൾ സ്ഥാപിക്കുന്നതിനും, അപ്ഗ്രേഡ് ചെയ്യുന്നതിനും എടവനാട്ടു കുടുംബത്തിന്റെ സംഭാവന നിസാരമല്ല. പട്ടണക്കാട് നായർ കരയോഗം സംഭാവന ചെയ്ത സ്ഥലത്താണ് പട്ടണക്കാട് **LPG** സ്കൂൾ സ്ഥിതി ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് ക്രിസ്തീയ സഭകളുടെ സേവനത്തിന്റെ പ്രതീകമായി ഈ പഞ്ചായത്ത് പ്രദേശത്ത് പ്രശോഭിക്കുന്ന രണ്ടു വിദ്യാലയങ്ങളാണ് ഉഴുവ സെൻറ് ജോസഫ്സ് **LPS**, അഴീക്കൽ ബിഷപ്പ് ബെനേറാ മാർട്ടിൻ **LPS** എന്നിവ.

പ്രമുഖ ഗാന്ധിയനും, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആദിപിതാവ് എന്ന വിശേഷണത്തിന് അർഹനുമായ കോളശേരിൽ ശ്രീ. കെ. ജി. ഗോപാലകൃഷ്ണൻ മുൻകൈയെടുത്ത് ചേർത്തല താലൂക്ക് സഹകരണയൂണിയന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച പട്ടണക്കാട് **SCU** ഹൈസ്കൂൾ ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അതിനുമുൻപ് ഈ പ്രദേശത്തുള്ളവർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് എട്ടും പത്തും കിലോമീറ്റർ അകലെയുള്ള ചേർത്തല ഗവൺമെൻറ് ഹൈസ്കൂളിലും, തുറവൂർ **TD** ഹൈസ്കൂളിലും പോകേണ്ടിയിരുന്നു. ഭൂപരിഷ്കരണ നിയമങ്ങളും സാമൂഹ്യ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും ഉണർത്തിയ ശുഭപ്രതീക്ഷകളും എല്ലാ വിഭാഗം ജനങ്ങളിലും വർണ്ണവർഗ്ഗ വ്യത്യാസമെന്യേ വിദ്യാഭ്യാസത്തോട് ആഭിമുഖ്യം വളർത്തുകയുണ്ടായി. ഇത് വിദ്യാർത്ഥികളുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവിന് സഹായിച്ചു. അറുപതുകളുടെ അവസാനം ചേർത്തലയിൽ ആരംഭിച്ച മൂന്നു കോളേജുകളും **SN** കോളേജ്, **NSS** കോളേജ്, സെൻറ് മൈക്കിൾസ് കോളേജ് എന്നിവ ഈ ഗ്രാമത്തിനേറെയും അയൽ ഗ്രാമങ്ങളുടേയും ഉന്നതവിദ്യാഭ്യാസ പുരോഗതിയിൽ നൽകിയ സംഭാവന മഹത്തരമാണ്. കോളേജുകളും അകലെ ഉള്ള പട്ടണങ്ങളിൽ കേന്ദ്രീകരിച്ചിരുന്ന മുൻകാലങ്ങളിൽ ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്ക്

അപ്രാപ്യമായിരുന്നു. ആ അവസ്ഥമാറി 'ഉന്നത വിദ്യാഭ്യാസം വീട്ടുപടിക്കൽ' എന്ന സ്ഥിതി വന്നപ്പോഴും ആ രംഗത്തുണ്ടായ മാറ്റം വിപ്ലവകരമായിരുന്നു.

ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള അസാധാരണമായ അഭിനിവേശവും ഗുണനിലവാരംനോക്കി അകലെയുള്ള വിദ്യാലയങ്ങളിലേയ്ക്കുള്ള പോക്കും ഇന്നത്തെ പ്രത്യേകതയാണ്. പട്ടണക്കാട് ഗവ: ഹൈസ്ക്കൂളിലേയും പബ്ലിക് സ്ക്കൂളിലേയും കുട്ടികളുടെ എണ്ണം വിപരീതാനുപാതത്തിലാണ്. മെച്ചപ്പെട്ട നിലവാരവും നല്ല റിസൾട്ടുമുള്ള ചേർത്തല സെൻറ് മേരീസ് H S, ഹോളി ഫാമിലി H S എന്നീ വിദ്യാലയങ്ങളിൽ ഈ പഞ്ചായത്തിൽനിന്നും 150 നു മേൽ കുട്ടികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിൽ 120 യുറീക്കയും, 20ശാസ്ത്രകേരളവും പ്രചാരത്തിലുണ്ട്.

1990 ലെ സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലാകെ ആവേശമുണർത്തിയ ഒരു പരിപാടിയായിരുന്നു. കൂട്ടായ സന്നദ്ധ പ്രവർത്തനത്തിൻെറ സമുജ്ജ്വലമായ ഒരു മാതൃകയായിരുന്നു ആ പരിപാടി. നൂറുകണക്കിന് നിരക്ഷര സഹോദരങ്ങളെ അക്ഷരപ്പുലരിയിലേക്കാനയിച്ച മഹത്തായ ആ പരിപാടിക്ക് ഈ പഞ്ചായത്തിൽ മാതൃകാപരമായ നേതൃത്വം നൽകുകയും അതിൻെറ വിജയത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിക്കുകയും ചെയ്തത് **A. P. O.** ശ്രീ. പി. ആർ. രാമചന്ദ്രനാണ്. പ്രസ്തുത പരിപാടിക്ക് നമ്മുടെ പഞ്ചായത്ത് ഒന്നാം സ്ഥാനത്തായിരുന്നു.

പട്ടണക്കാട് S C U Govt. V. H. S. S.

കൊല്ലവർഷം 1118 (1943) ൽ സ്ഥാപിക്കപ്പെട്ടു. 1052 ചേർത്തല താലൂക്ക് സഹകരണയൂണിയൻെറ ആഭിമുഖ്യത്തിൽ ശ്രീ. കെ. ജി. ഗോപാലകൃഷ്ണൻ മുൻകൈ എടുത്താണ് സ്ഥാപിച്ചത്. സഹകരണ മേഖലയിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ സ്ക്കൂളായിരുന്നുവത്രെ ഇത്! സർവ്വശ്രീ. ചങ്ങരത്ത് കുമാരപ്പണിക്കർ, ജോസഫ് മാത്തൻ **Ex M. P.**, V. A. ഗോപാലൻ നായർ എന്നിവർ പിൽക്കാല മാനേജരൻമാരായിരുന്നു. ആനക്കോട്ടു കുടുംബക്കാരും, ചേന്നാട്ട് കെ. എൻ. വാസവനും സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്. ആദ്യംപ്രവേശനംലഭിച്ച കുട്ടി പുത്തൻപുരയിൽ **P K** നാരായണൻെറ മകൾ **J** ഇന്ദിര. പുതിയ സഹകരണനിയമം പ്രാബല്യത്തിൽ വന്നപ്പോൾ താലൂക്ക് യൂണിയന് അസ്തിത്വം നഷ്ടപ്പെടുകയാൽ 1976 ൽ സ്ക്കൂൾ സർക്കാരിലേയ്ക്ക് വിട്ടുകൊടുത്തു. ആരംഭം **U P** സ്ക്കൂളായിട്ടായിരുന്നു. 1950 ൽ ഹൈസ്ക്കൂളായും 1990 ൽ ഹയർ സെക്കണ്ടറി സ്ക്കൂളായും ഉയർത്തപ്പെട്ടു. പതിനായിരത്തിൽപരം പുസ്തകങ്ങളുള്ള ഒരു നല്ല ലൈബ്രറിയും സുസജ്ജമായ ഒരു ലബോറട്ടറിയും സ്ക്കൂളിനുണ്ട്. 1995 ലെ അദ്ധ്യാപക അവാർഡിന് അർഹനായ നോവലിസ്റ്റ് കെ. മുകുന്ദൻ **M. A., M. Ed** ഈ സ്ക്കൂളിലെ അദ്ധ്യാപകനാണ്.

പ്രീഡിഗ്രിക്കുതുല്യമായ **V H S** കോഴ്സിൻെറ റിസൾട്ട് മെച്ചപ്പെട്ടതാണെങ്കിലും **SSLC** റിസൾട്ട് കഴിഞ്ഞ കുറേ വർഷങ്ങളായി ഒട്ടും അഭിമാനകരമല്ല. 1996 മാർച്ചിലെ വിജയശതമാനം 27 മാത്രം. അദ്ധ്യാപകരും, രക്ഷകർത്താക്കളും, പഞ്ചായത്തും ഒത്തൊരുമിച്ച് സ്ക്കൂളിൻെറ നിലവാരം മെച്ചപ്പെടുത്താനുള്ള ആസൂത്രിതമായ നടപടികളും അടിയന്തിരമായി ആരംഭിക്കുകയും **P T A** പ്രവർത്തനം ആ വഴിക്ക് തിരിച്ചുവിടുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഉഴുവ ഗവ: U P S

സ്ക്കൂൾ സ്ഥാപിതമായിട്ട് 80 ൽ പരം വർഷമാകുന്നു. എടവനാട്ട് ശ്രീ. ബാലകൃഷ്ണമേനോൻ സംഭാവനചെയ്ത സ്ഥലത്താണ് സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻകൈയെടുത്തത് എടവനാട്ട് തോപ്പിൽഅഡ്വക്കേറ്റ് എസ്. പത്മനാഭമേനോനാണ്. മലയാളം മീഡിൽ സ്ക്കൂളായിട്ടാണ് പ്രവർത്തിച്ചിരുന്നത്. ഫീസ് പ്രതിമാസം 27 ചക്രം! ഇവിടെനിന്നും മലയാളം 7–ാം ക്ളാസ് പാസാകുന്ന വിദ്യാർത്ഥി ഐപ്രമറി സ്ക്കൂൾ അദ്ധ്യാപകനാകാനുള്ളയോഗ്യത നേടിയിരുന്നു.

സ്ക്കൂളിനെപ്പറ്റി പൊതുവെ നല്ല അഭിപ്രായമാണുള്ളത്. എങ്കിലും വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നു. **PTA** നല്ല നിലയിൽ പ്രവർത്തിക്കുന്നു. 96–97 ൽ യുറീക്കാ വിജ്ഞാന പരീക്ഷ, പ്രവർത്തി പരിചയമേള, ഗണിതശാസ്ത്രമേള എന്നിവയ്ക്ക് സബ്ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

പട്ടണക്കാട് LPGS

പട്ടണക്കാട് നായർ കരയോഗം സംഭാവന ചെയ്ത സ്ഥലത്താണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഉഴുവ ദേവങ്കൽ ക്ഷേത്രത്തിന് സമീപം പ്രവർത്തിച്ചിരുന്ന സ്ക്കൂൾ ദിവാൻ ഹബീബുള്ളയുടെ കാലത്ത് മാറ്റി സ്ഥാപിക്കപ്പെട്ടു. നിർമ്മാണത്തിന് മുൻകൈയെടുത്തവർ ആനക്കോട്ടിൽ ശങ്കുണ്ണി കർത്താവ്, പെരുമന പത്മനാഭക്കുറുപ്പ്, മനയ്ക്കൽ പാച്ചുപിള്ള എന്നിവരാണ്. ഇപ്പോൾ DIET ന്റെ MLL സ്ക്കൂളാണ്. ഇടക്കാലത്ത് മോശമായിരുന്ന നിലവാരം MLL സ്ക്കൂളായതോടെ മെച്ചപ്പെട്ടിട്ടുണ്ട്. PTA പ്രവർത്തനം തൃപ്തികരമാണ്.

വയലാർ BVLPS

ശ്രീനാരായണ ഗുരുവിന്റെ ആഹ്വാനമനുസരിച്ച് പാറയിൽ കൊച്ചുരാമൻ വൈദ്യർ സ്ഥാപിച്ചു. പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സ്ക്കൂളാണിത്. (95 വർഷം) ആദ്യത്തെ ഹെഡ്മാസ്റ്റർ സുന്ദരയ്യർ. സ്ക്കൂളിന്റെ നിലവാരത്തിൽ നാട്ടുകാർക്ക് സംതൃപ്തിയാണുള്ളത്. ഫർണീച്ചർ, യൂറിനൽ, ചുറ്റുമതിൽ ഇങ്ങനെ ആവശ്യങ്ങളുടെ പട്ടിക നീണ്ടതാണ്. PTA നല്ല നിലയിൽ പ്രവർത്തിക്കുന്നു.

കോനാട്ടുശേരി LPS

കോനാട്ടുശേരി കുടുംബ കാരണവരായിരുന്ന അപ്പിത്തണ്ടാരാണ് സ്ഥാപകൻ. ശ്രീനാരായണ സന്ദേശമായിരുന്നു പ്രേരണ. പിൽക്കാലത്ത് സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കപ്പെട്ടു.

സ്ക്കൂളിന്റെ പഠന നിലവാരത്തെപ്പറ്റി നല്ല അഭിപ്രായമുണ്ട്. ചുറ്റുമതിലുണ്ടെങ്കിലും കക്കൂസില്ല! മൂത്തപ്പുര പെൺകുട്ടികൾക്ക് മാത്രമേയുള്ളു. സ്പോർട്ട്സിലും പ്രവർത്തിപരിചയ മേളയിലും സമ്മാനങ്ങൾ നേടുന്നുണ്ട്. PTA നല്ലനിലയിൽ പ്രവർത്തിക്കുന്നു.

ഉഴുവ സെൻറ് ജോസഫ്സ് LPS

കുന്നുംപുറം പള്ളിയുടെ മാനേജ്മെൻറിൽ കൊല്ലവർഷം 1111 ൽ (1936) സ്ഥാപിക്കപ്പെട്ടു. വളരെ നല്ലനിലവാരം പുലർത്തുന്ന സ്ക്കൂളായതുകൊണ്ട് കുട്ടികളുടെ എണ്ണത്തിൽ കുറവു സംഭവിക്കുന്നില്ല. ബാലകലോത്സവം, കായികമേള, ശാസ്ത്രമേള, യുറീക്കാ വിജ്ഞാനപ്പരീക്ഷ എന്നിവയിൽ വർഷംതോറും ശ്രദ്ധേയമായ സ്ഥാനം കരസ്ഥമാക്കാറുണ്ട്. സബ്ജില്ലയിലെ Best School എന്ന സ്ഥാനത്തിനും അർഹമായിട്ടുണ്ട്. ചുറ്റുമതിലുണ്ട്, കക്കൂസില്ല! PTA യും മാതൃസംഗമവും നല്ലനിലയിൽ പ്രവർത്തിക്കുന്നു.

അഴീക്കൽ BBMLPS

1926 ൽ അഴീക്കൽ പള്ളിയുടെ മാനേജ്മെൻറിൽ സ്ഥാപിക്കപ്പെട്ടു. ആദ്യത്തെ മാനേജർ ഫാ: ലൂയീസ് ഗൊൺസാൽവസ് ആയിരുന്നു. ആദ്യം സ്ക്കൂൾ സ്ഥിതിചെയ്തിരുന്നത് ഏകദേശം 1 കി. മീ. വടക്കുമാറി കൊച്ചുപറമ്പിൽ ശ്രീ. ജോസഫ് ആൻറണിയുടെ സ്ഥലത്തായിരുന്നു.

1, 2, 3 വാർഡുകളിലെ കുട്ടികൾക്കുള്ള ഏക ആശ്രയമാണ് ഈ സ്ക്കൂൾ. വർഷങ്ങളായി 5-ാം സ്റ്റാൻഡേർഡ് നിലനിർത്തിയിരിക്കുന്ന അപൂർവ്വം എൽ. പി. സ്ക്കൂളുകളിൽ ഒന്നാണിത്. ഈ സ്ക്കൂൾ എത്രയുംവേഗം ഒരു പൂർണ്ണ യു. പി. സ്ക്കൂളാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകതയാണ് ഇത് ബോദ്ധ്യപ്പെടുത്തുന്നത്. സ്ക്കൂളിന്റെ ഏറ്റവും വലിയ പരാധീനത കുടിവെള്ളത്തിന്റെ അഭാവമാണ്. ഇവിടുത്തെ കുട്ടികളിൽ മഹാഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളുടെ മക്കളാണ്. ഇല്ലായ്മയുടെ പട്ടികയിൽ കുടിവെള്ളത്തിനു പുറമേ മൂത്രപ്പുരയും, കക്കൂസും ഉൾപ്പെടുന്നു! സ്ക്കൂളിന്റെ നിലവാരം ഉയർത്തുവാൻ ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

പട്ടണക്കാട് പബ്ലിക് സ്ക്കൂൾ

ഫാദർ വർഗീസ് ചാത്തപ്പറമ്പനാണ് ഇതിന്റെ സ്ഥാപകൻ. പ്രാരംഭം നേഴ്സറി സ്ക്കൂളും അനാഥാലയവുമായിട്ടായിരുന്നു. ഇപ്പോൾ 12-ാം ക്ലാസുവരെയുള്ള ജില്ലയിലെ ഏറ്റവും വലിയ സ്ക്കൂളായി തീർന്നിരിക്കുന്നു. 6000 ത്തോളം വിദ്യാർത്ഥികളും 100 ൽ പരം അദ്ധ്യാപകരും ഇവിടെയുണ്ട്. കനത്ത പ്രവേശനഫീസും വെക്കേഷനുംപ്പെടെ 12 മാസത്തെ ട്യൂഷൻ

ഫീസും ഈടാക്കുന്നുണ്ടെങ്കിലും അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളം തുലോം തുച്ഛമാണ്. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ഇന്നൊരു സ്റ്റാറ്റസ് സിംബലായി തീർന്നിരിക്കുന്നതുകൊണ്ട് വളരെ ക്ലേശം സഹിച്ച് ഇടത്തരക്കാരും തൊഴിലാളികളുംവരെ ഇവിടെ കുട്ടികളെ അയക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും പൊതുവേ സേവനമെന്നതിലുപരി വ്യവസായമായിരിക്കുന്നു. ഇവിടങ്ങളിലെ അംബരചുംബികളായ മണിസൗധങ്ങളെ തഴുകിയെത്തുന്ന കാറിനും അദ്ധ്യാപകരുടെ കണ്ണീരുപ്പിന്റേയും വിയർപ്പിന്റേയും ചൂരും ചുവയുമുണ്ട്. വരേണ്യ വർഗ്ഗ സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായ ഇത്തരം വിദ്യാലയങ്ങളും മറ്റൊരു ലോകമാണ്.

പ്രശ്നങ്ങൾ

1 വാർഡ് 2, 3, 5, 7, 8, 9 എന്നിവയിൽ സ്ക്കൂളുകളില്ല. അടുത്ത പ്രൈമറി സ്ക്കൂളിലെത്താൻ അവിടങ്ങളിലെ കുട്ടികൾക്ക് 2 കിലോമീറ്ററിലധികം നടക്കേണ്ടി വരുന്നു.

2 പട്ടണക്കാട് SCUVHSS ന്റെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

3 അദ്ധ്യാപകരുടെ ഒഴിവുകൾ യഥാകാലം നികത്താത്തതും വിദ്യാലയ വർഷത്തിനിടയിൽ വച്ചുള്ള അവരുടെ സ്ഥലം മാറ്റവും പരിശീലനവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4 വിദ്യാർത്ഥികളിലും മുതിർന്നവരിലും വായനാശീലം കുറഞ്ഞുവരുന്നു.

5 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള ആഭിമുഖ്യവും നല്ല സ്ക്കൂളുകൾ നോക്കി അകലേയ്ക്കുപോകുന്ന മനോഭാവവും വർദ്ധിച്ചുവരുന്നതുമൂലം പൊതുവിദ്യാലയങ്ങളിൽ പൊതുവേയും സർക്കാർ സ്ക്കൂളുകളിൽ പ്രത്യേകിച്ചും കുട്ടികളുടെ സംഖ്യ കുറഞ്ഞുവരുന്നു.

6 ആവശ്യമായ ഫർണീച്ചറും കളിപ്പാട്ടങ്ങളും ഇല്ലാത്തതിനാൽ അംഗൻവാടികൾ അനാകർഷകമായിരിക്കുന്നു. 15 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

7 ഉഴുവ യു. പി. എസ്., കോനാട്ടുശേരി എൽ. പി. എസ്., അഴീക്കൽ ബി. ബി. എം. എൽ. പി. എസ്., ഉഴുവ സെൻറ് ജോസഫ്സ് എൽ. പി. എസ്. എന്നിവയിൽ കക്കൂസുകളും ഇവയിൽ തന്നെ ചിലതിന് മൂത്രപ്പുരകൾ കൂടിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

8 പട്ടണക്കാട് V. H. S. S. ൽ 180 അടി നീളത്തിൽ ടെമ്പററി ഷെഡ്ഡും 100 അടി നീളത്തിൽ അൺഫിറ്റായ കെട്ടിടവും ഉണ്ട്. ഉഴുവ U. P. സ്ക്കൂളിൽ 80 അടി നീളത്തിൽ ഓലമേഞ്ഞ കെട്ടിടമുണ്ട്. ഇത് വർഷംതോറും വമ്പിച്ച ആവർത്തന ചെലവ് വരുത്തിവയ്ക്കുന്നു.

9 പട്ടണക്കാട് V. H. S. S. ന് ചുറ്റുമതിലില്ലാത്തതുകൊണ്ട് രാത്രികാലങ്ങളിൽ സമൂഹവിരുദ്ധരുടെ ശല്യമുണ്ട്. ഉഴുവ യു. പി. സ്ക്കൂൾ, വയലാർ B. V. L. P. S., പട്ടണക്കാട് എൽ. പി. എസ്. എന്നിവയ്ക്കും ചുറ്റുമതിൽ അത്യാവശ്യമാണ്.

10 കുടിവെള്ളത്തിനുള്ള കിണറുകളും, ടാങ്കുകളും യഥാകാലം ശുദ്ധീകരിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നുണ്ട്.

11 ഉച്ചഭക്ഷണം പാകംചെയ്യുന്നതിനുള്ള അടുക്കളകളിൽ അധികവും താൽക്കാലികവും പലതും ശുചിത്വമില്ലാത്തവയുമാണ്.

12 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സഹായധനം അപര്യാപ്തമാണ്.

13 കായിക പരിശീലനത്തിനും കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും പഞ്ചായത്ത് പ്രദേശത്തുള്ള ഏക കളിസ്ഥലം പട്ടണക്കാട് V H S S ഗ്രൗണ്ടാണ്. ആയത് ലവൽ ചെയ്യാത്തതും ചൊരി മണൽ നിറഞ്ഞതും വർഷകാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതും ആണ്.

14 വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകുന്ന ITI, ITC തുടങ്ങിയ യാതൊരു സ്ഥാപനവും പഞ്ചായത്തിലില്ല.

15 ഇടയ്ക്കുവച്ച് കൊഴിഞ്ഞു പോകുന്നവരും

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ യുവാക്കൾക്ക് ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് യാതൊരു സൗകര്യവും പഞ്ചായത്തുപ്രദേശത്തില്ല.

16 അടിസ്ഥാനപരമായ അക്ഷര ജ്ഞാനവും സംഖ്യാബോധവും ഉറയ്ക്കാത്തതുകൊണ്ട് വിദ്യാർത്ഥികളിൽ കണ്ടുവരുന്ന നിരക്ഷരതയും അവഗണിക്കാനാവാത്ത പ്രശ്നമാണ്.

പരിഹാര നിർദേശങ്ങൾ

1 മാണിയാപൊഴി, വെട്ടയ്ക്കൽ, മേനാശേരി, ആറാട്ടുവഴി എന്നിവിടങ്ങളിൽ ഓരോ **L. P.** സ്ക്കൂൾ സ്ഥാപിക്കണം.

2 എല്ലാ **L. P.** സ്ക്കൂളുകളോടും അനുബന്ധിച്ച് നേഴ്സറി ക്ലാസുകൾ തുടങ്ങണം. കുട്ടികളുടെ കുറവുമൂലം സ്ഥലസൗകര്യമുള്ള സ്ക്കൂളുകളിൽ അക്കോമഡേഷൻ പ്രശ്നമാവുകയില്ല.

3 എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും വേണ്ടത്ര ഫർണീച്ചറും കളിപ്പാട്ടങ്ങളും നൽകി ആകർഷകമാക്കുകയും ചെയ്യുക.

4 പട്ടണക്കാട് **V. H. S. S.** ലെ അൺഫിറ്റായ കെട്ടിടം പൊളിച്ചു പണിയാൻ കഴിഞ്ഞാൽ ടെമ്പററിഷെഡ്ഡ് 100 അടി ഒഴിവാക്കാം. അടുത്തപടിയായി ശേഷിക്കുന്ന ഷെഡ്ഡിനു പകരവും സ്ഥിരം കെട്ടിടം പണിയിച്ച് ആവർത്തനച്ചെലവ് പൂർണ്ണമായിഒഴിവാക്കാം. ഉഴുവ **U. P.** സ്ക്കൂളിന്റെ ഓലമേഞ്ഞ കെട്ടിടം ഭാരം കുറഞ്ഞ പ്ലാസ്റ്റിക് ഷീറ്റുകൾ കൊണ്ട് മേയുക.

5 പട്ടണക്കാട് **V H S S**, ഉഴുവ **U P S**, പട്ടണക്കാട് **L P S**, വയലാർ **B V L P S** എന്നിവയുടെ ചുറ്റുമതിൽ പൂർത്തിയാക്കുകയും പട്ടണക്കാട് **V H S S** ന് നൈറ്റ് വാച്ചിംഗ് ഏർപ്പെടുത്തുകയും ചെയ്യുക.

6 എല്ലാ സ്ക്കൂളിലും വായനാമുറികൾ സജ്ജീകരിക്കുകയും **V H S S** ൽ ഒരു ഫുൾ ടൈം ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യുക.

7 പട്ടണക്കാട് വി. എച്ച്. എസ്. എസ്., ഉഴുവ യു. പി. എസ്. എന്നിവയിൽ 5-ാം സ്റ്റാൻഡേർഡ് മുതൽ ഓരോ ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷൻ ആരംഭിക്കുക.

8 പട്ടണക്കാട് **V. H. S. S.** ലെ കളിസ്ഥലം പഞ്ചായത്തുവക സ്റ്റേഡിയമാക്കി മാറ്റുക.

9 പട്ടണക്കാട് വി. എച്ച്. എസ്. എസിൽ വൊക്കേഷണൽ കോഴ്സിനു സ്ഥിരം അദ്ധ്യാപകരെ നിയമിക്കുക.

10 പഞ്ചായത്തുപ്രദേശത്ത് ഒരു **I T I** തുടങ്ങുക.

11 സ്ക്കൂൾ കിണറുകളും, ടാങ്കുകളും യഥാകാലം ശുദ്ധീകരിക്കുന്നതിനുള്ള കർശനമായ ഏർപ്പാടുണ്ടാക്കുക. അഴീക്കൽ **B V M L P S** ൽ കുടിവെള്ളം എത്തിക്കുക,

12 സ്ക്കൂളുകളിൽ ഉച്ചഭക്ഷണം പാകംചെയ്യുന്നതിനു സ്ഥിരം അടുക്കളയുണ്ടാക്കുകയും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. (പട്ടണക്കാട് **L P S**, ഉഴുവ **U P S**, വയലാർ **B V L P S**)

13 അദ്ധ്യാപകരുടെ ഒഴിവുകൾ യഥാകാലം നികത്തുകയും, ഇൻസർവ്വീസ് കോഴ്സുകൾ, സ്ഥലംമാറ്റം എന്നിവ വെക്കേഷൻകാലത്തു നടത്തുകയും ചെയ്യുക.

14 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സഹായധനം വർദ്ധിപ്പിക്കുക.

15 പഠിപ്പിൽ മിടുക്കുകാട്ടുന്ന കുട്ടികൾക്ക് പഞ്ചായത്തുവക സമ്മാനങ്ങളും, ട്രോഫികളും ഏർപ്പെടുത്തുക.

16 ഓൾ പ്രമോഷൻ ഒഴിവാക്കുകയും, പ്രമോഷനു മിനിമം ലവൽ ഓഫ് ലേണിംഗ് ഉറപ്പു വരുത്തുകയും ചെയ്യുക.

17 സ്ക്കൂളുകളിൽ സംഗീതം, ചിത്രരചന, തയ്യൽ, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയ്ക്ക് അദ്ധ്യാപകരെ നിയമിക്കുക.

18 സ്ക്കൂളുകളിൽ യോഗാസന പരിശീലന

ത്തിന് രണ്ടോ, മൂന്നോ സ്ക്കൂളുകളും ക്ലബ്ബ് ചെയ്ത് അദ്ധ്യാപകരെ നിയമിക്കുക.

19 അയൽപക്ക വിദ്യാലയ സമ്പ്രദായം കർശനമാക്കുക.

20 അഴീക്കൽ **B B M L P S**, കോനാട്ടുശേരി **L P S** എന്നിവ **U P** സ്ക്കൂളുകളാക്കി ഉയർത്തുക.

21 2, 3, 7, 9 വാർഡുകളിൽ ഓരോ നേഴ്സറി സ്ക്കൂൾ സ്ഥാപിക്കുക.

22 പഠിപ്പിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കം കൊണ്ടുവരുന്നതിന് അപ്രൻറീസ് ടീച്ചേഴ്സിനെ നിയമിക്കുക.

23 സ്ക്കൂളുകളും, അംഗൻവാടികളും വയോജനങ്ങൾക്കുള്ള രാത്രികാല തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളാക്കുക.

24 പഞ്ചായത്തുതല **P T A** സമിതി രൂപീകരിക്കുകയും ആയതിൻെറ സഹായത്തോടുകൂടി കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും ചെയ്യുക.

25 അംഗൻവാടി ജീവനക്കാർക്ക് ജീവിക്കാൻ മതിയായ വേതനം നൽകുക.

26 ആശാൻകളരികൾക്ക് പ്രോത്സാഹനം നൽകുക.

27 പ്രൈവറ്റ് സ്ക്കൂളുകൾക്കുള്ള മെയിൻറനൻസ് ഗ്രാൻറ് കാലോചിതമായി പരിഷ്കരിക്കുക.

28 സ്ക്കൂൾ സമയം രാവിലെ 8 മുതൽ ഉച്ചയ്ക്ക് 2 വരെ ആക്കുകയും അതിനുശേഷം സാമൂഹ്യ കലാകായിക തൊഴിൽ പരിശീലനമെന്ന നിലയിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുക.

29 അഴീക്കൽ **B B M L P S** ന് മുൻവശം പൊഴിച്ചാലിനുകുറുകെ ഒരു നടപ്പാലം നിർമ്മിക്കുക.

വിദ്യാലയ വിവരങ്ങൾ

	സ്ക്കൂളിൻെറ പേര്	സർക്കാർ/എയിഡഡ്	വിദ്യാർത്ഥികളുടെ എണ്ണം ആൺ	പെൺ	ആകെ	അദ്ധ്യാപകർ ആൺ	പെൺ	ആകെ	സ്ഥാപിച്ച വർഷം
1	പട്ടണക്കാട് **S C U** ഗവ: **V H S S**	സർക്കാർ	513	601	1114	11	37	48	1943
2	ഉഴുവ ഗവ: **U P S**	,,	235	199	434	2	14	16	1916
3	പട്ടണക്കാട് **L P G S**	,,	76	76	152	2	4	6	
4	കോനാട്ടുശേരി **L P S**	,,	118	117	235	2	8	10	1902
5	വയലാർ **B V L P S**	,,	93	84	177	1	4	5	1902
6	ഉഴുവ St. ജോസഫ്സ് **L P S**	എയിഡഡ്	216	207	423	—	11	11	1936
7	അഴീക്കൽ **B B M L P S**	,,	140	145	285	1	8	9	1926
8	പട്ടണക്കാട് പബ്ലിക് സ്ക്കൂൾ	അൺ എയിഡഡ്		വിവരമില്ല					
	ആകെ		1391	1429	2820	19	86	105	

വിദ്യാലയ സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	വിസ്തീർണ്ണം	കമ്പ്യൂട്ടർ	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	ഡിസ്പെൻസറി	ഓഡിറ്റോറിയം	കളിസ്ഥലം	കിണർ വാട്ടർടാപ്പ് ചുറ്റുമതിൽ
1	പട്ടണക്കാട് SCU ഗവ: VHSS	4 ഏക്കർ 8 സെ.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	കിണർ W. T. ചുറ്റുമതിലില്ല
2	ഉഴുവ ഗവ: UPS	1.10	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	കിണർ W. T. ചുറ്റുമതിലില്ല
3	പട്ടണക്കാട് LPGS		ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	കിണർ W. T. ചുറ്റുമതിലില്ല
4	കോനാട്ടുശേരി LPS	40 സെ.	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1 മാത്രം	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	കിണർ W. T. ചുറ്റുമതിലുണ്ട്
5	വയലാർ BVLPS	50 സെ.	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1 മാത്രം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	കിണർ W. T. ഇല്ല ചുറ്റുമതിലില്ല
6	ഉഴുവ St. ജോസഫ്സ് LPS	50 സെ.	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	1 മാത്രം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	കിണർ W. T.
7	അഴീക്കൽ BBMLPS	2 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1 മാത്രം	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	കിണറും W. T. ഉം ഇല്ല
8	പട്ടണക്കാട് പബ്ലിക് സ്ക്കൂൾ		വി	വ	ര	മി	ല്ല.					

പട്ടണക്കാട് SCUVHSS അഡ്മിഷൻ താരതമ്യ പഠനം



കുട്ടികളുടെ നിലവാരം

സ്ക്കൂളിന്റെ പേര്	30 % ത്തിന് താഴെ	30-40% മദ്ധ്യേ	40-50% മദ്ധ്യേ	50-60% മദ്ധ്യേ	60 %നു മീതെ
ഉഴുവ St. ജോസഫ്സ് L P S	5 ശത:	5 ശത:	10 ശത:	40 ശത:	40 ശത:
കോനാട്ടുശേരി L P S	10 ശത:	20 ശത:	30 ശത:	40 ശത:	
അഴീക്കൽ B B M L P S	9 ശത:	37 ശത:	18 ശത:	18 ശത:	18 ശത:

പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വികസനരേഖ-1996

ക്ഷീര വികസനമേഖല

അലിഖിതമായ ചരിത്ര സ്മൃതികളുടെ കാലഘട്ടത്തിൽപ്പോലും, പാലുൽപ്പാദനം പുണ്യമായ ഒരു ജീവിതമാർഗമായി ഭാരതം അംഗീകരിച്ചുകഴിഞ്ഞിരുന്നു. പാൽ തരുന്ന അമ്മയായും ജീവിതം നിലനിർത്തുന്ന ദൈവമായും മോക്ഷമാർഗമായ ദാനമൃഗമായും മാറി മാറി പലവട്ടം പശു പുണ്യാഗ്രനഗ്ഥങ്ങളുടെ താളുകളിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

പണ്ടുകാലത്ത് നമ്മുടെ നാട്ടിലുണ്ടായിരുന്നത്ര കന്നുകാലി സമ്പത്ത് ഇന്നു നമുക്കില്ല. കുടുംബമഹിമ കാലി സമ്പത്തിന്റെ എണ്ണത്തെ നോക്കിയായിരുന്നു നിശ്ചയിച്ചിരുന്നത്. അന്നത്തെ ജനങ്ങൾക്ക് ആവശ്യംപോലെ പാലും ഫലങ്ങളും ഭക്ഷണത്തിനായി ലഭിച്ചിരുന്നു. അവർ അരോഗദൃഢഗാത്രരും ബുദ്ധിശാലികളും അദ്ധ്വാനികളും ആയിരുന്നു. കന്നുകാലികളും ആരോഗ്യമുള്ളവയായിരുന്നു. കാരണം അവയ്ക്ക് ആവശ്യംപോലെ പച്ചപ്പുല്ല് ലഭിച്ചിരുന്നു.

കാലികളിൽനിന്ന് ലഭിച്ചിരുന്ന ചാണകം, മൂത്രം എന്നിവ കൃഷിഭൂമിയിൽ വളമായി ചേർന്ന് ഭൂമി ഫലഭൂയിഷ്ടമായിരുന്നതിനാൽ സസ്യജാലങ്ങൾ ആരോഗ്യത്തോടെ വളർന്ന് അവയിലെ പച്ചിലവളം ഭൂമിയിൽ വീണ്ടും വളമായി ഇങ്ങനെ മണ്ണും മനുഷ്യനും മൃഗങ്ങളും മരങ്ങളുമൊക്കെ ചേർന്ന് ഐക്യത്തോടെ നാടിനെ സമ്പന്നയാക്കിയിരുന്നു. അന്നത്തെ മനോഹരിയായ ഐശ്വര്യവതിയായ നമ്മുടെ നാടിനെ ഈ ജന്മത്തിൽ ഒരിക്കലെങ്കിലും കൺകുളിർക്കെ കണ്ട് സംതൃപ്തിയടയണമെങ്കിൽ അതിനുള്ള മാർഗം നമ്മൾ കാലിവളർത്തലിന് കൂടുതൽ പ്രാധാന്യം നൽകി ആ രംഗത്തെ വിപുലമാക്കുക എന്നുള്ളതാണ്.

കേരളത്തിൽ അഞ്ചുവർഷം മുമ്പ് ക്ഷീരോല്പാദനം 17.88 ലക്ഷം മെട്രിക്ടൺ ആയിരുന്നു. എന്നാൽ ഇന്ന് 95–96 ൽ അത് 23 ലക്ഷം മെട്രിക്ടണ്ണിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 45% കർഷകരും ക്ഷീരകർഷകരാണ്. 133 പശുക്കളും ഇന്നുണ്ട്. പാലുല്പാദനം ലാഭകരമാക്കുന്നതിന് നല്ല വർഗം പശു, നല്ല ആഹാരം, നല്ല പരിപാലനം, നല്ല അറിവ് എന്നിവ അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ്. വിപണന സൗകര്യം, നമ്മുടെപഞ്ചായത്തിൽ പെട്ടയ്ക്കൽ കേന്ദ്രമാക്കിയും, പട്ടണക്കാട് കേന്ദ്രമാക്കിയും രണ്ട് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു വനിതാ ക്ഷീരോല്പാദന യൂണിറ്റും പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ പൊതുവെ എല്ലാ ഭാഗത്തും വ്യാപിച്ച് പശുവളർത്തൽ ഉണ്ടെങ്കിലും പാറയിൽഭാഗം, മേനാശേരി എന്നിവിടങ്ങളിൽ കൂടുതലായി വളർത്തി വരുന്നു. വളർത്തുന്നതിൽ 85%വും സങ്കരവർഗ പശുക്കളാണ്.

പ്രശ്നങ്ങൾ

1 കർഷകർ പ്രധാനമായിനേരിടുന്നപ്രശ്നംകാലിത്തീറ്റയുടെ ദൗർലഭ്യവും വിലക്കയറ്റവുമാണ്. ഉല്പാദന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് ന്യായമായ വില ലഭിക്കുന്നില്ല.

2 പശുവിനെ കെട്ടിനിർത്തുന്ന തൊഴുത്തിനാവശ്യമായ ബാങ്ക് വായ്പ, സഹായധനം ഇവ ആവശ്യാനുസരണം ലഭിക്കുന്നില്ല.

3 സൊസൈറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ കളക്ഷൻസെൻറർ തുടങ്ങുകയോ, പുതിയവ രജിസ്റ്റർ ചെയ്യുകയോ വേണം.

സാദ്ധ്യതകൾ

1 കാലിത്തീറ്റവിളകൾവീട്ടുവളപ്പിലും കുളക്കരകളിലും പൊതുസ്ഥലങ്ങൾ തരിശായിക്കിടക്കുന്നിടത്തും നടുന്നതിന് ആവശ്യമായനടീൽ വസ്തുക്കളും, രാസവസ്തുവും, ജോലി കൂലിയും ലഭ്യമാക്കിയാൽ കാലിത്തീറ്റ കൃഷി ചെയ്യാൻ കഴിയും.

2 തൊഴുത്തുപണിയുന്നതിനായി ബാങ്ക് വായ്പ, സഹായധനംഇവലഭിച്ചാൽ വൃത്തിയായഅന്തരീക്ഷത്തിൽപശുവിനെവളർത്താൻകഴിയും. പാലുല്പാദനം വർദ്ധിക്കുകയും ചെയ്യും.

3 സൊസൈറ്റി ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിക്കുകയോ കളക്ഷൻസെൻറർ ആരംഭിക്കുകയോ ചെയ്താൽ അവിടെയുള്ള ചെറുകിടനാമമാത്ര കർഷകർക്ക് അതൊരനുഗ്രഹമായിരിക്കും.

സേവന മേഖല

പഞ്ചായത്തിൽ മാത്രം കേന്ദ്രീകരിച്ചുനിൽക്കുന്ന ഒരു സേവന വ്യവസ്ഥ ക്ഷീരവികസന വകുപ്പിൽനിന്നും ലഭ്യമാകുന്നില്ല. പട്ടണക്കാട് ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും വ്യാപിച്ച സേവനമേഖലയാണുള്ളത്. ഈ പഞ്ചായത്തിനായി ഒരു ക്ഷീരവികസന യൂണിറ്റ് ഇല്ല.

ക്ഷീരവികസന വകുപ്പിന്റെ ഇതര പദ്ധതികൾ

1 മാതൃകാ ഡയറി യൂണിറ്റ്

ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി പരിരക്ഷിച്ച് കാലിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ കൊണ്ടുവരാൻ കർഷകരെ പ്രേരിപ്പിക്കുവാനുള്ള പദ്ധതിയാണിത്. ഒരു യൂണിറ്റിന് 7000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

2 കർഷകസമ്പർക്ക പരിപാടി

30 പേരിൽ കുറയാത്ത യഥാർത്ഥ ക്ഷീരകർഷകരെ ഒന്നിച്ച് സംഘടിപ്പിച്ച് കന്നുകാലിവളർത്തൽശാസ്ത്രീയമാക്കുന്നതുസംബന്ധിച്ച് വിദഗ്ദർ ക്ലാസെടുക്കുന്നു. ഇതിനായി സർക്കാർ ധനസഹായം 200 രൂപ ചെലവാക്കുന്നു.

3 ക്ഷീരോല്പന്നനിർമ്മാണപ്രദർശനം

ഗ്രാമീണ ജനങ്ങളെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും പാലിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സജ്ജരാക്കുനതിനായി സർക്കാർ 100 രൂപ ചെലവാക്കുന്നുണ്ട്.

4 മാതൃകാ കാലിത്തൊഴുത്ത്

പശുക്കൾക്ക് ശരിയായ പാർപ്പിടം ലഭ്യമാക്കിയാൽ (തൊഴുത്ത്) അവയുടെ ഉല്പാദനം 20% വർദ്ധിക്കുന്നു. കൂടാതെ ശാസ്ത്രീയ രീതിയിൽ തൊഴുത്ത് ഉണ്ടായാൽ രോഗങ്ങളിൽനിന്നും ഒരു പരിധി വരെ മുക്തി നേടാൻ കഴിയും. ഇതിനായി 1250 രൂപ എന്ന നിരക്കിൽ സഹായധനം നൽകുന്നുണ്ട്.

5 ധാതുലവണ മിശ്രിതം, ജീവക പൂരിതങ്ങൾ

കറവപ്പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതുലവണങ്ങളുടെ കുറവുനികത്തുന്നതിനായിധാതുലവണമിശ്രിതവും കന്നുകുട്ടികളുടെ ശരിയായ വളർച്ചയ്ക്കായി ജീവക പൂരിതങ്ങളും സൗജന്യനിരക്കിൽ ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്.

6 ശുദ്ധമായ പാലുല്പാദനകിറ്റ്

പാലിൽ സൂക്ഷ്മാണുക്കളുടെ എണ്ണം കൂടിയിരുന്നാൽ സംസ്ക്കരണത്തിന് പ്ലാന്റിൽ എത്തുംമുൻപ് പിരിഞ്ഞുപോകും. ശുചിയായ പാലുല്പാദനത്തിന് സഹായകമായപൊട്ടാസ്യം പെർമാങ്കനേറ്റ്, ലോഷൻ, ഗ്രൂമിംഗ് ബ്രഷ് ഇവ അടങ്ങിയ കിറ്റ് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു.

7 പുൽകൃഷി വികസനം

ഒരു ഹെക്ടർ സ്ഥലത്ത് പച്ചപ്പുല്ല് കൃഷിചെയ്യുന്ന കർഷകന് സഹായധനമായി 15000 രൂപ നൽകുന്നു.

പുല്ലുവർഗ്ഗങ്ങളും പോഷക പ്രധാനമായ പയറുവർഗ്ഗങ്ങളും ചേർത്ത് പുൽ പയർ മിശ്രിതത്തിന്റെ വിത്തുകരം പകുതിവിലയ്ക്ക് വിതരണം ചെയ്യുന്നു. 5 സെന്റ് മുതൽ മുകളിലോട്ട് കൃഷി നടത്താം. ഒരു ഹെക്ടറിന് 500 രൂപ വളം സബ്സിഡിയും ലഭ്യമാണ്. പുൽക്കട ഉപയോഗിച്ച് പുൽകൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് പുൽക്കടയുടെ വില, വളം എന്നിവയ്ക്കായി 1000 രൂപ ധനസഹായം നൽകുന്നു.

അന്നജപ്രധാനവും, ചുരുങ്ങിയ കാലം കൊണ്ട് വിളവുനൽകുന്നതുമായ ചോളം വിത്ത് സബ്സിഡിനിരക്കിൽ നൽകുന്നു. 700 രൂപയുടെ രാസവളം സബ്സിഡി നൽകുന്നു. ഗിനിപുൽകൃഷിക്കും 500 രൂപയുടെ രാസവളം സബ്സിഡിയായി ഒരു ഹെക്ടർ സ്ഥലത്തേയ്ക്ക് നൽകുന്നു. മാംസ്യപ്രധാനമായ വൻപയർവിത്ത് ഹെക്ടറിന് 300 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. നാട്ടുപുല്ല് വെട്ടി ഉണക്കി വേനൽക്കാലത്ത് സൂക്ഷിക്കുന്നതിന്

ടണ്ണിന് 200 രൂപ ധനസഹായം നൽകുന്നു.

വൈക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടമാക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം നൽകാറുണ്ട്.

പ്രത്യേകഘടക പദ്ധതി

പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് I. H. D. P. കോളനിമുഖാന്തിരം തൊഴുത്തും കറവപ്പശുവും വാങ്ങുന്നതിനായി ധനസഹായം നൽകുന്നു.

പോരായ്മകൾ

1 പുൽകൃഷി വികസനത്തിനായി ഒരു ഹെക്ടർ സ്ഥലത്തേയ്ക്ക് 15000 രൂപ നൽകുന്നതുകൊണ്ട് ചുരുക്കംചില കർഷകർക്കുമാത്രമാണ് പ്രയോജനം ലഭിക്കുക.

2 കാലിത്തൊഴുത്തു നിർമ്മാണത്തിനായി സഹായധനം കൊടുക്കുമ്പോഴും ബാങ്ക് വായ്പകൂടി ലഭ്യമാക്കാൻ കഴിയുന്നില്ല.

3 മാതൃകാ ഡയറിഫാം യൂണിറ്റ് നടപ്പിലാക്കുമ്പോഴും 50 സെന്റ് സ്ഥലത്ത് പുൽകൃഷി വേണമെന്നുള്ള നിബന്ധന കർഷകർക്ക് ബുദ്ധിമുട്ടാകുന്നു.

4 ക്ഷീരവികസന യൂണിറ്റ് ഇല്ല.

സാദ്ധ്യതകൾ

1 ഒരു ഹെക്ടർ പുൽ കൃഷിക്ക് 15000 രൂപ കൊടുക്കാതെ ഭൂമിയുടെ വിസ്തൃതിയിൽകുറവുവരുത്തി ആനുപാതികമായി ധനസഹായത്തിൽ വ്യത്യാസം വരുത്തിയാൽ നാമമാത്ര ചെറുകിട കർഷകർക്കുകൂടി പ്രയോജനം ലഭിക്കും. പുൽ കൃഷി വ്യാപിപ്പിക്കാൻ കഴിയും.

2 മാതൃകാ ഡയറി യൂണിറ്റ് കൂടുതൽ കർഷകർക്ക് നൽകാൻ കഴിയണം. ബാങ്ക് വായ്പ ലഭ്യമാകുന്നതിലും അയഞ്ഞ സമീപനങ്ങളും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ലഭിച്ചാൽ പാലുല്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

3 മാതൃകാ കാലിത്തൊഴുത്ത് പണിയുന്നതിനായ് ബാങ്ക്/വായ്പയും സബ്സിഡിയും ലഭ്യമാക്കിയാൽ അത്കൂടുതൽ കർഷകർക്ക് പ്രയോജനപ്പെടും. തൊഴുത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുകൂടി സഹായം നൽകണം.

4 ക്ഷീര വികസനത്തിനൊപ്പം ബയോഗ്യാസ് പ്ലാന്റിനുകൂടി ധനസഹായം ലഭ്യമാക്കിയാൽ ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും.

5 കാലിത്തീറ്റ കൂട്ടിയോജിപ്പിച്ച് എടുക്കാവുന്ന ചെറിയ മില്ലുകൾ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽകൂടി നടപ്പിലാക്കിയാൽ തീറ്റച്ചെലവിൽ വ്യത്യാസം വരും.

6 പഞ്ചായത്ത് അടിസ്ഥാനത്തിൽ തരിശുഭൂമിയിൽ പച്ചപ്പുല്ല് കൃഷി ചെയ്താൽ ഈ പഞ്ചായത്തിലെ കർഷകർക്ക് ന്യായവിലയ്ക്ക് നൽകുവാൻ കഴിയും.

7 ധാതുലവണ മിശ്രിതം, ജീവക പൂരിതങ്ങൾ ഇവ എല്ലാ കർഷകർക്കും ലഭിക്കുന്നതിനാവശ്യമായ രീതിയിൽ വിതരണം നടത്താൻ കഴിഞ്ഞാൽ ആരോഗ്യമുള്ള പശുക്കളെ വളർത്താനും കറവപ്പശുക്കളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാധിക്കും.

8 കർഷകരിൽ സാങ്കേതിക വിദ്യ അപ്പപ്പോൾതന്നെ എത്തുന്നതിന് സഹായകരമായ രീതിയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി കർഷക സമ്പർക്ക പരിപാടി ക്രമാനുസൃതമായി നടപ്പിലാക്കിയാൽ കാലിവളർത്തലിൽ ശാസ്ത്രീയാവബോധം വളർത്തുവാൻ കഴിയും.

9 ക്ഷീരവികസന യൂണിറ്റ് അനുവദിച്ച് പ്രവർത്തിച്ചാൽ കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കും. സ്ഥിരമായ വിപണിയുള്ള ഒരു കാർഷികോദ്പന്നമാണ് പാൽ. കൂടാതെ ഒരു ദിവസം രണ്ടുനേരം ആദായം തരുന്ന കാർഷിക വൃത്തിയാണ് കന്നുകാലി വളർത്തൽ. ഗ്രാമീണ സമ്പദ് ഘടനയിൽ വരുമാനം നേടിത്തന്നുകൊണ്ടിരിക്കുന്ന മേഖലയാണ് ക്ഷീരോല്പാദന മേഖല. 500 കോടിനാളികേരത്തിൽനിന്നും 1500 കോടിക്കും 1800 കോടിക്കും ഇടയിൽ വരുമാനം നേടിത്തരുമ്പോഴും ക്ഷീരോല്പാദനത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കേരളത്തിൽ 1400 കോടി രൂപയാണ്. പഞ്ചായത്തടിസ്ഥാനത്തിൽ വരുമ്പോഴും സ്ഥിതി അതുതന്നെ.

വ്യവസായം

പട്ടണക്കാട് പഞ്ചായത്ത് എന്നും ഒരു കാർഷിക ഗ്രാമമായിരുന്നു. തെങ്ങ്, നെല്ല്, ഇടവിളകൾ എന്നിവയായിരുന്നു ഇവിടുത്തെ കൃഷി. 4 കിലോമീറ്ററോളം നീളംവരുന്ന സമുദ്ര തീരത്തെ ഏതാണ്ട് 4000 ത്തോളം ആളുകൾ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നു. പൊഴിച്ചാൽ, പാടശേഖരങ്ങൾ, ചാലുകൾ, ഇടത്തോടുകൾ എന്നിവയിൽനിന്നും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവർ, പൊഴിച്ചാലിൽ അടിഞ്ഞുകൂടുന്ന കടൽ ചെളി സംഭരിച്ച് വിപണനം ചെയ്യുന്നവരും ഒരു വലിയ വിഭാഗമുണ്ട്. ആണ്ടിൽ ആറുമാസത്തോളം ഇവർക്ക് തൊഴിൽ ലഭ്യമാകുന്നുമുണ്ട്. കയർ വ്യവസായമാണ് മറ്റൊരു തൊഴിൽ മേഖല. കരകൗശല വ്യവസായവും, പ്രിൻറിംഗ് പ്രസും മറ്റു മേഖലകളാണ്.

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും കയർ ഉൽപ്പന്നങ്ങളുടെ ഉല്പാദനവും അനുബന്ധ ചെറുകിട വ്യവസായങ്ങളും പ്രവർത്തിക്കുന്നു. എന്നാൽ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇടനിലക്കാർ വൻലാഭം കൊയ്യുമ്പോൾ ചെറുകിട കയർ ഫാക്ടറി ഉടമകളും, തൊഴിലാളികളും ഈ പ്രതിസന്ധിയെ അതിജീവിക്കാൻ ബദ്ധപ്പെടുകയാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ സാഹചര്യങ്ങളായ അസംസ്കൃത വസ്തുക്കൾ, വിദഗ്ധ തൊഴിലാളികൾ, മുതൽമുടക്കുകാർ എന്നിവയൊക്കെ ഉണ്ടെങ്കിലും വിപണനം കാര്യക്ഷമമാക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ വ്യവസായ പദ്ധതികളിൽ കയർ വ്യവസായത്തിന് വമ്പിച്ച പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

ഇവിടുത്തെ കയർ വ്യവസായത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. തെങ്ങ് ശ്രീലങ്കയിൽനിന്ന് വന്നതാണെന്നു പറയപ്പെടുന്നു. 13–ാം നൂറ്റാണ്ടിൽ പേർഷ്യൻ ഉൾക്കടൽ പ്രദേശത്ത് കപ്പൽ നിർമ്മാണത്തിന് കയർ ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. ലോകപ്രസിദ്ധ ചരിത്രകാരൻ മാർക്കോ പോളോ അറബ് രാജ്യങ്ങളിൽ കയർ തടുക്ക് ഉപയോഗിച്ചിരുന്നതായി വിവരിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹം അറബ് രാഷ്ട്രങ്ങൾ കയർ വാങ്ങുന്നത് എവിടെനിന്നാണെന്ന് മനസിലാക്കുകയും നാളികേര തൊണ്ടിൻെറ ചകിരികൊണ്ട് കയർ ഉണ്ടാക്കുന്നത് എങ്ങനെയാണെന്ന് രേഖപ്പെടുത്തുകയും ചെയ്തു. ആലപ്പുഴയിൽ കയർ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ചുതുടങ്ങിയത് 1859 ൽ ജയിംസ്ഡാറ എന്ന വിദേശിയായിരുന്നു. ബ്രിട്ടണിലേയും, പശ്ചിമ ഉപഭൂഖണ്ഡത്തിലേയും തണുപ്പുള്ള സാഹചര്യത്തിൽ ജീവിക്കുന്ന ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ അല്പം സുഖകരമായ തറവിരിപ്പ് നൽകുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. തുടർന്ന് വിദേശികളും, സ്വദേശികളുമായ കുറച്ചുപേർ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയുണ്ടായി. 1912 ൽ ചേർത്തല താലൂക്കിൽ കയർ വ്യവസായം ആരംഭിച്ചു. ജനാബ് ബീരാമുണ്ണി പൊന്നാംവെളിയിൽ ആദ്യമായി ഒരു കയർ ഫാക്ടറി സ്ഥാപിച്ചത് ഈ വർഷമാണ്. അന്ന് കയർ വ്യവസായ രംഗത്ത് വൻലാഭം കൊയ്യുവാനുള്ള സാഹചര്യം നിലനിന്നിരുന്നു. എന്നാൽ കൂലി വർദ്ധനവിനും, മെച്ചപ്പെട്ട സൗകര്യങ്ങൾക്കുംവേണ്ടി തൊഴിലാളികൾ സംഘടിച്ചപ്പോൾ വൻകിട ഫാക്ടറികൾക്ക് മുൻരീതിയിൽ ലാഭകരമായ വ്യവസായം തുടരുവാൻ കഴിയാതെ വന്നു. ഇതിനിടയിലുണ്ടായ രണ്ടു ലോകമഹായുദ്ധങ്ങളും ഈ വ്യവസായത്തെ പൂർണ്ണമായും അധഃപ്പതിപ്പിച്ചുവെങ്കിലും യുദ്ധാനന്തരം അഭിവൃദ്ധി പ്രാപിച്ചു. രൂക്ഷമായ വ്യവസായമാന്ദ്യം രാജ്യത്തുവന്നപ്പോൾ വലിയ ഫാക്ടറികൾക്ക് പിടിച്ചുനിൽക്കാനായില്ല. തൊഴിലുടമകൾ തൊഴിലാളികളെ പിരിച്ചുവിടുകയും, ഉപകരണങ്ങൾ തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. പിന്നീട് കയറുമതി വ്യവസായം മാത്രമായി മറ്റു സ്ഥാപനങ്ങൾ നിലനിൽക്കുകയും നിർമ്മാണം ഏതാനും ചെറുകിട കമ്പനികൾക്കും, കുടിൽവ്യവസായങ്ങൾക്കുമായി തീർന്നു. അധഃപതനത്തിൽനിന്നും 1991 മുതൽ കയറുമതി വർദ്ധിക്കുകയും, തൊഴിൽ രഹിതരായ വളരെ പേർ ഈ രംഗത്തേയ്ക്ക് പ്രവേശിക്കുകയും ചെയ്തു. എന്നാൽ 1995 മുതൽ ഈ മേഖലയിൽ അസ്വാസ്ഥ്യങ്ങൾ ഉണ്ടായി. കയറുമതി കുറയുകയും, തൊഴിലും, വരുമാനവും തൊഴിലാളിക്ക് കുറയുകയും ചെയ്തു. ഒരു പൊതുതീരുമാനത്തിൻെറ അടി

സ്ഥാനത്തിൽ നിശ്ചയിക്കപ്പെടുന്ന നിരക്കിലുള്ള കൂലിയും, ആനുകൂല്യങ്ങളും വാങ്ങാൻ തൊഴിലാളികളും സർക്കാർ ഏജൻസി നിശ്ചയിക്കുന്ന വില വാങ്ങുവാൻ ചെറുകിട ഉല്പാദകരും തയ്യാറാകേണ്ടതുണ്ട്. സഹകരണ മേഖലയിൽ പൊന്നാംവെളിയിൽ ഒരു കയർ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കയറുപായ് ആണ് നിർമ്മിക്കുന്നത്. 10 നു താഴെ തറികളുള്ള കയറു തടുക്കു നിർമ്മാണശാലകളും ഏതാണ്ട് 10% ത്തിൽ താഴെ വീടുകളിൽ പ്രവർത്തിക്കുന്നുണ്ട്. ചകിരിനാരുകൊണ്ട് മാലകളുണ്ടാക്കുന്ന ജോലിയിൽ 500 ൽ അധികം സ്ത്രീകളും ഏർപ്പെട്ടിരിക്കുന്നു. ജോലിയില്ലാത്തവരുടെ ഒരു പാർട്ട് ടൈം പ്രവർത്തനമായും ഇത് നിലനിൽക്കുന്നു. ചുരുക്കം ചില ഏജൻറുമാർ ഈ മാലകളും ശേഖരിച്ച് വിവിധ നഗരങ്ങളിലും വിദേശങ്ങളിലുമായി വിറ്റഴിക്കുന്നു.

മറ്റൊരു തൊഴിൽ മേഖലയാണ് കൊത്തുപണി. തേക്ക്, ഈട്ടി, കുമ്പിളം തുടങ്ങി വിവിധ തരം തടികളിൽ കരകൗശല വസ്തുക്കളും തീർക്കുന്ന 100 ലേറെ കലാകാരൻമാർ ഇവിടെയുണ്ട്. ക്ഷേത്രശില്പ വേലകളിൽ പ്രാഗൽഭ്യത്തോടെ പ്രവർത്തിക്കുന്ന ശില്പികളും ഇക്കൂട്ടത്തിൽ ഇവിടെയുണ്ട്. പട്ടണക്കാട് I. L. P. യിലെ ചാത്തപ്പറമ്പിൽ അച്ഛനാണ് കരകൗശല തൊഴിൽ മേഖലയ്ക്ക് ഇവിടെ ബീജാവാപം ചെയ്തത്. ഈ തൊഴിൽ ചെയ്യുന്നവരുടേതായ ഒരു സഹകരണ സംഘം ഇവിടെയുണ്ട്. അതിൻറെ പ്രവർത്തനം മന്ദഗതിയിലാണ്. ഈ ഉല്പന്നങ്ങൾക്ക് വൻതോതിൽ വിദേശമാർക്കറ്റുമുണ്ട്.

പുതിയകാവുഭാഗത്ത് ഒരു തുണി നെയ്ത്തുകേന്ദ്രമുണ്ട്. ഈ നെയ്ത്തുശാലയിൽ കൈത്തറിത്തുണിത്തരങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു. കോനാട്ടുശേരിയിൽ നല്ല മേന്മയുള്ള പരുത്തി വസ്ത്രം നിർമ്മിക്കുന്ന ഒരു വ്യക്തിയും, അതിനുള്ള തറിയുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരു കൊക്കൂൺ റീലിംഗ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. പട്ടുവസ്ത്ര നിർമ്മാണ രംഗത്ത് ഗുണമേന്മയേറിയ പട്ടുനൂൽ സംസ്കരിക്കുകയാണ് ഇവിടെ നടത്തുന്നത്

അച്ചടി വ്യവസായം ഇന്നൊരു പരീക്ഷണഘട്ടത്തെ നേരിടുകയാണ്. 1967 ൽ പട്ടണക്കാട് ശ്രീ. കുട്ടപ്പൻറെ ഉടമസ്ഥതയിൽ പൊന്നാംവെളിയിൽ തുടങ്ങിയ എസ്. ജെ. പ്രസാണ് ഈ മേഖലയിൽ പഞ്ചായത്തിലെ ആദ്യഅച്ചടിശാല. ഇന്ന് സഹകരണമേഖലയിൽ രണ്ട് വനിതാ പ്രസ് ഉൾപ്പെടെ 7 അച്ചടിശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രാദേശികമായുള്ള അച്ചടിജോലികൾപോലും വൻകിടക്കാരുമായുള്ള മത്സരത്തിൽ ഇവർക്ക് ലഭ്യമാകുന്നില്ല. ഇത് ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു. സാമ്പത്തികസഹായവും, പ്രാദേശികമായ അച്ചടിജോലികളും ലഭിക്കുകയാണെങ്കിൽ ഈ മേഖല അഭിവൃദ്ധി പ്രാപിക്കും.

വ്യാവസായിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ

ചെറിയതോതിൽ പോലും നടത്തുവാൻ കഴിയുന്ന വ്യവസായ സാദ്ധ്യതകളെപ്പറ്റിയുള്ള അജ്ഞതയാണ് പ്രധാന കാരണം. മൂലധന ദൗർലഭ്യവും തൊഴിൽ പരിശീലനസൗകര്യങ്ങളുടെ അഭാവവുമാണ് മറ്റ് കാരണങ്ങൾ. കുടിൽ വ്യവസായമാണെങ്കിൽപോലും കയർ വ്യവസായത്തിൻറെ ഭാവിയും ശോഭനമല്ല. 1. അസംസ്കൃത വസ്തുക്കൾക്കു (ചകിരി) വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. 2. കയറുമതി ഓർഡറുകൾ അനിശ്ചിതമാണ്. ആരംഗത്ത് ചൂഷണവും നിലനിൽക്കുന്നു. ഈ പ്രശ്നം പഞ്ചായത്തുതലത്തിൽ പരിഹരിക്കാവുന്നതല്ല.

വാർഡ് 1

കേരളത്തിൻറെ അതിർത്തിയായ അറബിക്കടലിനോട് ചേർന്നുകിടക്കുന്ന ഒരു പ്രദേശമാണ് ഈ വാർഡ്. അതുകൊണ്ട് അവരുടെ പ്രധാന ആവശ്യവും ഒരു ''ഫിഷിംഗ് ഹാർബർ'' സ്ഥാപിക്കുക എന്നതാണ്. ഇതിന് അനുയോജ്യമായ സ്ഥലവും വാർഡിൽ തന്നെ കണ്ടെത്താമെന്നതാണ് ഗ്രാമസഭയുടെ നിർദ്ദേശവും. മറ്റൊന്ന് മീൻപിടിക്കുന്ന പോലെതന്നെ പ്രധാനമായതാണ് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുകയെന്നത്. അതിനായി ഒരു ''ശീതീകരണശാല'' (Cold Storage) യും അത്യന്താപേക്ഷിതമാണ്.

സോപ്പ്, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന ചെറുകിട കുടിൽ വ്യവസായങ്ങളും വാർഡിൽ ആരംഭിക്കുന്ന താല്പര്യമുള്ള ജനങ്ങളും ഉണ്ടെന്നുള്ളതുകൊണ്ട് പഞ്ചായത്തുതലത്തിൽ പരിശീലനവും, പ്രോത്സാഹനവും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

വാർഡ് 2

മത്സ്യബന്ധനം തൊഴിലായുള്ളവർ പാർക്കുന്ന സ്ഥലമായതിനാൽ ചെറുകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ വാർഡിൽ ഇല്ല.

വാർഡ് 3

മത്സ്യ സംസ്ക്കരണ ശാലകളും ഈ വാർഡിൽ ഉണ്ട്. ചെമ്മീൻ സംസ്ക്കരണം നടത്തുന്ന ശാലയിൽനിന്നുള്ള മലിനജലം ഈ മേഖലയിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുപോലെ തന്നെ കടൽമണ്ണ് വളരെ അധികം ലഭിക്കുന്ന ഒരു വാർഡായതുകൊണ്ട് ഈ മേഖലയിൽ ഒരു മണലിഷ്ടിക ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. കുമ്മായ നിർമ്മാണത്തിന് വളരെ അനുയോജ്യമായ ഒരു പ്രദേശമാണ് ഈ വാർഡ് കാരണം കുമ്മായത്തിനാവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ ''കക്ക'' ഇവിടെ സുലഭമാണ്. മത്സ്യാവശിഷ്ടങ്ങളും അടങ്ങിയ മണ്ണുള്ളതിനാൽ ഒരു ചെറുകിട ജൈവവള ഫാക്ടറിയും ഇവിടെ ആരംഭിക്കാവുന്നതാണ്. എന്നാൽ പരിസ്ഥിതി പ്രശ്നങ്ങളും പൂർണ്ണമായും പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വാർഡ് 4

ഈ വാർഡിൽ കൂടുതലും കയർ വ്യവസായമാണു മുന്നിട്ട് നിൽക്കുന്നത്. എന്നാൽ ഇവിടെ അസംസ്കൃതവസ്തുക്കളും തൊണ്ട്, ചകിരി എന്നിവ ആവശ്യത്തിന് ലഭ്യമല്ല. അതുകൊണ്ട് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കേണ്ടത് ഈ മേഖലയിലെ വ്യവസായ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ആധുനിക വ്യവസായങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന കമ്പിക്കാർപ്പറേറ് നിർമ്മാണം കൈത്തറി തീപ്പെട്ടിനിർമ്മാണം എന്നിവ ആരംഭിക്കാൻ താൽപ്പര്യമുള്ളവർ ഈ വാർഡിൽ ഉണ്ട് എന്നത് ഇവിടെ സ്വകാര്യമോ സഹകരണാടിസ്ഥാനത്തിലോ ഇത്തരംവ്യവസായങ്ങളും പ്രോൽസാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വാർഡ് 5

പഞ്ചായത്തിലൂടെ കടന്നുപോകുന്ന എൻ. എച്ച്. 47ന് ഇരുവശവുംആയി കിടക്കുന്ന ഒരു വാർഡ്ആണ് ഇത്. കയർ വ്യവസായമാണ് ഈ വാർഡിൽ മുൻപന്തിയിൽ നിൽക്കുന്നത് ഒരു ചെറുകിട കയർസൊസൈറ്റിയും, പട്ടുനൂൽ ഉൽപാദിപ്പിക്കുന്ന ഒരു ഫാക്ടറിയും ഈ വാർഡിൽ ഉണ്ട്. കെട്ടിടനിർമ്മാണത്തിനാവശ്യമായ ഹോളോ ബ്രിക്സ് (ഇഷ്ടിക) നിർമ്മാണ സ്ഥാപനം പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തനരഹിതമായിരിക്കുന്നു. ഈ വാർഡിന്റെ മദ്ധ്യഭാഗത്തായി ഒരു വനിതാസൊസൈറ്റിയുണ്ട് എന്നാൽ സൊസൈറ്റിയുടെഉടമസ്ഥതയിലുള്ള അച്ചടിശാലയിൽതദ്ദേശവാസികൾ ആരും തന്നെ തൊഴിലെടുക്കുന്നില്ല. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഈ വാർഡിൽ വ്യവസായ വികസനത്തിന് വിലങ്ങുതടിയായി നിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് പട്ടുനൂൽ ഉത്പാദിപ്പിക്കുന്ന ഫാക്ടറി ജനകീയപങ്കാളിത്തത്തോടെ പുനരുദ്ധരിച്ച് ഉയർന്ന പ്രവർത്തനക്ഷമത കൈവരുത്തേണ്ടിയിരിക്കുന്നു. ഇഷ്ടിക നിർമ്മാണ ഫാക്ടറി തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കിക്കൊടുത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കും. വനിതാ സൊസൈറ്റിയുടെ പ്രവർത്തനം പരിശോധിച്ച് കൂടുതൽ സ്ത്രീകളെ അംഗങ്ങളായിചേർത്ത് സ്ത്രീകളുടെ വ്യവസായിക അഭിരുചി മനസിലാക്കി അനുയോജ്യമായ പരിശീലനം കൊടുക്കുന്ന ഒരുസ്ഥാപനമാക്കേണ്ടതുണ്ട്. ''ചകിരിമാല'' നിർമ്മിക്കുന്ന ഒരുപാട് സ്ത്രീകളും ഈ വാർഡിലുണ്ട് അവർക്ക് ന്യായമായ വില ലഭിക്കുന്നരീതിയിലുള്ള ഒരു സഹകരണ സ്ഥാപനം പഞ്ചായത്തുതലത്തിൽ വരേണ്ടത് അത്യന്താപേക്ഷിതമായ ഒരാവശ്യമാണ്. കരകൗശല വികസന കോർപ്പറേഷന്റേയും മറ്റും ശ്രദ്ധ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരേണ്ടതും അത്യാവശ്യമാണ്.

വാർഡ് 6

പഞ്ചായത്താഫീസുംപ്പെടെ വളരെയധികം സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന ഈ വാർ

ഡിൽ ഫർണീച്ചർ വ്യവസായം, കയർ വ്യവസായം എന്നിവയാണ് കൂടുതലായി ഉള്ളത്. ചകിരിമാല ഉല്പാദിപ്പിക്കുന്ന വളരെയധികം വ്യക്തികളും ഈ വാർഡിലുണ്ട്. ഫർണീച്ചർ വ്യവസായം നേരിടുന്ന പ്രതിസന്ധികളും പരിഹരിച്ച് സൗകര്യങ്ങളും ചെയ്തുകൊടുത്താൽ ആധുനിക രീതിയിലുള്ള ഫർണീച്ചർ നിർമ്മിക്കാൻ പര്യാപ്തമായ സൗകര്യങ്ങളും പഞ്ചായത്തുതലത്തിൽ ഈ വാർഡിൽ തുടങ്ങാൻ സാധിക്കും.

വാർഡ് 7

ചകിരിനാരുകൊണ്ട് മാല നിർമ്മിക്കുന്ന വളരെയധികം ജനങ്ങളും ഈ വാർഡിൽ താമസിക്കുന്നു. ഭൂരിഭാഗം സ്ത്രീകളാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. പഞ്ചായത്തുതലത്തിൽ ചകിരിനാരുമാല സഹകരണാടിസ്ഥാനത്തിൽ വാങ്ങി വിൽക്കുന്ന ഒരു യൂണിറ്റ് തുടങ്ങിയാൽ ഈ മേഖലയിൽ കരകൗശല വ്യവസായത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ പ്രതീക്ഷിക്കാം. മറ്റൊന്ന് ചകിരിച്ചോറും, മറ്റ് അസംസ്കൃത വസ്തുക്കളും ചേർത്തുണ്ടാക്കുന്ന ജൈവവള യൂണിറ്റ് ഈ പ്രദേശത്ത് തുടങ്ങാവുന്നതാണ്. ''മര ഉരുപ്പടികൾ'' നിർമ്മിക്കുന്ന ഒരു കാർപ്പെന്ററി യൂണിറ്റ് ഈ മേഖലയിൽ തുടങ്ങാവുന്നതാണ്.

വാർഡ് 8

ഖാദിബോർഡുമായി സഹകരിച്ചുകൊണ്ട് കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളും ഈ വാർഡിൽ ആരംഭിക്കേണ്ടതാണ്. കാർഷികമേഖല വികസിപ്പിച്ചാൽ തൊഴിൽ അവസരങ്ങളും സാമ്പത്തിക നിലയും മെച്ചപ്പെടുത്താൻ സാധിക്കും.

വാർഡ് 9

കയർ വ്യവസായത്തിന്റെ വളർച്ചയ്ക്കായി യന്ത്രവൽകൃത കയർ വ്യവസായ സഹകരണ സംഘങ്ങളും തുറക്കുകയെന്നത് ഈ വാർഡിന്റെ മുഖ്യമായ ആവശ്യമാണ്. കയർ വ്യവസായ രംഗത്തുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതോടൊപ്പം വിദഗ്ധ പരിശീലനവും ധനസഹായവും ലഭ്യമാക്കുക എന്നതും അത്യന്താപേക്ഷിതമാണ്.

വാർഡ് 10

മറ്റ് വാർഡുകളിലുള്ളപോലെ തന്നെ കയർ വ്യവസായവും മറ്റനുബന്ധ വ്യവസായങ്ങളും ഈവാർഡിലും പ്രതിസന്ധിയും പ്രശ്നങ്ങളും നേരിടുന്നു. മറ്റ് വാർഡുകളിൽ നിന്നും വ്യത്യസ്തമായി പുല്ലുകൊണ്ടും, കയർ കൊണ്ടും കുട്ടകളും, കരകൗശല സാധനങ്ങളും ഉല്പാദിപ്പിക്കുന്നവർ ഈ വാർഡിലുണ്ട്. ഇത്തരം വ്യവസായങ്ങളുടെ ഉന്നമനത്തിനായി വനിതകളുടേതായ ഒരു സഹകരണസംഘം ഇവിടെ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ മത്സ്യസംസ്ക്കരണ ശാലകളും, നോട്ടുബുക്കുകളും, ഫയൽ, സ്ക്കൂൾ ബാഗുകളും എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളും സഹകരണ മേഖലയിൽ ആരംഭിക്കണമെന്നത് ഇവരുടെ ഒരു പ്രധാന ആവശ്യമാണ്.

വാർഡ് 11

കയർ മേഖല പോലെ തന്നെ പ്രാധാന്യമേറിയ മറ്റൊരു ചെറുകിട വ്യവസായമാണ് ഇറച്ചിക്കോഴി വളർത്തലും അവയുടെ വില്പനയും മറ്റും ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

വാർഡ് 12

കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുകയും മെച്ചപ്പെട്ട വിപണന സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുക, ഉത്പന്നങ്ങൾക്ക് റിബേറ്റ് നൽകുക, തൊഴിലാളികൾക്ക് **E S I** ആനുകൂല്യം കൊടുക്കുക എന്നിവയൊക്കെയാണ് ഈ വാർഡിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ. ഇവ സമയബന്ധിതമായി ചെയ്തുകൊടുത്താൽ ഈ വാർഡിൽ വ്യവസായ വികസനത്തിന്റെ ഒരു പുതിയ വെളിച്ചം തന്നെ ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ തന്നെ കുടിൽ വ്യവസായങ്ങളും സ്വയം തൊഴിൽ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടയർ ട്യൂബ് വൾക്കനൈസിംഗ്, ഫർണീച്ചർ നിർമ്മാണം, പപ്പട നിർമ്മാണം എന്നിവ ഈ വാർഡിൽ ആരംഭിക്കാവുന്നതാണ്.

വ്യവസായ സാദ്ധ്യതകൾ

1 ചിരട്ട സംസ്ക്കരണം

ചിരട്ട പൊടിക്കുക, കരിക്കുക, അലങ്കാര വസ്തുക്കൾ ഉണ്ടാക്കുക, ഐസ്ക്രീം കപ്പ് നിർമ്മിക്കുക.

2 തേങ്ങാപ്പീര ഉപയോഗിച്ചുള്ള പലഹാര നിർമ്മാണം.

3 ചകിരിച്ചോറ് ഉപയോഗിച്ച് സീലിംഗ് / പാർട്ടീഷൻ ബോർഡുകൾ, വളം, വിറക് എന്നിവയുടെ നിർമ്മാണം.

4 കക്കാ സംസ്ക്കരണം

കുമ്മായം, ചുണ്ണാമ്പ് എന്നിവയ്ക്കു പുറമേ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന നിലവാരത്തിൽ സംസ്ക്കരിക്കുക.

5 കേരോല്പന്നങ്ങളുടെ നൂതന വിനിയോഗ സാദ്ധ്യതകൾ.

തേങ്ങാവെള്ളത്തിൽ നിന്നും സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണം, വിന്നാഗിരി നിർമ്മാണം തുടങ്ങിയവ.

6 മത്സ്യസംസ്ക്കരണത്തിലെ നൂതനസാദ്ധ്യതകൾ.

വ്യഞ്ജനങ്ങൾ ചേർത്ത് പാചകം ചെയ്ത് ടിന്നിലാക്കൽ.

7 വ്യവസായ നഗരമായ കൊച്ചിയെ മുന്നിൽ കണ്ടുകൊണ്ടുള്ള വ്യവസായങ്ങളെപ്പറ്റി അന്വേഷണം.

a അസംബ്ലിംഗ് യൂണിറ്റുകൾ.

ഗൃഹോപകരണങ്ങളുടെ അസംബ്ലിംഗ്, മിക്സി, ഗ്രൈൻറർ etc.

b യന്ത്രങ്ങളുടെ ഉല്പാദനം.

ഏത് യന്ത്രത്തിൻറേയും എല്ലാ ഭാഗങ്ങളും ഫാക്ടറിയിലല്ല ഉണ്ടാക്കുന്നത്.

c ഫ്രീ ഫാബ്രിക്കേഷൻ യൂണിറ്റുകൾ.

ഷെൽഫുകൾ, അലമാരകൾ എന്നിവ ഉണ്ടാക്കുന്നതിനുവേണ്ടി ഡിസൈൻ ചെയ്ത ഭാഗങ്ങൾ ഉണ്ടാക്കൽ.

d അനോ ഡൈനിംഗ്, ഗാൽവനൈസിംഗ് യൂണിറ്റുകൾ.

e മോൾഡിംഗ്, കാർവിംഗ് മുതലായവ.

f ഡ്രോയിംഗ് യൂണിറ്റുകൾ,

ഇരുമ്പുകമ്പിയിൽനിന്നും സ്ലാക ഉണ്ടാക്കൽ, ചെമ്പുതകിടിൽനിന്നും കമ്പിയുണ്ടാക്കൽ.

g ആണികൾ, വിജാഗിരികൾ എന്നിവയുടെ നിർമ്മാണം.

h പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉണ്ടാക്കൽ.

i പാഴ്വസ്തുക്കളുടെ പുനരുപയോഗ സാദ്ധ്യതകൾ.

പാഴായ പ്ലാസ്റ്റിക് ഉരുക്കി തരികൾ ഉണ്ടാക്കൽ, തരികൾ വീണ്ടും ഉരുക്കി വസ്തുക്കൾ ഉണ്ടാക്കൽ.

j മറ്റ് വ്യാവസായികോല്പന്നങ്ങളുടെ ഉല്പാദനം.

k അന്ധകാരനഴിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കണം. ഇതിനുവേണ്ടി സംസ്ഥാനത്തും, കേന്ദ്രത്തിലും സമ്മർദ്ദം ചെലുത്തണം.

ഈ വിഷയങ്ങളിൽ അന്വേഷണം നടത്തി, ഈ വ്യവസായ സാദ്ധ്യതകളെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

സാമൂഹ്യക്ഷേമം, പാർപ്പിടം

പ്രശ്നങ്ങൾ

ബീച്ച് വാർഡ് I, II.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ഈ വാർഡുകളിൽ കൂടുതലായി താമസിക്കുന്നത്. വീടുകൾക്ക് സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ശുദ്ധജലപദ്ധതി നടപ്പാക്കുകയും, ഒരു ഹെൽത്ത് സെൻറർ നിർമ്മിക്കുകയും ചെയ്യുക. ഒന്നാം വാർഡിനേയും മൂന്നാം വാർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണാകർണ്ണൻ ക്ഷേത്രത്തിനടുത്തുള്ള പടിഞ്ഞാറ് വശത്ത് ഒരു പാലം പണിയുക. ഇപ്പോൾ കേന്ദ്രഗവൺമെൻറിൻറെ പരിഗണനയിലുള്ള കൃത്രിമ ഫിഷിംഗ് ഹാർബറിൻറെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കി പാർപ്പിട പ്രശ്നം പരിഹരിക്കുക.

വാർഡ് III.

വീയ്യാത്തറ സെറ്റിൽമെൻറ് കോളനിയിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. കൂടാതെ ശുദ്ധജല പദ്ധതി നടപ്പിലാക്കുക. ഇവിടെയും സ്വന്തമായി സുരക്ഷിതമായ വീടുകൾ നൽകി സഹായിക്കുക.

വാർഡ് IV

പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ നിർദ്ധനരായവർക്ക് സൗജന്യ ഭവനനിർമ്മാണ പദ്ധതിയും, ശുദ്ധജലപദ്ധതിയും നടപ്പിലാക്കുകയും, വൈദ്യുതി ലഭ്യമാക്കുകയും വേണം ഈ വാർഡിലുള്ള ഗിരിജൻ കോളനിയിൽ വെള്ളം കെട്ടി നിൽക്കാത്ത രീതിയിൽ ഓടകെട്ടി സംരക്ഷിക്കേണ്ടതാണ്. എല്ലാ ജനവിഭാഗങ്ങളിൽപ്പെട്ട നിർദ്ധനരായ ആളുകൾക്കും ഭവന പദ്ധതികളിലൂടെ വീടുകൾ നിർമ്മിച്ചുനൽകണം.

വാർഡ് V

ജീർണ്ണിച്ചു കിടക്കുന്ന ലക്ഷംവീട് കോളനികൾ പുനർനിർമ്മാണം നടത്തുകയും വൈദ്യുതി ഇല്ലാത്ത സ്ഥലത്ത് വൈദ്യുതി എത്തിക്കുകയും ചെയ്യുക. ഭവന രഹിതരും നിർദ്ധനരുമായ കുടുംബങ്ങൾക്ക് സൗജന്യഭവന നിർമ്മാണപദ്ധതി നടപ്പാക്കി പുനഃരധിവസിപ്പിക്കുക.

വാർഡ് VI

ആറാം വാർഡിലെ പഴംതുരുത്ത് കോളനിയിൽ താമസിക്കുന്ന പത്തൊൻപത് വീട്ടുകാരെ വേറെ സ്ഥലത്ത് മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊന്നാംവെളിയിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക. ചന്തയുടെ (market) തറ സിമൻറ് ചെയ്ത് ഓട കെട്ടി സംരക്ഷിക്കുക.

വാർഡ് VII

ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപ്പണി എത്രയും വേഗം തീർക്കുക. സ്വന്തമായി വീടില്ലാത്ത നിർദ്ധനരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുക.

വാർഡ് VIII

വെട്ടയ്ക്കൽ P. H. C. യിൽ അനുവദിച്ച കിടക്കകൾ ഉപയോഗിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുക. മിനി ഓപ്പറേഷൻ തീയേറ്റർ, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവ ഉടൻ പ്രവർത്തനക്ഷമമാക്കുക. പൊറത്താംകുഴിയിൽ നിന്നുവടക്കോട്ടുള്ള ചെറിയ വഴി റോഡാക്കി പൂർത്തീകരിക്കുക.

വാർഡ് IX

ഈ വാർഡിൽ അൻപത് വീടുകൾ കുടിലുകളാണ് ഒരു വീട്ടിൽ തന്നെ പല കുടുംബങ്ങൾ താമസിക്കുന്നു. ഇവരെ സൗജന്യ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ച് നൽകുക.

വാർഡ് X

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും നിർദ്ധനരായ മറ്റു വിഭാഗങ്ങൾക്കും സൗജന്യ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക.

വാർഡ് XI

ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവർക്ക് വീടുകൾക്കുള്ള അറ്റകുറ്റപണി നടത്താ

നുള്ള സഹായങ്ങളും നൽകുക. ശുദ്ധജലപദ്ധതികളും, വൈദ്യുതീകരണം തുടങ്ങിയവ നടപ്പിലാക്കുക, കക്കൂസുകളും നിർമ്മിക്കുക, ഭവന രഹിതരായ എല്ലാവർക്കും പ്രത്യേകം ഭവന പദ്ധതിയിലൂടെ വീടുകളും നൽകി പാർപ്പിട പ്രശ്നം പരിഹരിക്കുക.

വാർഡ് 12

ഉഴുവ ഹരിജൻ കോളനി, കായ്കുളങ്ങര കോളനി, കൊല്ലംവെളി കോളനി എന്നീ കോളനികളിലെ 24 കുടുംബാംഗങ്ങൾക്കും വീടുകളില്ല. അവർക്കും സൗജന്യമായി ഭവനനിർമ്മാണ പദ്ധതിയും കൂടിവെള്ള പദ്ധതിയും നടപ്പിലാക്കേണ്ടതാണ്.

ഈപഞ്ചായത്തിലുള്ള എല്ലാവിഭാഗം പെൻഷൻകാർക്കും യഥാസമയം പെൻഷൻകൊടുക്കാൻ നടപടി സ്വീകരിക്കുക. വാഗ്ദത്തകർഷകപെൻഷൻ എത്രയും വേഗം നടപ്പിലാക്കുക. ഒരു വൃദ്ധമന്ദിരവും, പൊതുസ്മശാനവും നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. പഞ്ചായത്തിലുള്ള അനധികൃതമായ മദ്യഷാപ്പുകളും ഇല്ലാതാക്കുക. കൊതുക് നശീകരണത്തിന് വേണ്ട സത്വരനടപടികളും സ്വീകരിക്കുക. ചകിരിയടിപ്പിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളും ശക്തിയായ ജലമലിനീകരണം വരുത്തുന്നു. ഇതു് ആരോഗ്യത്തിന് പല വിധത്തിൽ ദോഷംചെയ്യുന്നു. ഇത് ഒഴിവാക്കാൻ വേണ്ട നടപടികളും സ്വീകരിക്കുക. ഈ പഞ്ചായത്തും പ്രദേശത്തും ഇപ്പോളും നിലവിൽ ഉള്ളതും പഞ്ചായത്തിൽ നിന്നും കറൻറ് ചാർജ്ജ് അടയ്ക്കുന്നതുമായ വഴിവിളക്കുകളും എല്ലാം കത്തിക്കുന്നതിനും കെ. എസ്. ഇ. ബി. സത്വരനടപടി സ്വീകരിക്കണം വഴിവിളക്കുകളും ഇല്ലാത്ത സ്ഥലത്തും പുതിയവ സ്ഥാപിക്കുന്നതിന് പഞ്ചായത്തും കമ്മിറ്റി സത്വരനടപടി സ്വീകരിക്കുകയും ചെയ്യണം വഴിവിളക്കുകളും കത്തിക്കുന്നതിന് പഞ്ചായത്തിന് പ്രത്യേകം മീറ്റർ സ്ഥാപിച്ചും കത്തുന്നകാണ്ടിന് മാത്രം ചാർജ്ജ് ഈടാക്കുന്നതിനും കെ. എസ്. ഇ. ബി. നിയമത്തിൽ ആവശ്യമായ ഭേദഗതിവരുത്തണമെന്നും ഗവൺമെൻറിനോടും കർശനമായി അഭ്യർത്ഥിക്കുന്നു. വോൾട്ടേജ് ഇല്ലായ്മ പരിഹരിക്കുവാൻ സത്വരനടപടികളും കെ. എസ്. ഇ. ബി. സ്വീകരിക്കണം. കരകൗശലവസ്തുക്കളും നിർമ്മിക്കുന്ന കലാകാരന്മാർക്ക് ധനസഹായം നല്കി പ്രോൽസാഹിപ്പിക്കണം ശുദ്ധജലപദ്ധതി പഞ്ചായത്തും പ്രദേശത്തും നടപ്പാക്കുക.

അംഗൻവാടികളെ കുറിച്ച്

ഒന്നാം വാർഡിൽ രണ്ട് അംഗൻവാടികളും ഉള്ളതിൽ ഒന്നിന് കെട്ടിടം ഉണ്ട്. 104-ാംനമ്പർ അംഗൻവാടിക്കു് കെട്ടിടം നിർമ്മിക്കാൻ വേണ്ട സ്ഥലം കണ്ടുപിടിച്ചു് നൽകുക. പഞ്ചായത്തിൻെറ സഹായത്തോടുകൂടി കെട്ടിടം നിർമ്മിക്കുക രണ്ടാം വാർഡിൽ 105, 106 എന്നീഅംഗൻവാടികൾക്ക് സ്ഥലമില്ല. വീടിൻെറ വരാന്തയിലാണ് ഇപ്പോൾ നടത്തുന്നത്. സ്ഥലം കണ്ടുപിടിച്ച് കെട്ടിടം നിർമ്മിക്കണം. 3-ാം വാർഡിൽ രണ്ട് അംഗൻവാടികളും ഉള്ളതിൽ ഒണിന് (107) സ്ഥലം കിട്ടി കെട്ടിട നിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതു് പൂർത്തീകരിക്കാൻ സഹായിക്കുകയും 108-ാംനമ്പർ അംഗൻവാടിക്കു് സ്ഥലം ഉണ്ടാക്കികൊക്കുകയും വേണം. നാലാം വാർഡിൽ 109 110, 111 എന്നീ അംഗൻവാടികൾക്കു് കിട്ടിയ സ്ഥലം അളന്ന് നൽകുകയും കെട്ടിട നിർമ്മാണത്തിന് സഹായിക്കുകയും വേണം. 5-ാംവാർഡിലുള്ള 112-ാംനമ്പർ അംഗൻവാടിക്ക് സ്ഥലം കണ്ടുപിടിക്കുകയും കെട്ടിടം നിർമ്മിച്ചു 113-ാം നമ്പർ അംഗൻവാടിയുടെ സ്ഥലം അളന്നുതിരിച്ചു് അംഗൻവാടിയുടെ അടിത്തറഇളകി താഴെ വീഴാതിരിക്കാൻ, ചുറ്റുമതിലുകെട്ടി സംരക്ഷിക്കേണ്ടതുമാണ് കൂടാതെ കെട്ടിടത്തിൻെറ പുനഃനിർമ്മാണത്തിന് സഹായം നൽകുക. 6-ാംവാർഡിൽ 114 നും 115നും സ്ഥലം കണ്ടുപിടിച്ച് നൽകുക 7-ാംവാർഡിൽ 3 അംഗൻവാടികളും ഉള്ളതിൽ രണ്ട് അംഗൻവാടികൾക്കു് കെട്ടിടം ഉണ്ട്. 116-ാംനമ്പർ അംഗൻവാടിക്കു് സ്ഥലം കണ്ടുപിടിക്കണം. 8-ാംവാർഡിൽ 3 അംഗൻവാടികളും ഉള്ളതിൽ 119 നും 120 നും സ്ഥലം നൽകണം. 9-ാംവാർഡിൽ രണ്ട് അംഗൻവാടികളും ഉള്ളതിൽ 122-ാംനമ്പർ അംഗൻവാടിക്ക് സ്ഥലംവേണം. 123-ാംനമ്പർ അംഗൻവാടിക്ക് കിട്ടിയസ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സഹായിക്കേണ്ടതാണു്. 10-ാംവാർഡിൽ രണ്ട് അംഗൻവാടികളും ഉള്ളതിൽ 124-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം കണ്ടുപിടിക്കുകയും 125 ന് കിട്ടിയസ്ഥലത്ത് കെട്ടിടം ഉണ്ടാക്കാൻവേണ്ട സഹായങ്ങളും നൽകുക. 11-ാം വാർഡിൽ 3 അംഗൻവാടികളും ഉള്ളതിൽ 126-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം നൽകുകയും

128-ാംനമ്പർ അംഗൻവാടിക്കു് കിട്ടിയ സ്ഥലം അളന്നു് തിരിച്ചു് വേലികെട്ടുകയും, 127-ാംനമ്പർ അംഗൻവാടിയുടെ കെട്ടിടം പണി എത്രയും വേഗം പൂർത്തീകരിക്കേണ്ടതുമാണു്. 12-ാം വാർഡിൽ 3 അംഗൻവാടികളും ഉള്ളതിൽ 130-ാംനമ്പർ അംഗൻവാടിക്കു് 1990 ൽ അനുവദിച്ച രൂപ ഉപയോഗിച്ചു് ഭിത്തിവരെകെട്ടിത്തീർന്നിട്ടുണ്ടു്. എത്രയും വേഗം ബാക്കിപണികൂടി തീർക്കാനുള്ള സഹായങ്ങളും നൽകണം. കൂടാതെ അംഗൻവാടി കുട്ടികൾക്കു് കളിക്കാനുള്ള സൗകര്യം നൽകുക. ശുദ്ധജലവിതരണം നടത്തുക. കക്കൂസുകളും നിർമ്മിക്കുക. അംഗൻവാടി പ്രവർത്തകരെ ഗവൺമെന്റു് ജീവനക്കാരായി അംഗീകരിക്കുക. കെട്ടിടം നിർമ്മിച്ചു അംഗൻവാടികൾക്കു് ചുറ്റുമതിലുകളും കെട്ടാനുള്ള നടപടികളും സ്വീകരിക്കുക.

കൃഷിയും ജലസേചനവും

പന്ത്രണ്ടു് വാർഡുകളും ഉൾപ്പെടുന്ന പട്ടണക്കാടു് ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 15.34 ചതുരശ്ര കിലോമീറ്ററാണു്. ഇതിന്റെ അതിർത്തികളും കിഴക്കു് മാളിത്തോടും നാഷണൽ ഹൈവേയും, പടിഞ്ഞാറു് അറബിക്കടലും വടക്കു കരാളം തോടും, തെക്കു് പതിനാറാം മൈൽതോടുമാണു്. മൊത്തം ജനസംഖ്യയിൽ 60% ആളുകളും കൃഷിക്കാരാണു്. കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ കൃഷിക്കാരെ താഴെപ്പറയുന്ന രീതിയിൽ തരം തിരിച്ചിരിക്കുന്നു.

വിസ്തീർണ്ണം	കൃഷിക്കാരുടെ എണ്ണം
0.0 മുതൽ 0.5 ഹെക്ടർ വരെ	3805
0.5 മുതൽ 1 ഹെക്ടർ വരെ	949
1 മുതൽ 2 ഹെക്ടർ വരെ	143
2 ഹെക്ടറിനുമുകളിൽ	24

ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും അനുസരിച്ചു് പഞ്ചായത്തിനെ മൂന്നുതട്ടായി തരംതിരിക്കാവുന്നതാണു്.

1. പൊഴിച്ചാലിനു് പടിഞ്ഞാറു് കടപ്പുറം പ്രദേശം.

പൊടിമണൽ നിറഞ്ഞ ഉപ്പുകലർന്ന മണ്ണാണു് ഈ പ്രദേശത്തിന്റെ പ്രത്യേകത. മുഖ്യകൃഷി തെങ്ങാണു്. ഉപവിളയായി വാഴയും, ചേമ്പും, കൃഷി ചെയ്യാവുന്നതാണു്. സമുദ്രനിരപ്പിൽ നിന്നു് ഉദ്ദേശം 0.75 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഭൂമിയാണിത്. പ്രസ്തുത പ്രദേശത്തിന്റെ വടക്കേ അതിർത്തിയിൽ അനുധകാരനഴി റെഗുലേറ്ററുകളും സ്ഥിതി ചെയ്യുന്നു.

2. പൊഴിച്ചാലിനു കിഴക്കും മാന്തറതോടിനും (ഉഴുവച്ചാൽ) ഇടയ്ക്കു കിടക്കുന്ന പ്രധാന പാടശേഖരങ്ങളും ഉൾപ്പെട്ട കരിനില പ്രദേശങ്ങളും കരഭൂമിയും ഇടകലർന്നു കിടക്കുന്ന വെട്ടയ്ക്കൽ വീയാത്തറ പ്രദേശങ്ങളും.

ചെളി അംശം കൂടുതലുള്ള അമ്ലത്വവും ഉപ്പിന്റെ അംശം കൂടുതലുള്ളതുമായ മണ്ണാണു് ഈ പ്രദേശത്തുള്ളത്. സമുദ്ര തീരത്തോടും, പൊഴിച്ചാലിനോടും ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ടു് ഓരുമയമുള്ള മണ്ണു് ഈ പ്രദേശത്തിന്റെ പ്രത്യേകതയാണു്. തെങ്ങു്, വച്ചക്കറി, നെല്ലു്, എന്നിവയാണു് പ്രധാന കൃഷികൾ.

വെട്ടയ്ക്കൽ എ. ബി. സി. ബ്ലോക്കുകളും ചെമ്പകശേരി, കൊട്ടളപ്പാടം, വെണ്ണക്കുഴി കോട്ടു്, ഇരുമ്പൻ കരി എന്നീ പാടശേഖരങ്ങളും ഇതിൽ ഉൾപ്പെടുന്നു. പ്രധാനമായും ചെട്ടിവിരിപ്പു്, കുളപ്പാല, കുറുക, വൈറ്റില, പൊക്കാളി എന്നീ ഇനങ്ങളാണു് കൃഷി ചെയ്യുന്നതു. ഒരുപ്പൂകൃഷി സമ്പ്രദായമാണു് പരമ്പരാഗതമായി അനുവർത്തിച്ചുവരുന്നതു്.

കൊയ്തു കഴിഞ്ഞാൽ കച്ചിൽ പെറുക്കാറില്ല. ഈ കച്ചിലും കൊയ്ത്തു് കഴിഞ്ഞു് പാടത്തു് സമൃദ്ധമായുണ്ടാകുന്ന മുളളൻ പായലുകളും മറ്റു കളകളും ചീഞ്ഞു് പാടത്തു തന്നെ അടിയുന്നു. ജനുവരി അവസാനത്തോടെ കൃഷിക്കു പ്രാരംഭ

മായി വെള്ളം വറ്റിച്ച് ഈ ചീഞ്ഞളിഞ്ഞ ജൈവാംശങ്ങളാൽ സമൃദ്ധമായ മണ്ണ് കോരിക്കൂട്ടി കണ്ടങ്ങളാക്കുന്നു. കുംഭക്കോറ്റുകൊണ്ട് ഈ കൂനകൾ നന്നായി ഉണങ്ങിപ്പൊടിയുന്നു. കാലവർഷാരംഭത്തിലെ മഴയിൽ അമ്ലത്വവും ഉപ്പും കഴുകി ശുദ്ധമാക്കിയ മണ്ണിൽ വിത്തിടുന്നു. മുളച്ച ഞാറുകൾ 50 മുതൽ 60 ദിവസത്തിനകം കൈതീർപ്പു നടത്തുന്നു. അധികം രാസവള പ്രയോഗങ്ങളും, കീടനാശിനി പ്രയോഗങ്ങളും ഇല്ലാതെ സാമാന്യം നല്ലവിളവുകൾ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ കൊട്ടളപ്പാടം തുരുത്തു പാടശേഖരത്തിൽ 1975 മുതൽ അത്യുല്പാദനശേഷിയുള്ള ഹ്രസ്വകാല നെൽവിത്തുകൾ കൃഷി ചെയ്തു വന്നിരുന്നു. ഇവിടെ ഇരുപ്പൂവുകൃഷിയും ചെയ്യാവുന്നതാണ്. ഈ പ്രദേശത്ത് ഇരുമ്പൻ കരി എന്ന 45 ഏക്കറോളം വരുന്ന കൃഷി ഭൂമി വർഷങ്ങളായി തരിശായി കിടക്കുകയാണ്.

ഈ പ്രദേശങ്ങളിൽ പണ്ട് തെങ്ങ് സമൃദ്ധമായി വിളഞ്ഞിരുന്നു. എന്നാൽ ഇന്ന് അനവസരത്തിലുള്ള ഓരു കയറ്റംമൂലം തെങ്ങ് രോഗബാധിതമായി നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ പാടശേഖരങ്ങളുടെ ചിറകളിലും വീയ്യാത്തറ, വെട്ടയ്ക്കൽ പ്രദേശങ്ങളിലും വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന പ്രദേശമാണ്.

3 ഉഴുവ ചാലിനു കിഴക്ക് മാലി തോടിനും, നാഷണൽ ഹൈവേയ്ക്കും പടിഞ്ഞാറു വരുന്ന ബാക്കി ഭാഗങ്ങളും ഉൾപ്പെട്ട ചൊരിമണൽപ്രദേശം

പ്രധാന മണ്ണിനം ചൊരിമണലാണ്. നാഷണൽ ഹൈവേയ്ക്കു പടിഞ്ഞാറ് പൊൻപുറം എന്നറിയപ്പെടുന്ന കൂട്ടുമുണ്ടകൻ കൃഷി ചെയ്തിരുന്ന കരപ്പാടങ്ങളും തെങ്ങിൻപുരയിടങ്ങളും ഉൾപ്പെട്ട പ്രദേശമാണ്. എന്നാൽ ഇപ്പോൾ ഈ കരപ്പാടങ്ങളിൽ അപൂർവ്വമായി മാത്രമെ നെൽകൃഷി നടക്കുന്നുള്ളൂ. മുണ്ടകൻ കൊയ്ത്തിനു ശേഷം ഈ കരപ്പാടങ്ങളിൽ സമൃദ്ധമായി പച്ചക്കറികൾ വിളഞ്ഞിരുന്നു. എന്നാൽ ഇന്ന് അനധികാരനഴി ഷട്ടർ യഥാസമയം അടയ്ക്കാത്തതുമൂലവും, പറപ്പുള്ളിമുട്ടും മാന്തറമുട്ടും യഥാസമയം ഉറപ്പിക്കാത്തതുമൂലവും ഉപ്പുവെള്ളം കയറുന്നതിനാൽ ഈ നെൽകൃഷിയുടേയും പച്ചക്കറി കൃഷിയുടേയും ഉൽപാദനം അനുദിനം കുറഞ്ഞു വരുന്നു.

ദേശീയപാതയ്ക്കു കിഴക്കുവശം വർഷങ്ങളായിതരിശു കിടക്കുന്ന ഒറ്റമാവുങ്കൽ, ചങ്ങംവേലി എന്നീ പാടങ്ങളും ഉൾക്കൊള്ളുന്ന 100 ഏക്കറോളം നെൽകൃഷി സ്ഥലങ്ങളും, തോട്ടം ചിറയുമായി താരതമ്യേന താഴ്ന്ന തെങ്ങിൻതോപ്പുകളും ഉണ്ട്. വെള്ളച്ചിറബണ്ട് ഉറപ്പിച്ച് ഉപ്പുവെള്ളഭീഷണി യഥാസമയം തടയാത്തതുമൂലം ഈ സ്ഥലത്തും കൃഷി ഉത്പാദനം കുറഞ്ഞു വരുന്നു.

തെങ്ങുകൃഷിക്ക് ജലസേചനം അത്യന്താപേക്ഷിതമായ സ്ഥലമാണിത്. ഈ പ്രദേശങ്ങളിൽ കരകൃഷിയായി കണ്ടിച്ചേമ്പ്, കാച്ചിൽ, വാഴ, പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ ഇടവിളയായി കൃഷി ചെയ്തു വരുന്നു.

പണ്ടുകാലം മുതലേ പട്ടണക്കാടു് പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറെ മൂലയിൽ സ്ഥിതി ചെയ്യുന്ന അന്ധകാരനഴിയെ ആശ്രയിച്ചാണ് പൂർവ്വികന്മാർ സമസ്തകൃഷികളും ചെയ്തിരുന്നത്. പ്രകൃതിയിലും കാലാവസ്ഥയിലും വരുന്നമാറ്റങ്ങളെ മുൻകൂട്ടി കാണുവാനുള്ള അനുഭവസമ്പത്തും ദീർഘവീക്ഷണവും ഉള്ളവരായിരുന്നു അവർ. ഉള്ളഭൂമിയിൽ നിന്നും അനുയോജ്യമായ കൃഷി ഇറക്കിപരമാവധി ഉത്പാദിപ്പിച്ച് ഈ ഗ്രാമത്തെ സ്വയം പര്യാപ്തമാക്കുകയും, അധികോത്പന്നങ്ങൾ പുറംവിപണികളിൽവിൽക്കുകയും ചെയ്തിരുന്നു.

അന്ധകാരനഴിയുടെ പ്രധാന കൈവഴിയായ വർത്തിക്കുന്ന വലിയ പൊഴിച്ചാൽ, വടക്കു വലിയതോടു മുതൽ തെക്ക് തൈക്കൽ വരെ നീണ്ടു പരന്നു കിടക്കുന്നു. നാഷണൽ ഹൈവേയ്ക്ക് പടിഞ്ഞാറുഭാഗങ്ങളിൽ കാലവർഷാരംഭം മുതൽ പെയ്യുന്ന മുഴുവൻ വെള്ളവും, പടിഞ്ഞാറോട്ടു് ഒഴുകി പൊഴിച്ചാലിൽ എത്തുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ കടൽ ക്ഷോഭം ഉണ്ടാകുമ്പോഴും ചിലപ്പോഴും സ്വയമേവയും അല്ലാത്തപ്പോഴും പ്രസ്തുത അഴി വെട്ടി പൊട്ടിക്കുകയും ചെയ്തിരുന്നു.

വൻപിച്ച മനുഷ്യപ്രയത്നം അതിനുവേണ്ടി നടത്തുമ്പോഴും ആളപായം വരെ സംഭവിച്ചിട്ടുള്ളതായി പൂർവ്വികർ പറഞ്ഞിരുന്നു. അതിന്റെ മറവിൽ ആളുകളെ ബലികൊടുക്കുന്ന അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അതുപോലെതന്നെ ചിങ്ങമാസത്തിൽ സർക്കാർ ചിലവിൽ അഴികെട്ടി അടയ്ക്കുകയും ചെയ്തിരുന്നു,

അൻപതുവർഷം മുമ്പ് ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ സിംഹഭാഗവും ജന്മിമാരായ

തുറവൂർ തിരുമല ദേവസ്വത്തിന്റെയും, വെട്ടയ്ക്കൽ കോച്ചായുടെയും, ആനക്കോട്ടുകാർ പാറായിമാർ, പാലിയം എന്നിവരുടെ വകയായിരുന്നു. പാട്ടം, വാരം, കാണം, ഒറ്റി, മിച്ചവാരം തുടങ്ങിയ അന്യായഭോഗങ്ങളും കുടിയാന്മാർ ജന്മിമാർക്കു നൽകിയിരുന്നു. വെട്ടയ്ക്കൽ വീയാത്തറ തുടങ്ങിയ കരിനിലങ്ങളിൽ അന്ന് ഏക്കറിന് 200 ൽ അധികം പറ നെല്ലു വിളഞ്ഞിരുന്നു. ഇവിടെ കൃഷി ചെയ്തിരുന്നത്, ചെട്ടിവിരിപ്പ്, കളപ്പാല, വിരിപ്പ്, കുറുക തുടങ്ങിയ വിത്തിനങ്ങളായിരുന്നു. അന്നു ജാനുവരി അവസാനത്തോടെ കരിനിലങ്ങളിൽ നിന്നും ചക്കം ചവിട്ടിയും മറ്റും വെള്ളംവറ്റിച്ച് ഉണങ്ങുമ്പോഴേക്കും വെട്ടിയിരുന്നു. കുംഭക്കാറ്റും, മീനവെയിലുംഏറ്റ് ചെളിപൊടിഞ്ഞ്വളം ആർജിക്കുന്നു.

കാലവർഷാരംഭത്തിൽ തന്നെ അന്ധകാരനഴിവെട്ടി ഓടിക്കുമ്പോഴേക്കും 16-ാം മൈൽ തോട്ടിലേയും 19-ാം മൈൽ തോട്ടിലേയും ചീപ്പുകൾ അടച്ചിരുന്നു. കിഴക്കൻ വെള്ളത്തിന്റെ വരവ് തടഞ്ഞുകഴിഞ്ഞാൽ, പൊന്നാംവെളി തോടിന്റെ പടിഞ്ഞാറേഅറ്റത്തുള്ള മുട്ടുകൾ (വീയാത്ത) പത്തായം കടലിൽ നിന്നും വരുന്ന ഏറ്റം കയറാതെ അടച്ചു സൂക്ഷിച്ചിരുന്നു. അതുപോലെ കാരാളം തോട്ടിലൂടെഏറ്റം കയറാതിരിക്കുന്നതിന് കണ്ടയ്ക്കാപ്പള്ളിമുട്ടും അടച്ചിരുന്നു. കരിനിലങ്ങളിൽവിത ആരംഭിച്ചുകഴിഞ്ഞാൽ കാരാളം തോട്, പറപ്പള്ളിതോട് ഉഴുവചാലിലേയ്ക്കും കൃഷിക്കാർ സമയവും വെള്ളം ഇറക്കിയിരുന്നു. വിത മൂന്നുരീതിയിലായിരുന്നു. കോരിക്കൂട്ടി വിത ചവിട്ടിവിത, കൊത്തി വിത.

തെങ്ങു കൃഷിയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷി കടലിൽ നിന്ന് ഒഴുകിവന്ന് അടിഞ്ഞു കൂടുന്ന ചെളിയും, അരുവയും കടൽ മണ്ണും തെങ്ങിനു വളമായി ഉപയോഗിച്ചിരുന്നു. ഇവ രാസവളത്തെ വെല്ലുന്നവയായിരുന്നു. ഇവിടെ ഉത്പ്പാദിപ്പിക്കുന്ന തേങ്ങ ആട്ടിയാൽ 70%എണ്ണ ലഭിച്ചിരുന്നതായി പൂവ്വിക്കർ പറഞ്ഞിരുന്നു, വെട്ടയ്ക്കൽ വീയാത്തറ പ്രദേശങ്ങളിൽ നിന്നും തെങ്ങിൻ തൈകളും പാക്കുതേങ്ങയും, കോട്ടയം, പാല, ചങ്ങനാശ്ശേരി, മുതലായ സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയിരുന്നു. ഈ പ്രദേശം ഒരു നഴ്സറി തന്നെയായിരുന്നു. തെങ്ങുകൃഷിയ്ക്ക് ജലസേചനം നടത്തിയിരുന്നത് അക്കാലത്ത് ഒന്നിടവിട്ട ദിവസങ്ങളിൽ കുടത്തിൽ വെള്ളം കോരി നനച്ചായിരുന്നു. അക്കാലത്ത് തെങ്ങുകൃഷിക്ക് ഇത്രയും രോഗങ്ങൾ ഇല്ലായിരുന്നു.

1957 ഏപ്രിൽ 11-ലെ കുടിയാന്മാർക്ക് കൈവശ ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന ഓർഡിനൻസ് വന്നതോടുകൂടി ജന്മികുടിയാൻ ബന്ധത്തിൽ ഒരു പുതുയുഗം പിറക്കുകയായിരുന്നു. (ഇതിനുമുൻപ് ഏതു കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമിയും ജന്മിക്ക് യഥേഷ്ടം ഒഴിപ്പിക്കാമായിരുന്നു.) തുടർന്ന് 1970-ൽ ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിതോടുകൂടി ഭൂഉടമ ബന്ധങ്ങളിൽ സമൂലമായമാറ്റം സംഭവിച്ചു. ജന്മിത്തം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചുകൊണ്ടും കുടികിടപ്പുകാരും, കുടിയാന്മാരും, ഭൂമി ഉടകളായിതീർന്നു, അവർ കരംതീരുവക്കാരുമായിമാറി, അതോടെ കൃഷിയിടങ്ങളിലെ കേന്ദ്രീകരിച്ചുള്ള ഉത്പാദനരീതിയിൽ മാറ്റംവന്നു. തൽഫലമായി ചെറിയതോതിൽ ഉത്പാദനം കുറയുവാനും തുടങ്ങി.

1958-ൽ അന്ധകാരനഴിയിലെ റഗുലേറ്ററിന്റെ നിർമ്മാണത്തോടെ പുതിയ പല പ്രശ്നങ്ങളും രൂപംകൊള്ളാൻ തുടങ്ങി. പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറാനിർത്തി ചെമ്മീൻ വാറൽ ആരംഭിച്ചു കൃഷിക്കാരന്റെ രക്ഷയ്ക്കായി നിർമ്മിച്ച ഷട്ടറുകൾ അവർക്കുശാപമായി മാറിയകാഴ്ച ദുസ്സഹമായിരുന്നു. ചെമ്മീൻ മുതലാളിമാർ വളർന്നുവരുവാൻ തുടങ്ങി. അനവസരത്തിൽ ഉപ്പുവെള്ളം കയറിയതോടെ നെൽകൃഷിയും തെങ്ങുകൃഷിയും നാശോന്മുഖമായി, ഈ അരക്ഷിതാവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിനായി കർഷകർ പ്രക്ഷോഭണം ആരംഭിച്ചു. അതിനെ തുടർന്നു 1972-ൽ നെൽകൃഷിക്കാരുടെ ക്ഷേമത്തിനായി വെട്ടയ്ക്കൽ ഏലാ സർക്കാർ അനുവദിക്കുകയും പാടശേഖരങ്ങൾക്ക് 5 മോട്ടോറുകൾ, വെള്ളം വറ്റിക്കുന്നതിനായി സൗജന്യമായി നൽകുകയും ചെയ്തു. തുടർന്ന് ഇവിടുത്തെ നിലങ്ങളിൽ രണ്ടാം കൃഷിയുടെ ആരംഭവുമായി. ശുദ്ധജലം കിട്ടാതെവന്നതിനെതുടർന്ന് ആ പരീക്ഷണം വിജയപ്രദമായില്ല. ആദ്യകാലങ്ങളിൽ പുഞ്ചസ്പെഷ്യൽ ആഫീസിൽ നിന്നും കിട്ടിയിരുന്ന പമ്പിംഗ് സബ്സിഡി നാമമാത്രമായിരുന്നു. ആ സ്ഥിതി വിശേഷത്തിനു മാറ്റം വന്നതു 1980-ൽ ആയിരുന്നു. പുഞ്ചമുഖേന മറ്റിടങ്ങളിൽ കൊടുത്തിരുന്നപല ആനുകൂല്യങ്ങളും ഇവിടുത്തെ കൃഷിക്കാർക്കു ലഭിച്ചിരുന്നില്ല.

കാർഷിക തൊഴിൽ ചെയ്തിരുന്നവർ ഈ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. കഠിനാദ്ധ്വാനികളായിരുന്നു അവർ. ജന്മിത്വമാണ് കൃഷിക്കാരുടേയും, തൊഴിലാളികളുടേയും പ്രശ്നങ്ങൾക്കു കാരണക്കാരെന്ന അടിസ്ഥാനത്തിലുള്ള ഐക്യം തൊഴിലാളികളുടെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങിനെ ഈ പഞ്ചായത്തിലെ കർഷകത്തൊഴിലാളികളും ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ജന്മിയായ കോച്ചായോട് കൊയ്ത്തു സമരം നടത്തി $\frac{1}{5}$ പതം (കൂലി)വാങ്ങിക്കുകയുണ്ടായി. അന്ന് കേരളത്തിൽ ഒരിടത്തും ഇതുവമ്പിച്ച ആനുകൂല്യംലഭിച്ചിരുന്നില്ല. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ കൃഷിക്കാരും തൊഴിലാളികളുമായുള്ള ബന്ധത്തിനു ഉലച്ചിലുണ്ടായി. കർഷക തൊഴിലാളികളുടെ പിൻതലമുറകൾക്കു് കാർഷികതൊഴിലിനോട് പ്രതിപത്തിയില്ലാതായി. അനന്തരഫലമെന്നതരത്തിൽ ഇന്ന് കാർഷിക ജോലിചെയ്യുന്നതിനു് ആളില്ല എന്ന അവസ്ഥ സാവ്ത്രികമായിരിക്കുന്നു.

പഞ്ചായത്തുകൾ തോറും കൃഷിഭവൻ രൂപീകരിച്ചതോടെ കാർഷികരംഗം കൂടുതൽ സജീവമായി, പാടശേഖരാടിസ്ഥാനത്തിൽ ഗ്രൂപ്പ്ഫോമിംഗ് സമിതികളും വാർഡ് അടിസ്ഥാനത്തിൽ കേരസംരക്ഷണ സമിതികളും, കൂടുതൽ സജീവമായി. പട്ടണക്കാട് പഞ്ചായത്തിന്റെ 10-ാം വാർഡിൽ (ഇപ്പോഴത്തെ 11-ാംവർഡ്) രൂപീകൃതമായ കേരസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വാർഡിന്റെ മുഴുവൻ മേഖലകളിലും മരുന്നുതളിക്കുകയും, കർഷകർക്കു് സൗജന്യനിരക്കിൽ കുമ്മായം, പൊഴിചെളി, മണൽ ഇവ വിതരണംചെയ്യുകയും പച്ചക്കറി, വിളമത്സരം സംഘടിപ്പിക്കുകയും ചെയ്തു. വാർഡിൽ 13 സ്ഥലത്ത് വാർത്താബോർഡുകൾ സ്ഥാപിച്ചു. സമിതിയുടെ നേതൃത്വത്തിൽ വാങ്ങിയ മണ്ണെണ്ണ മോട്ടോർ ഉപയോഗിച്ചു് വാർഡിൽ ജലസേചനവും നടത്തിയിരുന്നു.

1952-ൽ പഞ്ചായത്തിനെ കുരുമുളകു് ഗ്രാമമായി തിരഞ്ഞെടുക്കുകയും 25000-ത്തോളം കുരുമുളകുവള്ളികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും ചെയ്തു. 1991-92, 92-93 93-94 എന്നീവർഷങ്ങളിൽ നാളികേരകർഷകർക്ക് ഏറെ ആശ്വാസകരമായ രീതിയിൽ, കൃഷിഭവൻ മുഖാന്തിരം സഹായങ്ങൾ നൽകിയിരുന്നു.

പഞ്ചായത്തിൽ രൂപീകൃതമായ മാർക്കറ്റിംഗ്, കൊക്കൂൺ വിപണനകേന്ദ്രം, കൊക്കൂൺ വിപണന സാദ്ധ്യത ഏറെവർദ്ധിപ്പിച്ചിരുന്നു.

സമഗ്ര കേരവികസനപദ്ധതിപ്രകാരം 11-ാം വാർഡിൽ പണിതുവരുന്ന സാമൂഹ്യജലസേചന പദ്ധതി കൂട്ടായ കാർഷികവികസന പദ്ധതിയുടെ ഒരു കാൽവയ്പാണ്,

പഞ്ചായത്ത് അതിർത്തിയിൽ രണ്ടു രാസവള വില്പന ശാലകളും, ഒരു സസ്യസംരക്ഷണ മരുന്നു വില്പനശാലയും ഉണ്ടു്. ഈ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പരിശോധിച്ചാൽ നെൽകൃഷിക്കും, പച്ചക്കറി, വാഴ തുടങ്ങിയ ഇടവിളകൾക്കും തെങ്ങിനേക്കാൾ കൂടുതലായി കർഷകർ രാസവളം ഉപയോഗിക്കുന്നതായികാണാം. സർക്കാർ അംഗീകൃതമായ വിവിധ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന ഒരു നഴ്സറിയും ഈ പഞ്ചായത്തിൽ ഉണ്ടു്.

കൃഷിഭവൻ രേഖകൾ

വിള വിസ്തീർണ്ണവും, ഉത്പാദനക്ഷമതയും

നമ്പർ	വിള	വിസ്തീർണ്ണം	ഉൽപ്പാദന ക്ഷമത
1	നെല്ല് (വിരിപ്പ്, പെ. വിരിപ്പ്)	212 ഹെക്ടർ	1087 കിലോ / ഹെക്ടർ
2	പയർ	30 ,,	1750 കിലോ / ,,
3	പച്ചക്കറി	80 ,,	3000 കിലോ / ,,
4	വാഴ	25 ,,	2000 കിലോ / ,,
5	മരച്ചീനി	05 ,,	5000 കിലോ / ,,
6	തെങ്ങ്	1054 ,,	6000 തേങ്ങാ / ,,
7	കശുമാവ്	25 ,,	— —
8	കുരുമുളക്	80 ,,	— —

പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് വികസനരേഖ '96

പ്രശ്നങ്ങൾ:

1 അനധികൃതനഴി ഷട്ടറുകൾ സമയത്തു് ഇടാത്തതു മൂലവും 16-ാം മൈൽ 19-ാംമൈൽ ചീപ്പുകൾ, പറപ്പള്ളിമുട്ടു്, മാന്തമുട്ടു്, വെള്ളാച്ചിറമുട്ടു്, മാലേച്ചിറ ചീപ്പു്, കാരാളം തോടു്, ചാലുങ്കൽ തോടു്, കണ്ടക്കാപ്പള്ളി മുതലായ മുട്ടുകളും ഓരുബണ്ടുകളും സമയത്തു് ഉറപ്പിക്കാത്തതുമൂലവും ഉപ്പുവെള്ളം കയറി ഉൾതോടുകളും ചാലുകളും മലിനമാവുകയും തെങ്ങു്, നെല്ലു്, പച്ചക്കറി എന്നീ കൃഷികൾ വൻഭീഷണി നേരിടുകയും ആണു്.

2 പുതിയകാവു് 16-ാംമൈൽ തോടു്, പറപ്പള്ളി കൈതത്തറതോടു്, ആലുംതറ ദേശീയതോടു് കന്നുകടത്തിൽ തോടു്, കുന്നത്തു പൊള്ളേത്തോടു് ഇവ അടഞ്ഞുകിടക്കുന്നതിനാൽ ജലനിർഗ്ഗമന സൗകര്യം കുറവാണു്. വെള്ളം കെട്ടിക്കിടക്കുന്നതുമൂലം പല സ്ഥലങ്ങളും കൃഷിയോഗ്യമല്ലാതായിരിക്കുന്നു. ഒറപ്പാവുകൾ, ഇരുമ്പൻകരി എന്നീപടശേഖരങ്ങൾ കൃഷിയോഗ്യമെങ്കിലും കൃഷിചെയ്യുന്നതിനു് സാധിക്കുന്നില്ല, തോടുകളിൽ മടൽ (കൊണ്ടു്) മൂടുന്നതുകൊണ്ടും, അനധികൃതമായുള്ള കൈയേറ്റം കൊണ്ടും ജലനിർഗ്ഗമനം എളുപ്പമല്ലാതായിരിക്കുന്നു.

3 ഒരേക്കർ തെങ്ങിൻ പുരയിടത്തിൽ ഇന്നു് ഉദ്ദേശം 150 തെങ്ങുകളും, അനേകം കായ്പ്പുക്ഷങ്ങളും ഉണ്ടു്. ഇതു് അത്യന്തം അശാസ്ത്രീയമായ കൃഷിരീതിയാണു്, തെങ്ങുകൃഷിക്കുനേരിട്ടിരിക്കുന്ന കാരുവീഴ്ച, ഓലകരിച്ചിൽ, കൂമ്പുചീയൽ എന്നീ രോഗങ്ങളും ഉത്പാദനക്ഷമതയെ ബാധിക്കുന്നു.

4 ഈ പഞ്ചായത്തിൽ പൊതുവേ ഫലഭൂവിഷ്ടത കുറഞ്ഞതും, ജല സംഗ്രഹണശേഷി കുറഞ്ഞതുമായ മണൽ മണ്ണാണുള്ളതു്. ഈ മണ്ണിനെ പുഷ്ടിപ്പെടുത്തുവാൻ വേണ്ടത്ര ജൈവവള പ്രയോഗത്തിന്റെ അപര്യാപ്തത ഒരു വലിയപ്രശ്നമാണു്.

5 കാറ്റുവീഴ്ചയെ പ്രതിരോധിക്കുവാൻ കഴിവുള്ള പ്രതിരോധശക്തിയുള്ള നല്ല ഇനം തെങ്ങിൻതൈകൾ ആവശ്യമായ സമയത്തു് ന്യായവിലയ്ക്കു് ലഭ്യമല്ല.

6 തെങ്ങിനെ ബാധിക്കുന്ന കീടരോഗബാധകൾക്കു് എതിരെ ഫലപ്രഥമായ പ്രതിരോധനടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ തൊഴിലാളികളുടെ ലഭ്യതകുറവാണു്.

7 കർഷകതൊഴിലാളികളുടെ വേതന ഏകീകരണം ഇല്ലായ്കയും, മറ്റുമേഖലകളിലുള്ള തൊഴിലുകൾക്കു് മെച്ചപ്പെട്ട വേതനം ലഭ്യമായതുകൊണ്ടും കാർഷികമേഖലയിൽ അനുഭവപ്പെടുന്ന കർഷകതൊഴിലാളി ദൗർലഭ്യം ഏറിവരുന്നു.

8 നാളികേരത്തിന്റെ ഉത്പാദനക്കുറവും വിലക്കുറവും.

9 കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേയ്ക്കു് കൃഷിക്കാർക്കു നേരിടേണ്ടിവരുന്ന കാലതാമസം.

10 കീടനാശിനിയും കുമിൾനാശിനിയും സബ്സിഡിനിരക്കിൽ കൃഷിക്കാർക്കു് ലഭിക്കുന്നില്ല.

11 കർഷകതൊഴിലാളികളുടെ കൂലിവർദ്ധനവുമൂലം കൃഷിലാഭകരമല്ലാതെ തരിശിടുന്നു.

12 പാടശേഖരങ്ങളിൽ പുറംബണ്ടിന്റെ ഉയരക്കുറവു്, കരികൾ ഭിത്തിയില്ലായ്മ, സ്ലൂയിസുകളുടെ അഭാവം, ജലനിർഗ്ഗമനതോടിന്റെ അസൗകര്യം എന്നിവമൂലം കൃഷി തുടർച്ചയായി ഉപ്പുവെള്ള ഭീഷണിയും, പ്രത്യുതിക്ഷോപ ഭീഷണിയും നേരിടുന്നു.

13 ഈ പ്രദേശത്തെ പ്രത്യേകതയുള്ള മണ്ണും നിൽക്കൃഷിരീതിയും കണക്കിലെടുത്തു്, ആവശ്യമായ സൂക്ഷ്മമൂലകങ്ങളോ, പ്രത്യേക ശാസ്ത്രീയനിർദ്ദേശങ്ങളോ, ഇല്ലാത്ത അവസ്ഥ.

14 അമ്ലത്വം കൂടുതലുള്ള മണ്ണു് പരുവപ്പെടുത്തുന്നതിനു് കുമ്മായം ആവശ്യമായ അളവിൽ കർഷകർ ചേർക്കുന്നില്ല. അതിനാവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാകുന്നില്ല.

15 വെള്ളം വറ്റിക്കുന്നതിനുള്ള മോട്ടോർ, വെട്ടിപറ, എന്നിവയുടെ കേടുപാടുകൾ തീർക്കുന്നതിനും പുതിയ മോട്ടോറും അനുബന്ധ ഉപകരണങ്ങളും കൊടുക്കുന്നതിനും ഉള്ള സംവിധാനത്തിന്റെ അപര്യാപ്തത.

16 കാർഷിക ഉപകരണങ്ങൾ ന്യായവിലയ്ക്കു് കർഷകർക്കു ലഭിക്കുന്നില്ല.

17 പച്ചക്കറികൃഷി വ്യാപകമായി ചെയ്യുന്നതിനു് ആവശ്യമായ വിത്തുവർഗ്ഗങ്ങൾ, ജൈവ

വളങ്ങൾ, കീടനാശിനി, സ്പ്രേയറുകൾ എന്നിവ യഥാസമയം കിട്ടുന്നില്ല.

18 ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല.

19 ഉല്പന്ന വിപണനരംഗത്ത് മദ്ധ്യവർത്തികളുടെ അനിയന്ത്രിതമായ ഇടപെടൽ മൂലം ഉല്പാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല.

20 കൃഷി ഭവനിൽ നിന്നും കർഷകർക്കു ലഭ്യമാകുന്ന സാമ്പത്തിക സഹായങ്ങൾ അപര്യാപ്തമാണ്. പ്രാദേശിക ആവശ്യത്തിനനുസരിച്ച് സഹായങ്ങൾ നൽകുന്നില്ല.

21 വാഴ, പച്ചക്കറി, നെല്ല് എന്നിവയ്ക്കുള്ള ഹൃസ്വകാല വായ്പകളും, തെങ്ങിനുള്ള ദീർഘകാല വായ്പകളും ലഭിക്കുന്നതിനുള്ള കാലതാമസം.

22 വിള ഇൻഷ്വറൻസ് ആനുകൂല്യം അപര്യാപ്തമാണ്. രോഗകീടബാധകൊണ്ട് ഇൻഷ്വറൻസ് ആനുകൂല്യം ഇല്ലാത്തത് കർഷകരെ സംബന്ധിച്ച് വളരെ പരിതാപകരമായ അവസ്ഥയാണ്.

23 കർഷകർക്കു വേണ്ട അംഗീകാരവും, പ്രോത്സാഹനവും നൽകുന്നില്ല.

24 യുവതലമുറയ്ക്ക് കാർഷിക മേഖലയോടുള്ള അവഗണന.

25 വാണിജ്യാടിസ്ഥാനത്തിലുള്ള പൂകൃഷിക്ക് പ്രോത്സാഹനം പര്യാപ്തമായ രീതിയിൽ ഇല്ല.

26 ഇടവിളകൃഷികൾക്ക് ഉള്ള പ്രോത്സാഹന കുറവുമൂലം ഈ കൃഷികളുടെ വികസന സാദ്ധ്യത മന്ദീഭവിച്ചിരിക്കുന്നു.

27 യന്ത്രവൽക്കരണം, നൂതനകൃഷിസമ്പ്രദായങ്ങൾ എന്നിവയ്ക്കു വേണ്ട ബോധവൽക്കരണം കർഷകർക്കു നൽകുന്നില്ല.

28 പച്ചക്കറി, മറ്റ് ഇടവിളകൃഷികൾ എന്നിവയ്ക്ക് ഗ്രൂപ്പ് കൃഷിസമ്പ്രദായവും പരിശീലനവും വിപണന സൗകര്യവും ലഭ്യമല്ലാത്തതിനാൽ ഈ കൃഷി ആദായകരമല്ലാതാകുന്നു.

29 പഴവർഗ്ഗകൃഷികാർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

30 നിലങ്ങൾ തരിശിടുകയും, ദീർഘവീക്ഷണമില്ലാതെ, നിലങ്ങൾ നികർത്തുകയുംചെയ്യുന്നതുമൂലം പല കൃഷി സ്ഥലങ്ങളിലും വെള്ളം കെട്ടിനിന്ന് കൃഷി യോഗ്യമില്ലാതായിത്തീരുന്ന ഭൂമികളുടെ വിസ്തീർണ്ണം കൂടിവരുന്നു.

സാദ്ധ്യതകൾ

1 അന്ധകാരനഴി ഷട്ടർ ഒക്ടോബർ ആദ്യവാരത്തിൽ അടയ്ക്കണം കുണ്ടേമുട്ട് ഉറപ്പിക്കുകയും 16-ാം മൈൽ 19-ാം മൈൽ ചീപ്പുകൾ പുന:സ്ഥാപിച്ച് വാച്ചറെ നിയോഗിക്കുകയും വേണം. അന്ധകാരനഴി ഷട്ടറിന്റെ അറകറപ്പണി തീർത്ത്, വൈദ്യുതീകരിച്ച് ഓട്ടോമാറ്റിക് സംവിധാനം ഉണ്ടാക്കണം. വിവിധ ഓരു മുട്ടുകൾ പഞ്ചായത്തിന്റേയും കൃഷിഭവന്റേയും മേൽനോട്ടത്തിൽ യഥാസമയം ഉറപ്പിക്കുകയും വേണം.

2 വിവിധ സ്ഥലങ്ങളിൽ പുറമ്പോക്കു തോടുകൾ നിവർന്നിട്ടുള്ളത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ, ആഴം കൂട്ടി നീരൊഴുക്കു സൗകര്യം ചെയ്തുകൊടുക്കണം. റോഡുകൾ നിമിത്തം കൃഷിക്കു തടസ്സമായി വെള്ളം കെട്ടി നിൽക്കുന്നു എങ്കിൽ കുഴലുകൾ ഇട്ട് ജലനിർഗ്ഗമനം ഉറപ്പുവരുത്തണം.

3 തെങ്ങുകൃഷി കൂടുതൽ ആകർഷകമാക്കുന്നതിനും, ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന ഫലപ്രദമായ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടത് ആവശ്യമായിരിക്കുന്നു.

a ഒരേക്കർ തെങ്ങിൻ തോപ്പിൽ 80-ൽ കൂടുതൽ തെങ്ങുകൾ പാടുള്ളതല്ല. ആവശ്യത്തിൽ കൂടുതലുള്ള പാഴ്വൃക്ഷങ്ങളും രോഗബാധിതമായ, ഉത്പാദനക്ഷമത കുറവുള്ള തെങ്ങുകളും വെട്ടിമാറേണ്ടതാണ്.

b കീടരോഗബാധിതവും, ഉത്പാദനക്ഷമത കുഞ്ഞതുമായ എല്ലാതെങ്ങുകളും വെട്ടിമാറ്റുകയും, അത്യുല്പാദനശേഷിയുള്ള തെങ്ങുകൾ വച്ചു പിടിപ്പിക്കേണ്ടതുമാണ്. വെട്ടിമാറ്റുന്ന തെങ്ങ് ഒന്നിന് കുറഞ്ഞത് 500/- രൂപയും പകരംവയ്ക്കുന്ന തെങ്ങിൻ തൈക്ക് കുറഞ്ഞത് പരിപാലനത്തിന് 150 രൂപയെങ്കിലും കർഷകർക്ക് ലഭ്യമാക്കണം.

c രാസവളത്തോടൊപ്പം ജൈവവളങ്ങളും കുമ്മായവും ആവശ്യമായ അളവിൽ പ്രയോഗിക്കുന്നതിന്റെ ആവശ്യകത പരിഗണിച്ചു കർഷകർക്ക് അതിനുള്ള സാമ്പത്തിക സഹായം നൽകണം.

d ജല സംഗ്രഹണശേഷിക്കുറവുള്ള ഈ മണൽ പ്രദേശത്ത് ജലസേചനംമൂലം 30%ഉൽപാദനവർദ്ധനവുണ്ടാക്കാൻ സാധിക്കും. ഇന്ന് 50%ത്തിൽ താഴെ കർഷകർക്കുമാത്രമേ ജലസേചന സൗകര്യമുള്ളു. വൈദ്യുതി കണക്ഷൻ ഇല്ലായ്മ ഒരു പ്രധാനകാര്യമാണു്.

25 സെൻറ് സ്ഥലമുള്ള കർഷകർക്കുവരെയെങ്കിലും സൗജന്യനിരക്കിൽ വൈദ്യുതി കണക്ഷൻ നൽകുകയും, അത് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പ്രവർത്തിക്കുകയും ചെയ്യണം.

e കർഷക തൊഴിലാളികളുടെ കൂലി ഏകീകരിക്കുകയും, തെങ്ങിനു മരുന്നുതളിക്കുന്നതിനും മറ്റുസംരക്ഷണ പണികളും ചെയ്യുന്നതിനുമായി സന്നദ്ധരായ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടു് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു കർമ്മസേനരൂപീകരിക്കുകയും ഈ കർമ്മസേനയിൽ അംഗങ്ങളായവർക്ക് ഇൻഷ്വറൻസും ജോലിസ്ഥിരതയും ഉറപ്പുവരുത്തുകയും, സസ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നതിലേയ്ക്ക് ആവശ്യമായ മരുന്നും, വളങ്ങളും സൗജന്യമായി നൽകേണ്ടതുമാണ്.

f വെളിച്ചെണ്ണവില മുൻനിർത്തി കൊപ്രായ്ക്ക് തറവില നിശ്ചയിക്കുകയും തേങ്ങയുടെ ഉപോൽപ്പന്നങ്ങളും ഉപയോഗിച്ചുള്ള കുടിൽ വ്യവസായങ്ങൾക്കു് ഉള്ള സാദ്ധ്യതയും പ്രോത്സാഹനവും വർദ്ധിപ്പിക്കുക!

g മണൽപ്രദേശത്തെ കേര കർഷകർക്ക് പൊഴിച്ചെളി, അരവ, എന്നിവ ഇറക്കുന്നതിനും തോടു്, കുളം, മട്ടൽ, ഇവവെട്ടുന്നതിനും അനുവദിച്ചിരുന്ന സബ്സിഡി തുക വർദ്ധിപ്പിച്ച് പുനഃസ്ഥാപിക്കുക.

h തെങ്ങുകൃഷിയിൽ ഗ്രൂപ്പു് കൃഷിസമ്പ്രദായം പ്രോൽസാഹിപ്പിക്കുകയും സാമൂഹിക ജലസേചനപരിപാടി നടപ്പിലാക്കുകയും വേണം,

i വാർഡുകളും തോറും കേരസമിതികളും രൂപീകരിക്കുകയും വാർത്താബോർഡുകളും സ്ഥാപിക്കുകയും വേണം.

4 നെൽകൃഷി ലാഭകരമാക്കുന്നതിനു് താഴെ പറയുന്ന പദ്ധതികളും നിർദ്ദേശങ്ങളായി സമർപ്പിക്കുന്നു.

a പാടശേഖരങ്ങളുടെ പുറം ബണ്ടുകളും ഉയരം കൂട്ടുകയും കരിങ്കൽ ഭിത്തികളും കെട്ടുകയും ചെയ്യുക. സ്ലൂയിസുകളുടെ റിപ്പയറിംഗ് പുതിയവയുടെ നിർമ്മാണം, ജലനിർഗമന തോടുകളുടെ ആഴംകൂട്ടുക, എന്നീ പ്രവർത്തികളിലൂടെ വർഷാവർഷങ്ങളിൽ നെൽകൃഷിക്കു് അനുഭവപ്പെടുന്ന, ഓരുവെള്ളഭീഷണി, വെള്ളപ്പൊക്കഭീഷണി എന്നിവയെതടയുക.

b മോട്ടോറുകളും, പെട്ടികളും, പുരകളും എന്നിവയുടെ കേടുപാടുകളും തീർക്കുന്നതിനും പുതിയവസ്ഥാപിക്കുന്നതിനും സഹായം നൽകുക !

c ഉപ്പുകലർന്ന അമ്ലത്വമുള്ള മണ്ണായതിനാൽ പൊപ്പാടപൊങ്ങുന്നതുകാണാവുന്ന ഈ പ്രദേശത്തു്, ഇതു തടയുന്നതിനാവശ്യമായ കുമ്മായവസ്തുക്കളും കർഷകർക്കു സൗജന്യമായി നൽകുകയും അവർക്ക് ഇതെക്കുറിച്ച് വേണ്ടത്ര അവബോധംജനിക്കത്തക്കരീതിയിൽ ബോധവൽക്കരണം നൽകുകയും ചെയ്യുക !

d ജലനിർഗമന സൗകര്യങ്ങളില്ലാത്ത തരിശുകിടക്കുന്ന നിലങ്ങളിൽ തോടുകളും തുറന്ന് കൃഷിയോഗ്യമാക്കിയാൽ പഞ്ചായത്തു് അതുത്തിയിൽ 200ഏക്കറിൽ കൂടുതൽ സ്ഥലത്തു വീണ്ടും നെൽകൃഷി നടത്തുന്നതിനു് ഇടയാക്കാം.

e പാടശേഖരങ്ങൾക്ക് വെള്ളം വറ്റിക്കുന്നതിനു് മോട്ടോറുകളും സൗജന്യമായി സ്ഥാപിച്ചുകൊടുക്കുക.

f പ്രാദേശികമായ വിത്തിനങ്ങളും വികസിപ്പിച്ചെടുക്കുന്നതിലേയ്ക്കു്, നല്ലനെൽകൃഷിക്കാരെ തിരഞ്ഞെടുത്തു്, ഗുണമേന്മയുള്ള വിത്തു് വികസിപ്പിച്ചെടുക്കുവാൻ സാമ്പത്തികസഹായം നൽകുക.

g ഈ പ്രദേശത്തിൻെറ പ്രത്യേകതകളും കണക്കിലെടുത്തു് രൂപീകൃതമായ കരിനില വികസന ഏജൻസിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുകയും കർഷകർക്കുവായ്പ സൗകര്യം ലഭ്യമാക്കുവാൻ കാർഷീക സഹകരണ ബാങ്കിൻെറ ഒരു ശാഖ ഈ പഞ്ചായത്തിൽ ആരംഭിക്കുകയും ചെയ്യുക,

h സസ്യസംരക്ഷണ ഉപകരണമായ കുറ്റി പമ്പു് സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

i നെൽകൃഷിക്കാർക്കു് ഇന്നു നൽകുന്ന ഉല്പാദനബോണസും ഹെക്ടറിനു് 1000/-രൂപയെങ്കിലും ആക്കിവർദ്ധിപ്പിക്കുക !

പച്ചക്കറി കൃഷി

a പച്ചക്കറി കൃഷിക്ക് ഏറെ സാദ്ധ്യതയുള്ള ഗ്രാമമാണ് ഇത്. വർഷത്തിൽ എല്ലാസമയത്തും വിവിധ സീസണുകളിലായി ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വ്യാവസായികടിസ്ഥാനത്തിൽ കൃഷിചെയ്യുന്നുണ്ട്, വാണിജ്യസാദ്ധ്യതകളും ഏറെയുള്ള ഈ കൃഷി കൂട്ടുകൃഷിസമ്പ്രദായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

b ഗുണമേൻമയുള്ള പച്ചക്കറിവിത്തുകളും ഉത്പാദിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത കർഷകരെ പ്രോൽസാഹിപ്പിച്ച് സഹായിക്കുകയും ആ വിത്തുകൾ സംഭരിച്ച് മറ്റുകൃഷിക്കാർക്ക് യഥാസമയം വിതരണം നടത്തുകയും ചെയ്യുക,

c യുവജനസംഘടനകളും. മഹിളാസമാജങ്ങളും എന്നിവരുടെ പങ്കാളിത്വത്തോടെ പച്ചക്കറി തൈകൾക്കായി ഒരു പൊതുഞാറ്റടി സമ്പ്രദായം ഏർപ്പെടുണം ചെയ്യും അതോടൊപ്പം പഴയായ്ക്കിടക്കുന്ന പൊതുസ്ഥലങ്ങളും, പഞ്ചായത്തു പുറംപോക്കുകളും എന്നിവയിൽ ഈ സംഘടനയുടെ സഹായത്തോടെ പച്ചക്കറിതോട്ടങ്ങൾനിർമ്മിക്കുവാൻ സാധിക്കും.

d ഓരോവീട്ടിലും ഓരോ കമ്പോസ്റ്റുകുഴിപിതം സ്ഥാപിച്ച് അവശിഷ്ടങ്ങൾ അതിൽ നിക്ഷേപിച്ച്, വളമായി പച്ചക്കറികൃഷിക്ക് ഉപയോഗിക്കുകയും, അതിലൂടെ പരിസരമലിനീകരണം തടയുകയും ചെയ്യുക.

e ഫ്രാങ്കം, കോഴിവളം, ചെമ്മീൻവളം എന്നിവ സുലഭമായികിട്ടുന്ന ഈ പഞ്ചായത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇവ സംഭരിച്ച്, ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കേണ്ടതാണ്.

f പച്ചകൃഷി കർഷകർക്ക് വേനൽകാലത്ത് കുളങ്ങൾ പുതുക്കുന്നതിനും സസ്യ സംരക്ഷണത്തിനായി കുറഞ്ഞ പമ്പുകൾ വാങ്ങുന്നതിനും സബ്സിഡി നൽകുകയും രോഗകീട ബാധകൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യുക.

g പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ മദ്ധ്യവർത്തികളെ ഒഴിവാക്കി, പഞ്ചായത്തിന്റെ ഒരു പൊതുവിതരണ കേന്ദ്രത്തിൽ വിൽക്കുവാനുള്ള സംവിധാനം ഉൽപാദകർക്ക് ഉണ്ടാക്കികൊടുക്കുകയും ഉൽപാദിപ്പിക്കുന്ന അളവിനനുസരണമായി കർഷകർക്ക് ഉൽപാദന ബോണസ് നൽകുകയും ചെയ്യുക, ഈ കേന്ദ്രത്തിൽ നിന്നും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്കും കിഴങ്ങ്വർഗങ്ങളും, പച്ചക്കറി, പഴവർഗങ്ങളും എന്നിവ നൽകാവുന്നതാണ്

h പച്ചക്കറികൃഷിയിൽ ജൈവീക കീടനിയന്ത്രണ മാർഗങ്ങൾ അവലംബിക്കുക. ഓരോവീട്ടിലും ഒരു വേപ്പുമരമെങ്കിലും നട്ടുപിടിപ്പിക്കുക ! വേപ്പില ഒരുനല്ല കീടനാശിനിയും കുമിൾ നാശിനിയും ആണ്.

i പഞ്ചായത്ത് അധീനതയിലുള്ള മാർക്കറ്റിലെ അവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഭരിച്ച് കമ്പോസ്റ്റാക്കി വിതരണം ചെയ്യുക! ഇതിനായി പച്ചക്കറി കൃഷിക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

6 ബാങ്ക് വായ്പകൾ ഉദാരവൽക്കരിക്കുകയും, കാലതാമസവും, സാങ്കേതികതടസങ്ങളും കൂടാതെ, കുറഞ്ഞപലിശനിരക്കിൽ കാർഷികവായ്പ നൽകുക! കൃത്യമായി വായ്പ അടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുക!

7 കൃഷിക്കാരന് തൊഴിൻ ഉപകരണങ്ങൾ സൗജന്യമായി നൽകുക!

8 യഥാർത്ഥ കർഷകൻ 60 വയസിനുശേഷം 1000 രൂപായിൽ കുറയാത്ത പെൻഷൻ നൽകുകയും അവർക്ക് ക്രഡിറ്റ്കാർഡ് കൊടുക്കുകയും ചെയ്യുക!

9 ഇടവിളകൾ പ്രോൽസാഹിപ്പിക്കുന്നതിന് ആര എച്ച്. പി. യുടെ മോട്ടോറുകൾ ഭൂപരിധിനോക്കാതെ സൗജന്യനിരക്കിൽ എല്ലാവർക്കും നൽകുക

10 വിളനാശകരായ, എലികളെ ഉൻമൂലനം ചെയ്യുന്നതിന് ഫലപ്രദമായ ഒരു എലി നശീകരണ മാർഗം സ്വീകരിക്കുകയും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ എലികളെ പിടിക്കുന്നതിന് പ്രത്യേക പരിപാടിയായി എല്ലാവാർഡിലും ഒരേസമയത്ത് നടപടികൾ സ്വീകരിക്കേണ്ടത് പിടിക്കുന്ന എലി ഒന്നിന് 10രൂപ എന്ന നിരക്കിൽ പ്രതിഫലം നൽകുകയും ചെയ്യുക!

11 ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് എന്നിവയിൽ യുവജനങ്ങൾക്ക് ട്രൈയിനിംഗ് നൽകുക!

12 സമ്മിശ്രവിള സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ ഏറെടുക്കേണ്ടതാണ് കന്നുകാലികൾ, കോഴി, താറാവ്, പന്നി എന്നിവയെ വളർത്തുക, ശുദ്ധജല മത്സ്യം വളർത്തുക എന്നിവമൂലം ജൈവവളകൃഷിരീതി പരിപോഷിപ്പിക്കുക! ഇവ പ്രായോഗികമായി ചെയ്യാവുന്നതാണ്.

13 വാർഡുതലത്തിൽ കേര സംരക്ഷണ സമിതികൾ, നെല്ലുല്പാദക സമിതികൾ എന്നിവ ഉണ്ടാക്കുകയും, ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു ഉന്നതാധികാരസമിതി രൂപീകരിക്കുകയും ചെയ്യുക!

14 കാർഷികവൃത്തിയിൽ അഭിരുചി ഉണ്ടാക്കുന്നതിന് സ്കൂൾകുട്ടികൾക്ക് കൃഷിശാസ്ത്രം ഒരു നിർബന്ധിത പാഠ്യവിഷയമാക്കുക! എല്ലാ സ്കൂളുകളിലും ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുക!

15 ഏറെ വികസന സാദ്ധ്യതയുള്ള വെറ്റില കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ധനസഹായം നൽകുകയും ന്യായമായവില ലഭിക്കുകയുംവേണം

16 കൃഷി ഇടത്തിന്റെ സമഗ്രമായ വികസനം മുന്നിൽകണ്ടുകൊണ്ട് തൽപ്പരരായ കൃഷിക്കാരെതെരഞ്ഞെടുത്ത് കന്നുകാലികൾ, കോഴി, താറാവ് മത്സ്യം ഇവ വിതരണം ചെയ്ത് സമ്മിശ്ര കൃഷിരീതി പ്രോൽസാഹിപ്പിക്കുക!

ഉപസംഹാരം

ഗ്രാമങ്ങളിലാണ് ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നതു് എന്നു് ഉൽബോധിപ്പിച്ച അർദ്ധനഗ്നനായ ഒരു ലോകനേതാവി ''മഹാത്മജി'' ന്റെ നാടാണ് ഭാരതം. വികസനം എന്നതു് മുകളിൽ നിന്നും ഔദാര്യപൂർവ്വം നൽകുന്ന സഹായങ്ങളല്ല. ഒരു ജനതയുടെ തെരഞ്ഞെടുക്കുവാനുള്ള സാധ്യതകളുടെയും കഴിവിന്റെയും വളർച്ചയാണതു്. സ്വന്തം നിലപാടുകളെ സംബന്ധിച്ച അറിവുകൾ അന്യമായിരിക്കുന്ന ഒരു ജനതയ്ക്കും ഈ സ്ഥിതി കൈവരിക്കാകാവില്ല. അറിവു് കേന്ദ്രീകരിച്ചുകൊണ്ടുമാത്രമാണ് ഇന്നു ലോകത്തെല്ലായിടത്തും ജനതയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതു് ജനാധിപത്യത്തെ ജനങ്ങളുടെ മേലുള്ള ആധിപത്യമാക്കി മാറിയ ചൂഷകവർഗ്ഗം അവരുടെ ആധിപത്യം ഉറപ്പിച്ചിരിക്കുന്ന ഒരു സാഹചര്യത്തിലാണ് പഞ്ചായത്തീരാജ് നിയമവും, അതു് ജനങ്ങളിലേക്കു് എത്തിച്ചു് മതിയായ ജനകീയത ഉറപ്പാക്കുന്ന **ജനകീയാസൂത്രണം** എന്ന പരിപാടിയുമായി 9–ാം പദ്ധതി മുന്നോട്ടുനീങ്ങുന്നതു്. തങ്ങളുടെ മണ്ണിനേയും ജലത്തേയും തങ്ങളേത്തന്നേയും തിരിച്ചറിഞ്ഞുകൊണ്ടു് പദ്ധതികൾ തങ്ങൾതന്നെ ആസൂത്രണം ചെയ്യുന്ന ഒരു ജനകീയരീതിയാണ് പഞ്ചായത്തീരാജ് നിയമത്തിലൂന്നി, ജനകീയാസൂത്രണം കൊണ്ടുദ്ദേശിക്കുന്നതു്. കേരളം പൊതുവായി നേരിടുന്ന പ്രശ്നങ്ങളെ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയ്ക്കുള്ള പരിഹാരം നിലവിലുള്ള മാമൂൽ പ്രവർത്തനങ്ങൾ നൽകുകയില്ലതന്നെ. 9–ാം പദ്ധതി അടങ്കലിന്റെ 40% തുക നാം തീരുമാനിക്കുന്ന പദ്ധതികൾക്കു് നൽകണം എന്നതാണ് ഒരു പ്രത്യേകത, നമ്മുടെ ശേഷി ഉപയോഗിച്ചു് തുക എത്ര മടങ്ങു വർദ്ധിപ്പിക്കാനാവും എന്നതു് പ്രാധാന്യമർഹിക്കുന്നു ഇതിനു വേണ്ടത്ര വിഭവം പലവിധത്തിൽ നാം സമാഹരിക്കുകയും വേണം. ആരും മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കലല്ല നമ്മുടെ ലക്ഷ്യം. നാം തന്നെ കണ്ടെത്തി നാം തന്നെ മൻഗണന തീരുമാനിച്ചു് ഉറപ്പിക്കുന്നവ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പ്രവർത്തനം. പദ്ധതികൾ തയ്യാറാക്കുന്നതിനും മൻഗണനാക്രമം നിശ്ചയിക്കുന്നതിനും ആത്മനിഷ്ടമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുള്ളതാണ് പ്രശ്നങ്ങൾക്കൊക്കെയും കാരണം ഇതിൽ നിന്നും വ്യത്യസ്തമായ ശാസ്ത്രീയമായ രീതിയാണ് നാം അവലംബിക്കേണ്ടത്.

ഗ്രാമസഭാ ചർച്ച ക്രോഡീകരണങ്ങളുടേയും ലഭ്യമായ മറ്റു വിവരങ്ങളുടേയും അടിസ്ഥാനത്തിലാണ് നമ്മുടെ വികസനമേഖല തയ്യാക്കിയിട്ടുള്ളത്. ഏകദിന സാമൂഹ്യ സാമ്പത്തിക സർവ്വേ, സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതും ദ്വിതീയവിവരങ്ങൾ അപൂർണ്ണമായിരുന്നതും, ശേഖരണത്തിലെ അപാകതകളും ഈ വികസനരേഖയുടെ പൂർണ്ണതക്ക് സ്വാഭാവികമായ പോറലേൽപ്പിച്ചിട്ടുണ്ട്. വികസനസെമിനാറിലെ ചർച്ചകൾക്കായുള്ള ഒരു കരടുമാത്രമാണിതു്. ചർച്ചകളിലൂടെ വിട്ടുപോയവ കൂട്ടിച്ചേർക്കുകയും ശാസ്ത്രീയമാക്കുകയും, പുഷ്ടിപ്പെടുത്തുകയും വേണം.

അധികാര വികേന്ദ്രീകരണം നടത്തി നാളിതുവരെ ആയിട്ടും സാമ്പത്തിക വികേന്ദ്രീകരണം നടപ്പിലാകാത്ത സാഹചര്യത്തിൽ പഞ്ചായത്തീരാജ് സംവിധാനം കൂടുതൽ അർത്ഥവത്താകട്ടെ. യഥാർത്ഥ ജനാധിപത്യവൽക്കരണത്തിലേക്കുള്ള ചുവടുവയ്പായി ഈ പ്രവർത്തനങ്ങൾ മാറുകതന്നെ ചെയ്യും. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആത്യന്തിക ലക്ഷ്യവും അതുതന്നെ ആണ്.

—o—

വികസന രേഖ തയ്യാറാക്കാൻ അവിശ്രമം പ്രവർത്തിച്ച കോർ ഗ്രൂപ്പ്

ആമുഖം – ചരിത്രം

എസ് ബാഹുലേയൻ
എ. കെ. വാസു
വിദ്വാൻ കെ. രാമകൃഷ്ണൻ
കെ. നാരായണൻ
പി. എ. ജോർജ്ജ്

ഭൂമി, ജലം, ജനം

കെ. ഡി. ശിവരാജ് (DRP)
സി. പി. നടരാജൻ (,,)
കെ. വി. തങ്കപ്പൻ
കെ. ജെ. ജോസഫ്
റ്റി. എം. ഷറീഫ് (,,)

കൃഷി – ജലസേചനം

കെ. മീന (കൃഷി ഓഫീസർ)
റ്റി. കെ, വിജയൻ
എ. കെ. വാസു
കെ. വി. തങ്കപ്പൻ
ചെറിയാൻ പോളയിൽ
മാധവൻ കാട്ടങ്കൽ

വനിതാ ക്ഷേമം

കല്ല്യാണിക്കുട്ടിയമ്മ (മുഖ്യസേവിക) MS
പ്രസന്ന സാംബൂജി
വേണുഗോപാൽ (VEO)
ജോസ് ജോൺ (,,)
സി. പി. നടരാജൻ (DRP)

മൽസ്യ ബന്ധനം, കൃഷി പരിപാലനം

പി. ബി. വിൽസൺ
Dr. അജയ മോഹിനി
രമാദേവി (DFI)

വ്യവസായം

അത്തിക്കോട്ട് വിശ്വൻ
റ്റി. എം. വർഗ്ഗീസ്
മോഹൻദാസ് (IEO)
സേതുനാഥ് (DRP)

ഊർജ്ജം - ഗതാഗതം

പി. എ ജോർജ്ജ്
ബേബി നാൻസി (ICDS)

വിദ്യാഭ്യാസം – സംസ്ക്കാരം

കെ. വി. സുകുമാരൻ
സുദർശനൻ പണിക്കർ
വിദ്വാൻ കെ. രാമകൃഷ്ണൻ
ശാരദ ടീച്ചർ (DRP)

കുടി വെള്ളം – പൊതുജനാരോഗ്യം

Dr. എബ്രഹാം മാത്യു

പട്ടിക ജാതി – പട്ടിക വർഗ ക്ഷേമം

കെ. നാരായണൻ
വിദ്വാൻ കെ. രാമകൃഷ്ണൻ
കെ. റ്റി. സെബാസ്റ്റ്യൻ

പാർപ്പിടം – സാമൂഹ്യ ക്ഷേമം

ബേബി നാൻസി (ICDS)
പി. എ. ജോർജ്ജ്
ഗീതാമണി
ക്ഷിപ്ര പ്രസാദ് (DRP)

സഹകരണം

കെ. ആർ. വിജയൻ
എം. എൻ. അനിൽ കുമാർ (ഓവർസിയർ)
കെ. എം. ശശികുമാർ
ഓമനാ ശശിധരൻ

വിഭവ സമാഹരണം

സി. പി. നടരാജൻ (DRP)
കെ. ഡി. ശിവരാജ് (,,)
പി. ബി. വിൽസൺ
റ്റി. എം. വർഗ്ഗീസ്
റ്റി. കെ. വിജയൻ

സാമൂഹ്യ സർവ്വേ ക്രോഡീകരണം

ഷീബാ ചെല്ലപ്പൻ
ബിന്ദു പി. സി.
ഷൈലജ കെ. വി.
ഷൈല കെ. എഫ്.
ലിഷാ മോഹൻ എം. കെ.
അജിതാ എം. ജി.
വിജി പി. എസ്.
ഷൈല പി. എം.
ടിൻഡി മോഹൻ കെ. കെ.
സുനിൽ കുമാർ പി. വി.
ജോഷ്വാ സേവ്യർ
ഷീബാ വി എസ്.
പ്രിയ റ്റി ജി.
അഞ്ചു ബി.
ജയ്സി. കടവുങ്കൽ
ഗ്രേളി പൊള്ളയിൽ
ദീപാമോഹൻ കടവുങ്കൽ
ജോണി കെ. ജെ.
മേഴ്സി കെ. ജെ.

ആശംസകൾ!

pushpa agencies

പൊന്നേഴത്ത് ബിൽഡിംഗ് പൊന്നാംവെളി

പട്ടണക്കാട് പി. ഒ.

Phone: 543380
Res. 544480

അംഗീകൃത വ്യാപാരി

I. S. I. മാർക്ക്

P. V. C. PIPES

HYCOUNT

Q-FLEX CABLES

I. S. I. മാർക്കുള്ള ഇൻഡ്യയിലെ ആദ്യത്തെ കേബിൾ

അംഗീകൃതവ്യാപാരി—

PUSHPA ENTERPRISES

പൊന്നാംവെളി

പട്ടണക്കാട് പി. ഒ.

Phone. 545590 (PT)

പുതുവത്സര മംഗളാശംസകൾ !!!

മനസിനിണങ്ങിയ കമനീയ വെള്ളി,
സ്വർണ്ണാഭരണങ്ങൾക്ക്

അംബിക ഫാഷൻ ജ്യുവലേഴ്സ്

പൊന്നാംവെളി

പട്ടണക്കാട് പി. ഒ.

P/P 545590

ആശംസകൾ !

കോനാട്ടുശേരി ഹാർഡ് വെയേഴ്സ്

പൊന്നാംവെളി

ആശംസകൾ !!

സെറിൻ ടെക്സ്

പൊന്നാംവെളി

വെട്ടയ്ക്കൽ
സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 1812 വെട്ടയ്ക്കൽ

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്.
- ജൗളിവ്യാപാരം.
- പ്രതിമാസ ലേലച്ചിട്ടികൾ.
- ചിട്ടിക്ക് സമാനമായ പ്രതിമാസ നിക്ഷേപ വായ്പാ പദ്ധതികൾ നടത്തിവരുന്നു.

കെ. കെ. വിശ്വംഭരൻ
പ്രസിഡന്റ്

പി. എൻ. വാസവൻ
സെക്രട്ടറി